സർവ്വോദയത്തിലേക്ക്

Malayalam

SARVODAYATHILEKKU

Essays

By M. Peethambaran Master

Published by

SARVODAYA TRUST, THRISSUR - 680 751

Distribution

POORNODAYA BOOK TRUST

Poornodaya Bhavan, Kochi 682018

First Edition	:	September 2013
Second Edition	:	October 2020
Copies	:	1000
Total No. of Copies	:	2000
©	:	Reserved

Type setting and Designing : **GOODLOOK**, Thrissur

Printed at: **VIANI PRINTINGS,** Kochi - 682018, Ph: 0484 2401635

PRICE : ₹ 160 .00

സർവ്വോദയത്തിലേക്ക്

എം. പീതാംബരൻ മാസ്റ്റർ

സർവ്വോദയ ട്രസ്റ്റ് പസിദ്ധീകരണം

വിതരണം

പൂർണോദയ ബുക് ട്രസ്റ്റ്
പൂർണോദയ ഭവൻ, കൊച്ചി – 682 018

വില: 160 രൂപ



എം.പീതാംബരൻ മാസ്റ്റർ

ജനനം : തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ. മാതാവ് മഠത്തിൽ ശാരദമ്മ. പിതാവ് കാരപ്പുറത്ത് രാമൻ നായർ.

പുത്തൂർ ഗവ: എൽ.പി. സ്കൂൾ, കുട്ടനെല്ലൂർ അഗസ്റ്റിൻ അക്കര ഹൈസ്ക്കൂൾ, തൃശ്ശൂർ സെന്റ്. തോമസ് കോളേജ്, ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു.

കേരള സർവ്വോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി, കുടുംബശ്രീ, സ്ത്രീപദവി പഠനം, സാക്ഷരതാ മിഷൻ എന്നിവയുടെ റിസോഴ്സ് പേഴ്സൺ, സാമൂഹ്യ ശാസ്ത്ര കൗൺസിൽ, വിദ്യാരംഗം കലാ സാഹിത്യവേദി, ഗാന്ധിദർശൻ എന്നിവയുടെ ജില്ലാ കൺവീനർ, പുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ സമിതി, കലാകേന്ദ്രം എന്നിവയുടെ കൺവീനർ, മാതൃഭൂമിയുടെ പ്രാദേശിക ലേഖകൻ, കൈനൂർ സമരം, ലാലൂർ സമരം എന്നിവയുടെ സഹായസമിതി ജനറൽ കൺവീനർ, കുട്ടനെല്ലൂർ മദ്യവിരുദ്ധ സമിതി രക്ഷാധികാരി, വിദ്യാർത്ഥി-യുവജനസംഘടനാ ജില്ലാ-സംസ്ഥാന ഭാരവാഹി, കോളേജ് യൂണിയൻ കൗൺസിലർ, കേരളഗ്രന്ഥശാല സംഘം ജില്ലാ ഉപദേശകസമിതി അംഗം, നെഹ്റുയുവകേന്ദ്ര ഉപദേശകസമിതി അംഗം സംസ്കാര വിദ്യാഭ്യാസ ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചു.

മായന്നൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. 2019 മാർച്ചിൽ ഔദ്യോഗിക സേവനത്തിൽ നിന്ന് വിരമിച്ചു. സർവ്വോദയ ട്രസ്റ്റിന്റെ ചെയർമാനും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയുമാണ്.

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ ഭാഗമായ നെഹ്രു യുവ കേന്ദ്രയുടെ യൂത്ത് അവാർഡ് (1994) യുവ സാംസ്കാരിക പ്രവർത്തകനുള്ള സാംസ്കാരിക സദസ്സ് അവാർഡ് (2000) സാമൂഹ്യപ്രവർത്തകനായ അദ്ധ്യാപകനുള്ള സഹൃദയ വേദിയുടെ ജി.കെ. കുറുപ്പുമാസ്റ്റർ സ്മാരക അവാർഡ് (2002) ശ്രീനാരായണ സാഹിത്യപരിഷത്ത് ആദരം (2007) ദേശീയ അദ്ധ്യാപക അവാർഡ് (2013), കണ്ണൂർ മഹാത്മാ സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലക്കണ്ടി രാമുണ്ണി സ്മാരക സേവന അവാർഡ് (2018) എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

കൃതികൾ : സർവ്വമതസമഭാവം സർവ്വോദയ വീക്ഷണം, എങ്ങനെ പഠിക്കണം; പരീക്ഷ എഴുതണം, ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും-ഗാന്ധിയൻ സമീപനം, സർവ്വോദയത്തിലേക്ക്, പഠനം ആനന്ദകരമാക്കാൻ, സ്വാമിവിവേകാനന്ദനും മഹാത്മാഗാന്ധിയും, അർച്ചന (എഡിറ്റർ), സർവോദയം സാദ്ധ്യമാണ്.

ഭാര്യ : പ്രസന്ന
മക്കൾ : ഹരിപ്രസാദ്, കൃഷ്ണപ്രസാദ്
വിലാസം : പ്രസന്നം, സർവ്വോദയ നഗർ, ഇരവിമംഗലം പി.ഒ., തൃശൂർ - 680 751
ഫോൺ : 0487 - 2353576, 9446401576
email: sarvodayapeethambaran@gmail.com
web : www.peethambaran.in

ഉള്ളടക്കം

ആമുഖം 7

അവതാരിക – സണ്ണി പൈകട 9

സർവ്വോദയ തത്വങ്ങൾ

സർവ്വോദയവും മഹാത്മാവിലേക്കുള്ള വികാസവും 12

സർവ്വോദയം – കസ്തുർബയുടെ സ്വാധീനം 15

ഏകാദശ വ്രതങ്ങൾ 18

സപ്തതിന്മകൾ ഒഴിവാക്കുക 22

സത്യഗ്രഹത്തിന്റെ രീതിശാസ്ത്രം 27

നിർമ്മാണ പരിപാടികൾ 30

ഗ്രാമസ്വരാജ് 35

സർവ്വോദയം – സമഗ്ര വികസന ദർശനം 40

ഈശ്വരനും മതവും 44

മതവും രാഷ്ട്രീയവും 49

സർവ്വോദയം അഥവാ സമഗ്ര സോഷ്യലിസം 54

സർവ്വോദയ സമ്പദ് വ്യവസ്ഥ 58

ഗാന്ധിജിയും കമ്മ്യൂണിസവും 63

സർവ്വോദയ സൗന്ദര്യ വീക്ഷണം 68

കക്ഷിരഹിത ജനാധിപത്യം 72

സ്ത്രീയും സമൂഹവും 77

സർവ്വോദയ ചിന്തകൾ

ബൈബിളിലെ സർവ്വോദയ ചിന്തകൾ 86

ഖുർ-ആനിലെ സർവ്വോദയ ചിന്തകൾ 90

ഭഗവദ്ഗീതയിലെ സർവ്വോദയ ചിന്തകൾ 95

മഹാബലി നൽകുന്ന പാഠങ്ങൾ 99

ശ്രീനാരായണ ദർശനത്തിലെ സർവ്വോദയ ചിന്തകൾ 105

സർവ്വോദയവും പ്രായോഗിക വേദാന്തവും 111

സർവ്വോദയ പ്രതികരണങ്ങൾ

ഗാന്ധിജിയും ഇന്ത്യൻ ഭരണഘടനയും 116

ഹരിത സമ്പദ്‌വ്യവസ്ഥയും സർവ്വോദയവും 121

പഞ്ചായത്തീരാജ് സങ്കൽപവും യാഥാർത്ഥ്യവും 125

രാഷ്ട്രീയ പാർട്ടികൾ ഭീരുത്വം ഉപേക്ഷിക്കണം 129

അന്ന് ഉപ്പ്; ഇന്ന് റോഡ് 134

പൊതുസമൂഹത്തിലെ മൂല്യശോഷണവും പരിഹാരമാർഗവും 137

ഭൂമിപ്രശ്നപരിഹാരത്തിന് ഗാന്ധിമാർഗ മുന്നേറ്റങ്ങൾ 140

മാലിന്യ സംസ്കരണം ഗാന്ധിമാർഗ സമീപനം 145

എമർജിങ് കേരള 149

അഴിമതിക്കെതിരെ ജനശക്തി ഉണരണം 152

ഗാന്ധിജയന്തി വാരവും പരിഗണനകളും 156

കേരളത്തെ ശാന്താലയമാക്കാൻ 162

മനുഷ്യത്വം ക്രൂശിക്കപ്പെടാതിരിക്കാൻ 169

ഭക്ഷ്യസുരക്ഷയിൽനിന്നും ഭക്ഷ്യസ്വരാജിലേക്ക് 173

ആമുഖം

രാഷ്ട്രങ്ങൾ തമ്മിലുള്ള സംവേദനം ക്ഷിപ്രസാധ്യമാക്കുന്ന വിധം ശാസ്ത്ര-സാങ്കേതിക വിദ്യ വളർന്നിരിക്കുന്നു. ലോകത്ത് എവിടെ നടക്കുന്ന സംഭവങ്ങളും അതേ നിമിഷംതന്നെ അറിയുവാനും പ്രതികരിക്കുവാനും നമുക്ക് സാധിക്കുന്നു. ഉപഗ്രഹ ഛായാചിത്രങ്ങളും വിദൂരസംവേദന സങ്കേതികവിദ്യയും ഇതിന് സഹായകമാണ്.

രാഷ്ട്രങ്ങൾ തമ്മിൽ ഭൂമിശാസ്ത്രപരമായ അകലത്തിന് പ്രസക്തിയില്ലാതായി. എന്നിട്ടും വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലുമുള്ള മൈത്രിയും സമാധാനപരമായ സഹവർത്തിത്വവും പലപ്പോഴും യാഥാർത്ഥ്യമാകുന്നില്ല. രാഷ്ട്രങ്ങളെ ഭിന്നിച്ചു നിർത്താൻ സാമ്രാജ്യത്വ ശക്തികൾ ബോധപൂർവം ശ്രമിക്കുകയാണ്.

വികസ്വരരാജ്യങ്ങളിലെ ഖനിജപദാർത്ഥങ്ങളും ജൈവ വൈവിധ്യവും, ജലവും പെട്രോളിയവുമെല്ലാം കൈക്കലാക്കാനും ആർഭാടജീവിതം തുടരാനുമാണ് സാമ്രാജ്യത്വശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇത്തരം ചൂഷണങ്ങൾക്കെതിരെ ഐക്യത്തോടെ പ്രതികരിക്കാതിരിക്കാൻ വർഗീയത, ഭീകരവാദം, വിഘടനവാദം എന്നിവയെ ചൂഷണശക്തികൾ പ്രോത്സാഹിപ്പിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സ്പർദ്ധ നിലനിർത്തിയാൽ ആയുധക്കച്ചവടം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ ബഹുരാഷ്ട്ര കമ്പനികൾക്ക് സാധിക്കുന്നു. പുത്തൻ കോളനിവത്കരണവും സാമ്രാജ്യത്വവും നവസ്വതന്ത്രരാജ്യങ്ങളെ അസ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയാണ്. ആഗോളവത്കരണത്തിന്റെ ഈ കുത്തൊഴുക്കിനെ മറികടക്കാൻ ഗാന്ധിയൻ സാധ്യതകളെയാണ് ഏവരും അന്വേഷിക്കുന്നത്. ഇന്ത്യക്ക് പുറത്തുള്ള പ്രശസ്തമായ സർവകലാശാലകളിലെല്ലാം മഹാത്മജിയുടെ ദർശനവും അതിന്റെ പ്രയോഗവും പഠനവിഷയമാണ്. കേവലം അക്കാദമീയ താത്പര്യങ്ങൾക്കപ്പുറം അനുദിന ജീവിതത്തിലും ജനങ്ങൾ ഗാന്ധിജിയെ ആവിഷ്കരിക്കുന്നു. സുസ്ഥിര വികസനം, പരിസ്ഥിതി സംരക്ഷണം, സർവ്വമതസമഭാവം, ജനാധിപത്യ പുനഃസ്ഥാപനം എന്നിവയ്ക്കെല്ലാം വേണ്ടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ജനമുന്നേറ്റങ്ങളിൽ ഉയർന്നുവരുന്നത് ഗാന്ധിയൻ ദർശനമാണ്.

നിർഭാഗ്യമെന്ന് പറയട്ടെ ഗാന്ധിജിയുടെ സ്വന്തം നാട്ടിൽ – ഭാരതത്തിൽ– അദ്ദേഹത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും പ്രയോഗവത്കരിക്കുന്നതിനും പരാജയപ്പെടുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, അഴിമതി, വർഗീയത, കുത്തകകളുടെ കടന്നുകയറ്റം, ഉപഭോഗഭ്രാന്ത്, മലിനീകരണം എന്നിങ്ങനെ ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രധാന കാരണം ഗാന്ധി മാർഗത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളുടെ അഭാവമാണ്. മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത സർവ്വോദയ ദർശനത്തിന്റെ പ്രയോഗമാണ് പ്രശ്നപരിഹാരത്തിന് ആവശ്യമായിട്ടുള്ളത്. വർത്തമാനകാല ലോകത്തിനും ഭാരതത്തിനും ഏറ്റവും അനുയോജ്യവും അനിവാര്യവുമായ സോഷ്യലിസമാണ് സർവ്വോദയം.

സർവ്വോദയ ദർശനത്തിന്റെ സർവതല പ്രയോഗസാദ്ധ്യതകളെ കുറിച്ച് അറിയാൻ ഈ പുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പുസ്തകത്തിന് ശ്രദ്ധേയമായ അവതാരിക തയ്യാറാക്കിത്തന്ന പ്രമുഖ ഗാന്ധിമാർഗ പ്രവർത്തകനായ ശ്രീ സണ്ണി പൈകടയോട് നന്ദി രേഖപ്പെടുത്തുന്നു. ഗ്രന്ഥരചനയെ പ്രോത്സാഹപ്പിച്ച സർവ്വോദയ മണ്ഡലം, ഗാന്ധി പീസ് ഫൗണ്ടേഷൻ എന്നീ സംഘടനകൾക്കും പൂർണോദയ ബുക് ട്രസ്റ്റിനും ടൈപ്പ് സെറ്റിങ്ങും രൂപകല്പനയും നിർവഹിച്ച ഗുഡ്ലുക്ക് കമ്മ്യൂണിക്കേഷൻസിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

തൃശ്ശൂർ
25.8.2013

പ്രസന്ന വി.
ട്രസ്റ്റി
സർവ്വോദയട്രസ്റ്റ്, തൃശ്ശൂർ

അവതാരിക

ജീവിച്ചിരുന്നപ്പോൾ ഏറെ ശ്രദ്ധിക്കപ്പെടുകയും ജീവിതാന്ത്യത്തിനു ശേഷം ഏറെ ചർച്ച ചെയ്യപ്പെടുകയും എന്നാൽ രണ്ടു ഘട്ടത്തിലും വളരെ കുറച്ചു മാത്രം മനസ്സിലാക്കപ്പെടുകയും ചെയ്ത ഒരു വ്യക്തിയാണ് ഗാന്ധിജി. ഗാന്ധിജിയെ വേണ്ടവിധത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാത്തവരിൽ മുൻപന്തിയിൽ നിൽക്കുന്നത് വിവിധ ഗാന്ധിയൻ സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെന്ന് കാൽനൂറ്റാണ്ടുകാലത്തെ ഗാന്ധിയൻ സംഘടനകളിലെ പ്രവർത്തനംകൊണ്ട് എനിക്ക് നന്നായി ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ഗാന്ധിജിയുടെ രചനകൾ വായിക്കുകയും അവ ഉദ്ധരണികളായി പ്രസംഗങ്ങളിൽ ഉപയോഗിക്കുകയും ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതുകയും ചെയ്യുന്ന ഗാന്ധിയൻ പണ്ഡിതന്മാരുടെ എണ്ണം കൂടി വരുന്നുണ്ട്. ഗാന്ധിജിയുടെ ദർശനങ്ങളുടെ പൊരുളറിയാൻ പുസ്തകവായനയേക്കാൾ ജീവിതവായനയാണ് ആവശ്യം. ഗാന്ധിജിയുടെ ജീവിതവായനയല്ല; സ്വന്തം ജീവിതവായനയും ചുറ്റും കാണുന്നവരുടെ ജീവിതവായനയുമാണ് അതിനാവശ്യം. ഈ നിലയ്ക്കുള്ള ജീവിതവായനയുടെ അടിസ്ഥാനത്തിൽ ഗാന്ധിയെ മനസ്സിലാക്കാൻ ശ്രമിക്കുകയും പൊതുപ്രശ്നങ്ങളിൽ ഗാന്ധിയൻ നിലപാടെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു സാധാരണക്കാരനാണ് എം. പീതാംബരൻ. ഗാന്ധിയൻ പണ്ഡിതഭാവമില്ലാതെ ഒരു സാധാരണ സ്കൂൾ അദ്ധ്യാപകന്റേയും ഗൃഹനാഥന്റേയും ഒരു ഗ്രാമത്തിലെ പൊതുപ്രവർത്തകന്റേയും ജീവിതം നയിച്ചുകൊണ്ട് ഗാന്ധിദർശനങ്ങളെ സമീപിക്കുന്ന പീതാംബരന്റെ കുറേ ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ഈ ലഘുഗ്രന്ഥത്തിന്റെ സവിശേഷതയും അതുതന്നെയാണ്.

ഗാന്ധിദർശനങ്ങളുടെ പ്രത്യേകത അത് സർവതലസ്പർശിയാണെന്നതാണ്. മനുഷ്യജീവിതത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവും രാഷ്ട്രീയവും സാംസ്കാരികവും ബൗദ്ധികവും സാമ്പത്തികവുമായ മാനങ്ങളെയെല്ലാം കണക്കിലെടുക്കുന്ന സമഗ്രതയാണതിന്റെ കരുത്ത്. എല്ലാവരുടേയും എല്ലാ അർത്ഥത്തിലുമുള്ള ഉദയം ലക്ഷ്യം വയ്ക്കുന്നതാണത്. അതുകൊണ്ടുതന്നെയാണ് ആ ദർശനത്തെ സർവ്വോദയം എന്ന് വിശേഷിപ്പിക്കുന്നത്. ഈ ദർശനത്തെ സമീപിക്കുന്ന ഒരാൾക്ക് അതിന്റെ മർമ്മങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഒരു ഗ്രന്ഥമാണിത്. ഗാന്ധിസം എന്നൊരു ഇസമില്ലെന്ന് പറഞ്ഞത് ഗാന്ധിതന്നെയാണ്. പുതിയതായൊന്നും ലോകത്തോട് പറയാതെ പർവതങ്ങളോളവും സമുദ്രങ്ങളോളവും പഴക്കമുള്ള ചില മൂല്യങ്ങളെ കാലാനുസൃതമായി അവതരിപ്പിക്കാനാണ് ഗാന്ധിജി ശ്രമിച്ചിട്ടുള്ളത്. ഈ ഗ്രന്ഥത്തിലൂടെ പീതാംബരൻ നടത്തുന്നത് അക്കാര്യങ്ങളിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കാനുള്ള ശ്രമമാണ്. ഗാന്ധിജിയെ മനസ്സിലാക്കേണ്ടത് ആ വഴിക്ക് സഞ്ചരിച്ചുകൊണ്ടാണ്. ഗാന്ധിയൻ ചിന്തയുടെ അടിസ്ഥാനമെന്തെന്ന് മന

സ്സിലാക്കാതെ ഗാന്ധിജിയുടെ വിദ്യാഭ്യാസവീക്ഷണത്തെക്കുറിച്ചോ രാഷ്ട്രീയവീക്ഷണത്തെക്കുറിച്ചോ ഒരാൾ അറിയാൻ ശ്രമിക്കുന്നത് പാഴ്വേലയാണ്.

ആധുനിക മനുഷ്യനു മുന്നിൽ ഒരു ദാർശനിക ശൂന്യതയുണ്ട്. അവൻ ഇതുവരെ മുറുകെപ്പിടിച്ചിരുന്ന രാഷ്ട്രീയ-മത ദർശനങ്ങളെയൊക്കെ ഒരു വശത്തുകൂടി സംശയത്തോടെ നോക്കുകയും മറുവശത്തുകൂടി സ്വന്തം വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട് സ്വന്തം താത്പര്യങ്ങളനുസരിച്ച് അവയ്ക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്യുന്നത് നാം കാണുന്നുണ്ട്. കമ്മ്യൂണിസത്തിന്റെ ലേബലിൽതന്നെ മുതലാളിത്തപാതയിൽ അതിവേഗം സഞ്ചരിക്കുന്നതും സ്നേഹത്തിന്റേയും കരുണയുടേയും സന്ദേശങ്ങളായ മതദർശനങ്ങളുടെ മേൽവിലാസമുപയോഗിച്ച് സംഘർഷങ്ങൾ പെരുപ്പിക്കുന്നതുമാണ് നാം കാണുന്നത്. ഈയൊരു പശ്ചാത്തലത്തിൽ സർവ്വോദയ വീക്ഷണത്തെ മറ്റ് രാഷ്ട്രീയ-മതദർശനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് എഴുതിയിരിക്കുന്ന ലേഖനങ്ങൾ ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയത് ഉചിതമായി.

തീർച്ചയായും ഒരു ദർശനം നിലനിൽക്കുന്നതും വികസിക്കുന്നതും അതിന് ആനുകാലിക പ്രശ്നങ്ങളിൽ എന്ത് ഉത്തരം നൽകാനുണ്ട് എന്നതിനെ ആശ്രയിച്ചു കൂടിയാണ്. കേരളത്തിലെ ഭൂ പ്രശ്നം മുതൽ മാലിന്യ സംസ്കരണംവരെ, പൊതുനിരത്തിലെ ടോൾ പിരിവ് മുതൽ അഴിമതി വരെയുള്ള നിരവധി കാലിക വിഷയങ്ങളിൽ സർവ്വോദയ നിലപാടെന്താണ് എന്ന് വിശദീകരിക്കുന്ന ലേഖനങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. അവയൊന്നും ഏറെ വിശദാംശങ്ങളിലേക്ക് പോകുന്നവയല്ലെങ്കിലും ശരിയായ പ്രശ്നപരിഹാരങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന സർവ്വോദയവീക്ഷണം പ്രതിഫലിപ്പിക്കുന്നവയാണ്.

ഇക്കാലത്ത് ഈ നാട്ടിൽ ജീവിക്കുന്ന ഒരു സാധാരണക്കാരന്, ഗാന്ധിദർശനങ്ങളെന്തെന്ന് മനസ്സിലാക്കാൻ ഈ ഗ്രന്ഥത്തിന്റെ വായന ഏറെ സഹായിക്കും എന്ന് എനിക്കുറപ്പുണ്ട്. ചിലർക്കെങ്കിലും കൂടുതൽ ആഴത്തിലുള്ള അന്വേഷണങ്ങൾക്ക് ഇതൊരു നിമിത്തമായെന്നുവരാം. ഗാന്ധിജി പണ്ഡിതസമൂഹത്തെ കർമ്മോത്സുകമാക്കാനല്ല അദ്ദേഹത്തിന്റെ പൊതുപ്രവർത്തനത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. സാധാരണജനങ്ങൾക്ക് മനസ്സിലാക്കാവുന്ന കാര്യങ്ങൾ അവർക്ക് അനുയോജ്യമായ ശൈലിയിൽ പറയാനാണ് അദ്ദേഹം നിരന്തരം ശ്രമിച്ചിട്ടുള്ളത്. അങ്ങനെ സാധാരണജനങ്ങളിലുണ്ടാക്കിയ ഉണർവും ദിശാബോധവുമായിരുന്നു ഗാന്ധിജി നയിച്ച പ്രസ്ഥാനങ്ങളുടെ കരുത്ത്. പീതാംബരന്റെ ഈ ഗ്രന്ഥത്തിന്റെ കരുത്ത് സാധാരണത്വം തന്നെയാണ്. ഗാന്ധിദർശനത്തിൽ ഡോക്ടറേറ്റ് നേടാനാഗ്രഹിക്കുന്നവർക്ക് ഒരു പക്ഷേ ഈ ഗ്രന്ഥം ഏറെ ഉപകാരപ്പെട്ടു എന്നുവരില്ലെങ്കിലും ചുറ്റും പരക്കുന്ന അന്ധകാരത്തിൽ അന്ധാളിച്ച് നിൽക്കുന്ന സാധാരണ മനുഷ്യന് ഗാന്ധിയിലെ വെളിച്ചം പരിചയപ്പെടുത്താൻ ഈ ഗ്രന്ഥം ഏറെ ഉപകരിക്കും.

സണ്ണി പൈകട

സർവ്വോദയ തത്വങ്ങൾ

സർവ്വോദയവും മഹാത്മാവിലേക്കുള്ള വികാസവും

ലോകജനത ആദരവോടെ ബാപ്പു എന്നും മഹാത്മജി എന്നും വിളിക്കുന്ന മോഹൻദാസ് ജനിച്ചത് 1869 ഒക്ടോബർ 2 ന് പോർബന്തറിൽ. കരംചന്ദ് ഗാന്ധിയുടെയും പുത്‌ലീഭായിയുടെയും നാലാമത്തെ മകൻ. തികച്ചും സാധാരണ ബാലനായിരുന്ന മോഹൻദാസിന് മാർഗദർശനങ്ങളായി മാറിയത് അച്ഛന്റെ ദൃഢനിശ്ചയവും അമ്മയുടെ ഭക്തിയും സന്തതസഹചാരിയായിരുന്ന രംഭയുടെ സത്കഥകളുമാണ്. സാധാരണ കുട്ടികൾക്ക് പറ്റുന്ന തെറ്റുകൾ മോഹൻദാസിനും പറ്റിയിരുന്നു.

കുടുംബാന്തരീക്ഷത്തിലെ പവിത്രത മോഹൻദാസിന് വലിയ ശക്തിയായി മാറി. തെറ്റു പറ്റിയാൽ തുറന്നുപറയാനുള്ള നിർഭയത്വം മോഹൻദാസിന് ലഭിച്ചു. തെറ്റുകൾ ഏറ്റുപറയാനും പശ്ചാത്തപിക്കാനും ആവർത്തിക്കില്ല എന്ന പ്രതിജ്ഞയെടുക്കാനും ജീവിതാവസാനം വരെ പ്രതിജ്ഞ നിറവേറ്റാനും അദ്ദേഹത്തിനു സാധിച്ചു.

മോഹൻദാസിൽനിന്നും മഹാത്മാവിലേക്കുള്ള വ്യക്തിത്വ വികാസത്തിന്റെ ആദ്യപടി ഈ ഗുണവിശേഷമാണ്.

മോഹൻദാസിന്റെ ജീവിതത്തെ സാത്വികപാതയിലൂടെ മുന്നോട്ടു പോകാൻ ഏറെ സഹായിച്ച മറ്റൊരു ഘടകം സ്വന്തം അമ്മയ്ക്ക് നൽകിയ മൂന്ന് വാഗ്ദാനങ്ങളാണ്.

1888-ൽ ഇംഗ്ലണ്ടിലേക്ക് വക്കീൽപഠനത്തിനായി പോകുന്ന സമയത്ത് അമ്മ പുത്‌ലീഭായിക്ക് വലിയ ആശങ്കയായിരുന്നു. പാശ്ചാത്യ ദേശത്ത് എത്തിയാൽ മദ്യം, മാംസം, മദിരാക്ഷി എന്നീ ദുർഗുണങ്ങൾക്ക് മകൻ അടിമപ്പെടുമോ എന്നതായിരുന്നു ആശങ്ക. അമ്മയുടെ മനോവേദന മനസ്സിലാക്കിയ ഉടൻ തന്നെ അദ്ദേഹം അമ്മയ്ക്ക് ഉറപ്പു നൽകി. ഈ മൂന്ന് പാപങ്ങൾക്കും താൻ അടിമപ്പെടില്ല. ഇത്തരം വാഗ്ദാനം നൽകിയാണ് അദ്ദേഹം ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറിയത്. ജീവിതാന്ത്യം വരേയും അദ്ദേഹം ഈ ദൃഢപ്രതിജ്ഞ പാലിക്കുകയും ചെയ്തു.

ലണ്ടനിൽ എത്തിയ അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ വായിക്കാൻ ആരംഭിക്കുന്നു. 1890 കളിൽ എഡ്വിൻ ആർനോൾഡിന്റെ അലൗകീകഗാന (The Song Celestial)വും ഗീതാപരിഭാഷയും വായിക്കുന്നു. കേവലമായ ഇന്ദ്രിയസുഖങ്ങൾക്കുവേണ്ടിയുള്ള ആസക്തി ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും കാരണമാകുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നു. ലൈറ്റ്

ഓഫ് ഏഷ്യ എന്ന ഗ്രന്ഥം വായിച്ചതോടെ ശ്രീബുദ്ധന്റെ മഹാപരിത്യാഗത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുന്നു. ബൈബിൾ പുതിയ നിയമത്തിലെ ഗിരി പ്രഭാഷണം അദ്ദേഹത്തെ ഏറെ ആകർഷിക്കുന്നു. സത്യാഗ്രഹത്തിന്റെ രാജകുമാരൻ എന്ന് അദ്ദേഹം പിന്നീട് വിശേഷിപ്പിച്ച യേശുദേവൻ അദ്ദേഹത്തിന്റെ ആരാധ്യനായി മാറുന്നത് ഇക്കാലത്താണ്. കാർലൈലിന്റെ പുസ്തകത്തിൽനിന്ന് (Hero and Hero worship) മുഹമ്മദ് നബിയുടെ ആത്മീയ ഉപവാസവും ലളിത ജീവിതവും അദ്ദേഹത്തിൽ പുതിയ ചലനമുണ്ടാക്കുന്നു. വിശുദ്ധ ഖുർ-ആനും വായിക്കുന്നു. തിയോസഫി ഗ്രന്ഥവും മനസ്സിനെ ഏറെ സ്പർശിച്ചു.

തുടർന്നുള്ള ഒരു ദശാബ്ദക്കാലം പ്ലേറ്റോയുടേയും തോറോയുടെയും ടോൾസ്റ്റോയിയുടെയും ആശയങ്ങൾ അദ്ദേഹത്തിന് ഊർജ്ജം പകർന്നു. ടോൾസ്റ്റോയിയുമായി നിരന്തരം കത്തുകളിലൂടെ സംവദിച്ചിരുന്നു.

അക്കാലത്ത് ലോകത്ത് ശ്രദ്ധേയമായിരുന്ന എല്ലാ ദർശനങ്ങളേയും മനസ്സിലാക്കാനും ദാർശനികരുമായി വ്യക്തിപരമായി അടുപ്പം നിലനിർത്താനും അദ്ദേഹം ശ്രദ്ധിച്ചു.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ രൂപമെടുത്ത ദർശനങ്ങളും ആശയങ്ങളും മനസ്സിലാക്കാനും അവയിൽ സാധ്യമായവയെ ഉൾക്കൊള്ളാനും അദ്ദേഹം പ്രത്യകം ശ്രദ്ധിച്ചു.

1903 ൽ പതഞ്ജലിയുടെ യോഗസൂത്രം, സ്വാമി വിവേകാനന്ദന്റെ രാജയോഗം എന്നീ ഗ്രന്ഥങ്ങളും വായിച്ചു. വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ ആധാരമാകേണ്ട- ധാർമ്മികതയെക്കുറിച്ചും ആത്മനിയന്ത്രണത്തിന്റെ അനന്തസാധ്യതകളെക്കുറിച്ചും ഉറച്ച ബോധ്യമുണ്ടാക്കുന്നതിൽ ഈ വായനകൾ ഗാന്ധിജിയെ സഹായിച്ചു. വിശ്വദാർശനികരുടെയും മതദർശനങ്ങളുടെയും പൊരുളിനെ സ്വാംശീകരിച്ച് ഒരു വികസിത-വിശ്വ വ്യക്തിത്വത്തിലേക്ക് വികസിപ്പിക്കുകയായിരുന്നു അദ്ദേഹം.

വിത്ത് വിതയ്ക്കാൻ പാകത്തിന് ഉഴുതു മറിക്കപ്പെട്ട കൃഷിയിടം പോലെയായിരുന്നു അക്കാലത്ത് ഗാന്ധിജിയുടെ മനസ്സ്. ഇനി വേണ്ടത് വിത്ത്. സവിശേഷവും സമഗ്രവുമായ ആശയമാകുന്ന വിത്ത്.

അങ്ങനെയിരിക്കുമ്പോഴാണ് 1904 ൽ ജോഹന്നാസ്ബർഗിൽനിന്ന് ഡർബനിലേക്കുള്ള യാത്രയ്ക്ക് മുമ്പ് ഗാന്ധിജിയുടെ സുഹൃത്തും പത്രപ്രവർത്തകനുമായ എച്ച്.എസ്.എൽ. പോളക്ക് അദ്ദേഹത്തിന് ജോൺ റസ്ക്കിന്റെ UNTO THIS LAST എന്ന ഗ്രന്ഥം നൽകുന്നത്. ഇരുപത്തിനാല് മണിക്കൂർ യാത്രയ്ക്കിടയിൽ ഗാന്ധിജി ആ ലഘുഗ്രന്ഥം വായിച്ചു. ഇതേക്കുറിച്ച് ഗാന്ധിജി പറയുന്നത് ഇപ്രകാരമാണ്: "വണ്ടി വൈകുന്നേരം ഡർബനിലെത്തി. എനിക്ക് അന്ന് രാത്രി ഉറക്കം വന്നില്ല. ആ പുസ്തകത്തിൽ പറയുന്ന ആദർശങ്ങൾക്കനുസരിച്ച് എന്റെ ജീവിതം മാറ്റുവാൻ ഞാൻ തീർച്ചയാക്കി. താമസിയാതെ ആ ഗ്രന്ഥം 'സർവ്വോദയം' എന്ന് പേരിട്ട് ഞാൻ ഗുജറാത്തിയിലേക്ക് തർജ്ജമ ചെയ്തു."

ഗാന്ധിജിയുടെ മനസ്സാകുന്ന കൃഷിയിടത്തിലേക്ക് എത്തിയ വിത്താണ് 'സർവ്വോദയം' എന്ന ആശയം. ഇത് മുള പൊട്ടി, ചെടിയായി, വൃക്ഷമായി മാറിയതാണ് ഗാന്ധിജിയുടെ ബഹുതലവ്യാപ്തിയുള്ള കർമ്മമണ്ഡലം.

സർവ്വോദയദർശനത്തിന്റെ ആവിഷ്കാരത്തിന് ആത്മശക്തിയെ വളർത്തുന്നതിന്റെ ഭാഗമായി 1906 ൽ ഗാന്ധിജി ബ്രഹ്മചര്യാവ്രതം എടുക്കുന്നു. 1907 ൽ ദക്ഷിണാഫ്രിക്കയിൽവച്ച് ഏഷ്യാറ്റിക് രജിസ്ട്രേഷൻ നിയമത്തിനെതിരായി ആദ്യത്തെ സത്യാഗ്രഹവും നടത്തുന്നു.

1909 ൽ ഇംഗ്ലണ്ടിൽനിന്ന് ദക്ഷിണാഫ്രിക്കയിലേക്കുള്ള മടക്കയാത്രയിൽ കപ്പലിൽവച്ചാണ് ഗാന്ധിജി 'ഹിന്ദ്സ്വരാജ്' (Indian Home Rule) എന്ന ഗ്രന്ഥം എഴുതുന്നത്. ഗാന്ധിയുടെ ചിന്താമണ്ഡലത്തിൽ ക്രമാനുഗതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വികാസത്തിന്റെ പ്രതികരണമാണ് ഈ ഗ്രന്ഥം. ഗാന്ധിജി വിഭാവനം ചെയ്ത സ്വതന്ത്രഭാരതത്തിന്റെ ഒരു ബ്ലൂപ്രിന്റ് എന്നാണ് ഈ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്.

യൂറോപ്യൻ സാമ്രാജ്യത്വം വച്ചുനീട്ടുന്ന പച്ചപരിഷ്കാരത്തിന്റേയും അതിവേഗത്തിന്റേയും സംസ്കാരമാണ് അഭികാമ്യമെന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം ജനങ്ങൾ ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും അതുപോലെയുള്ള നിരവധി കോളനിരാജ്യങ്ങളിലും ഉണ്ടായിരുന്നു. യൂറോപ്പിന്റെ ചൂഷണസംസ്കാരത്തെ ശക്തമായി എതിർക്കണമെന്നും അതിന് അക്രമത്തിന്റെ മാർഗം തന്നെ സ്വീകരിക്കണമെന്നും മറ്റൊരു കൂട്ടം ജനങ്ങൾ വിശ്വസിച്ചു.

എന്നാൽ ഭൂരിപക്ഷം വരുന്ന ജനതയാകട്ടെ, എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ഏറെക്കുറെ അസ്തപ്രജ്ഞരെപ്പോലെ കഴിയുകയായിരുന്നു.

ഇത്തരം ഒരു ചരിത്രമുഹൂർത്തത്തിലാണ് ഗാന്ധിജിയുടെ സർവ്വോദയദർശനം അനിവാര്യമായിത്തീർന്നത്. യൂറോപ്യൻ സംസ്കാരവും പച്ചപ്പരിഷ്കാരങ്ങളും അവനവനെത്തന്നെയും ദുർബലപ്പെടുത്താനാണ് സഹായിക്കുക എന്ന് ഒന്നാമത്തെ കൂട്ടരെ ബോധ്യപ്പെടുത്തണം. അക്രമംകൊണ്ട് ശാശ്വതവും സുസ്ഥിരവുമായ ഒന്നും നേടാനാവില്ലെന്നും, മറിച്ച് ഇത്തരം അക്രമങ്ങൾ സാമ്രാജ്യത്വശക്തികൾക്ക് കൂടുതൽ ചൂഷണസാധ്യതകൾ തുറന്നുകൊടുക്കുമെന്നും രണ്ടാമത്തെ കൂട്ടരെ ബോധ്യപ്പെടുത്തണം. ഇതികർത്തവ്യതാമൂഢരായിക്കഴിയുന്ന മൂന്നാമത്തെ കൂട്ടരെ ദിശാബോധവും ആത്മവിശ്വാസവും നൽകി കർമ്മനിരതരാക്കണം. സുപ്രധാനമായ ഈ മൂന്ന് ദൗത്യങ്ങളും മനസ്സിൽവച്ചുകൊണ്ടാണ്, അഹിംസാത്മകമായ സമരപരിപാടികളും സൃഷ്ട്യുന്മുഖ പ്രവർത്തനങ്ങളും ഗാന്ധിജി ആവിഷ്കരിച്ച് നടപ്പാക്കിയത്.

മോഹൻദാസിൽനിന്ന് മഹാത്മാവിലേക്കുള്ള ക്രമാനുഗതമായ വികാസം സംഭവിക്കുന്നത് ഇപ്രകാരമാണ്.

വ്യക്തിയിലും സമൂഹത്തിലും സമഗ്രമായ മാറ്റങ്ങൾക്ക് ഇടയാക്കുന്ന ഐതിഹാസികവും സർവ്വോദയദർശനത്തിൽ അധിഷ്ഠിതവുമായ പ്രവർത്തനങ്ങളാണ് മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മാ ഗാന്ധിയാക്കി മാറ്റിയത്.

സർവ്വോദയം – കസ്തൂർബയുടെ സ്വാധീനം

അത്ഭുതാദരങ്ങളോടെയാണ് ലോകം മഹാത്മജിയുടെ വിശിഷ്ട വ്യക്തിത്വത്തെ വിലയിരുത്തുന്നത്. മോഹൻദാസ് ഗാന്ധിയിൽനിന്ന് മഹാത്മാഗാന്ധിയിലേക്കുള്ള പരിണാമപ്രക്രിയയിൽ അളവറ്റ സംഭാവന നൽകിയ മഹദ്വനിതയാണ് കസ്തൂർബാഗാന്ധി. ജീവിതത്തിന്റെ ഓരോ നിമിഷവും സത്യാന്വേഷണപരീക്ഷണങ്ങളുടേതാക്കി മാറ്റിയ ഗാന്ധിജിക്ക് താങ്ങും തണലുമായി നിലകൊള്ളുമ്പോഴും യുക്തിബോധത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും പരമപ്രാധാന്യം നൽകിക്കൊണ്ടുള്ള ജീവിതം നയിക്കുകയും ചെയ്തുവെന്നതാണ് കസ്തൂർബാഗാന്ധിയെ അനശ്വരയാക്കുന്നത്.

മഹത്തായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് നടത്തുന്ന സത്കർമ്മങ്ങൾക്ക് പൂർണ സഹകരണം നൽകുന്ന ഭാര്യയെയാണ് സഹധർമ്മിണി എന്ന് വിളിക്കാറുള്ളത്. ലോകത്തെ തന്നെ തറവാടായി കണ്ട മഹാത്മജിയുടെ ഓരോ പ്രവർത്തനങ്ങളേയും കൂടുതൽ മികവുറ്റതാക്കാൻ കസ്തൂർബ എക്കാലവും ശ്രമിച്ചുകൊണ്ടിരുന്നു.

സാമൂഹ്യസേവനവും സ്വാശ്രിതജീവിതവും ശ്രേഷ്ഠമായ ഗുണങ്ങളാണെങ്കിലും അവ ഏറ്റെടുക്കാൻ ഒരാളെ അളവിൽക്കവിഞ്ഞ് നിർബന്ധിക്കുന്നതിന്റെ യുക്തിരാഹിത്യം ബോധ്യപ്പെടുത്താൻ ദക്ഷിണാഫ്രിക്കയിൽ വച്ചു തന്നെ കസ്തൂർബയ്ക്ക് സാധിച്ചു.

ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ താമസിക്കുമ്പോൾ ഗാന്ധിജിയോടൊപ്പം തന്നെയാണ് അദ്ദേഹത്തിന്റെ വക്കീൽ ഗുമസ്തരും താമസിച്ചിരുന്നത്. അവരിൽ ഒരാൾ അൽപം ദുരഭിമാനിയായിരുന്നു. താൻ താമസിക്കുന്ന മുറി സ്വന്തമായി വൃത്തിയാക്കാനോ, രാത്രിയിൽ മൂത്രമൊഴിച്ച് വയ്ക്കുന്ന പാത്രം രാവിലെ കാലിയാക്കി കഴുകിവയ്ക്കാനോ അദ്ദേഹം തയ്യാറായില്ല. മറ്റെല്ലാവരും തന്നെ അവരവരുടെ കാര്യങ്ങൾ സ്വന്തമായാണ് ചെയ്തിരുന്നത്. മേൽപറഞ്ഞ സുഹൃത്തിന്റെ മുറി വൃത്തിയാക്കുന്നതും മൂത്രപ്പാത്രം കഴുകിവയ്ക്കുന്നതുമായ ജോലിയും ഗാന്ധിജി ഏറ്റെടുത്തു. ഇത് കസ്തൂർബയ്ക്ക് സഹിച്ചില്ല. അങ്ങനെ ചെയ്യേണ്ടതില്ല എന്നായിരുന്നു അവരുടെ അഭിപ്രായം. എന്നാൽ ഗാന്ധിജിയെ ഒഴിവാക്കി ആ ജോലി ഏറ്റെടുക്കാനും കസ്തൂർബയ്ക്ക് താത്പര്യമുണ്ടായിരുന്നില്ല. ഇതു സംബന്ധിച്ച് നിരവധി വാക്കുതർക്കങ്ങൾ ഉണ്ടായി. ഈ ജോലി ഗാന്ധിജി

ചെയ്യരുതെന്നും താൻ തന്നെ ചെയ്തോളാം എന്ന് സമ്മതിക്കുകയും ചെയ്തു. മനസ്സില്ലാമനസ്സോടെയും, വലിയ വിഷമത്തോടെയുമാണ് കസ്തൂർബ ഗുമസ്തന്റെ മൂത്രപ്പാത്രം കഴുകിവയ്ക്കാൻ തയ്യാറായത്. ഇക്കാര്യത്തിൽ ഗാന്ധിജി ദേഷ്യപ്പെട്ടു. ഏതുകാര്യവും പൂർണ മനസ്സോടെ ചെയ്യണമെന്നായിരുന്നു ഗാന്ധിജിയുടെ വാദം. കോപിഷ്ഠനായ ഗാന്ധി കസ്തൂർബയെ വീടിന് പുറത്താക്കുമെന്നതുവരെയെത്തി കാര്യങ്ങൾ.

അപ്പോഴും കസ്തൂർബ കണ്ണീരൊലിപ്പിച്ചുകൊണ്ട് ഭർത്താവിനോട് അഭ്യർത്ഥിച്ചു. ഇത്രമാത്രം മാന്യത കൈവിടരുത്. സേവനത്തിനു വേണ്ടി യാണെങ്കിൽപ്പോലും മറ്റൊരാളെ അതിരിൽ കവിഞ്ഞു നിർബന്ധിക്കു ന്നതിന്റെ അനൗചിത്യത്തെക്കുറിച്ചും കരഞ്ഞുകൊണ്ട് കസ്തൂർബ ഗാന്ധിജിയെ ഓർമ്മപ്പെടുത്തി. ഗാന്ധിജിയുടെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു ഈ സംഭവം. ഗാന്ധിജിക്ക് തെറ്റ് ബോധ്യപ്പെട്ടു. അതേസമയം കസ്തൂർബ സ്വയം മനസ്സോടെ മേൽപ്പറഞ്ഞ ദൗത്യം തുടരു കയും ചെയ്തു.

പിൽകാലത്ത് പൗരസ്വാതന്ത്ര്യത്തിന്റെ പ്രമുഖപ്രചാരകനായി (വക്താ വായി) മാറിയ ഗാന്ധിജിക്ക് വ്യക്തിസ്വാതന്ത്ര്യത്തിന്റെ സൂക്ഷ്മതല ങ്ങളിലേക്ക് അന്വേഷണ യാത്ര നടത്താൻ പ്രചോദനമായത് കസ്തൂർബ യുടെ നിലപാടുകളായിരുന്നു. അഹിംസാത്മകമായ സാമൂഹ്യ പ്രവർത്ത നത്തിലൂടെ ഈശ്വര സാക്ഷാത്കാരം നേടുകയെന്ന ധർമ്മമാണ് തന്റെ ഭർത്താവ് സ്വീകരിച്ചിരിക്കുന്നത് എന്ന് ബോധ്യമായ നിമിഷം മുതൽ തന്നെ സാമൂഹ്യപ്രവർത്തനത്തെ സ്വജീവിത തപസ്യയാക്കി മാറ്റുകയായിരുന്നു കസ്തൂർബ. അങ്ങനെ അക്ഷരാർത്ഥത്തിൽ മഹാത്മജിയുടെ സഹധർമ്മിണിയായി അവർ മാറി.

വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ദക്ഷിണാഫ്രിക്കൻ സർക്കാർ ഏർപ്പെടുത്തിയ പുതിയ നിയമം അവിടത്തെ ഭൂരിപക്ഷം വരുന്ന ഇന്ത്യക്കാർക്കും വിനയായപ്പോൾ ഗാന്ധിജി ശക്തമായ സമരത്തിന് തുടക്കം കുറിച്ചു. കസ്തൂർബയെ സമരത്തിൽ പങ്കെടുപ്പിക്കാൻ ഗാന്ധിജി ആഗ്രഹിച്ചില്ല. എന്നാൽ ഫിനിക്സ് ആശ്രമത്തിലുള്ളവരെല്ലാം സമരത്തിൽ പങ്കെടുക്കുമ്പോൾ താൻ മാത്രം മാറിനിൽക്കില്ലെന്ന് അവർ പ്രഖ്യാപിച്ചു. സമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഷ്ഠിച്ചു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് പരീക്ഷണങ്ങളുടെ ആദ്യ വേദിയായിരുന്ന ഫിനിക്സ് ആശ്രമത്തെ ഒരു സ്വാശ്രയ ഗ്രാമമാക്കി വളർത്തിയെടുക്കുന്നതിൽ ഏറെ പാടുപെട്ടത് കസ്തൂർബയായിരുന്നു.

'ക്വിറ്റ് ഇന്ത്യ' സമര പ്രഖ്യാപന ദിവസം വൈകുന്നേരം ബോംബെ യിലെ ശിവജിപാർക്കിൽ ഗാന്ധിജി പ്രസംഗിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രഭാതത്തിൽ തന്നെ ബ്രിട്ടീഷ് പോലീസ് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് ജയിലിലാക്കി. ഗാന്ധിജി മുൻ നിശ്ചയിച്ച സ്ഥലത്തും സമയത്തും താൻ പ്രസംഗിക്കുമെന്ന് കസ്തൂർബ നാട്ടുകാരെ അറിയിച്ചു. ഇതേ തുടർന്നാണ് അവരേയും അറസ്റ്റ് ചെയ്തത്.

നിസ്സഹകരണ പ്രസ്ഥാന കാലത്തും രാജ്കോട്ടിലെ ദുർഭരണത്തിനെതിരെ ജനമുന്നേറ്റം നടക്കുമ്പോഴുമെല്ലാം ആരുടെയും പ്രേരണ കൂടാതെ തന്നെ കസ്തൂർബ സമരരംഗത്തിറങ്ങുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തു. ആരോഗ്യപരമായ കാരണത്താൽ ചിലപ്പോഴെല്ലാം സമരരംഗത്തിറങ്ങുന്നതിൽ നിന്ന് കസ്തൂർബയെ ഗാന്ധിജിയും സുഹൃത്തുക്കളും വിലക്കിയിരുന്നു. അവയെല്ലാം അവഗണിച്ചുകൊണ്ടാണ് സ്വധർമ്മാനുഷ്ഠാനത്തിനായി അവർ ഇറങ്ങിത്തിരിച്ചത്.

നിരവധി തവണ ജയിൽവാസം അനുഭവിക്കേണ്ടിവന്ന കസ്തൂർബാ ഗാന്ധിയുടെ അന്ത്യം സംഭവിച്ചതും ആഗാഖാൻ കൊട്ടാരത്തിൽ ജയിൽവാസത്തിലായിരിക്കുമ്പോഴാണ്. എല്ലാവരും കസ്തൂർബയെ 'ബാ' എന്നാണ് വിളിച്ചിരുന്നത്. 'ബാ' എന്നാൽ ഗുജറാത്തി ഭാഷയിൽ അമ്മ എന്നാണർത്ഥം. ആശ്രമത്തിലെ അന്തേവാസികൾക്കും ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വത്തിലിരിക്കുന്നവർക്കും ഗ്രാമീണജനതയ്ക്കും അവർ പ്രിയപ്പെട്ട അമ്മയായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലേക്ക് ഇത്രയേറെ വനിതകളെ ആകർഷിക്കാൻ ഇടയാക്കിയ മുഖ്യഘടകവും ഈ മാതൃസാന്നിദ്ധ്യം തന്നെയാണ്. ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത വിധം വനിതകളുടെ പങ്കാളിത്തത്തോടു കൂടി, അഹിംസാത്മകമായി, ഒരു ജനകീയ സ്വാതന്ത്ര്യപ്രസ്ഥാനം വളർത്തിയെടുക്കാനും വിജയം വരിക്കാനും ഗാന്ധിജിക്ക് ഏറെ സഹായകമായത് കസ്തൂർബയുടെ സഹധർമ്മിണിത്വം തന്നെയാണ്.

ഗാന്ധിജിയുടെ ക്ലേശപൂർണമായ ജീവിതയാത്രയിൽ ശ്രദ്ധയും സാന്ത്വനവും നൽകുന്ന സന്തതസഹചാരിയായി കസ്തൂർബ നിലകൊണ്ടു. ഇടയ്ക്കിടെ കോപിഷ്ഠനാകുമായിരുന്ന ഗാന്ധിജിയെ സ്വസ്ഥതയുടെ തലത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ എപ്പോഴും തുണയായത് കസ്തൂർബയുടെ ഇടപെടലുകളായിരുന്നു. കസ്തൂർബയുടെ മഹത്വം മറ്റാരേക്കാളും മനസ്സിലാക്കിയതും മഹാത്മജി തന്നെ. അദ്ദേഹം പറയുന്നു: "എന്റെ ജീവിതംകൊണ്ട് എന്തെങ്കിലും നല്ലതും വലുതുമായ കാര്യങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് കസ്തൂർബയുടെ സഹായംകൊണ്ടു കൂടിയാണ്." തുടർന്ന് അദ്ദേഹം പറയുന്നു: "വീട്ടുകാരി, സേവിക എന്നതിലുപരിയായി കസ്തൂർബ എനിക്ക് അമ്മ തന്നെയാണ്."

ഗാന്ധിജിയെ നാം രാഷ്ട്രപിതാവായി ആദരിക്കുമ്പോൾ 'രാഷ്ട്രമാതാ' എന്ന സ്ഥാനം ആർക്കെങ്കിലും നൽകുന്നെങ്കിൽ അത് കസ്തൂർബാ ഗാന്ധിക്ക് തന്നെ. സാമൂഹ്യപ്രവർത്തകർക്കും വനിതകൾക്കും എക്കാലവും മാതൃകയാക്കാവുന്ന കസ്തൂർബ 1869 ഏപ്രിൽ 11ന് ഗുജറാത്തിലെ (സൗരാഷ്ട്രം) സുദാമാപുരിയിലാണ് ജനിച്ചത്. 1944 ഫെബ്രുവരി 22 ന് അന്തരിച്ചു.

○

ഏകാദശ വ്രതങ്ങൾ

ഗാന്ധിജി സാമൂഹ്യപ്രവർത്തന രംഗത്തേക്ക് വരുന്നത് ദക്ഷിണാഫ്രിക്കയിൽ വച്ചാണ്. അവിടെ താമസിക്കുന്ന ഇന്ത്യക്കാരോടും മറ്റു കറുത്തവർഗക്കാരോടും ഭരണകൂടം പ്രകടിപ്പിച്ചിരുന്ന വിവേചനത്തെ ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹം പ്രവർത്തനമാരംഭിച്ചു. 1915 മുതൽ ഇന്ത്യയെ തന്റെ കർമ്മഭൂമിയായി തെരഞ്ഞെടുത്തു. ദക്ഷിണാഫ്രിക്കയിൽ സാമൂഹ്യനീതിക്ക് വേണ്ടിയാണ് അദ്ദേഹം പോരാടിയത്. എന്നാൽ ഇന്ത്യയിൽ അദ്ദേഹം ലക്ഷ്യമിട്ടത് സമഗ്രസ്വാതന്ത്ര്യം അഥവാ സ്വരാജ് ആയിരുന്നു. ഇത്തരം ഒരു സാമൂഹ്യവിപ്ലവം ആരംഭിക്കേണ്ടത് ഓരോ വ്യക്തിയിൽ നിന്നുമാണ് എന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചു. മറ്റു സാമൂഹിക വിപ്ലവകാരികളിൽനിന്നും ഗാന്ധിജിയെ വ്യത്യസ്തനാക്കുന്നതും ഇതുതന്നെയാണ്.

മറ്റു സാമൂഹ്യ വിപ്ലവകാരികളെല്ലാം സാമൂഹ്യമാറ്റത്തിനാണ് പ്രഥമ പരിഗണന നൽകിയത്. സമൂഹം മാറുന്നതിന്റ ഭാഗമായി വ്യക്തികളിലും മാറ്റമുണ്ടാകും എന്നായിരുന്നു അവരുടെ പക്ഷം. ഇതനുസരിച്ചുള്ള വിപ്ലവങ്ങൾ ലോകചരിത്രത്തിൽ പലതവണ സംഭവിച്ചു. എന്നാൽ വിപ്ലവം ലക്ഷ്യമിട്ട മൂല്യങ്ങളെ വ്യക്തികളിലേക്ക് സന്നിവേശിപ്പിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു. സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ പിൻബലത്തോടെ സ്ഥാപിക്കപ്പെട്ട വിപ്ലവാനന്തര സമൂഹങ്ങൾ പോലും ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ ഛിന്നഭിന്നമായത് ഇക്കാരണംകൊണ്ടാണ്.

രാജ്യത്ത് സ്വയംഭരണത്തിന് മുതിരും മുമ്പ് നാം മനുഷ്യരായിത്തീരണം എന്ന് ഗാന്ധിജി മുന്നറിയിപ്പ് നൽകിയത് അതുകൊണ്ടാണ്.

അവനവനെ ഭരിക്കുക എന്നതാണ് ആദ്യത്തെ പടി. പിന്നെയാണ് രാജ്യത്തിന്റെ സ്വയംഭരണം അഥവാ സ്വരാജ്യം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ആത്മാർത്ഥതയോടു കൂടിയ സ്വാർത്ഥ പരിത്യാഗത്തിന്റെ അനുസ്യൂത ഫലമായി ലഭിക്കുന്ന ഒന്നാണ് സ്വരാജ് എന്ന് അദ്ദേഹം വ്യക്തമാക്കി.

വ്രതനിഷ്ഠമായ വ്യക്തിജീവിതമാണ് സ്വരാജിലേക്കുള്ള ആദ്യഘട്ടം. മൂല്യങ്ങളെ ആചരിക്കുന്ന വ്യക്തികളുടെ ഒരു സമൂഹത്തിന് സ്വരാജിനെ ശാശ്വതമാക്കാൻ സാധിക്കുമെന്നാണ് ഗാന്ധിജിയുടെ പക്ഷം. ഇതിനു

വേണ്ടിയാണ് അദ്ദേഹം ഏകാദശ വ്രതങ്ങൾ (പതിനൊന്ന് വ്രതങ്ങൾ) മുന്നോട്ടുവയ്ക്കുന്നത്. സ്വയം ആചരിച്ചശേഷമാണ് മറ്റുള്ളവരോട് ഇത് ഉപദേശിച്ചത്. പതിനൊന്നു വ്രതങ്ങൾ ഇവയാണ്.

1. സത്യം

ഈ പ്രപഞ്ചത്തിന്റെ നിലനില്പിനു തന്നെ അടിസ്ഥാനമാകുന്ന ശക്തിയെന്താണെന്ന സത്യത്തെയാണ് ആദ്യം മനസ്സിലാക്കേണ്ടത്. വിവിധ രൂപത്തിലും വലുപ്പത്തിലും കാണപ്പെടുന്ന ജീവജാലങ്ങളെ ചലനാത്മകമാക്കുന്നത് അവയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു ഊർജം അഥവാ ശക്തിയാണ്. ഇതിനെ നമ്മൾ ആത്മശക്തി, ആത്മാവ്, ഈശ്വരചൈതന്യം എന്നിങ്ങനെ വിവിധ പേരുകളിൽ വിളിക്കുന്നു. എല്ലാവരിലും പ്രവർത്തിക്കുന്ന ഊർജം ഒന്നുതന്നെ, എന്നാൽ അതിന്റെ പ്രകടഭാവങ്ങൾ വ്യത്യസ്തമാണെന്നുമാത്രം. എന്നിലും നിങ്ങളിലും ഈ സമൂഹത്തിലെ ഓരോരുത്തരിലും പ്രവർത്തിക്കുന്നത് ഒരേ ഈശ്വരശക്തി തന്നെ.

ഒരു കുടുംബത്തിലുള്ളവരെല്ലാം രക്തബന്ധമുള്ളവരാണ് എന്ന് നാം പറയാറുണ്ട്. ബ്ലഡ് ഗ്രൂപ്പ് പരിശോധിച്ചാൽ മാതാവിന്റെയും പിതാവിന്റെയും മക്കളുടേയും രക്തം പക്ഷേ വ്യത്യസ്ത ഗ്രൂപ്പുകളിലുള്ളതായിരിക്കും.

എന്നാൽ, ഈ ലോകത്തുള്ള ഏതൊരു വ്യക്തിയേയും ചലനാത്മകമാക്കുന്ന ആത്മശക്തി അഥവാ ഈശ്വരചൈതന്യം ഒന്നുതന്നെയാണ്. അങ്ങനെയെങ്കിൽ ഈ ലോകത്തുള്ള എല്ലാവരും ആത്മബന്ധുക്കളാണ്. രക്തബന്ധത്തേക്കാൾ ഐക്യ രൂപമുള്ളതാണ് ആത്മബന്ധം.

എന്നെ പ്രവർത്തിപ്പിക്കുന്ന ശക്തി തന്നെയാണ് നിങ്ങളേയും പ്രവർത്തിപ്പിക്കുന്നതെങ്കിൽ ആത്മബന്ധുക്കളായ നാം തമ്മിൽ ഭിന്നതയുടെ ആവശ്യമില്ല.

ഒളിച്ചു വയ്ക്കലിന്റെയും വക്രീകരിക്കുന്നതിന്റെയും ആവശ്യമില്ല. അതുകൊണ്ട് നമ്മുടെ ഓരോ വാക്കും, പ്രവൃത്തിയും, ചിന്തയും സത്യത്തിൽ അധിഷ്ഠിതമാക്കുക.

2. അഹിംസ

പ്രപഞ്ചത്തിലെ സകല മനുഷ്യരും ജീവജാലങ്ങളും ആത്മബന്ധുക്കളാണെന്ന് തിരിച്ചറിവുണ്ടാകുമ്പോൾ (സത്യത്തെ ബോധ്യപ്പെടുമ്പോൾ) നാം നമ്മെ സ്നേഹിക്കുന്നതുപോലെ മറ്റുള്ളവരേയും സ്നേഹിക്കുന്നു. എത്ര ചെറുതോ വലുതോ ആകട്ടെ, എല്ലാത്തിനോടും ഈ സ്നേഹം നിലനിർത്താൻ സാധിക്കുന്നതാണ് അഹിംസ.

ഒരാൾ ഒരു തെറ്റുചെയ്താൽ ആ തെറ്റിനെ നാം ചൂണ്ടിക്കാട്ടുന്നു, എതിർക്കുന്നു. പക്ഷേ തെറ്റുചെയ്യുന്ന വ്യക്തിയോട് സ്നേഹം നിലനിർത്തുന്നു. ഇതാണ് അഹിംസയുടെ വ്യക്തിതല പ്രയോഗം. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും ഈ അഹിംസ അഥവാ സ്നേഹഭാവം നിലനിർത്താൻ നമുക്ക് സാധിക്കണം. സഹഉത്പാദനം, സഹകരണഉത്പാദനം, പൗരബോധം,

ജനാധിപത്യജീവിതക്രമം എന്നിവയെല്ലാം അഹിംസയുടെ സാമൂഹിക പ്രയോഗങ്ങളാണ്. ലോകാ സമസ്താ സുഖിനോ ഭവന്തു:, വസുധൈവ കുടുംബകം, ചേരിചേരാ പ്രസ്ഥാനം, സുസ്ഥിരവികസനം എന്നിവയെല്ലാം അഹിംസയുടെ അന്താരാഷ്ട്ര പ്രയോഗതലങ്ങളാണ്.

3. അസ്തേയം (മോഷ്ടിക്കാതിരിക്കൽ)

നമ്മുടെ ജീവിതം മറ്റുള്ളവരുടെ ജീവിതത്തിന് ഗുണകരമായിരിക്കണം. തടസ്സം സൃഷ്ടിക്കുന്നതാകരുത്. മറ്റുള്ളവരുടെ വസ്തുക്കൾ അവരുടെ അറിവോ സമ്മതമോ കൂടാതെ എടുക്കരുത്. മാത്രമല്ല മറ്റുള്ളവർക്ക് അർഹതപ്പെട്ടത്, നമുക്ക് ലഭിക്കണമെന്ന ചിന്തപോലും ഉപേക്ഷിക്കണം. അഹിംസയുടെ കർമ്മരൂപം തന്നെയാണ് അസ്തേയം. ചൂഷണരഹിതമായ സമൂഹസൃഷ്ടിയുടെ അടിത്തറയാണ് അസ്തേയം.

4. അപരിഗ്രഹം

ആവശ്യങ്ങളെ പരിമിതപ്പെടുത്തുകയും, പരിമിതമായ ആവശ്യങ്ങൾക്ക് വേണ്ടിയുള്ളത് മാത്രം കൈവശംവയ്ക്കുകയും ചെയ്യുക എന്നതാണ് അപരിഗ്രഹം. ഈ ലോകത്തെ വിഭവങ്ങൾ എല്ലാവർക്കും അർഹതപ്പെട്ടതാണ്. പാരമ്പര്യമായോ ചരിത്രപരമായോ സാമൂഹ്യമായോ, ഭൂമിശാസ്ത്രപരമായോ ഉള്ള കാരണത്താൽ ഏതെങ്കിലും വസ്തുക്കൾ അല്ലെങ്കിൽ സമ്പത്ത് നമ്മുടെ കൈയിൽ കൂടുതൽ വന്നുചേർന്നിട്ടുണ്ടെങ്കിലും അത്യാവശ്യമായത് മാത്രം ഉപയോഗപ്പെടുത്തുക. ബാക്കിയുള്ളത് ദൈവത്തിന് സമർപ്പിക്കുക (മറ്റുള്ളവർക്ക് നൽകുക).

5. ബ്രഹ്മചര്യം

ബ്രഹ്മചര്യമെന്നാൽ ബ്രഹ്മത്തിന്റെ അഥവാ സർവേശ്വരന്റെ മാർഗത്തിൽ സഞ്ചരിക്കുക – മനസ്സിനേയും ഇന്ദ്രിയങ്ങളേയും ഈശ്വരന്റെ മാർഗത്തിൽ വയ്ക്കുക – എന്നാണർത്ഥം.

മറ്റെല്ലാ അനുഷ്ഠാനങ്ങളേയും പോലെ ബ്രഹ്മചര്യവും വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും വേണം.

ബ്രഹ്മചര്യമെന്ന പദത്തെ ലൈംഗിക അർത്ഥത്തിൽ മാത്രം ഒതുക്കി നിർത്തിക്കൊണ്ടുള്ള അപൂർണമായ നിർവചനം നാം മറക്കുക തന്നെ വേണം.

മനസാ വാചാ കർമ്മണാ എല്ലാ ഇന്ദ്രിയങ്ങളുടേയും സംയമനമാണ് ബ്രഹ്മചര്യം. അതായത് ബ്രഹ്മചര്യം വാക്കിലും ചിന്തയിലും പ്രവൃത്തിയിലും വേണം.

6. ശരീരാദ്ധ്വാനം

എല്ലാവരും അവരവർക്ക് കഴിയാവുന്ന വിധമുള്ള ശരീരാദ്ധ്വാനം ചെയ്യണം, ഏതു ജോലി ചെയ്യുന്ന ആളായാലും പണക്കാരനോ പാവപ്പെട്ട

വനോ ആയാലും പണ്ഡിതനോ പാമരനോ ആയാലും കാർഷിക പ്രവർത്തനങ്ങളിലും ഗാർഹികപ്രവർത്തനങ്ങളിലും വ്യാപൃതമാകണം.

7. അസ്വാദവ്രതം

ശരീരത്തിന് അത്യാവശ്യമുള്ള പോഷകാംശങ്ങൾക്ക് വേണ്ടി മാത്രം ഭക്ഷിക്കുക, തിന്നാൻ വേണ്ടി ജീവിക്കുന്നവർ രുചിക്ക് വേണ്ടി മൂക്കറ്റം തിന്നുന്നതുകൊണ്ട് അവർക്ക് രോഗങ്ങൾ ഉണ്ടാകുന്നു. സമൂഹത്തിൽ ദാരിദ്ര്യവും ഉണ്ടാകുന്നു.

8. സ്വദേശി

നമ്മുടെ പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക. അപ്പോൾ അയൽക്കാരന് വരുമാനമുണ്ടാകും. പട്ടിണി മാറും. സമീപത്ത് ഇല്ലെങ്കിൽ മാത്രം മറ്റുപ്രദേശങ്ങളിലുള്ളവ പരിഗണിക്കുക. അയൽപക്ക സ്നേഹമാണ് സ്വദേശി വ്രതം.

9. അഭയം (ഭയമില്ലായ്മ)

ഒന്നിനേയും ഭയക്കാതിരിക്കുക. എല്ലാത്തിനേയും ബഹുമാനിക്കുക. സ്വന്തം കടമ നിർവഹിക്കാതിരിക്കുമ്പോഴും, സ്ഥാനമാനങ്ങൾക്കും, കീർത്തിക്കും സമ്പത്തിനും വേണ്ടി അമിതമായി ആഗ്രഹിക്കുമ്പോഴുമാണ് ഭയം ഉണ്ടാകുക. കടമ നിർവഹിക്കുകയും ആഗ്രഹങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്താൽ പിന്നെ ഭയമില്ലാത്ത അവസ്ഥ സംജാതമാക്കാം.

10. അയിത്തമില്ലായ്മ

ഓരോ മനുഷ്യനേയും ചലനാത്മകമാക്കുന്നത് അവനവനിൽതന്നെ സ്ഥിതിചെയ്യുന്ന ഈശ്വരിയശക്തിയാണ് അഥവാ ആത്മശക്തിയാണ്. ഒരേ ശക്തിയാൽ (ഊർജത്താൽ) സജീവമാക്കപ്പെടുന്ന നമ്മളെല്ലാം ഒരർത്ഥത്തിൽ ആത്മബന്ധുക്കളാണ്. ഈ സത്യം തിരിച്ചറിയുമ്പോൾ എല്ലാവരിലും ഈശ്വരനെ ദർശിക്കാനും സമഭാവന ഉണ്ടാകാനും സാധിക്കുന്നു. അയിത്താചരണം യുക്തിരഹിതവും സത്യവിരുദ്ധവും ഈശ്വരനിന്ദയുമാണെന്ന് ബോദ്ധ്യപ്പെടുന്നു.

11. സർവധർമ്മ സമഭാവം

ധർമ്മം എന്നാൽ മതം. മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയാണ് എല്ലാ മതങ്ങളും ഉണ്ടായത്. അതുകൊണ്ട് തന്നെ ഓരോരുത്തരും അവരവരുടെ മതത്തെക്കുറിച്ച് പഠിക്കുകയും അതിൽ വിശ്വസിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ തന്നെ മറ്റു മതങ്ങളെക്കുറിച്ച് അറിയാൻ ശ്രമിക്കുകയും അവയോട് സമഭാവം വളർത്തുകയും ചെയ്യുക.

മേൽപ്പറഞ്ഞ വ്രതങ്ങൾ അനുഷ്ഠിക്കുക വഴി വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും മൂല്യങ്ങൾ സംരക്ഷിക്കാനാകും. സർവ്വോദയ സമൂഹരചനയ്ക്ക് ഇത് പശ്ചാത്തലം ഒരുക്കും.

സപ്ത തിന്മകൾ ഒഴിവാക്കുക

സമൂഹത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ടതായ ഏഴ് തിന്മകളെക്കുറിച്ച് മഹാത്മാഗാന്ധി പറയാറുണ്ട്. ഈ പാപങ്ങളെ ഒഴിവാക്കിയാൽ മാത്രമേ ഒരു സർവ്വോദയ സമൂഹം സംജാതമാകുകയുള്ളൂ. ആദർശമില്ലാത്ത രാഷ്ട്രീയം, അദ്ധ്വാനിക്കാതെ നേടുന്ന വേതനം, മനസ്സാക്ഷിയില്ലാത്ത സുഖ ഭോഗം, സ്വഭാവശുദ്ധിയില്ലാത്ത ജ്ഞാനം, ധാർമ്മികത ഇല്ലാത്ത കച്ചവടം, ത്യാഗമില്ലാത്ത മതം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം എന്നിവയാണ് സപ്ത തിന്മകൾ.

1. ആദർശമില്ലാത്ത രാഷ്ട്രീയം

നാല് ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒരു രാഷ്ട്രം. ഭൂപ്രദേശം, ജനങ്ങൾ, പരമാധികാരം, ഭരണകൂടം എന്നിവയാണ്. ഈ നാല് ഘടകങ്ങളും ഉൾപ്പെടുന്ന രാഷ്ട്രത്തെ സംബന്ധിക്കുന്ന കാര്യമാണ് രാഷ്ട്രീയം. രാഷ്ട്രത്തിന്റെ ക്ഷേമത്തെ അഥവാ ജനങ്ങളുടെ നന്മയെ ലക്ഷ്യമാക്കുന്ന ചിന്തയാണ് രാഷ്ട്രീയത്തിന്റെ ആദർശം. ഇത്തരം ഒരു ആദർശത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു വേണ്ടി അധികാരത്തിലെത്തുന്നതിനും അധികാരം നിലനിർത്തുന്നതിനും ജനാഭിപ്രായം സ്വരൂപിക്കുന്ന വ്യക്തികളുടെ സംഘമാണ് രാഷ്ട്രീയ പാർട്ടികൾ. ആദർശത്തിന്റെ പ്രയോഗവത്കരണത്തെ സംബന്ധിച്ച അഭിപ്രായവ്യത്യാസമാണ് ഒന്നിൽകൂടുതൽ രാഷ്ട്രീയപാർട്ടികൾ രൂപംകൊള്ളാനുള്ള പ്രധാന കാരണം.

രാഷ്ട്രത്തേയും രാഷ്ട്രീയത്തേയും സംബന്ധിച്ച ആധുനിക പാശ്ചാത്യ ദർശനമാണ് നേരത്തെ പറഞ്ഞത്. ഇതിൽനിന്നും വളരെ വ്യത്യസ്തമാണ് ഗാന്ധിജി വിഭാവനംചെയ്ത സ്വരാജിന്റെ രാഷ്ട്രീയം. ജീവിതത്തിന്റെ സമസ്തമേഖലകളേയും ഉൾക്കൊള്ളുന്നതാണ് സർവ്വോദയ ദർശനത്തിലധിഷ്ഠിതമായ സ്വരാജിന്റെ രാഷ്ട്രീയം. മനുഷ്യനുൾപ്പെടെയുള്ള സർവ ജീവജാലങ്ങൾക്കും അർഹതപ്പെട്ടതാണ് ഈ ഭൂമി. ഭൂമിയുടെ സ്വാഭാവിക നിയമങ്ങൾക്ക് അഥവാ പ്രകൃതിനിയമങ്ങൾക്കനുസൃതമായ ജീവിതം നയിക്കാൻ ഏവർക്കും കടമയുണ്ട്. ഭരണകൂടം ഉണ്ടെങ്കിലും ഇല്ലെങ്കിലും ചിന്തയിലും വാക്കിലും പ്രവൃത്തിയിലും സ്വയംവരിക്കുന്ന അച്ചടക്കം പാലിക്കാൻ സർവ്വോദയസമൂഹത്തിലെ വ്യക്തി തയ്യാറാകുന്നു. ഇത്തരം അച്ചടക്കം (അടിമത്ത

മല്ല) വ്യക്തിയെ സ്വാതന്ത്ര്യത്തിന്റെ സംശുദ്ധമായ ഒരു പരിസരത്ത് എത്തിക്കുന്നു. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഈ വ്യക്തി പരിമിതമായ അധികാരത്തെ കൈയടക്കാനോ അധികാരമുപയോഗിച്ച് മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാനോ തയ്യാറാകുന്നില്ല. സമ്പൂർണമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഈ വ്യക്തി ജീവിതത്തിന്റെ സമസ്തമേഖലകളിലും സംയമനം പാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. പുറമെ നിന്നുള്ള ഒരു നിയന്ത്രണവും ഇത്തരം വ്യക്തിക്ക് ആവശ്യമില്ല. മതമാത്സര്യങ്ങൾക്ക് അടിമപ്പെടാത്ത ഈ വ്യക്തി സത്യസന്ധമായ കർത്തവ്യാനുഷ്ഠാനങ്ങളിലൂടെ, സമൂഹസേവനത്തിലൂടെ, സ്വരാജിന് അർഹത നേടുന്നു. സർവ്വോദയദർശനമനുസരിച്ചുള്ള ഒരു വ്യക്തിയും സമൂഹവും രൂപപ്പെടുന്നത് ഇപ്രകാരമാണ്. ഏതൊരു സമൂഹത്തിലും ജനതന്ത്രത്തിന്റെതായ ഈ സാധ്യത ഏറിയും കുറഞ്ഞും കാണാവുന്നതാണ്. ജനനീതിയുടേതായ ഈ ധാരയെ ശക്തിപ്പെടുത്തുക എന്നതാണ് സർവ്വോദയത്തിന്റെ രാഷ്ട്രീയാദർശം.

എന്നാൽ വർത്തമാനകാല സമൂഹത്തിൽ ജനനീതിയുടേതായ ഈ ധാര വളരെ ദുർബലമാണ്. ആധിപത്യത്തിന്റെ അഥവാ രാജതന്ത്രത്തിന്റെ ധാരയാണ് ശക്തമായി നിലകൊള്ളുന്നത്. ഭരണം, അധികാരം, നിയന്ത്രണം, അധികാരമത്സരം എന്നിവയാണ് രാജതന്ത്രത്തിന്റെതായ ഈ ധാരയുടെ സവിശേഷതകൾ. ജനനന്മ എന്ന രാഷ്ട്രീയാദർശം പലപ്പോഴും മറക്കുന്നു. ഭരണം പിടിച്ചെടുക്കുന്നതിന് പണവും മദ്യവും വർഗീയതയും ഗുണ്ടായിസവുമെല്ലാം ഉപയോഗിക്കുന്നു. അധികാരം നിലനിർത്താൻ ഭൂരിപക്ഷ-ന്യൂനപക്ഷ പ്രീണനങ്ങളും ബഹുരാഷ്ട്രകുത്തകകൾക്ക് അടിമപ്പെടലുകളും നടത്തുന്നു. അധികാരത്തിന്റെ ഉപകരണങ്ങൾ- പോലീസ്, പട്ടാളം, കരിനിയമങ്ങൾ, ഉദ്യോഗസ്ഥവൃന്ദം എന്നിവയെല്ലാം ഉപയോഗപ്പെടുത്തി തങ്ങൾക്കനുകൂലമാകുന്നവിധം സമൂഹത്തെ ബലം പ്രയോഗിച്ച് നിയന്ത്രിക്കുന്നു. ജനനന്മ എന്ന ആത്യന്തിക ലക്ഷ്യത്തേയും അതിനുവേണ്ടിയുള്ള കർത്തവ്യാനുഷ്ഠാനങ്ങളേയും മറന്ന് അധികാര മത്സരത്തിന് അടിമപ്പെടുന്നു. ആദർശരഹിതമായ ഇത്തരം രാഷ്ട്രീയം ജനജീവിതത്തെ ദുസ്സഹമാക്കുന്നു.

2. അദ്ധ്വാനിക്കാതെ നേടുന്ന വേതനം

സമൂഹത്തിന് ഗുണകരമായ വിധത്തിലുള്ള, ഉത്പാദനപരമായ അദ്ധ്വാനത്തിൽ ഏർപ്പെടേണ്ടത് ഒരു മനുഷ്യന്റെ മൗലികമായ ധർമ്മമാണ്. സ്വതന്ത്രമായ കൈകളും സവിശേഷമായ ബുദ്ധിയും മനുഷ്യന് ലഭിച്ചിരിക്കുന്നത് ഇതിനു വേണ്ടിയാണ്. ഇവ ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷിക മേഖലയിലോ വ്യവസായ മേഖലയിലോ, സേവന മേഖലയിലോ അദ്ധ്വാനിക്കാൻ തയ്യാറാകണം. കായികാദ്ധ്വാനം വളരെ ശ്രേഷ്ഠമാണ്. ബുദ്ധിപരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പോലും തനിക്കാവുംവിധം കായികാദ്ധ്വാനം ചെയ്യണമെന്ന് ഗാന്ധിജി പറയുന്നു. ഏതൊരാളും സ്വന്തം നെറ്റിയിലെ വിയർപ്പു

കൊണ്ട് ജീവിക്കണം എന്ന് യേശുക്രിസ്തു പറഞ്ഞത് അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും അനിവാര്യതയും എടുത്തു പറയാനാണ്. അദ്ധ്വാനിക്കാതെ ഭക്ഷിക്കുന്നവൻ കളവുമുതലാണ് ഭക്ഷിക്കുന്നത് എന്ന് ഗാന്ധിജി നമ്മെ ഓർമ്മിപ്പിക്കുന്നു. സമൂഹത്തിന് ഗുണം ചെയ്യുന്ന ഉത്പാദനത്തിനായുള്ള അദ്ധ്വാനത്തെ ഉത്പാദനപരമായ അദ്ധ്വാനം എന്ന് വിശേഷിപ്പിക്കുന്നു.

ഉത്പാദനപരമല്ലാത്ത തൊഴിലുകളെ ഉപേക്ഷിക്കണം എന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നു. പലിശ, വാടക, സർക്കസ്, ലോട്ടറി എന്നിവ ഉത്പാദനപര മല്ലാത്ത തൊഴിലുകളാണ്. കവർച്ച, ചൂതാട്ടം, മറ്റ് അനാശാസ്യം എന്നിവ ഉത്പാദനപരമല്ലാത്ത തീർച്ചയായും ഒഴിവാക്കപ്പെടേണ്ട തൊഴിലുകൾ ആണ്. ഉത്പാദനപരമായ തൊഴിൽ ചെയ്തുകിട്ടുന്ന വേതനം കൊണ്ടുതന്നെ ഉപ ജീവനം കഴിക്കണം. ഒരിക്കലും അലസമായി ഇരിക്കരുത്. മറ്റുള്ളവരുടെ മുൻപിൽ കൈനീട്ടുന്നത് തിന്മയാണ്. അദ്ധ്വാനിക്കാൻ ആരോഗ്യമുള്ളവർക്ക് സൗജന്യമായി എന്തെങ്കിലും കൊടുക്കുന്നത് അവരുടെ അലസത വർദ്ധി പ്പിക്കാൻ കാരണമാകും.

അതുകൊണ്ടാണ് ഗാന്ധിജി പറഞ്ഞത് മദ്യപാനത്തേക്കാളും വ്യഭിചാര ത്തേക്കാളും നികൃഷ്ഠമായ തിന്മയാണ് അലസത എന്ന്.

3. മനസ്സാക്ഷി ഇല്ലാത്ത സുഖഭോഗം

ആവശ്യത്തിൽ കൂടുതൽ ഉപയോഗിക്കുന്നത് ഒരുതരം ഹിംസ തന്നെ യാണ്. ധാരാളം ഉണ്ടെങ്കിൽ അത്യാവശ്യത്തിനുവേണ്ടത് മാത്രം ഉപയോഗി ക്കുക. ലളിതമായ ജീവിതം നയിക്കുക എന്നത് സർവ്വോദയ സമീപനമാണ്. ആർഭാടത്തേയും അത്യാർത്തിയെയും ഒഴിവാക്കണം. സഹജീവികളുടെ ദാരി ദ്ര്യത്തേയും ദുരിതങ്ങളേയും മനസ്സിലാക്കുന്ന ഒരാൾ സുഖഭോഗങ്ങൾക്കു വേണ്ടി നിലകൊള്ളില്ല. എന്തിനും ഏതിനും അമിതമായ ആഘോഷങ്ങളും ധൂർത്തും നടത്തുന്നത് മനസ്സാക്ഷിയില്ലായ്മയുടെ ലക്ഷണമാണ്.

4. സ്വഭാവശുദ്ധിയില്ലാത്ത ജ്ഞാനം

അക്ഷരജ്ഞാനം അറിവിലേക്കുള്ള ഒരു കവാടമാണ്. അറിവ് നേടുക വഴി മനുഷ്യത്വത്തിന്റെ വികാസമാണ് ഉണ്ടാകേണ്ടത്. അതിന് ഉതകുന്നതായി രിക്കണം നമ്മുടെ വിദ്യാഭ്യാസം. വിദ്യാഭ്യാസം നേടുംതോറും മാനുഷിക തയും സഹജീവി സ്നേഹവും വർദ്ധിക്കണം. ഒപ്പം തന്നെ ഉപജീവനത്തി നുള്ള സാധ്യതയും തെളിയണം. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപാക തകൾ നിമിത്തം വിദ്യാഭ്യാസത്തിന്റെ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ പലപ്പോഴും നേടാനാകുന്നില്ല. അതുകൊണ്ടുതന്നെ വിദ്യാസമ്പന്നരായ പലർക്കും വിക സിത വ്യക്തിത്വത്തിന്റേയോ സ്വഭാവശുദ്ധിയുടേയോ ഉടമകളാകാൻ സാധി ക്കുന്നില്ല.

തങ്ങൾക്ക് ലഭ്യമായ അറിവ് സമൂഹത്തിന് ദ്രോഹകരമായ കാര്യങ്ങൾക്കാണ് ഇത്തരക്കാർ ഉപയോഗിക്കുന്നത്. പലതരത്തിലുള്ള അഴിമതികളും തട്ടിപ്പും കവർച്ചയും അധികാര ദുരുപയോഗങ്ങളുമെല്ലാം നടത്തുന്നത് വിദ്യാഭ്യാസം നേടിയവർ തന്നെയാണ്. അക്ഷരജ്ഞാനം ഇത്തരക്കാരെ സാക്ഷരരും സംസ്കാരസമ്പന്നരുമാക്കുന്നില്ല. പകരം രാക്ഷസരും സാമൂഹ്യ ദ്രോഹികളുമാക്കി മാറ്റുന്നു. സ്വഭാവശുദ്ധിക്ക് ഉതകാത്ത ഇത്തരം ജ്ഞാനം പാപമാണ്.

5. ധാർമ്മികതയില്ലാത്ത കച്ചവടം

സമൂഹജീവിതത്തിലെ അനിവാര്യമായ ഒരു സേവനമാണ് കച്ചവടം. മനുഷ്യന് ഉപജീവനത്തിനാവശ്യമായ വസ്തുക്കൾ കച്ചവടത്തിലൂടെയാണ് ഏവർക്കും ലഭ്യമാകുന്നത്. ഉത്പന്നത്തിന്റെ ഗുണനിലവാരം, വില, തൂക്കം, കൈമാറ്റരീതികൾ എന്നിവയിലെല്ലാം പരമാവധി സത്യസന്ധതയും സുതാര്യതയും പാലിക്കേണ്ടത് ഒരു വ്യാപാരിയുടെ ധർമ്മമാണ്. ഇത്തരം ഒരു സേവന പ്രവർത്തനം നടത്തുന്നതിലൂടെ ചെറിയൊരു ലാഭം വരുമാനമാകുന്നതും ധാർമ്മികമാണ്. എന്നാൽ കൊള്ളലാഭം ഉണ്ടാക്കുന്നതിന് മായം ചേർത്തും അനാവശ്യമായ രാസകീടനാശിനികൾ ചേർത്തും അമിതമായി വില ചുമത്തിയും അളവിലും തൂക്കത്തിലും വെട്ടിപ്പുനടത്തിയും, കൈമാറ്റ രീതിയിൽ നിഗൂഢത സൃഷ്ടിച്ചും ഉപഭോക്താക്കളെ വഞ്ചിക്കുന്ന കച്ചവടം അധാർമ്മികമാണ്, തിന്മയാണ്.

6. ത്യാഗമില്ലാത്ത മതം

ത്യാഗവും സേവനവുമാണ് ഏതൊരു മതത്തിന്റെയും മുഖമുദ്ര. സ്നേഹമാണ് ഇതിന്റെ ചാലകശക്തി. സകല ജീവജാലങ്ങളിലും ഈശ്വര ചൈതന്യം കുടികൊള്ളുന്നു എന്ന സത്യമാണ് ഇതിന്റെ അടിസ്ഥാനം. ഈശ്വരാംശം തന്നെയായ ഏതൊരു ജീവിക്കും വേണ്ടി ചെയ്യുന്ന സേവനവും അർപ്പിക്കുന്ന ത്യാഗവും ഈശ്വരാരാധനതന്നെയാണ്. വ്യക്തിജീവിതത്തിലെ സുഖഭോഗങ്ങളെ അല്പം ഒന്നു മാറ്റിനിർത്തുമ്പോൾ ലഭ്യമാകുന്ന സമ്പത്തും സമയവും ശ്രദ്ധയും സഹജീവികൾക്കുവേണ്ടി സമർപ്പിക്കുന്നതാണ് യഥാർത്ഥ യജ്ഞസംസ്കാരം. റംസാൻകാലത്തെ സക്കാത്തിന്റെ ദർശനവും ഇതുതന്നെ. ഏറ്റവും എളിയവന് നൽകുമ്പോൾ നീ എനിക്കു തന്നെ നൽകുന്നു എന്ന യേശു ക്രിസ്തുവിന്റെ വിശദീകരണവും ഈയൊരു പശ്ചാത്തലത്തിലാണ്. മാനവസേവ മാധവസേവയാകുന്നത് അപ്പോഴാണ്. ഇപ്രകാരം ചെയ്യുന്നവനാണ് മതവിശ്വാസി. അയൽക്കാരനും സമൂഹത്തിനും പരമാവധി ദോഷങ്ങൾ വരുത്തിവച്ച് അധർമ്മത്തിലൂടെ നേടുന്ന സമ്പത്തിന്റെ ഒരു വിഹിതം പേരിനും പ്രശസ്തിക്കും വേണ്ടി ആരാധനാലയങ്ങളിൽ സമർപ്പിക്കുന്നത് ത്യാഗമോ സേവനമോ അല്ല.

7. മനുഷ്യത്വമില്ലാത്ത ശാസ്ത്രം

പരീക്ഷണ നിരീക്ഷണങ്ങളിലൂടെ സത്യത്തെ കണ്ടെത്തുന്ന പ്രക്രിയയാണ് ശാസ്ത്രം. ഇത് രണ്ടു വിധമുണ്ട്. മനുഷ്യന്റെ ആന്തരികമായ നിരീക്ഷണങ്ങളിലൂടെ, ധ്യാനമനനങ്ങളിലൂടെ, ആത്മീയ ഏകത്വത്തെ കണ്ടെത്തലാണ് ആദ്ധ്യാത്മികശാസ്ത്രം.

ബാഹ്യമായ പ്രതിഭാസങ്ങളെ പരീക്ഷണനിരീക്ഷണങ്ങൾക്ക് വിധേയമാക്കി യാഥാർത്ഥ്യങ്ങളിൽ എത്തിച്ചേരുന്നതിനെ ഭൗതികശാസ്ത്രം എന്നു പറയുന്നു.

ആദ്ധ്യാത്മിക ശാസ്ത്രത്തിന്റെയും ഭൗതിക ശാസ്ത്രത്തിന്റെയും ലക്ഷ്യം സമൂഹനന്മയാണ്. ശാസ്ത്രത്തിന്റെ നേട്ടങ്ങളെ വ്യക്തിയുടെയും സമൂഹത്തിന്റെയും ഗുണത്തിനുവേണ്ടി ഉപയോഗപ്പെടുത്തണം. ജീവിതത്തിൽ സമാധാനവും സുസ്ഥിരതയും നേടാൻ ഇത്തരം ശാസ്ത്രത്തിന്റെ പ്രയോഗത്തിന് സാധിക്കും.

എന്നാൽ മനുഷ്യത്വരഹിതമായി ശാസ്ത്രത്തെ ഉപയോഗിക്കാൻ തുടങ്ങിയാൽ സമൂഹത്തിന്റെ സർവനാശത്തിന് അത് കാരണമാകും. മനുഷ്യത്വത്തിൽ അധിഷ്ഠിതമായ പ്രയോഗമാണ് ശാസ്ത്രത്തിന് ഉണ്ടാകേണ്ടത്. മനുഷ്യത്വരഹിതമായി പ്രയോഗിക്കുന്ന ശാസ്ത്രം തീർച്ചയായും തിന്മതന്നെ.

സത്യഗ്രഹത്തിന്റെ രീതിശാസ്ത്രം

വ്യക്തിജീവിതത്തിൽ വിശുദ്ധി നിലനിർത്തുന്നതിനാണ് പതിനൊന്ന് വ്രതങ്ങൾ - ഏകാദശവ്രതങ്ങൾ - അനുഷ്ഠിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചത്. സത്യം, അഹിംസ, അസ്തേയം ..... എന്നിങ്ങനെയുള്ള മൂല്യങ്ങളെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ ലഭിക്കുന്ന വിശുദ്ധി ഒരോ വ്യക്തിയിലുമുള്ള ആത്മശക്തിയെ അഥവാ ഈശ്വരചൈതന്യത്തെ പ്രോജ്ജ്വലിപ്പിക്കുന്നു. ഈ ആത്മശക്തിയാണ് ഈശ്വരാംശം അഥവാ സത്യം. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഈ ആത്മശക്തിയെ അഥവാ സത്യത്തെ അഥവാ ഈശ്വരചൈതന്യത്തെ പരിപൂർണപ്രഭയോടുകൂടി നിലനിർത്തുക, മുറുകെ പിടിക്കുക, പ്രയോഗിക്കുക എന്ന പ്രക്രിയയാണ് സത്യാഗ്രഹം.

വ്യക്തിയിലാണ് സത്യഗ്രഹം ആരംഭിക്കുക. മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് തന്റെ ആത്മഭാവത്തെ ബോധ്യപ്പെടുന്നു. ഈ ചൈതന്യം അഥവാ ഊർജ്ജം തന്നെയാണ് മറ്റുള്ള വ്യക്തികളേയും ജീവജാലങ്ങളേയും നിലനിർത്തുന്നത് എന്ന് ബോധ്യമുണ്ടാകും. എല്ലാത്തിനോടും ഒരു സമഭാവം ഉണ്ടാകുന്നു. സർവ ജീവജാലങ്ങളുടേയും നന്മയ്ക്കുവേണ്ടി (സർവ്വോദയത്തിനുവേണ്ടി) നിലകൊള്ളേണ്ടവനാണ് താൻ എന്ന ബോധ്യം ഓരോ വ്യക്തിയിലും ഉണ്ടാകുന്നു. എല്ലാത്തിനോടും സ്നേഹഭാവമുണ്ടാകുന്നത് ഈ തിരിച്ചറിവിൽനിന്നാണ്. മഹത്തായ ഈ സ്നേഹഭാവത്തിൽനിന്നാണ് അഹിംസയുടെ ആചരണം സാധ്യമാകുന്നത്.

ആദ്യം വ്യക്തിജീവിതത്തിൽ സത്യാഗ്രഹം യാഥാർത്ഥ്യമാക്കുന്നു. ഇപ്രകാരം സ്വയം സത്യഗ്രഹികളായവരാണ് സമൂഹത്തിൽ അത് പ്രയോഗിക്കുന്നത്.

സമൂഹത്തിലെ തിന്മകളെ മാറ്റാനാണ് അവർ ശ്രമിക്കുന്നത്. ത്യാഗപൂർണമായ ജീവിതത്തിലൂടെ, സൃഷ്ട്യുന്മുഖമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ കാഴ്ചവച്ചുകൊണ്ടാണ് യഥാർത്ഥ സത്യാഗ്രഹികൾ സാമൂഹ്യമാറ്റത്തിനുവേണ്ടി ശ്രമിക്കുന്നത്. ആരോടും പരിഭവമില്ലാതെ അവർ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. തിന്മകളെ എതിർക്കുമ്പോഴും തിന്മ ചെയ്യുന്ന വ്യക്തികളെ അവർ വെറുക്കുന്നില്ല. അവരോടുള്ള സ്നേഹവും സഹതാപവും നില

നിർത്തുകതന്നെ ചെയ്യുന്നു. പാപത്തെ എതിർക്കുമ്പോഴും പാപിയെ സഹോദരതുല്യമായി സ്നേഹിക്കാൻ ഒരു സത്യഗ്രഹിക്ക് സാധിക്കുന്നത് അതുകൊണ്ടാണ്. യേശുക്രിസ്തു സത്യഗ്രഹത്തിന്റെ രാജകുമാരനാണ് എന്ന് ഗാന്ധിജി പറഞ്ഞത് ഈ അർത്ഥത്തിലാണ്. ത്യാഗപൂർണമായ ജീവിതത്തിൽ പീഡനങ്ങൾ ഏറെ ഏൽക്കേണ്ടിവന്നപ്പോഴും മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടിയാണ് യേശുക്രിസ്തു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്.

സത്യഗ്രഹം – ധീരന്മാരുടെ മാർഗം

പ്രലോഭനങ്ങളെ അതിജീവിച്ച് ജീവിതവിശുദ്ധിയെ നിലനിർത്താനും ആത്മശക്തിയെ വളർത്താനും സാധിക്കുന്ന ഒരാൾക്കുമാത്രമേ സത്യാഗ്രഹി ആകാൻ സാധിക്കുകയുള്ളു. ചഞ്ചലമായ മനസ്സുള്ള ഒരാൾക്ക് സത്യാഗ്രഹിയാകാൻ സാധിക്കില്ല. അപാരമായ ധൈര്യം ഇതിനാവശ്യമാണ്. ആത്മചൈതന്യത്തെ അറിയുന്നതിലൂടെയാണ് ഈ ധൈര്യം കരഗതമാകുന്നത്.

"അക്രമത്തെ അക്രമംകൊണ്ട് നേരിടാനാവാത്ത ദുർബലന്റെ ആശ്രയമല്ല സത്യഗ്രഹം" എന്ന് ഗാന്ധിജി പറഞ്ഞത് അതുകൊണ്ടാണ്.

സത്യഗ്രഹം കേവലം ഒരു സമരമാർഗമല്ല. ഇത് ജീവിതചര്യയാണ്.

"സത്യഗ്രഹം – കുലീനവും ഉത്കൃഷ്ടവുമായ വിദ്യാഭ്യാസമാണ്" – എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

"വിശ്രമമില്ലാത്ത സത്യാന്വേഷണവും സത്യത്തിലെത്താനുള്ള ദൃഢനിശ്ചയവുമാണ് സത്യഗ്രഹം" – എന്ന് ഗാന്ധിജി പറയുമ്പോൾ ഒരു സത്യഗ്രഹിയുടെ കർമ്മധീരതയെ – കർമ്മയോഗിത്വത്തെ – നമുക്ക് ബോധ്യമാകും.

സത്യഗ്രഹം ഒരു സമരമാർഗമാകുമ്പോൾ

സമൂഹത്തിലെ ഒരു തിന്മയ്ക്ക് എതിരായി സത്യാഗ്രഹം പ്രയോഗിക്കുമ്പോഴാണ് അതിനെ സമരമാർഗമായി പലരും കാണുന്നത്. സമരമാർഗം എന്ന നിലയിൽ സത്യഗ്രഹത്തെ പ്രയോഗിക്കുമ്പോൾ വളരെയേറെ മുന്നൊരുക്കങ്ങൾ ആവശ്യമാണ്.

വ്യക്തിജീവിതത്തിൽ സത്യഗ്രഹം അനുഷ്ഠിക്കുന്ന ഒരാൾക്കുമാത്രമേ സമൂഹത്തിൽ ഇതിന്റെ പ്രയോഗത്തിന് നേതൃത്വം നൽകാൻ സാധിക്കുകയുള്ളു.

ഏറ്റവും ഒടുവിലത്തെ മാർഗം എന്ന വിധത്തിലായിരിക്കണം സത്യാഗ്രഹം ഒരു സമരമാർഗമായി തെരഞ്ഞെടുക്കുന്നത്. ഒരു സാമൂഹികപ്രശ്നത്തിന്റെ പേരിൽ സത്യാഗ്രഹമനുഷ്ഠിക്കുന്നതിന് മുമ്പായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിരിക്കണം.

1. അധികാരികളോട് പലവട്ടം ചർച്ച നടത്തണം
2. പൊതുജനസഹകരണം അഭ്യർത്ഥിക്കണം

3. നിർദ്ദിഷ്ടകാര്യത്തെ കുറിച്ച് പൊതുജനങ്ങളെ ബോധാവാന്മാരാക്കണം
4. സ്വന്തം നിലപാട് വ്യക്തമായും സൗമ്യമായും രേഖപ്പെടുത്തണം

സത്യഗ്രഹഫലപ്രാപ്തിക്കുള്ള മറ്റുഘടകങ്ങൾ

1. സത്യഗ്രഹിക്ക് ശത്രുതാ മനോഭാവം അരുത്
2. വിഷയം സത്യസന്ധവും കാര്യഗൗരവമുള്ളതുമായിരിക്കണം
3. ഉദ്ദേശ്യം സാധിക്കുന്നതുവരെ എന്തും സഹിക്കാൻ സത്യഗ്രഹി സന്നദ്ധനാകണം.

സത്യഗ്രഹത്തെ ഒരു സമരമാർഗമായി സ്വീകരിക്കുന്നതിന് മുമ്പ് വ്യക്തിതലത്തിലും സമൂഹതലത്തിലും ഇത്തരം മുന്നൊരുക്കങ്ങൾ നടത്തിയിരിക്കണം.

എന്തിനും ഏതിനും എടുത്ത് പ്രയോഗിക്കാവുന്ന ഒന്നല്ല സത്യാഗ്രഹം. കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും സത്യസന്ധതയും ക്ഷമയും പരമാവധി പുലർത്തുകയും ചെയ്യുമ്പോഴാണ് സത്യഗ്രഹം ഫലപ്രദമാകുക.

സത്യഗ്രഹം ഒരു തുടർപ്രക്രിയയാണ്. അതുകൊണ്ടുതന്നെ അതിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിലുണ്ടാകുന്ന ഫലപ്രാപ്തിയെ ഗംഭീരവിജയമായി വ്യാഖ്യാനിച്ച് ആഘോഷിക്കുന്നതിൽ അർത്ഥമില്ല. പെട്ടെന്ന് ഫലം കണ്ടെത്താനാകുന്നില്ലെങ്കിൽ നിരാശപ്പെടേണ്ടതുമില്ല.

നിർമ്മാണ പരിപാടികൾ

ലോകചരിത്രത്തിൽ ഇടം പിടിച്ച മറ്റേതൊരു സ്വാതന്ത്ര്യസമരത്തിൽ നിന്നും വ്യത്യസ്തമായിരുന്നു മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം. ബ്രീട്ടീഷുകാരുടെ നേതൃത്വത്തിലുള്ള ഭരണത്തെ മാറ്റി, ഇന്ത്യക്കാരുടെ ഭരണം കൊണ്ടുവരിക എന്ന കേവലമായ ഒരു ലക്ഷ്യമായിരുന്നില്ല ഗാന്ധിജിയുടേത്. സ്വരാജ് അഥവാ പൂർണ സ്വാത്രന്ത്യം ആണ് അദ്ദേഹം ലക്ഷ്യമിട്ടത്. വ്യക്തിക്കും സമൂഹത്തിനും രാഷ്ട്രത്തിനും പൂർണമായി സ്വാതന്ത്ര്യം അനുഭവിക്കാവുന്ന ഒരു അന്തരീക്ഷം സംജാതമാക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം പരിശ്രമിച്ചത്.

എന്നാൽ ഗാന്ധിജിയുടെ പ്രവർത്തനങ്ങളെ അതിന്റെ സമഗ്രതയിൽ കാണാനും രേഖപ്പെടുത്താനും പല പാശ്ചാത്യ ചരിത്രകാരൻമാർക്കും സാധിച്ചില്ല. പാശ്ചാത്യർ തയ്യാറാക്കിയ ഇന്ത്യാചരിത്രത്തെ ചുവടുപിടിച്ച് ഇന്ത്യയുടെ ചരിത്രം എഴുതിയ പല ഇന്ത്യൻ ചരിത്രകാരൻമാരും ഈ തെറ്റ് ആവർത്തിച്ചു. ദക്ഷിണാഫ്രിക്കയിൽനിന്ന് മടങ്ങിയെത്തിയശേഷം 1915 ലാണ് ഗാന്ധിജി ഇന്ത്യയിൽ സജീവമാകുന്നത്. ഗോപാലകൃഷ്ണ ഗോഖലെയുടെ നിർദ്ദേശപ്രകാരം ഒരു വർഷത്തിലേറെകാലം ഇന്ത്യ മുഴുവൻ സഞ്ചരിച്ച് യഥാർത്ഥ പ്രശ്നങ്ങൾ എന്തെന്ന് മനസ്സിലാക്കി. 1917 ൽ ചമ്പാരൻ സത്യാഗ്രഹത്തിനെ തുടർന്ന് മിൽ തൊഴിലാളികളുടെ സമരത്തിനും നേതൃത്വം നൽകി.

1920 ൽ നിസ്സഹകരണപ്രസ്ഥാനം, 1930 ൽ സിവിൽ നിയമലംഘന പ്രസ്ഥാനം, 1942 ൽ ക്വിറ്റ് ഇന്ത്യാ സമരം എന്നിവ ദേശീയതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇത്തരം സമരങ്ങൾകൊണ്ട് ഭാരതത്തിന് രാഷ്ട്രീയമായ സ്വാതന്ത്ര്യം അഥവാ അധികാരലബ്ധി മാത്രമേ ലഭിക്കുകയുള്ളൂ എന്ന് ഗാന്ധിജിക്കറിയാമായിരുന്നു

ഗാന്ധിജി വിഭാവനം ചെയ്ത സ്വരാജിൽ രാഷ്ട്രീയ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, സാംസ്കാരികമായ സ്വാതന്ത്ര്യം, ആത്മീയമായ സ്വാതന്ത്ര്യം എന്നിങ്ങനെ നാല് തലങ്ങളിലുള്ള സ്വാതന്ത്ര്യമാണ് ഉൾക്കൊണ്ടിരുന്നത്. ഇതിനെയാണ് അദ്ദേഹം സ്വരാജ് എന്ന് വിശേഷിപ്പിച്ചത്.

ബ്രിട്ടീഷുകാരെ അധികാരത്തിൽനിന്ന് മാറ്റുന്നതോടെ നമുക്ക് ലഭിക്കുന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനും മറ്റു മൂന്ന് തലങ്ങളിലേക്ക് കൂടി സ്വാതന്ത്ര്യത്തെ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ മഹാത്മജി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണിത് അറിയപ്പെട്ടത്. ചൂഷണ വിമുക്തവും അഹിംസാധിഷ്ഠിതവുമായ ജീവിതശൈലിയും സർവ്വോദയ സമൂഹരചനയും ലക്ഷ്യമിട്ടുകൊണ്ടുള്ള സത്യാഗ്രഹപരിപാടികളായാണ് നിർമ്മാണപ്രവർത്തനങ്ങളെ ഗാന്ധിജി അവതരിപ്പിച്ചത്.

ഹിംസയും ആസക്തിയും മുഖമുദ്രയായ സാമ്രാജ്യത്വ സംസ്കാരത്തെ പ്രതിരോധിക്കുന്നതിന് സ്നേഹത്തിന്റെയും സഹകരണത്തിന്റെയും അപരിഗ്രഹത്തിന്റെയുമായ സംസ്കാരത്തെ ഉണർത്തിക്കൊണ്ടുവരാനാണ് ഗാന്ധിജി സൃഷ്ടിച്ചുമുഖ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചത്. രാഷ്ട്രീയ സമര ങ്ങൾക്കൊപ്പം അദ്ദേഹം നേതൃത്വം നൽകിയ നിർമ്മാണ പ്രവർത്തനങ്ങളും പരസ്പരപൂരകങ്ങളായിരുന്നു എന്ന് വിലയിരുത്തുന്നതിൽ പല ചരിത്ര കാരൻമാരും പരാജയപ്പെട്ടു.

മഹാത്മാഗാന്ധി നിർദ്ദേശിച്ച നിർമ്മാണ പ്രവർത്തനങ്ങൾ

1. സാമുദായിക ഐക്യം

എല്ലാവരിലും കുടികൊള്ളുന്നതും എല്ലാവരേയും ചലനാത്മകമാക്കു ന്നതുമായ ശക്തി ഒന്നാണ്. ഈ ഏകീഭാവമാണ് നമ്മെ അത്മബന്ധുക്കളാ ക്കുന്നത്. അതുകൊണ്ട് മതങ്ങളുടെ പേരിൽ ഭിന്നത ആവശ്യമില്ല. മനുഷ്യന്റെ ധാർമ്മികത വളർത്തുന്നതിനാണ് എല്ലാ മതങ്ങളും ശ്രമിക്കുന്നത്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, പാഴ്സി എന്നീ ലേബലുകൾക്ക് അപ്പുറം നാം എല്ലാവരും ഭാരതീയരാണെന്നും നാടിന്റെ ഐശ്വര്യത്തിനായി ഒന്നിച്ച് പ്രവർത്തിക്കണമെന്നുമുള്ള ബോധം വളർത്തുകയാണ് വേണ്ടത്.

2. അയിത്തോച്ചാടനം

ആരേയും അയിത്തം കല്പിച്ച് മാറ്റി നിർത്തരുത്. എല്ലാവരിലും ഒരേ ഈശ്വരാംശമാണ് പ്രവർത്തിക്കുന്നത്. ഹരിജനങ്ങൾ അടക്കം പാർശ്വവത്കരിക്കപ്പെട്ട ഏതൊരാളുടെയും ബുദ്ധിമുട്ടുകളെ മനസ്സിലാക്കുന്നതിനും അവ പരിഹരിക്കുന്നതിനും ഓരോ ഹിന്ദുവും തയ്യാറാകണം ഇത് ഒരു ഔദാര്യമല്ല. കർത്തവ്യബോധത്തോടെയാണ് ഇത് ചെയ്യേണ്ടത്.

3. മദ്യ നിരോധനം

വ്യക്തിയിൽ ധാർമ്മികതയും സ്വരാജും നിലനിൽക്കണമെങ്കിൽ അവന്റെ ബുദ്ധിശക്തിയെ നശിപ്പിക്കുന്ന മദ്യവും മയക്കുമരുന്നും ഇല്ലാതാകണം. സാമൂഹ്യതിന്മകൾക്ക് കാരണമാകുന്ന മദ്യം, ലഹരിപദാർത്ഥങ്ങൾ

എന്നിവയിൽനിന്ന് വ്യക്തികളെ മോചിപ്പിക്കാൻ ബോധവത്കരണവും നിയമനിർമ്മാണ നടപടികളും ഉണ്ടാകണം.

4. ഖാദി

സാമ്പത്തിക സ്വാതന്ത്ര്യത്തിന്റേയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ് ഖാദി. ഉത്പാദനരംഗത്ത് വികേന്ദ്രീകരണവും ജീവിതാവശ്യങ്ങളുടെ നിറവേറ്റലും സാധ്യമാക്കുകയാണ് ഖാദി ചെയ്യുന്നത്. അവനവനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും നൂൽനൂൽക്കുന്നവർ രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നു. സ്വദേശി മനോഭാവം വളർത്തണമെന്നും ഗ്രാമത്തിലെ (പ്രാദേശികമായ) അറിവുകളേയും അദ്ധ്വാനത്തേയും ഉപയോഗ പ്പെടുത്തിക്കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റണമെന്നുമുള്ള സന്ദേശമാണ് ഖാദിയിലൂടെ പ്രകടമാകുന്നത്.

5. ഗ്രാമ വ്യവസായങ്ങൾ

ഗ്രാമീണമായ ആവശ്യങ്ങളും അന്തരീക്ഷവും നിലനിർത്താൻ ശ്രമിക്കണം. എണ്ണയാട്ട്, ധാന്യങ്ങൾ കുത്തൽ, ധാന്യങ്ങൾ പൊടിക്കൽ, സോപ്പ് നിർമ്മാണം എന്നിങ്ങനെയുള്ള ഗ്രാമവ്യവസായങ്ങൾ സജീവമാകണം. ഇതുവഴി പട്ടിണി ഒഴിവാക്കാനും ഗ്രാമീണ ജനതയെ കർമ്മനിരതരാക്കാനും സാധിക്കുന്നു.

6. ഗ്രാമശുചീകരണം

വിവിധ രോഗങ്ങൾക്ക് കാരണമാകുന്ന മലിനീകരണത്തെ അകറ്റി നിർത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകണം. വ്യക്തിജീവിതത്തിലും കുടുംബത്തിലും ശുചിത്വം പാലിക്കണം. ഗ്രാമവും ശുചിയാക്കി സംരക്ഷിക്കാൻ ജാഗ്രത വളർത്തണം.

7. അടിസ്ഥാന വിദ്യാഭ്യാസം

ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളെ വികസിപ്പിക്കുന്നതും സ്വാശ്രയത്വവും സ്വാഭിമാനവും വളർത്തുന്നതുമായ വിദ്യാഭ്യാസം നടപ്പിൽ വരുത്തണം.

8. വയോജന വിദ്യാഭ്യാസം

മുതിർന്ന ജനങ്ങളിൽ പൗരത്വബോധം, ജനാധിപത്യജീവിതശൈലി, ദേശാഭിമാനം എന്നിവ വളർത്തിയെടുക്കുന്നതിനാവശ്യമായ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം അനിവാര്യമാണ്.

9. ആരോഗ്യ – ശുചിത്വ വിദ്യാഭ്യാസം

പ്രകൃതിക്ക് ഇണങ്ങുന്ന വിധം, സ്വാഭാവികമായ ജീവിതരീതി കൈവരിക്കണം. ഭക്ഷണം, മറ്റു ജീവിതശൈലികൾ എന്നിവയിൽ പരമാവധി കൃത്രിമത്വം ഒഴിവാക്കുക. ശരീരശുദ്ധിക്കും പ്രത്യേക ശ്രദ്ധ നൽകണം

10. മാതൃഭാഷ

മാതൃഭാഷയ്ക്ക് മുഖ്യ പരിഗണന നൽകണം. അറിവുനേടാനുള്ള പ്രധാന മാധ്യമമായി മാതൃഭാഷ നിലകൊള്ളണം. വ്യക്തിത്വ വികാസത്തിനും ഇത് അനിവാര്യമാണ്.

11. രാഷ്ട്രഭാഷ

നൂറു കണക്കിന് പ്രാദേശിക ഭാഷകൾ ഇന്ത്യയിലുണ്ട്. വ്യത്യസ്ത ഭാഷ സംസാരിക്കുന്ന ജനങ്ങൾക്ക് പരസ്പരം സംവദിക്കുന്നതിന് സഹായകമായ ഒരു പൊതു രാഷ്ട്രഭാഷ വളർത്തിയെടുക്കണം. ദേശീയ ഐക്യത്തിന് ഇത് ഗുണം ചെയ്യും.

12. സാമ്പത്തിക സമത്വം

മൂലധനവും തൊഴിലും തമ്മിലുള്ള ഏറ്റുമുട്ടൽ ഇല്ലാതാകുമ്പോഴാണ് സാമ്പത്തികസമത്വം ഉണ്ടാകുന്നത്. മുതലാളിയുടെ പണത്തേയും തൊഴിലാളിയുടെ അദ്ധ്വാനത്തേയും മൂലധനമായി പരിഗണിക്കുന്ന ഒരു സംസ്കാരം വളരണം. ധനികരുടെ ചൂഷണത്തെ കുറയ്ക്കുകയും പാവപ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരികയും വേണം.

13. കർഷകർ

ശ്രേഷ്ഠമായ കായികാദ്ധ്വാനം നിർവഹിക്കുന്ന 80% വരുന്ന കർഷകർ സ്വരാജിന്റെ പ്രധാന ഘടകമാണ്. കർഷകരുടെ സുസ്ഥിതിയാണ് രാഷ്ട്രത്തിന്റെ സുസ്ഥിരതയ്ക്ക് അടിസ്ഥാനം.

14. തൊഴിൽ (അദ്ധ്വാനം)

അദ്ധ്വാനവും പണമൂലധനവും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാവണം. അദ്ധ്വാനത്തെ മൂലധനമായി പരിഗണിക്കുന്ന തൊഴിലിടങ്ങളിൽ ആത്മാർത്ഥമായ പ്രവർത്തനം നടക്കുന്നു. അഹിംസാമാർഗത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കുന്നു.

15. ആദിവാസികൾ

വിവിധ വികസനപ്രവർത്തനങ്ങളുടെ പേരിൽ പാർശ്വവത്കരിച്ചുകൊണ്ടിരിക്കുന്ന ആദിവാസികളെ അവരുടെ സ്വാഭാവിക ജീവിതത്തിലേക്കും സംസ്കൃതിയിലേക്കും എത്തിക്കാനുള്ള പ്രത്യേക ശ്രമങ്ങൾ ഏറ്റെടുക്കണം.

16. കുഷ്ഠ രോഗികൾ

സാമൂഹികമായ കാരണങ്ങളെക്കൊണ്ടു കൂടി രോഗികളാകപ്പെട്ടവരെ സംരക്ഷിക്കാനും ആശ്വാസം നൽകാനുമുള്ള ബാധ്യത സമൂഹത്തിനുണ്ട്.

17. വിദ്യാർത്ഥികൾ

ഭാവിയുടെ പ്രതീക്ഷകളായ വിദ്യാർത്ഥികൾ കക്ഷിരാഷ്ട്രീയ വിമുക്തരും രാഷ്ട്രീയസമരങ്ങളിൽനിന്ന് അകന്ന് നിൽക്കുന്നവരുമാകണം. ഗ്രാമസേവന പ്രവർത്തനങ്ങളിൽ അവർ വ്യാപൃതരാകണം.

18. സ്ത്രീകൾ

സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. പുരുഷനോടൊപ്പം സ്ഥാനം നൽകണം. സത്യാഗ്രഹ പ്രവർത്തനങ്ങളിൽ പുരുഷനേക്കാൾ മികച്ച സേവനം നൽകാൻ സ്ത്രീകൾക്ക് സാധിക്കും.

19. ഗോസംരക്ഷണം

കാർഷിക - ഗ്രാമീണ സംസ്കാരത്തിന്റെ ഭാഗമാണ് പശുക്കളുടേയും കന്നുകാലികളുടേയും മറ്റു വളർത്തുമൃഗങ്ങളുടേയും മാന്യമായ സംരക്ഷണം. ഇത് കടമയായി ഏറ്റെടുക്കണം.

ഗ്രാമസ്വരാജ്

ഭാരതത്തെ പൂർണസ്വരാജിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ് മഹാത്മാഗാന്ധി ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചത്. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടാൽ നമുക്ക് ലഭ്യമാകുന്നത് രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമാണ്. ഇന്ത്യക്കാർക്ക് ഭരിക്കാനുള്ള ഈ അവസരത്തെ ഉപയോഗ പ്പെടുത്തിക്കൊണ്ട് സാമ്പത്തിക രംഗത്തും സാമൂഹ്യരംഗത്തും ധാർമ്മിക മേഖലയിലും സ്വാതന്ത്ര്യലബ്ധിക്കു ശേഷവും സൃഷ്ടുന്മുഖ പ്രവർത്തനങ്ങൾ തുടരണം എന്ന് ഗാന്ധിജി നിർദ്ദേശിച്ചത് അതുകൊണ്ടാണ്. രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക - ധാർമ്മിക മേഖലയിലുള്ള സ്വതന്ത്രാവസ്ഥയെ ഗാന്ധിജി വിശേഷിപ്പിച്ചത് 'ഗ്രാമസ്വരാജ്' എന്നാണ്. ഇന്ത്യയുടെ വിസ്തൃതിയിൽ ഭൂരിഭാഗവും ഗ്രാമങ്ങളായതുകൊണ്ടാണ് 'ഗ്രാമസ്വരാജ്' എന്ന സംജ്ഞ സ്വീകരിച്ചത്. ഗ്രാമങ്ങളും പട്ടണങ്ങളും ഉൾപ്പെട്ട ഇന്ത്യയുടെ സമഗ്രസ്വാതന്ത്ര്യം തന്നെയാണ് ലക്ഷ്യമിടുന്നത്.

സ്വതന്ത്ര ഭാരതത്തിനുവേണ്ടിയുള്ള ഭരണഘടന രൂപീകരിക്കുമ്പോൾ ഗ്രാമസ്വരാജ് എന്ന സർവ്വോദയ സമൂഹത്തെയാണ് മനസ്സിൽ ധ്യാനിക്കേണ്ടി യിരുന്നത്. മുൻപെ സൂചിപ്പിച്ച നാല് മേഖലകളുടേയും പരസ്പരപൂരകമായ വളർച്ചയ്ക്കും സ്വാതന്ത്ര്യ പ്രാപ്തിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ക്രമവും ഘടനാരൂപവുമാണ് ഭരണഘടനയിൽ ഉണ്ടാകേണ്ടിയിരുന്നത്. നിർഭാഗ്യമെന്ന് പറയട്ടെ ഗ്രാമസ്വരാജ് സങ്കല്പത്തിൽ അധിഷ്ഠിതമായ ഒരു ഭരണഘടനയല്ല ഭാരതത്തിലുണ്ടായത്. ഭരണഘടനയുടെ കരടുരൂപം ഉണ്ടാക്കുന്ന വേളയിൽ ഉടനീളം ഗാന്ധിജി ജീവിച്ചിരുന്നില്ല. ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷനായ ഡോ. രാജേന്ദ്രപ്രസാദ് ആദ്യ ഘട്ടത്തിൽ ഈ കരട് രൂപത്തെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം ആരാഞ്ഞു. ആദ്യം അഭിപ്രായം പറയാൻ ഗാന്ധിജി തയ്യാറായില്ല. വളരെയധികം സ്നേഹ പൂർവം നിർബന്ധിച്ചപ്പോൾ ഗാന്ധിജി തന്റെ അഭിപ്രായം ഒരൊറ്റ വാചക ത്തിൽ ചുരുക്കിപ്പറഞ്ഞു:

"ഇത് ഞാൻ വിഭാവനം ചെയ്യുന്ന സ്വതന്ത്രഭാരതത്തിന്റെ ഭരണ ഘടനയല്ല."

ഗാന്ധിജിയുടെ ഈ അഭിപ്രായം രാജ്യത്തെ ജനങ്ങൾ അറിഞ്ഞാലുണ്ടാകുന്ന പ്രതികരണം എന്തായിരിക്കുമെന്ന് ഭരണഘടനാ ശില്പികൾക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഗ്രാമസ്വരാജ് വീക്ഷണത്തിലെ ഏതാനും ആശയങ്ങൾ ഉൾപ്പെടുത്തിയത്. (മൗലികാവകാശങ്ങൾ പോലും പ്രാവർത്തികമാകാത്ത നാട്ടിൽ നിർദ്ദേശക തത്വങ്ങൾ എന്നെങ്കിലും പ്രാവർത്തികമാകും എന്ന് പ്രതീക്ഷിക്കേണ്ടതുണ്ടോ?)

രാഷ്ട്രീയ രംഗം

അധികാരം ജനങ്ങളിൽ നിലനിൽക്കണം എന്നാണ് സർവ്വോദയ കാഴ്ചപ്പാട്. തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലും ജനപങ്കാളിത്തം ഉണ്ടാകണം. താനും കൂടി ഉൾപ്പെട്ടതാണ് ഇവിടത്തെ ഭരണസംവിധാനമെന്ന് ഓരോ പൗരനും ബോധ്യപ്പെടുന്ന വിധമായിരിക്കണം ഭരണത്തിന്റെ ക്രമീകരണം.

അമ്പതോ അറുപതോ വീടുകളിലെ പ്രായപൂർത്തിയായവർ ഒരിടത്ത് ഒത്തുചേരുന്നു. ആ പ്രദേശത്തെ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. തീരുമാനമെടുക്കുന്നു. കൂട്ടായി നടപ്പാക്കുന്നു. ഇവരിൽനിന്ന് ഒരു പ്രതിനിധിയെ പഞ്ചായത്തിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു. പൊതു അഭിപ്രായപ്രകാരമാണിത്. രഹസ്യ ബാലറ്റോ തെരഞ്ഞെടുപ്പു പ്രചരണമോ മദ്യം ഒഴുക്കലോ പണം കൊടുക്കലോ ഒന്നുമില്ലാത്ത തെരഞ്ഞെടുപ്പ്.

ഇപ്രകാരം ഒരു പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെടുന്ന വിവിധ അയൽക്കൂട്ടങ്ങളിൽനിന്ന് വരുന്ന ഓരോ പ്രതിനിധികൾ കൂടിചേരുന്നതായിരിക്കണം പഞ്ചായത്ത് പൊതുസഭ. ഇതിൽനിന്ന് മേൽപ്പറഞ്ഞ പ്രകാരം നാലോ അഞ്ചോ പേരെ പഞ്ചായത്ത് ഭരണത്തിനായി ചുമതലപ്പെടുത്തുന്നു. ഒരാളെ താലൂക്ക്/ജില്ലാസഭയിലേക്ക് നിർദ്ദേശിക്കുന്നു. താലൂക്ക്/ജില്ലാ പൊതുസഭയിൽനിന്ന് തുറന്ന നാമനിർദേശം വഴി ജില്ലാ ഭരണസമിതി ഉണ്ടാക്കുന്നു. ജില്ലാ സമിതിയിൽനിന്ന് ഒരാളെ സംസ്ഥാനങ്ങൾ നോമിനേറ്റു ചെയ്യുന്നു. സംസ്ഥാനത്തുനിന്ന് ഒരാളെ അഖിലേന്ത്യാതലത്തിലേക്കും നോമിനേറ്റു ചെയ്യുന്നു. ഓരോ സംസ്ഥാനത്തു നിന്നും വരുന്ന ഇത്തരം പ്രതിനിധികൾ ചേരുന്നതാണ് അഖിലേന്ത്യാ പൊതുസഭ.

നികുതിപിരിവും പ്രധാന പ്രവർത്തനങ്ങളും എല്ലാം ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കും. ജില്ലാ – സംസ്ഥാന – അഖിലേന്ത്യാ തലങ്ങളിലേക്ക് എത്തുമ്പോൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ എണ്ണം കുറയുന്നു. രാജ്യരക്ഷ, വിദേശകാര്യം തുടങ്ങിയ സുപ്രധാനവും പരിമിതവുമായ കാര്യങ്ങളാണ് അഖിലേന്ത്യാതലത്തിൽ കൈകാര്യം ചെയ്യേണ്ടതുള്ളൂ. ഏതെങ്കിലും തലത്തിലുള്ള ജനപ്രതിനിധി ജനാധിപത്യ വിരുദ്ധമായി പെരുമാറിയാൽ ആ പ്രതിനിധിയെ തിരിച്ചുവിളിക്കാൻ തെരഞ്ഞെടുത്ത സഭയ്ക്ക് അധികാരമുണ്ടായിരിക്കും. സുതാര്യമായ ഭരണവും സാധ്യമാകും.

ഇപ്രകാരം വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടു കൂടിയതും സുതാര്യവുമായ ഭരണക്രമം കൊണ്ടുവരുന്നതിന് പകരം പാശ്ചാത്യ ഭരണ രീതികളെ അനുകരിക്കാനാണ് നാം ശ്രമിച്ചത്. ബ്രിട്ടണിൽ പാർലമെന്റുണ്ട് അതിൽ ജനസഭയും പ്രഭുസഭയുമുണ്ട്. അതുകൊണ്ട് നമുക്കും പാർലമെന്റ് ഉണ്ടായി. രാജ്യസഭയും ലോകസഭയും ഉണ്ടായി. ബ്രിട്ടണിൽ രാജാവോ രാജ്ഞിയോ ഉണ്ട്. അമേരിക്കയിൽ പാർലമെന്റിന്റെ തലവനായി പ്രസിഡന്റുണ്ട്. അതുകൊണ്ട് നമുക്കും പ്രസിഡന്റ് ഉണ്ടായി. ഇത്തരം അനുകരണങ്ങളിലൂടെ അധികാരത്തെ പരമാവധി കേന്ദ്രീകരിച്ചു. ഭരണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തമില്ലാതായി. അഞ്ചു വർഷത്തിലൊരിക്കൽ വോട്ടു ചെയ്യുന്നതോടെ നമ്മുടെ ഭരണപങ്കാളിത്തം അവസാനിച്ചു.

പണവും മദ്യവും സാമുദായിക പ്രീണനവും നടത്തി വോട്ടു നേടി അധികാരത്തിൽ എത്തുന്നവർ ചെലവാക്കിയ പണവും അടുത്തഘട്ട ത്തിലേക്കുള്ള പണവും നേടുന്നതിനുള്ള അഴിമതി തുടർന്നു. തെരഞ്ഞെടുപ്പുകാലത്ത് പണവും സൗകര്യങ്ങളും വോട്ടും സംഘടിപ്പിച്ചു കൊടുത്ത ബിസിനസ് ഗ്രൂപ്പുകൾക്കും, വർഗീയ ശക്തികൾക്കും ഗുണകരമായ രീതിയിൽ ഭരണ സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നു.

സാമ്പത്തികരംഗം

ഒരു സ്ഥിതി സമത്വ സമൂഹത്തെയാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഓരോ പ്രദേശത്തേയും വിഭവങ്ങളെ അതത് പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ ഉടമസ്ഥതയിൽ നിലനിർത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക. എല്ലാവരും അദ്ധ്വാനിക്കാൻ കടപ്പെട്ടവരാണ്. തൊഴിലാളിയുടെ അദ്ധ്വാനത്തേയും മൂലധനമായി കരുതണം. ചെറുകിട വ്യവസായങ്ങൾ, ഗ്രാമവ്യവസായങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കണം. എല്ലാവർക്കും തൊഴിൽ ചെയ്യാൻ സാധിക്കുന്ന കാർഷിക - ഗ്രാമവ്യവസായ അന്തരീക്ഷം ഉണ്ടാകണം എന്നെല്ലാമാണ് ഗാന്ധിജി നിർദ്ദേശിച്ചത്.

സ്വതന്ത്രഭാരതത്തിന്റെ ആദ്യഘട്ടത്തിൽ ഗ്രാമ - കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാവുന്ന ചില നിയമങ്ങൾ നിലനിന്നിരുന്നു. എന്നാൽ 1990 ന് ശേഷം ഈ നിയമങ്ങളും അപ്രത്യക്ഷമായി. വൻകിട വ്യവസായങ്ങൾ എല്ലാ മേഖലയും കൈയടക്കി. പുത്തൻ സാമ്രാജ്യത്വത്തിന്റെ പ്രചാരം ബഹു രാഷ്ട്ര കുത്തക കമ്പനികൾ ഏറ്റെടുത്തു. കർഷകരും ആദിവാസികളും സാധാരണ ജനങ്ങളും കൂടുതൽ പാർശ്വവത്കരിക്കപ്പെടുന്നു.

സാമൂഹ്യരംഗം

ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് ഗാന്ധിജി നിർദ്ദേശിച്ചത് അടിസ്ഥാന വിദ്യാഭ്യാസ പരിപാടിയാണ്. തൊഴിലിലൂടെയുള്ള വിദ്യാഭ്യാസ ത്തിലൂടെ വ്യക്തിയുടെ സമഗ്രവികാസം ലക്ഷ്യമിടുന്ന ഈ വിദ്യാഭ്യാസ പദ്ധതി പ്രാദേശികമായി പലയിടത്തും നടപ്പാക്കി വിജയം വരിച്ചതാണ്.

പക്ഷേ സ്വാതന്ത്ര്യാനന്തരം നാം അതിനെ അവഗണിച്ചു. മെക്കോളെ സായ്പിന്റെ വിദ്യാഭ്യാസ പദ്ധതിയെ പൊടിതട്ടിയും തേച്ചുമിനുക്കിയും ഏച്ചുകെട്ടിയും നമ്മുടെ വിദ്യാഭ്യാസപദ്ധതിയായി അവതരിപ്പിച്ചു. തൊഴിലില്ലായ്മയും മൂല്യ തകർച്ചയും ഇതിന്റെ അനന്തരഫലങ്ങളായി.

ധാർമ്മിക രംഗം

വിവിധമതങ്ങളിലും ജാതികളിലും പെട്ടവർ തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഉണ്ടെങ്കിൽ മാത്രമെ ഗ്രാമവികസനവും രാഷ്ട്രപുരോഗതിയും ലോകസമാധാനവും കൈവരിക്കാനാകൂ എന്നാണ് ഗാന്ധിജി ഉപദേശിച്ചത്. അയിത്തോച്ചാടനം, ഹരിജനോദ്ധാരണം ഹിന്ദു-മുസ്ലിം മൈത്രി എന്നീ പ്രവർത്തനങ്ങൾക്ക് ഗാന്ധിജി മുൻഗണന നൽകിയതും ഗുരുവായൂർ സത്യാഗ്രഹം, വൈക്കം സത്യാഗ്രഹം തുടങ്ങിയ നവോത്ഥാന പ്രക്ഷോഭങ്ങൾക്ക് പിൻതുണ നൽകിയതും ഈ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. ആത്യന്തികമായി എല്ലാ മനുഷ്യരും ഏകോദര സഹോദരങ്ങളാണ് എന്ന ആത്മീയ ദർശനമാണിത്.

എന്നാൽ സ്വതന്ത്രഭാരതത്തിൽ അധികാരത്തിനും സമ്പത്തിനും വേണ്ടി മതങ്ങളേയും ജാതികളേയും പ്രീണിപ്പിക്കുകയും തമ്മിൽ അടിപ്പിക്കുകയും ചെയ്യുന്നു. ഇതിനായി നിയമങ്ങൾ പോലും ഉണ്ടാക്കുന്നു. ജനപ്രതിനിധികളെയും മന്ത്രിമാരേയും എന്തിനേറെ ഓരോ പ്രദേശത്തെ ഉദ്യോഗസ്ഥരെ പോലും തെരഞ്ഞെടുക്കുന്നതും, നിയമിക്കുന്നതും ജാതിമത പരിഗണനയുടെ അടിസ്ഥാനത്തിലാണിപ്പോൾ. സർവ്വധർമ്മ സമഭാവം എന്ന ഗാന്ധിയൻ വീക്ഷണത്തെ മതേതരത്വം എന്ന് തെറ്റായി വ്യാഖ്യാനിച്ച് വികൃതമാക്കിക്കൊണ്ടിരിക്കുന്നു.

തിരിച്ചു വരവ് അനിവാര്യം

ഗ്രാമസ്വരാജിലേക്കുള്ള തിരിച്ചുവരവ് ഒരു അനിവാര്യതയായി മാറിയിരിക്കുകയാണ്. ദേശീയ-അന്തർദേശീയ തലത്തിൽ ഇതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഒരു വ്യാഴവട്ടം പിന്നിട്ടിട്ടും ഗ്രാമവികസന രംഗത്ത് കാര്യമായ ഒരു പുരോഗതിയും ഉണ്ടാകാതെ വന്നപ്പോഴാണ് ശ്രീ ബൽവന്തറായ് മേത്ത അദ്ധ്യക്ഷനായ ഒരു കമ്മീഷനെ പാർലമെന്റ് നിയോഗിച്ചത്. വികസന പ്രവർത്തനങ്ങളിലെ പാളിച്ചകളെ കണ്ടെത്താനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനുമാണ് കമ്മറ്റി രൂപീകരിച്ചത്.

ഗ്രാമതലത്തിൽ വികസന പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടക്കാത്തതിന് കാരണം ഭരണത്തിന്റെ കേന്ദ്രീകരണമാണ് എന്ന് കണ്ടെത്തി. ഭരണം വികേന്ദ്രീകരിക്കുന്നതിനു വേണ്ടി ഗ്രാമം, ബ്ലോക്ക്, ജില്ലാതലത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായി.

മഹാത്മജി നിർദ്ദേശിച്ച വികേന്ദ്രീകരണത്തെ അവഗണിച്ചതാണ് പ്രധാന പ്രശ്നമെന്ന് കണ്ടെത്തി. ഇതേ തുടർന്ന് രാജസ്ഥാൻ, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകളുണ്ടായി. 1990 കളുടെ ആദ്യഘട്ടത്തിൽ വീണ്ടും വിലയിരുത്തൽ ഉണ്ടായി. എട്ട് പഞ്ചവത്സര പദ്ധതികൾ പൂർത്തീകരിക്കുന്ന ഘട്ടത്തിൽ നടന്ന വിലയിരുത്തലിന്റെ കണ്ടെത്തൽ അത്ഭുതപ്പെടുത്തുന്നതായിരുന്നു. പഞ്ചവത്സര പദ്ധതികൾക്കായി ചെലവിട്ട തുകയുടെ 25% മാത്രമെ യഥാർത്ഥ കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളു. ബാക്കി 75% ഇടത്തട്ടുകാർ തട്ടിയെടുത്തു. അന്നത്തെ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയാണ് ഇക്കാര്യം പാർലമെന്റിൽ തുറന്നു പറഞ്ഞത്. ഇതേ തുടർന്നാണ് ത്രിതല പഞ്ചായത്ത് സംവിധാനം രാജ്യത്തൊട്ടാകെ നിർബന്ധമാക്കുന്ന വിധം 73, 74 ഭരണ ഘടനാ ഭേദഗതി ഉണ്ടായത്. പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ യാഥാർത്ഥ്യമായി. ഈ നിയമങ്ങൾ ഫലപ്രദമായി പ്രയോഗിക്കപ്പെടാതിരിക്കാൻ കേന്ദ്രീകരണത്തിന്റെ വക്താക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നതിനും വികേന്ദ്രീകരണത്തിനും പങ്കാളിത്തജനാധിപത്യത്തിനും വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ പലയിടങ്ങളിലും ആരംഭിച്ചിരിക്കുകയാണ്.

"പൂർണ സ്വരാജ് നേടുന്നതിന് സത്യസന്ധവും
അക്രമരഹിതവുമായ മാർഗമാണ് നിർമ്മാണ പരിപാടി"
- ഗാന്ധിജി

സർവ്വോദയം – സമഗ്ര വികസന ദർശനം

മൂന്ന് വിശിഷ്ട കാര്യങ്ങളാണു മഹാത്മജി ലോകത്തിനു സംഭാവന ചെയ്തത്:

1. മനസ്സ്, വാക്ക്, പ്രവൃത്തി എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട്, മൂല്യാധിഷ്ഠിതമായ ജീവിതം നയിച്ച് 'എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശവും' എന്ന് പ്രഖ്യാപിക്കാൻ അദ്ദേഹത്തിനു സാധിച്ചു. 2. അഹിംസാധിഷ്ഠിതവും നൂതനവുമായ മാർഗത്തിലൂടെ (സമരത്തേയും സൃഷ്ടൃുന്മുഖ പ്രവർത്തനങ്ങളേയും സമന്വയിപ്പിച്ച്) ദേശീയ സ്വാതന്ത്ര്യസമരത്തെ ബഹുജന പ്രസ്ഥാനമായി വളർത്തിയെടുത്തു. 3. ലോകത്തിന്റെ സുസ്ഥിരതയ്ക്ക് ആധാരമാക്കേണ്ടതായ ഒരു ദർശനം അദ്ദേഹം മുന്നോട്ട് വച്ചു. അതാണ് 'സർവ്വോദയം'.

ഇതിൽ ആദ്യത്തെ രണ്ടു കാര്യങ്ങൾ സ്വീകരിക്കാൻ കൂടുതൽ കൂടുതൽ വ്യക്തികളും പ്രസ്ഥാനങ്ങളും രംഗത്തു വന്നുകൊണ്ടിരിക്കുന്നു.

മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്കു ഗാന്ധിജി പ്രചോദനമായി തുടരുന്നു.

അഹിംസാധിഷ്ഠിതമായ സമരമാർഗത്തിലൂടെ അടിമത്വത്തിനും വർണവിവേചനത്തിനും അറുതി വരുത്താൻ, ഇരുപതാം നൂറ്റാണ്ടിൽ, വിവിധ രാജ്യങ്ങൾക്കു സാധിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിന്റെ അനുഭവവും ഇതുതന്നെയാണ്. സ്വേച്ഛാധിപത്യത്തിനും മർദ്ദകഭരണങ്ങൾക്കും എതിരെ സത്യാഗ്രഹത്തിന്റേയും സഹനസമരത്തിന്റേയും പാത സ്വീകരിക്കുന്ന പ്രസ്ഥാനങ്ങൾക്ക് വിജയം കരഗതമാകുന്നു.

സമരരംഗത്തു വിജയം കൈവരിക്കാനുള്ള ഒരു രീതിശാസ്ത്രം എന്ന നിലയ്ക്കും ലക്ഷ്യത്തിലേക്കുള്ള ഒരു വാഹനം എന്ന നിലയ്ക്കുമാണു പലരും സത്യാഗ്രഹത്തേയും സഹനസമരത്തേയും കരുതുന്നത്.

എന്നാൽ കേവലമായ ഇത്തരം വിജയത്തിനുമപ്പുറം സാമൂഹ്യമാറ്റത്തിനും രാഷ്ട്രനിർമ്മാണത്തിനും സൗഹൃദപരമായ അന്താരാഷ്ട്ര ബന്ധങ്ങൾക്കും അടിത്തറയായി സർവ്വോദയം എന്ന ദർശനത്തെ പ്രായോഗികമാക്കാൻ ഏവരും മടി കാണിക്കുന്നു.

ഗാന്ധിജിയുടെ ജന്മനാടായ ഭാരതം പോലും ഭരണഘടന രൂപീകരിച്ചപ്പോൾ സർവ്വോദയമാണു തങ്ങളുടെ അടിസ്ഥാന പ്രമാണമെന്നു പ്രഖ്യാപിക്കാൻ

തയ്യാറായില്ല. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം, പരമാധികാരം എന്നിങ്ങനെ പല വാക്കുകളും ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തെങ്കിലും 'സർവ്വോദയം' എന്ന സംജ്ഞ ചേർക്കാനോ അതിനനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്താനോ സ്വതന്ത്ര ഭാരതത്തിനു സാധിച്ചില്ല.

സ്വാതന്ത്ര്യത്തിനുശേഷം രണ്ടു മൂന്നു തലമുറ പിന്നിട്ടപ്പോൾ സർവ്വോദയം എന്ന വാക്കുപോലും അന്യമാകുന്നു. ഗാന്ധിജിയുടെ വ്യക്തിജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചും ധാരാളം പറയുകയും എഴുതുകയും ചെയ്തു. എന്നാൽ ഗാന്ധിജിയുടെ ദർശനമായ സർവ്വോദയത്തെക്കുറിച്ച് മൗനം പാലിച്ചു. സ്വതന്ത്രഭാരതത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ സർവ്വോദയ ദർശനങ്ങളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഭരണനേതൃത്വം തയ്യാറായതുമില്ല.

ഗാന്ധിജിയെക്കുറിച്ചു വാതോരാതെ സംസാരിക്കുമ്പോഴും ഗാന്ധിസം എന്ന ഒരു ഇസമില്ല എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ടെന്ന് ആവർത്തിച്ചു പറയാനും ഇക്കൂട്ടർ മറന്നില്ല.

ഇത്തരമൊരു സാഹചര്യത്തിൽ ഗാന്ധിജി ഒരു ദർശനം വിഭാവനം ചെയ്തിരുന്നില്ല എന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചാൽ അതു പുതിയ തലമുറയുടെ തെറ്റല്ല. പരിമിതമായ സ്ഥലത്തോ ആശ്രമങ്ങളിലോ മാത്രം പരീക്ഷണാർത്ഥം പ്രയോഗിക്കാൻ സാധിക്കുന്നതുമാത്രമാണു ഗാന്ധിജിയുടെ ചിന്താഗതി എന്നും, വിശാലമായ ഒരു രാഷ്ട്ര നിർമ്മാണത്തിലോ അന്താരാഷ്ട്ര ബന്ധങ്ങളിലോ ഇതു പ്രയോഗിക്കാനാവില്ല എന്നും പലരും തെറ്റിദ്ധരിച്ചു.

ഒരു സർവ്വോദയ സമൂഹത്തിന്റെ സൃഷ്ടിക്കു വേണ്ടിയാണ് തന്റെ സകല പ്രവർത്തനങ്ങളും എന്ന് ഗാന്ധിജി തന്നെ പറയുന്നു.

"എന്റെ എല്ലാ സമൂഹ്യദർശനങ്ങളും ഒറ്റവാക്കിൽ ഒതുക്കിപ്പറയാം – സർവ്വോദയം" – ഗാന്ധിജി.

ഇത് ഏതെങ്കിലും ഒരു കൊച്ചു ഗ്രാമത്തിലോ, ആശ്രമത്തിലോ മാത്രം പ്രയോഗിക്കാനുള്ളതല്ല. ലോകത്തിന്റെ മുഴുവൻ വിമോചനത്തിനുള്ള ദർശനമാണെന്ന് അദ്ദേഹം തന്നെ പ്രഖ്യാപിക്കുന്നു.

"സർവ്വോദയ ദർശനം മനുഷ്യവംശത്തിന്റെ സമ്പൂർണ വികസനമന്ത്രമാണ്" – ഗാന്ധിജി.

ഒരു രാഷ്ട്രത്തിലെ ഏതാനും പേരുടെ സുഖത്തിനു വേണ്ടിയല്ല സർവ്വോദയ ദർശനം നിലകൊള്ളുന്നത്. ഭൂരിപക്ഷത്തിന്റെ ഭൂരിസുഖത്തിനുവേണ്ടിയുമല്ല. ആരും അവഗണിക്കപ്പെടരുത്. സമസ്ത ജീവജാലങ്ങളുടെയും ക്ഷേമം അഥവാ ഉദയം ആണ് ഗാന്ധിജി വിഭാവന ചെയ്യുന്നത്. രാഷ്ട്ര നിർമ്മാണ പ്രക്രിയയിലും അന്താരാഷ്ട്ര ബന്ധങ്ങളിലും ഇത് എപ്രകാരം പ്രയോഗിക്കാമെന്ന സൂചനകളും അദ്ദേഹം നൽകിയിരുന്നു.

നമ്മുടെ രാഷ്ട്രപിതാവിന്റെ ദർശനമല്ല, സ്വതന്ത്രഭാരതം ആറു പതിറ്റാണ്ടായി പ്രാവർത്തികമാക്കുന്നതെന്നു തുറന്നുപറയാൻ നമുക്ക് കഴിയണം. ഗാന്ധിജി വിഭാവനം ചെയ്ത സർവ്വോദയ ദർശനത്തെ സ്വീകരിച്ചാൽ മാത്രമേ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാകുകയുള്ളൂ എന്ന് ഉറക്കെ വിളിച്ചു പറയാൻ തന്റേടം നാം കാണിക്കണം.

ഇക്കാര്യത്തിൽ, അമേരിക്കയിലെ പൊരുതുന്ന ജനതയുടെ ധൈര്യമെങ്കിലും നാം കാണിക്കണം. പുത്തൻ സാമ്രാജ്യത്വത്തിന്റേയും മുതലാളിത്വത്തിന്റേയും പോറ്റിലില്ലമായ യു.എസ്.എ. യിലെ സാധാരണ ജനങ്ങൾ ഏറെ അസ്വസ്ഥരാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂല്യത്തകർച്ചയും അവിടെ ഏറി വരികയാണ്. ഇവയുടെ ദുരിതങ്ങൾക്ക് ഇരയാകുന്നതു ഭൂരിപക്ഷം വരുന്ന സാധാരണക്കാർ. 2011 സെപ്തംബർ 17 മുതൽ "വാൾ സ്ട്രീറ്റ് പിടിച്ചെടുക്കുക" എന്ന സമരമുഖത്താണ് അവർ. അവരുടെ പ്രധാന പ്രഖ്യാപനം ഇതാണ്: "We are the 99% that will no longer to tolerate the greed and curruption of the 1%."

ഒരു ശതമാനം വരുന്ന കുത്തകകളുടെ അത്യാഗ്രഹവും അഴിമതിയും ഇനിയും സഹിക്കാൻ തൊണ്ണൂറ്റി ഒൻപത് ശതമാനം വരുന്ന സാധാരണക്കാരായ ഞങ്ങൾക്കു സാധിക്കില്ല. അമേരിക്കക്കാരനെക്കാൾ ആവേശത്തിൽ ഇത്തരം ഒരു സമരമുഖം തുറക്കേണ്ടത് ഇന്ത്യയിലാണ്. ഇന്ത്യയുടെ സ്ഥിതി കൂടുതൽ ദുരിതപൂർണമാണ്.

ഇന്ത്യയുടെ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും ന്യൂനപക്ഷം വരുന്ന ഭൂപ്രഭുക്കന്മാരുടെ കൈയിൽ തന്നെയാണ്. സർവ്വോദയ പ്രസ്ഥാനത്തിന്റെ ആചാര്യനായ വിനോബഭാവെയുടെ നേതൃത്വത്തിൽ നടന്ന ഭൂദാനയജ്ഞത്തിലൂടെയാണ് കുറേപേർക്കെങ്കിലും കിടക്കാനും കൃഷിചെയ്യാനും ഇടമുണ്ടായത്. സ്വതന്ത്രഭാരതത്തിന്റെ ഭൂപരിഷ്കരണ നിയമങ്ങളൊക്കെ പാതി വഴി വന്നു യാത്ര അവസാനിച്ചു. ഇപ്പോൾ ചെറുകിട കർഷകരും നാമമാത്ര കർഷകരും കൃഷിയിടങ്ങൾ വിട്ടൊഴിയുകയാണ്. കോർപ്പറേറ്റുകൾ (വൻകിട ബിസിനസ്സ് ഗ്രൂപ്പുകൾ) കാർഷികമേഖല കീഴടക്കിക്കൊണ്ടിരിക്കുന്നു. മോൺസാന്റോയുടെ ബി.ടി. വിത്തുകളും കർഷകരുടെ നട്ടെല്ലൊടിച്ചു. പരുത്തിയിൽ മാത്രമുണ്ടായിരുന്ന ജനിതക മാറ്റം വരുത്തിയ ബി.ടി വിത്തുകൾ, തക്കാളി, കോളിഫ്ളവർ, വഴുതിന എന്നിങ്ങനെ വിവിധയിനം കൃഷികളിലേക്കു വ്യാപിപ്പിക്കാൻ തുടങ്ങിയിരിക്കുകയാണ്. ചില്ലറ വ്യാപാരമേഖലയിൽ കുത്തകകളെ സ്വാഗതം ചെയ്യാനും കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. നാല് കോടി ചില്ലറ വ്യാപാരികളും ഇതുവരെ പിടിച്ചുനിന്ന ചെറുകിട കർഷകരും ഇതോടെ തൊഴിൽരഹിതരാകും. മൂന്ന് ദശാബ്ദങ്ങൾക്കു മുമ്പുവരെ വൻകിട ഡാമുകളുടെ പേരിലാണ് ഇന്ത്യയിലെ ആദിവാസി ഗോത്രസമൂഹങ്ങളെ അവരുടെ ആവാസസ്ഥാനങ്ങളിൽ നിന്നു കുടിയൊഴിപ്പിച്ചിരുന്നത്. എന്നാലിപ്പോൾ,

മറ്റു രാജ്യങ്ങൾക്കുവേണ്ടി വൻതോതിൽ ധാതുപദാർത്ഥങ്ങൾ ഖനനം ചെയ്യുന്നതിനായി പതിനായിരക്കണക്കിന് ഹെക്ടർ കൃഷിഭൂമികളും വനഭൂമികളും ബഹുരാഷ്ട്ര കമ്പനിക്കാർ കൈക്കലാക്കിയിരിക്കുകയാണ്. ലക്ഷക്കണക്കിനു സാധാരണക്കാർ വഴിയാധാരമാകുന്നു. സ്വാതന്ത്ര്യാനന്തരം രൂപീകരിക്കപ്പെട്ട പൊതുമേഖല സ്ഥാപനങ്ങളുടെയെല്ലാം ഷെയറുകൾ സ്വകാര്യ കുത്തകകൾക്കു വിറ്റുകൊണ്ടിരിക്കുന്നു.

പെട്ടെന്ന് വികസിക്കുന്നതിനുവേണ്ടി കുടിൽ – ഗ്രാമവ്യവസായങ്ങളെ അവഗണിച്ചു വൻകിട വ്യവസായത്തെ വരിച്ച ഇന്ത്യയുടെ ഇപ്പോഴത്തെ വ്യവസായ വളർച്ച പൂജ്യമോ അതിൽ കുറവോ (മൈനസ്) ആണെന്നു മന്ത്രിമാർതന്നെ പ്രഖ്യാപിക്കുന്നു. പെട്രോളിനു വില നിശ്ചയിക്കാനുള്ള അധികാരം കുത്തകകൾക്കു വിട്ടുകൊടുത്തു. രാജ്യത്തെ വിലവർദ്ധനവ് പുരോഗതിയുടെ ലക്ഷണമാണെന്നു ഭരണാധികാരികൾ തന്നെ പ്രഖ്യാപിക്കുന്നു. വൻകിട അണക്കെട്ടുകളും ആണവനിലയങ്ങളും നമുക്ക് നൽകിയ മുന്നറിയിപ്പുകളൊന്നും വകവയ്ക്കാതെ പുതിയ ആണവനിലയങ്ങൾക്കും വൻകിട അണ ക്കെട്ടുകൾക്കുമായി ഭരണനേതൃത്വങ്ങൾ ഉറച്ച നിലപാടെടുക്കുന്നു. ഇത്തരം നിലപാടുകൾ വൻകിട കുത്തകകളെ സഹായിക്കുമെന്നും ഇതിനു പ്രത്യുപകാരമായി കമ്മീഷൻ തങ്ങളുടെ പോക്കറ്റിലെത്തുമെന്നും ഇവർക്ക് ഉറപ്പുണ്ട്.

അങ്ങനെ പോക്കറ്റ് നിറച്ച മന്ത്രിമാരുടെ ഒരു നിര തീഹാർ ജയിലിലെ പഞ്ചനക്ഷത്രമുറികളിൽ ഉറങ്ങുന്നു. കുത്തക കമ്പനികളുടെ ആർത്തിയേയും ആർത്തിയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളേയും ചെറുക്കാൻ നമുക്കു സാധിക്കണം. ഇത്തരക്കാരുടെ സഹായംകൊണ്ടും നിലവിലുള്ള രാഷ്ട്രീയ – സാമ്പത്തിക ഘടനയുടെ ഉപോൽപന്നമായും ഇവിടെ വളർന്നു പന്തലിക്കുന്ന അഴിമതിയേയും പ്രതിരോധിക്കണം.

ഇതിന് നമുക്കു പ്രചോദനമാകേണ്ടതു മഹാത്മജി പ്രദാനം ചെയ്ത സർവ്വോദയദർശനംതന്നെ.

ഈശ്വരനും മതവും

കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണത്രെ. കേന്ദ്ര കുറ്റാന്വേഷണ വിഭാഗത്തിന്റെ ഔദ്യോഗിക രേഖകളിലാണ് ഇതു സംബന്ധിച്ച കണക്കുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. കേവലം ഒരു സ്ഥാനമല്ല, ദേശീയ ശരാശരിയുടെ ഇരട്ടിയാണ് കേരളത്തിലെ കുറ്റകൃത്യങ്ങൾ എന്ന് കണക്കുകൾ വെളിപ്പെടുത്തുന്നു. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ശരാശരി ഉപഭോഗം മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറ്റവും കൂടുതലുള്ളതും കേരളത്തിലാണത്രെ. ഇവ രണ്ടും കൂട്ടിവായിക്കുമ്പോൾ കേരളത്തിന് കുറ്റകൃത്യങ്ങളുടെ കേസരിപ്പട്ടം കിട്ടിയതിൽ അത്ഭുതമില്ല. മദ്യവും മയക്കുമരുന്നും മനുഷ്യനെ മൃഗത്തേക്കാളും അധഃപതിപ്പിക്കും. അധമചിന്തകളും അക്രമവാസനകളും വളർത്തും. അതുവഴി കുറ്റകൃത്യങ്ങൾ പെരുകുക തന്നെ ചെയ്യും.

മറ്റൊരു വശം കൂടി നാം പരിഗണിക്കേണ്ടതുണ്ട്. ലോകത്ത് നിലവിലുള്ള എല്ലാ മതവിഭാഗങ്ങളും ഉള്ള ഒരു സംസ്ഥാനവും കേരളം തന്നെ. എല്ലാവരും മത്സരിച്ച് ആളെ കൂട്ടുകയാണ്. മുക്കിലും മൂലയിലുമെല്ലാം ക്ഷേത്രങ്ങളും പള്ളികളും മോസ്ക്കുകളും കപ്പേളകളും കൊട്ടിലുകളും മദ്രസകളുമെല്ലാം ഉയർന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ദേവാലയങ്ങൾ പൊളിച്ചു മാറ്റി വലിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിലും മത്സരം നടക്കുന്നു. ഓരോ മതക്കാരും ഇതൊരു അഭിമാനപ്രശ്നമായി ഏറ്റെടുക്കുന്നു. എല്ലാവർക്കും വേണം വലിയ ദേവാലയങ്ങൾ. എല്ലാവർക്കും വേണം ഗംഭീര ഉത്സവാഘോഷങ്ങൾ. ദേവാലയങ്ങളിൽ പോകുന്നവരുടെ എണ്ണവും മുമ്പത്തേക്കാൾ വളരെ കൂടുതലാണ്.

ദൈവവിശ്വാസികളുടെ എണ്ണം പെരുകുന്ന ഇവിടെ കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ പാടില്ലാത്തതല്ലേ. പിന്നെയെന്തേ ഇങ്ങനെ സംഭവിക്കുന്നു? എവിടെയാണ് പിഴയ്ക്കുന്നത്. ധാർമ്മികതയുടെ പ്രഭവ കേന്ദ്രങ്ങളാണ് ദേവാലയങ്ങൾ. അതുകൊണ്ടുതന്നെ അവ നിർമ്മിക്കുന്നതും ധർമ്മത്തിന്റെ തലത്തിൽനിന്നുകൊണ്ടാകണം. കള്ളക്കടത്തും കരിഞ്ചന്തയും പ്രകൃതി വിഭവ ചൂഷണവും മദ്യക്കച്ചവടവുമെല്ലാം നടത്തി സ്വരൂപിച്ച പണത്തിന്റെ ഓഹരി കൊണ്ടാണ് പലപ്പോഴും ഇത്തരം ദേവാലയമണിമന്ദിരങ്ങൾ ഉയരുന്നത്. മിക്ക

വാറും സ്പോൺസർമാരും (ദേവാലയ നിർമ്മിതിയുടെയും ഉത്സവാഘോഷങ്ങളുടെയും) പണം നൽകുന്നത് പ്രധാനമായും മൂന്നു കാരണങ്ങൾ കൊണ്ടാണ്. തങ്ങൾ ചെയ്ത തെറ്റിനെക്കുറിച്ചുള്ള ഭയം അവരിലുണ്ട്. തെറ്റിന് പരിഹാരമായി കുറച്ച് പണം ദൈവത്തിന്റെ പേരിലും നൽകിയാൽ അല്പം മനസ്സമാധാനം കിട്ടുമെന്ന പ്രതീക്ഷകൊണ്ടാണ് ഒരു കൂട്ടർ പണം നൽകുന്നത്. സ്പോൺസർഷിപ്പിന്റെ പേരിൽ സമൂഹത്തിൽ മാന്യതയും സ്വീകാര്യതയും ലഭിക്കുമെന്ന ചിന്തയാണ് രണ്ടാമത്തെ കൂട്ടർക്ക്. തങ്ങൾ ചെയ്യുന്ന അധാർമ്മിക ഇടപാടുകൾക്ക് പ്രാദേശികമായി പിൻതുണയോ എതിർപ്പില്ലാത്ത അവസ്ഥയോ സൃഷ്ടിക്കുന്നതിനോ വേണ്ടിയാണ് മൂന്നാമത്തെ വിഭാഗം ശ്രമിക്കുന്നത്.

ധാർമ്മികമായ മാർഗത്തിലൂടെ നേടിയ സമ്പത്ത് ഇത്തരം നല്ല കാര്യങ്ങൾക്ക് വേണ്ടി നൽകുന്നവരും ഉണ്ട്. പക്ഷേ വിരളമാണെന്നു മാത്രം. സന്മാർഗത്തിലൂടെ നേടിയ സമ്പത്ത് സമൂഹത്തിന് കൂടി അവകാശപ്പെട്ട സമ്പത്താണ് എന്ന ഉറച്ച വിശ്വാസത്തോടെ നൽകുന്ന സംഭാവന ഉദാത്തമായതു തന്നെ.

ഭക്തരിലും മൂന്നു വിഭാഗക്കാരെ കാണാം. എല്ലാം ഈശ്വരനിൽ സമർപ്പിച്ച് ആരാധന നടത്തുന്ന, പ്രാർത്ഥനയിൽ സ്വാർത്ഥലാഭത്തെക്കുറിച്ച് ഒരിക്കലും ചിന്തിക്കാത്ത ഉത്തമ ഭക്തരാണ് ഒരു കൂട്ടർ. തങ്ങളുടെ ധാർമ്മികമായ കാര്യങ്ങൾ നിറവേറ്റിത്തരണമെന്ന് പ്രാർത്ഥിക്കുന്നവരാണ് രണ്ടാമത്തെ കൂട്ടർ. രോഗം, നഷ്ടം, ദുരിതങ്ങൾ എന്നിവയെക്കുറിച്ചുള്ള ഭയം മൂലം ഈശ്വരാരാധന നടത്തുന്നവരാണ് മൂന്നാമത്തെ കൂട്ടർ. ഇതിൽ രണ്ടും മൂന്നും വിഭാഗത്തിൽപെട്ടവരെ പ്രലോഭിപ്പിച്ചും പരോക്ഷമായി ഭയത്തെ വർദ്ധിപ്പിച്ചും ധനസമ്പാദനം നടത്താൻ മതങ്ങൾ ശ്രമിക്കുന്നു.

തെറ്റായ രീതിയിലുള്ള ഈശ്വര വിശ്വാസവും മതവിശ്വാസവും കൊണ്ട് സമൂഹത്തിലെ കുറ്റകൃത്യങ്ങളെ കുറയ്ക്കാനാകില്ല. കുറ്റകൃത്യങ്ങൾ പെരുകാൻ രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങൾ ഉണ്ട് എന്നത് വസ്തുതയാണ്. എങ്കിലും ശരിയായ ഈശ്വര വിശ്വാസവും ബോധവും ഉണ്ടെങ്കിൽ കുറ്റകൃത്യങ്ങളെ ഒരളവുവരെ കുറച്ചുകൊണ്ടുവരാനാകും.

ഈശ്വര വിശ്വാസം

തന്നിലും മറ്റു ജീവികളിലുമുള്ള ഈശ്വര സാന്നിധ്യത്തെക്കുറിച്ച് ബോധ്യപ്പെടുകയും ആ ചൈതന്യത്തെ അഥവാ ശക്തിയെ ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഈശ്വരവിശ്വാസി. ഈശ്വരൻ അനിർവചനീയനും അരൂപിയുമാണെന്ന് ഗാന്ധിജി പറയുന്നു. എന്നാൽ ഈശ്വരൻ എന്താണെന്ന് അദ്ദേഹം ഏകദേശം ധാരണ നൽകുന്നു.

"പ്രപഞ്ചത്തിൽ ഒരു ക്രമം ഉണ്ടെന്നും നിലനിൽക്കുന്ന ഓരോ വസ്തുവിനെയും ഓരോ ജീവിയെയും അചഞ്ചലമായ ഒരു നിയമം നിയന്ത്രിക്കു

ന്നുണ്ടെന്നും എനിക്ക് അനുഭവപ്പെടുന്നു. അതൊരു അന്ധനിയമമല്ല. ഒരു അന്ധനിയമത്തിനും ജീവജാലങ്ങളുടെ പെരുമാറ്റത്തെ നിയന്ത്രിക്കാനാവില്ല. പദാർത്ഥങ്ങൾക്കുപോലും ജീവനുണ്ടെന്ന് സർ. ജെ.സി. ബോസിന്റെ അത്ഭുതകരമായ ഗവേഷണങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എല്ലാ ജീവനേയും ഭരിക്കുന്ന നിയമമാണ് ഈശ്വരൻ എന്നു പറയാം."

പ്രപഞ്ച ചലനങ്ങൾക്കും പ്രതിഭാസങ്ങൾക്കും കാരണമാകുന്ന ഒരു അതീത ശക്തിയുണ്ട് എന്ന് വിശ്വപ്രസിദ്ധ ശാസ്ത്രകാരനായ ആൽബർട്ട് ഐൻസ്റ്റീൻ തന്റെ ശാസ്ത്ര ഗവേഷണ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗാന്ധിജിയും ഐൻസ്റ്റീനും ഏകാഭിപ്രായത്തിലെത്തുന്നു. ആത്മീയവാദിക്കും ഭൗതികവാദിക്കും സ്വീകാര്യമായ ഈശ്വര സങ്കൽപ്പമാണിത്.

ആദ്ധ്യാത്മികശാസ്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും സംഗമമാണ് പ്രസ്തുത ഈശ്വര ദർശനം.

ശ്രീമദ് ഭഗവദ്ഗീതയിൽ പതിമൂന്നാം അദ്ധ്യായത്തിലെ ഒന്നാം ശ്ലോകത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നത് "ഇദം ശരീരം കൗന്തേയ ക്ഷേത്ര മിത്യ ഭിധീയതേ" എന്നാണ്. ശരീരം തന്നെയാണ് ഇശ്വരന്റെ ആലയമായ ക്ഷേത്രം. വിശുദ്ധ ബൈബിളിൽ യേശുക്രിസ്തു പറയുന്നതും ഇതുതന്നെ. "സ്വർഗ രാജ്യം നിന്നിൽ തന്നെയാണ്. ഈശ്വരന്റെ ആലയമായ സ്വർഗം നിന്നിൽ തന്നെ സ്ഥിതിചെയ്യുന്നു" എന്നു പറയുന്ന ക്രിസ്തുദേവൻ ഒരു കാര്യം കൂടി ഓർമ്മിപ്പിക്കുന്നു. വിശുദ്ധമായ ഹൃദയം ദൈവത്തിന്റെ ആലയമാണ്.

ഹൃദയത്തെ കൂടുതൽ കൂടുതൽ വിശുദ്ധമാക്കുമ്പോൾ അവനവനിൽ തന്നെ ഈശ്വരനെ സാക്ഷാത്കരിക്കാൻ പ്രാപ്തി നേടുന്നു. ഹൃദയ വിശുദ്ധി നേടാൻ ജീവിതത്തിൽ അഞ്ച് വ്രതങ്ങൾ പാലിക്കുക. സത്യം, ബ്രഹ്മചര്യം, അഹിംസ, അപരിഗ്രഹം, അസ്തേയം എന്നിവയാണവ. വാക്കിലും ചിന്തയിലും പ്രവൃത്തിയിലും സത്യസന്ധത പാലിക്കണം. മേൽപറഞ്ഞ മൂന്ന് കാര്യങ്ങളിലും വിശുദ്ധി നിലനിർത്തുന്നതാണ് ബ്രഹ്മചര്യം. ഈശ്വരൻ സർവവ്യാപിയാണ് എന്ന സത്യം മനസ്സിലാക്കിക്കൊണ്ട് സർവ ചരാചരങ്ങളോടും സ്നേഹഭാവത്തോടെ സമീപിക്കുക എന്നതാണ് അഹിംസ. ആസക്തിയെ ത്യജിച്ചും ആവശ്യങ്ങളെ പരിമിതപ്പെടുത്തിയും കുറച്ചുമാത്രം ഉപയോഗിക്കുകയും ബാക്കിയുള്ളവ സമൂഹത്തിനുവേണ്ടി സമർപ്പിക്കാനുള്ള മനോഭാവം വളർത്തലുമാണ് അപരിഗ്രഹം. തനിക്ക് അർഹതയില്ലാത്തത് നേടാൻ ശ്രമിക്കാതിരിക്കുകയും മറ്റുള്ളവർക്ക് അർഹതപ്പെട്ടത് കരസ്ഥമാക്കാൻ ശ്രമിക്കാതിരിക്കുന്നതും അസ്തേയമാണ്. മേൽപറഞ്ഞ അഞ്ചു വ്രതങ്ങളെ വ്യക്തിജീവിതത്തിൽ പ്രാവർത്തികമാക്കുന്നതാണ് യഥാർത്ഥ ഈശ്വര ആരാധന. ഇത്തരമൊരു വ്യക്തിത്വത്തിൽ ഈശ്വര ചൈതന്യം വർദ്ധിതമായിരിക്കും.

ഈശ്വര സാന്നിധ്യം നിറഞ്ഞുനിൽക്കുന്ന ഒരാളുടെ അദ്ധ്വാനം തന്നെ ഒരു ആരാധനയും പ്രാർത്ഥനയുമാണ്. പഞ്ച വിധ വ്രതങ്ങളെ സമൂഹത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനായുള്ള ഏതൊരു സേവന പ്രവർത്തനവും ഈശ്വരാരാധനയാണ്. നിസ്വാർത്ഥ സേവനം ഈശ്വര പ്രാർത്ഥനയാണ് എന്ന് പറയുന്നത് അതുകൊണ്ടാണ്.

കർത്തവ്യനിർവഹണവും തിന്മകൾക്കെതിരായ അഹിംസാത്മക പോരാട്ടവും ഈശ്വരാരാധന തന്നെ. പഞ്ചവ്രതങ്ങൾ അനുഷ്ഠിച്ച് മനസ്സിനെ വിശുദ്ധമാക്കിക്കൊണ്ട് ശരീരത്തെ ഈശ്വരാലയമാക്കി നിലനിർത്താനുള്ള അന്തരീക്ഷവും പ്രവർത്തനങ്ങളുമാണ് ദേവാലയങ്ങളിൽ ഉണ്ടാകേണ്ടത്.

മതങ്ങൾ

ഒരേ ലക്ഷ്യത്തിലേക്കുള്ള വിവിധ മാർഗങ്ങളാണ് മതങ്ങൾ. മതം വ്യക്തിഗതമായ സംഗതിയാണ്. നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിനനുസരിച്ച് ജീവിതം നയിച്ചുകൊണ്ട് മറ്റുള്ളവരുമായി നന്മ പങ്കുവച്ചുകൊണ്ട് ഈശ്വര സാക്ഷാത്കാരത്തിന് ശ്രമിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നു.

ഒരു മനുഷ്യനിൽ സ്വതവേ തന്നെയുള്ള ദൈവീകതയുടെ (വിശുദ്ധിയുടെ) ആവിഷ്കാരമാണ് മതം എന്ന് സ്വാമി വിവേകാനന്ദനും പറയുന്നു.

ഈശ്വരസാക്ഷാത്കാരത്തിന് അഥവാ ആത്മസാക്ഷാത്കാരത്തിന് പ്രാപ്തനാക്കുന്ന ഹൃദയ വിശുദ്ധി വ്യക്തിയിൽ സൃഷ്ടിക്കുക എന്ന ദൗത്യമാണ് മതത്തിനുള്ളത്. ഇത് ഓരോ വ്യക്തിയിലും സംഭവിക്കേണ്ട കാര്യമാണ്. എല്ലാ മതങ്ങളും ഇതിനുവേണ്ടിയാണ് ശ്രമിക്കേണ്ടത്. ഈയൊരു അർത്ഥത്തിൽ ഒരേ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള വിവിധ മാർഗങ്ങളാണ് വിവിധ മതങ്ങൾ. ഗാന്ധിജി പറയുന്നു: "ഇസ്ലാമിന്റെ അള്ളാഹുവും ക്രിസ്ത്യാനികളുടെ ദൈവവും ഹിന്ദുവിന്റെ ഈശ്വരനും എല്ലാം ഒന്നു തന്നെയാണ്."

"എല്ലാ മതങ്ങളുടെയും അടിസ്ഥാനതത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. എല്ലാ മതങ്ങളും ഈശ്വരദത്തമാണെന്നും ഈ മതങ്ങൾ അത് വെളിവാക്കപ്പെട്ടവർക്ക് അത്യാവശ്യമായിരുന്നുവെന്നും കൂടി ഞാൻ വിശ്വസിക്കുന്നു."

ഒരേ പൂന്തോട്ടത്തിലെ ചാരുതയാർന്ന പുഷ്പങ്ങളെപ്പോലെയാണ് വിഭിന്ന മതങ്ങൾ. അപൂർണരായ മനുഷ്യർ വ്യത്യസ്തരീതിയിൽ ഉൾക്കൊള്ളുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ടെങ്കിലും എല്ലാ മതങ്ങളും ഒരുപോലെ സത്യസന്ധമാണ്."

"മതം എന്ന വാക്കുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത് നൈയാമികമോ വ്യാവഹാരികമോ ആയ മതം തന്നെയല്ല. ക്രോധത്തെ ശാന്തികൊണ്ടും, ദുർഗുണങ്ങളെ സദ്ഗുണങ്ങൾ കൊണ്ടും, വിദ്വേഷത്തെ സ്നേഹം കൊണ്ടും, തിന്മയെ നന്മകൊണ്ടും നേരിടലാണ് യഥാർത്ഥ മതം."

മതങ്ങളോടുള്ള സർവ്വോദയ വീക്ഷണമാണ് മേൽപറഞ്ഞ വാക്കുകൾ. സ്വന്തം മതത്തെക്കുറിച്ച് നന്നായി പഠിക്കുക; തുടർന്ന് മറ്റു മതങ്ങളെക്കുറിച്ചും. അപ്പോൾ മനസ്സിലാകും എല്ലാം ഒരേ സാരമാണെന്ന്. പിന്നെ മതസ്പർദ്ധയും മത വർഗീയതയും ഉണ്ടാകില്ല. പണസമ്പാദനത്തിനും അധികാര രാഷ്ട്രീയത്തിനും വേണ്ടി ദുരുപയോഗം ചെയ്യുന്നതിൽ നിന്ന് മതത്തെ തിരിച്ചുപിടിക്കാൻ സാധിക്കണം.

ജീവിത വിശുദ്ധിക്കുവേണ്ടിയുള്ള മതം പ്രാവർത്തികവും യാഥാർത്ഥികവുമാകുമ്പോൾ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറയുക തന്നെ ചെയ്യും.

മതവും രാഷ്ട്രീയവും

മതം രാഷ്ട്രീയത്തിൽ ഇടപെടാൻ പാടുണ്ടോ? രാഷ്ട്രീയക്കാർ മത കാര്യങ്ങളിൽ ഇടപെടാമോ? മേൽപറഞ്ഞ രണ്ട് ചോദ്യങ്ങൾക്കും അനുകൂലമായും പ്രതികൂലമായും ഉത്തരം ലഭിക്കാറുണ്ട്. പലരും ഉത്തരം പറയുന്നത് നിലവിലുള്ള വ്യവസ്ഥാപിത മതഘടനയെയും കക്ഷിരാഷ്ട്രീയ അധികാര സംവിധാനത്തെയും മനസ്സിൽവച്ചുകൊണ്ടാണ്. ഇപ്പോഴത്തെ സംവിധാനത്തിൽ മതം ഭൗതികസമ്പത്ത് വർദ്ധനവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ അധികാരത്തിലും ശ്രദ്ധയൂന്നുന്നു. രണ്ടുകൂട്ടരും കേന്ദ്രീകരണത്തെ സ്വയം വരിക്കുകയും ചെയ്യുന്നു.

അധികാരം ഉറപ്പിക്കുന്നതിനു വേണ്ടി, വോട്ടു ബാങ്കുകളിൽ ആധിപത്യം ലഭിക്കുന്നതിനു വേണ്ടി, മതങ്ങൾക്കും ജാതികൾക്കും വിവിധ ആനുകൂല്യങ്ങൾ നൽകാൻ പാർട്ടികൾ അവരവരുടെ ഭരണകാലത്ത് ശ്രമിക്കുന്നു. മത മേധാവികളെ സംബന്ധിച്ച്, തങ്ങളുടെ സ്ഥാപനങ്ങളും സമ്പത്തും വർദ്ധിപ്പിക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കുന്നവരോട് കൂറുപ്രഖ്യാപിക്കുന്നതിന് യാതൊരു മടിയുമില്ല. പക്ഷേ ഇപ്രകാരം കിട്ടുന്ന ആനുകൂല്യങ്ങൾ ഭൂരിഭാഗവും മതത്തിലെ അഥവാ ജാതിയിലെ ഉപരിവിഭാഗത്തിന് (ക്രീമി ലിയറിന്) മാത്രമെ ഉപകാരപ്പെടുന്നുള്ളു. മതവിശ്വാസിയായ സാധാരണക്കാരൻ ദശാബ്ദങ്ങളായി തുടരുന്ന ദൈന്യതയും പ്രശ്നങ്ങളും പേറി ജീവിതം തള്ളിനീക്കുന്നു.

പല സാമൂഹ്യപ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ട് ജാതി-മത സംഘടനകൾ ഭരണകൂടത്തിനെതിരെ ആഞ്ഞടിക്കുന്നതു കാണാം. പലപ്പോഴും ഇത് അധികകാലം തുടരാറില്ല. സ്കൂളുകൾ കോളേജുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ അംഗീകാരം, സ്വാശ്രയ കോഴ്സുകളുടെ ഫീസ് ഘടന തീരുമാനം, തിരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥി നിർണയം എന്നിവ കഴിയുന്നതോടെ പല സമരങ്ങളും താനേ കെട്ടണയും. മുമ്പേ ഉന്നയിച്ച സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിലും കിട്ടേണ്ടത് കിട്ടിയാൽ പ്രക്ഷോഭ നാടകങ്ങളുടെ തിരശ്ശീല വീഴും.

രാഷ്ട്രീയ പാർട്ടികളും ജാതി-മതങ്ങൾക്കുമേൽ ഇതുപോലെ സാമൂഹ്യ സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നു. തങ്ങൾക്കനുകൂലമായി വോട്ടുബാങ്കുകൾ ഉറ

പ്പാക്കുന്നതിനുവേണ്ടിയുള്ള തന്ത്രങ്ങളാണവ. കൂടുതൽ സംഘടിതമായ ജാതി-മതങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകി വോട്ടു ബാങ്കുകൾ തങ്ങൾക്കനുകൂലമായി സുരക്ഷിതമാക്കുന്നതോടെ പാർട്ടിയുടെ സാമൂഹ്യ സമ്മർദ്ദ നാടകങ്ങളും അവസാനിക്കും.

പാർട്ടി നേതൃത്വത്തിനും ഭരണ നേതൃത്വത്തിനും മത നേതൃത്വത്തിനും സ്ഥാനമാനങ്ങളും സമ്പത്തും ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള ഒത്തുകളിയാണ് ഇവിടെ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ നടക്കുന്നത്. സാധാരണക്കാരായ വിശ്വാസികളും പാർട്ടിപ്രവർത്തകരും മൂക സാക്ഷികളായി നിൽക്കുന്നു. വിശ്വാസവും ദൈവഭയവും പാർട്ടിക്കൂറും മൂലം ഇവർക്ക് പ്രതികരിക്കാനാവുന്നില്ല.

മതവും രാഷ്ട്രീയവും – ഗാന്ധിജിയുടെ നിലപാട്

മതത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും മേൽപറഞ്ഞതിൽ നിന്നും വ്യത്യസ്തമായ നിലപാടാണ് മഹാത്മാഗാന്ധിക്കുണ്ടായത്. മതം തികച്ചും വ്യക്തിപരമായ കാര്യമാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ആത്മ ശുദ്ധീകരണത്തിലൂടെ അവനവനിൽത്തന്നെ കുടികൊള്ളുന്ന ദൈവികതയുടെ ആവിഷ്കാരത്തിനാണ് മതം പ്രാവർത്തികമാക്കുന്നത്. ഈ പ്രക്രിയക്ക് പ്രാർത്ഥന – പ്രത്യേകിച്ച് മൗനപ്രാർത്ഥന – ശക്തമായ ഉപകരണമായി വർത്തിക്കുന്നു. ഇതുവഴി ഹൃദയശുദ്ധി നേടിയ വ്യക്തിത്വങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ കുടുംബജീവിതവും സമൂഹജീവിതവും രൂപപ്പെടും.

ഇത്തരം ഒരു ദൗത്യം നിർവഹിക്കാൻ എല്ലാ മതങ്ങളും പ്രാപ്തരാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഒരേ ലക്ഷ്യത്തിലേക്കുള്ള വിവിധ മാർഗങ്ങളാണ് മതങ്ങൾ എന്ന് അദ്ദേഹം നിർവചിച്ചത് അതുകൊണ്ടാണ്. എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യവും സാധ്യതയുമാണുള്ളത്. അതുകൊണ്ട് മതങ്ങളെ പാശ്ചാത്യം, പൗരസ്ത്യം, ന്യൂനപക്ഷം, ഭൂരിപക്ഷം എന്നിങ്ങനെ വേർതിരിക്കുന്നതിൽ അർത്ഥമില്ല.

ഒരു വ്യക്തിയോ വ്യക്തികളോ സമൂഹത്തിന്റെ നന്മയ്ക്കും ഭദ്രതയ്ക്കും വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളാണ് രാഷ്ട്രീയം. സമൂഹം എത്രമാത്രം ധാർമ്മികവും സത്യസന്ധവും അഹിംസാധിഷ്ഠിതവും ആകുന്നു എന്നത് വ്യക്തികളുടെ വിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. വ്യക്തികൾക്ക് ഇത്തരം വിശുദ്ധി നൽകുന്നത് മതമാണ്. അതുകൊണ്ട് മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് വ്യക്തിയെ സജ്ജമാക്കുന്നതിൽ മതം പ്രത്യേക പങ്ക് വഹിക്കുന്നു. ഇവിടെ മതം രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടുന്നില്ല. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടുന്ന വ്യക്തിക്ക് മൂല്യങ്ങൾ പ്രധാനം ചെയ്യുക മാത്രമാണ് മതം ചെയ്യുന്നത്. ഈ ഒരർത്ഥത്തിലാണ് ഗാന്ധിജി പറയുന്നത്:

"രാഷ്ട്രീയത്തെ മതത്തിൽനിന്ന് നിശ്ശേഷം നിഷ്കാസനം ചെയ്യാൻ സാധിക്കുകയില്ല."

മതനിഷേധവും അധികാരത്തിനു വേണ്ടിയുള്ള മതവത്കരണവും തിന്മയാണെന്ന് ഗാന്ധിജി പ്രഖ്യാപിക്കുന്നു.

രാമരാജ്യ സങ്കൽപ്പം

ഗാന്ധിജി വിഭാവനം ചെയ്ത ആദർശരാജ്യത്തിന് അദ്ദേഹം നൽകിയ പേര് രാമരാജ്യം എന്നാണ്. ഇത് ഒരു മതവത്കരണമോ മതചിഹ്നത്തിന്റെ പ്രയോഗമോ അല്ലേ എന്ന് ചിലർ സംശയിക്കാറുണ്ട്. ഉപരിപ്ലവമായി മാത്രം കാര്യങ്ങളെ കാണുന്നവരാണ് ഇക്കൂട്ടർ.

സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും നിരക്ഷരരാണ്. ഇത്തരക്കാരോട് നമ്മൾ ആഗ്രഹിക്കുന്നത് ഒരു സോഷ്യലിസ്റ്റ് സമൂഹമാണ്, സ്ഥിതിസമത്വമാണ്, ഗ്രാമസ്വരാജാണ് എന്നൊക്കെ പറഞ്ഞാൽ അവർക്ക് ബോധ്യപ്പെടില്ല. അതേസമയം, എല്ലാവർക്കും തുല്യ പരിഗണന ലഭിക്കുന്ന, എല്ലാവരേയും അംഗീകരിക്കുന്ന, പരസ്പരം ആദരിക്കുന്ന, ജനാഭിപ്രായങ്ങൾക്ക് പരിഗണന ലഭിക്കുന്ന, ജനഹിതം നടപ്പാക്കുന്ന ഒരു സമൂഹം എന്ന അർത്ഥത്തിലാണ് അദ്ദേഹം രാമരാജ്യം എന്നു പറഞ്ഞത്. സാധാരണ ജനങ്ങൾക്ക് ഈ ആശയം വ്യക്തമായി മനസ്സിലാകുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് അവർ ദേശീയപ്രസ്ഥാനത്തോടും മഹാത്മാഗാന്ധിയോടും ഐക്യദാർഢ്യം പ്രഖ്യാപിച്ച് രംഗത്തിറങ്ങിയത്.

ഗാന്ധിജി ഇപ്രകാരം വ്യക്തമാക്കുന്നു: "എന്റെ രാമൻ ദശരഥപുത്രനായ രാമനല്ല. അത് സനാതനനും അജനും അദ്വിതീയനുമായ രാമനാണ്. ഞാൻ ആ രാമനെയാണ് പൂജിക്കുന്നത്. 'സ്വർഗസ്ഥനായ പിതാവേ അങ്ങയുടെ ഇച്ഛ നിറവേറട്ടെ' എന്ന് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നതും 'അല്ലാഹുവിന്റെ ഹിതം ഇവിടെ പ്രാവർത്തികമാകട്ടെ' എന്ന് മുസ്ലീങ്ങൾ പ്രാർത്ഥിക്കുന്നതും 'ഓം ബ്രഹ്മണേ നമഃ' എന്ന് ഹിന്ദുക്കൾ പ്രാർത്ഥിക്കുന്നതുമായ ഈ അദ്വിതീയശക്തിയാണ് എന്റെ ദൈവ"മെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. ഗാന്ധിജിയുടെ രാമൻ ഏതെങ്കിലും ഒരു മതത്തിൽ പരിമിതപ്പെടുന്നില്ല.

ഭൂമിയിലെ ഇത്തരം ഒരു ദൈവരാജ്യത്തിലെ ഓരോ അംഗവും എപ്രകാരമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആത്മീയരംഗം

രാമരാജ്യം എന്ന പദത്തിന്റെ അർത്ഥം ധർമ്മത്തിന്റെയും പ്രേമത്തിന്റെയും രാജ്യം അഥവാ അഹിംസാധിഷ്ഠിതമായ ജീവിതം നയിക്കുന്ന ജനതയുടെ സ്വരാജ്യം എന്നാകുന്നു.

മൂല്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന സമൂഹവും, അച്ചടക്കവും സ്വാതന്ത്ര്യവും സ്വയംവരിച്ച വ്യക്തിയുമാണ് രാമരാജ്യത്തിന്റെ പ്രത്യേകത.

രാമരാജ്യത്തിൽ എല്ലാ മതക്കാരും എല്ലാ വർഗക്കാരും എല്ലാ വർണക്കാരും സമഭാവനയോടുകൂടി യോജിച്ചിരിക്കും എന്ന് ഗാന്ധിജി പറയുന്നു.

മതം എന്നതിനുപകരം 'ധർമ്മം' എന്ന വാക്കാണ് ഇവിടെ ഉപയോഗിക്കാവുന്നത്.

'സർവ്വധർമ്മ സമഭാവന'യാണ് രാമരാജ്യത്തിന്റെ മുഖമുദ്ര.

സാമൂഹ്യരംഗം

രാമരാജ്യത്തിലുള്ള ജനങ്ങൾക്ക് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് മാത്രമല്ല ഉണ്ടായിരിക്കുക. അവർ ശരിയായ അർത്ഥത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവരായിരിക്കും. അറിവിനെ സമൂഹനന്മയ്ക്ക് വേണ്ടി ഉപയോഗിക്കുന്നു. ഇത്തരം വിദ്യാഭ്യാസം സ്വഭാവശുദ്ധിയുള്ളവരെയും വിനയമുള്ളവരെയും നിർഭയത്വമുള്ളവരെയും സൃഷ്ടിക്കും.

രാമരാജ്യത്തിൽ സ്ത്രീകളുടെ സ്ഥാനം പുരുഷന്മാരുടേതിന് തുല്യമായിരിക്കുമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. വർഗ-വർണ-ലിംഗ ഭേദമില്ലാത്ത, എല്ലാവർക്കും തുല്യ അവസരങ്ങൾ ലഭിക്കുന്ന, സ്ഥിതിസമത്വസമൂഹം അഥവാ സോഷ്യലിസ്റ്റ് സമൂഹമാണ് ഗാന്ധിജിയുടെ സങ്കല്പത്തിലെ രാമരാജ്യം.

രാഷ്ട്രീയരംഗം

ഗാന്ധിജി പറയുന്നു: "രാമരാജ്യം എന്നതിന്റെ അർത്ഥം ഏറ്റവും ചുരുങ്ങിയ ഭരണവ്യവസ്ഥ എന്നാകുന്നു. അതിൽ ജനങ്ങൾ തങ്ങളുടെ മിക്ക പ്രവൃത്തികളും പരസ്പരം സഹകരിച്ചുകൊണ്ട് സ്വയം ചെയ്തുതീർക്കുന്നതാണ്."

അധികാരം ജനങ്ങളിൽത്തന്നെ നിലകൊള്ളുന്ന, പരമാവധി വികേന്ദ്രീകൃതമായ ഭരണസംവിധാനമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്. അധികാരം കേന്ദ്രീകരിക്കുമ്പോൾ അഴിമതികൾ വർദ്ധിക്കുകയും ജനങ്ങളുടെ സ്വാതന്ത്ര്യം പരിമിതപ്പെടുകയും ചെയ്യും എന്ന തിരിച്ചറിവുകൂടിയാണ് ഇതിന് ആധാരമായിട്ടുള്ളത്. വികേന്ദ്രീകൃത സമൂഹത്തിൽ അഹിംസാത്മക പ്രവർത്തനങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. രാഷ്ട്രീയപ്രവർത്തനം ധാർമ്മിക പ്രവർത്തനമാകുന്നത് അധികാരവും സമ്പത്തും വികേന്ദ്രീകരിച്ച സമൂഹത്തിലാണ്.

സാമ്പത്തികരംഗം

രാമരാജ്യത്തിലെ സാമ്പത്തികഘടനയെപ്പറ്റി ഗാന്ധിജി പറയുന്നത് ഇപ്രകാരമാണ്:

"രാമരാജ്യത്തിൽ ഒരുഭാഗത്ത് അളവറ്റ ധനവും മറുഭാഗത്ത് ദയനീയമായ പട്ടിണിയും ഉണ്ടായിരിക്കില്ല. സമ്പത്തിന്റെ നീതിപൂർവമായ വിതരണം നടന്നിരിക്കും."

"രാമരാജ്യത്തിൽ സർവ പ്രധാനമായ ജോലി കൃഷിയായിരിക്കും. അവിടെ ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും കാര്യത്തിൽ ജനങ്ങൾ സ്വയം സമ്പൂർണരായിരിക്കും."

പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ സ്വയം നിറവേറ്റുന്ന അന്തരീക്ഷം നിലനിൽക്കും.

"രാമരാജ്യത്തിൽ, സമൃദ്ധികൊണ്ടോ ആലസ്യംകൊണ്ടോ ആരുംതന്നെ പ്രവർത്തന വിമുഖരായിരിക്കില്ല. അദ്ധ്വാനിച്ചിട്ട് പട്ടിണി കിടക്കുന്നവരും ഉണ്ടായിരിക്കില്ല. തൊഴിലിന്റെ അഭാവം നിമിത്തം ആർക്കുംതന്നെ അലസരായി ഇരിക്കേണ്ടി വരില്ല."

തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം (അടിസ്ഥാന വിദ്യാഭ്യാസം) മൂലം എല്ലാവർക്കും തൊഴിൽ ഉറപ്പു വരുത്തുന്നു. എല്ലാ തൊഴിലിനും തുല്യ പരിഗണനയും മാന്യതയും വേതനവും ലഭിക്കുന്നു.

തികച്ചും വ്യക്തിഗതമായി നിൽക്കുന്ന മതം വ്യക്തിയെ സംശുദ്ധനാക്കുന്നു. ഇത്തരം വ്യക്തികളുടെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനം ഒരു സ്ഥിതി സമത്വ (സോഷ്യലിസ്റ്റ്) സമൂഹത്തിനും രാഷ്ട്രത്തിനും കാരണമാകുന്നു. ഇതാണ് ഇന്ത്യയുടെ സോഷ്യലിസം അഥവാ സർവോദയം.

സർവ്വോദയം അഥവാ സമഗ്ര സോഷ്യലിസം

"ഒരു ശതമാനം ആളുകളുടെ ആർത്തിയെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടി തൊണ്ണൂറ്റി ഒമ്പത് ശതമാനം വരുന്ന ജനങ്ങൾ ഇനിയും സഹിക്കാൻ തയ്യാറല്ല"- എന്ന മുദ്രാവാക്യവുമായി അമേരിക്കയിൽ 'ഒക്യുപൈ വാൾസ്ട്രീറ്റ്' എന്ന ജനകീയ പ്രസ്ഥാനം ശക്തമായതോടെ മുതലാളിത്തത്തിന്റെ വക്താക്കൾ അൽപ്പം അങ്കലാപ്പിലായി. വിവിധരാജ്യങ്ങളിൽ നിന്നുള്ള ഇത്തരം മുതലാളിത്തവക്താക്കൾ അടുത്തകാലത്ത് ഒത്തുകൂടി കൂലങ്കഷമായി ചിന്തിച്ചു. മുതലാളിത്തം നേരിടുന്ന വെല്ലുവിളികളെ എങ്ങനെ ചെറുക്കാം? ആഗോളവത്കരണത്തെ എങ്ങനെ ത്വരിതപ്പെടുത്താം? ഇത്തരം കാര്യങ്ങളാണ് അവർ ചിന്തിച്ചത്.

അതേസമയം, ആഗോളവത്കരണത്തേയും മൂലധന കുത്തൊഴുക്കിനേയും നവ ലിബറൽ നയങ്ങളേയും ചെറുക്കാൻ സോഷ്യലിസമാണ് ഏകമാർഗം എന്ന് വിവിധ ലേബലുകളിൽ അറിയപ്പെടുന്ന സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും വേൾഡ് സോഷ്യൽ ഫോറം പോലുള്ള ജനകീയകൂട്ടായ്മകളും പ്രഖ്യാപിക്കുന്നു.

അടുത്തകാലത്തായി ഇന്ത്യയിലെ ചില കമ്യൂണിസ്റ്റ് നേതാക്കൾ പറയുന്നത് ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസം രൂപപ്പെടുത്തണം എന്നാണ്.

മേൽപറഞ്ഞ മൂന്ന് ചർച്ചകളും നമ്മെ രണ്ടു കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു.

1. മുതലാളിത്ത ചൂഷണത്തിനെതിരെ ജനരോഷം വർദ്ധിക്കുമ്പോൾ തന്നെ അതിനെ തരണം ചെയ്യാൻ മുതലാളിത്തത്തിന്റെ വക്താക്കൾ തന്ത്രങ്ങൾ മെനയുന്നു.
2. ഉദാരവത്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം എന്നീ കുത്തൊഴുക്കുകളെ പ്രതിരോധിക്കാൻ ഏറ്റവും പ്രതീക്ഷ അർപ്പിക്കുന്നത് സോഷ്യലിസത്തിലാണ്. അതേസമയം, സോഷ്യലിസത്തിന്റെ പ്രയോഗക്ഷമതയെക്കുറിച്ച് കമ്യൂണിസ്റ്റുകളോ സോഷ്യലിസ്റ്റുകളോ പോലും സംതൃപ്തരല്ല.

ഫേബിയൻ സോഷ്യലിസം, ശാസ്ത്രീയസോഷ്യലിസം, ജനാധിപത്യ സോഷ്യലിസം തുടങ്ങിയ പേരുകളിൽ അറിയപ്പെട്ട സോഷ്യലിസത്തെ യാഥാർത്ഥ്യമാക്കാൻ പാശ്ചാത്യവും പൗരസ്ത്യവുമായ വിവിധ രാജ്യങ്ങളിൽ ശ്രമം നടന്നു. 1917 ൽ റഷ്യൻ വിപ്ലവത്തോടെ സോവിയറ്റ് യൂണിയൻ

നിലവിൽ വന്നതോടെ സോഷ്യലിസത്തെക്കുറിച്ച് പ്രതീക്ഷകൾ ഏറി വന്നു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം നിരവധി രാജ്യങ്ങൾ സോഷ്യലിസം പ്രമാണമായി അംഗീകരിച്ചു. 1990 ആയപ്പോഴേക്കും ലോകത്തിലെ ഏറ്റവും വലിയ സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയൻ ശിഥിലമായി. അതിന് മുമ്പ് പല രാജ്യങ്ങളും സോഷ്യലിസം ഉപേക്ഷിച്ച് മുതലാളിത്തത്തിന്റെ പാത സ്വീകരിച്ചു.

ലക്ഷ്യവും മാർഗവും

ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വിവിധരാജ്യങ്ങളിൽ നിന്ന് തിരസ്കരിക്കപ്പെട്ട സോഷ്യലിസം, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആഗോളവത്കരണ കെടുതികളെ അതിജീവിക്കാനുള്ള പ്രയോഗപദ്ധതിയായി മാറും എന്ന് വിശ്വസിക്കുന്നത് യുക്തിസഹമാണോ? പിന്നെ എന്തുകൊണ്ടാണ് ജനങ്ങൾ ഇപ്പോഴും സോഷ്യലിസത്തിൽ പ്രതീക്ഷ അർപ്പിക്കുന്നത്?

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു സ്ഥിതിസമത്വ സമൂഹത്തെയാണ് സോഷ്യലിസം എന്നതുകൊണ്ട് ഏവരും അർത്ഥമാക്കുന്നത്. അത്തരം ഒരു സാമൂഹ്യക്രമം ഉണ്ടാകണമെന്ന് മനുഷ്യത്വമുള്ള ഏവരും ആഗ്രഹിക്കുന്നു. മുൻകാലങ്ങളിൽ സോഷ്യലിസത്തിലേക്ക് എത്താൻ സ്വീകരിച്ച മാർഗങ്ങൾ പലപ്പോഴും തെറ്റായിരുന്നു. പവിത്രമായ ഒരു ലക്ഷ്യത്തിലേക്കെത്താൻ പവിത്രമായ മാർഗം തന്നെ സ്വീകരിക്കണം. ചുരുക്കിപ്പറഞ്ഞാൽ 'ലക്ഷ്യവും മാർഗവും ശുദ്ധമായിരിക്കണം.'

സോഷ്യലിസ്റ്റായ ഗാന്ധിജി

പ്രസിദ്ധ ഗ്രന്ഥകാരനായ ലൂയി ഫിഷർ 1946 ൽ നടത്തിയ അഭിമുഖത്തിൽ ഗാന്ധിജിയോട് ചോദിച്ചു: "അങ്ങ് ഒരു സോഷ്യലിസ്റ്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, അത് ശരിയല്ലേ?"

ഗാന്ധിജി പറഞ്ഞു: "അതെ, ഞാൻ സോഷ്യലിസ്റ്റുതന്നെ. പക്ഷേ മറ്റു സോഷ്യലിസ്റ്റുകളിൽനിന്ന് വ്യത്യസ്തമാണ്. അവരിൽ പലരും ജനിക്കുന്നതിനുമ്പ് തന്നെ ഞാൻ സോഷ്യലിസ്റ്റാണ്. അവരുടെ സോഷ്യലിസം ഇല്ലാതായി കഴിഞ്ഞാലും ഈ അവകാശവാദം നിലനിൽക്കും."

ലൂയിഫിഷർ: "എന്താണ് അങ്ങയുടെ സോഷ്യലിസം?"

ഗാന്ധിജി: "എന്റെ സോഷ്യലിസമാണ് സർവ്വോദയം."

പ്രസ്തുത സംഭാഷണത്തിലൂടെ ഗാന്ധിജി തന്റെ നിലപാട് വ്യക്തമാക്കുകയാണ്. താൻ ഒരു സോഷ്യലിസ്റ്റ് തന്നെയാണ്. എന്നാൽ അക്കാലത്ത് ഇന്ത്യയിൽ പറയപ്പെട്ടിരുന്നതും മറ്റു ചില രാജ്യങ്ങളിൽ പ്രയോഗിക്കപ്പെട്ടിരുന്നതുമായ സോഷ്യലിസത്തിന് പരിമിതികൾ ഉണ്ട് എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു. അത്തരം വ്യവസ്ഥകൾക്ക് അധികകാലം മുന്നോട്ട് പോകാനാകില്ലെന്ന് അദ്ദേഹം പ്രവചിക്കുന്നു. ഹിംസാധിഷ്ഠിതമായ മുതലാളിത്ത ചൂഷണങ്ങളെ അതിജീവിക്കാൻ അഹിംസയിൽ അധിഷ്ഠിതമായ സോഷ്യലിസ്റ്റ് പ്രയോഗങ്ങളാണ് വേണ്ടത് എന്ന് അദ്ദേഹം ഉറച്ച് വിശ്വസിക്കുന്നു.

അഹിംസാധിഷ്ഠിതമായ സോഷ്യലിസ്റ്റ് പ്രയോഗങ്ങളിലൂടെ മാത്രമേ ഒരു സർവ്വോദയസമൂഹത്തെ അഥവാ ശാശ്വതമായ സ്ഥിതിസമത്വസമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തുമുള്ള സമത്വത്തെക്കുറിച്ച് മാത്രമല്ല ഗാന്ധിജി പറയുന്നത്. ഈ രണ്ട് മണ്ഡലങ്ങൾക്ക് ഒപ്പം തന്നെ സാംസ്കാരികരംഗത്തും ധാർമിക(ആത്മീയ) രംഗത്തും സ്ഥിതിസമത്വം ഉണ്ടാകുന്ന സർവ്വോദയസമൂഹത്തെ അഥവാ സമഗ്ര സോഷ്യലിസത്തെയാണ് ഗാന്ധിജി ലക്ഷ്യമിട്ടത്.

കമ്യൂണിസവും സർവ്വോദയവും

സമഗ്രസോഷ്യലിസം അഥവാ സർവ്വോദയം എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള മാർഗവും പവിത്രമായിരിക്കണം എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

വർഗസംഘട്ടനത്തിന്റേയും സംഘർഷത്തിന്റേയും ആധിപത്യത്തിന്റേയും ഉന്മൂലനത്തിന്റേയും പാതയിലൂടെ സുസ്ഥിരമായ സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കില്ല. വർഗസമന്വയത്തിന്റേയും സഹകരണത്തിന്റേയും വികേന്ദ്രീകരണത്തിന്റേയും ജനാധികാരത്തിന്റേയും പാതയിലൂടെ വേണം സമഗ്രസോഷ്യലിസം അഥവാ സർവ്വോദയം എന്ന മഹത്തായ ലക്ഷ്യത്തിലെത്താൻ എന്ന് ഗാന്ധിജിക്ക് ബോധ്യമുണ്ടായിരുന്നു.

ഗാന്ധിജി പറയുന്നു: "വർഗസമരം എന്ന ആശയം എനിക്ക് ബോധ്യമാകുന്നില്ല. ഇന്ത്യയിൽ ഒരു വർഗസമരം അനിവാര്യമല്ലെന്ന് മാത്രമല്ല, അഹിംസാസിദ്ധാന്തം മനസ്സിലായിട്ടുണ്ടെങ്കിൽ നമുക്കത് ഒഴിവാക്കാവുന്നതുമാണ്."

തൊഴിലാളികളുടെ അദ്ധ്വാനത്തെ മൂലധനമായി കണക്കാക്കണമെന്നും ഭൗതികമൂലധനത്തിന് തുല്യമായ പരിഗണന അദ്ധ്വാനത്തിനു നൽകണമെന്നും ഗാന്ധിജി നിർദ്ദേശിക്കുന്നു. വർഗസമന്വയത്തിന്റെ ആദ്യഘട്ടമാണിത്.

ശാസ്ത്രീയ സോഷ്യലിസ്റ്റുകളുമായി ഗാന്ധിജിക്കുണ്ടായിരുന്ന മറ്റൊരു അഭിപ്രായവ്യത്യാസം അധികാരത്തെ സംബന്ധിച്ചാണ്. ഭരണാധികാരം കൈയിൽ വന്നാൽ മാത്രമേ സോഷ്യലിസം സ്ഥാപിക്കാനാകുകയുള്ളൂ എന്നാണ് അവർ കരുതുന്നത്.

"സർവോദയ ദർശനത്തെക്കുറിച്ച് മനസ്സിലാകുകയും അതിനനുസരിച്ച് വ്യക്തിജീവിതം ക്രമപ്പെടുത്താനും തയ്യാറാകുന്ന, മാനസാന്തരപ്പെടുന്ന ആദ്യത്തെ ആളോടൊപ്പം സോഷ്യലിസം ആരംഭിക്കുന്നു" - എന്നാണ് ഗാന്ധിജിയുടെ വീക്ഷണം. ഇത്തരം വ്യക്തികളുടെ സമൂഹത്തിൽ അഹിംസാത്മകമായി തന്നെ സോഷ്യലിസത്തെ പ്രയോഗതലത്തിൽ കൊണ്ടുവരാനാകും. അധികാരം ജനങ്ങളിലാണ് നിലനിൽക്കേണ്ടത്. സമ്പത്തും അധികാരവും വികേന്ദ്രീകരിക്കണം. ഏതെങ്കിലും ഒരു വർഗത്തിന്റെ സർവ്വാധിപത്യം ഉപയോഗിച്ച് സ്ഥിതിസമത്വം സ്ഥാപിക്കാനാകും എന്ന സമീപനവും അശാസ്ത്രീയമാണ്.

അധികാരം വികേന്ദ്രീകരിക്കുന്നതുപോലെ ആസൂത്രണവും വികേന്ദ്രീകരിക്കണം. ഓരോ പ്രദേശത്തുമുള്ള ഭൂവിഭവങ്ങൾ തദ്ദേശിയർക്ക് ഉപയോഗിക്കാനും ഉപജീവനം കണ്ടെത്താനും വികേന്ദ്രീകൃത ആസൂത്രണവും കൂട്ടായ പ്രവർത്തനവും ഉണ്ടാകണം. കേന്ദ്രീകൃത ആസൂത്രണത്തെ സോഷ്യലിസ്റ്റ്സ്ഥാപനത്തിനുള്ള ഉപകരണമാക്കുന്നതുകൊണ്ടാണ് പല കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ഭരണകൂടങ്ങളും പരാജയപ്പെടുന്നത്.

അധികാരത്തിന്റേയും സമ്പത്തിന്റേയും മേൽ ഭരണകൂട ഉടമസ്ഥത പല പ്പോഴും 'സർക്കാർവക ജന്മിത്വത്തിന്റെ' ദുഷ്ചെയ്തികൾക്കോ ഭരണകൂട ഭീകരതയ്ക്കോ കാരണമാകും.

ജനപങ്കാളിത്തത്തോടുകൂടി ജനങ്ങൾതന്നെ സമ്പത്തിന്റെ സൂക്ഷിപ്പുകാരാകുകയും പൊതുനന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന വികേന്ദ്രീകൃത സംവിധാനങ്ങൾ ഉണ്ടാക്കുകയുമാണ് വേണ്ടത്. ഗാന്ധിജി നിർദ്ദേശിച്ച 'ട്രസ്റ്റിഷിപ്പ്' സംവിധാനം ഇതാണ്.

അടുത്തകാലത്ത് ധാരാളം പറഞ്ഞുകേൾക്കുന്ന പൊതു-സ്വകാര്യപങ്കാളിത്തം (Public-Private Participation) കുത്തകകളുടെ ആധിപത്യത്തിലേക്കും ടോൾപിരിവിലേക്കും സാധാരണക്കാരുടെ സ്വാതന്ത്ര്യനിഷേധത്തിലേക്കുമാണ് നയിക്കുക. ട്രസ്റ്റിഷിപ്പ് സംവിധാനത്തിലൂടെ മാത്രമേ ഇത്തരം നീക്കങ്ങളെ ഇല്ലായ്മ ചെയ്യാൻ സാധിക്കുകയുള്ളൂ.

ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസം

ഒരു കമ്യൂണിസ്റ്റ് വിശ്വാസിയായി പൊതുജീവിതം ആരംഭിച്ച ലോക്നായക് ജയപ്രകാശ് നാരായണൻ പിന്നീട് ജനാധിപത്യസോഷ്യലിസത്തിന്റെ വക്താവായി. തുടർന്ന്, ഭൂദാൻ, ഗ്രാമദാൻ പ്രവർത്തനത്തിലൂടെ സർവ്വോദയ പ്രവർത്തകനും ആചാര്യനുമായി. കമ്യൂണിസത്തിനും സോഷ്യലിസത്തിനും സ്വാഭാവികമായി ഉണ്ടാകേണ്ട വികാസ-പരിണാമങ്ങളെക്കുറിച്ചുള്ള തിരിച്ചറിവാണ് ജയപ്രകാശ് നാരായണനെ സർവ്വോദയദർശനത്തിലേക്ക് എത്തിച്ചത്. മനുഷ്യനും പ്രകൃതിയും കേവലം ഭൗതികവസ്തുക്കൾ മാത്രമല്ല. പദാർത്ഥത്തിന്റേയും ആത്മാവിന്റേയും സമ്മിശ്രരൂപങ്ങളാണിവ. അതുകൊണ്ട് ഭൗതികതയേയും ആത്മീയതയേയും അഭിമുഖീകരിക്കുന്ന, സമന്വയിപ്പിക്കുന്ന ഒരു ദർശനവും പ്രവർത്തനപരിപാടിയുമാണ് വേണ്ടത് എന്ന് ജയപ്രകാശ് നാരായണൻ പ്രഖ്യാപിച്ചു.

അദ്ദേഹം പറഞ്ഞു: " ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസമാണ് സർവ്വോദയം."

സോഷ്യലിസ്റ്റുകളായ തന്റെ ഇന്ത്യൻ സുഹൃത്തുക്കൾക്ക് അയച്ച കത്തിലാണ് അദ്ദേഹം ഇക്കാര്യം തുറന്നുപറഞ്ഞത്.

ആഗോളവത്കരണം സൃഷ്ടിക്കുന്ന ആധിപത്യസംസ്കാരത്തിന് ബദലായി ഏതൊരു ലോകരാഷ്ട്രത്തിനും സ്വീകരിക്കാവുന്ന പ്രവർത്തനപദ്ധതിയാണ് സമഗ്രസോഷ്യലിസം അഥവാ സർവ്വോദയ സമൂഹസൃഷ്ടി.

സർവ്വോദയ സമ്പദ്‌വ്യവസ്ഥ

ആദ്യകാല മനുഷ്യന്റെ അടിസ്ഥാന ആവശ്യം ആഹാരം ആയിരുന്നു. പിന്നെ വസ്ത്രം ആവശ്യമായി. തുടർന്ന് പാർപ്പിടം വേണ്ടിവന്നു. ശിലായുഗത്തിൽനിന്ന് വിവിധ ലോഹയുഗങ്ങളിലൂടെ ആധുനിക കാലഘട്ടത്തിലെത്തിയപ്പോഴേക്കും ആവശ്യങ്ങളുടെ പട്ടികയ്ക്ക് ദൈർഘ്യം ഏറി. വിനോദം, വിജ്ഞാനം, ആരോഗ്യം എന്നിങ്ങനെ പ്രാഥമികാവശ്യങ്ങൾ പെരുകിക്കൊണ്ടിരുന്നു. മനുഷ്യൻ തന്റെ കായികശേഷിയും ബുദ്ധിശക്തിയും പ്രകൃതിവിഭവങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ലോകത്ത് ഇന്നു കാണുന്ന നാഗരികതയുടെയെല്ലാം അടിസ്ഥാനം മനുഷ്യന്റെ ആഗ്രഹാവശ്യങ്ങളും അവ നേടിയെടുക്കാനുള്ള നിരന്തരമായ ശ്രമവുമാണ്. ഇത്തരം ഉത്പാദന പ്രവർത്തനങ്ങളും വിതരണവുമാണ് അതത് കാലഘട്ടങ്ങളിൽ സാമ്പത്തിക ഘടനയ്ക്ക് രൂപഭാവങ്ങൾ നൽകിയത്. ആവശ്യങ്ങൾ ഏറിയേറി വന്നപ്പോൾ സാമ്പത്തികമേഖലയിൽ അടിസ്ഥാനപരമായ മൂന്ന് ചോദ്യങ്ങൾ ഉന്നയിക്കപ്പെടാൻ തുടങ്ങി. എന്ത് ഉത്പാദിപ്പിക്കണം? എങ്ങനെ ഉത്പാദിപ്പിക്കണം? ആർക്കുവേണ്ടി ഉത്പാദിപ്പിക്കണം?

മേൽ സൂചിപ്പിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം ഓരോ സമൂഹത്തിലും വ്യത്യസ്തമായിരുന്നു. ഈ ചോദ്യങ്ങളോടുള്ള മറുപടിയും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും വ്യത്യസ്ത സമ്പദ്‌വ്യവസ്ഥക്ക് രൂപം നൽകി. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, മുതലാളിത്ത സമ്പദ്‌വ്യവസ്ഥ, മിശ്ര സമ്പദ്‌വ്യവസ്ഥ എന്നിങ്ങനെ ഇവ അറിയപ്പെട്ടു. ലോകരാഷ്ട്രങ്ങൾ ഈ മൂന്ന് സമ്പദ്‌വ്യവസ്ഥയും മാറിമാറി പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വർത്തമാനകാല സാമ്പത്തിക പ്രതിസന്ധികളെയും അനുബന്ധമായി രൂപംകൊള്ളുന്ന രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രശ്നങ്ങളേയും മറികടക്കാനാകാത്ത ഒരു അനിശ്ചിതാവസ്ഥയിലാണ് ലോകസാമ്പത്തിക രംഗം നിലകൊള്ളുന്നത്.

ഗാന്ധിജി വിഭാവനം ചെയ്ത സർവ്വോദയ ദർശനത്തിലധിഷ്ഠിതമായ സാമ്പത്തിക പ്രവർത്തനത്തിൽകൂടി മാത്രമേ ഈ ലോക സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാനാകുകയുള്ളു.

പെരുകിവരുന്ന ജനങ്ങളേയും അവരുടെ ആവശ്യങ്ങളേയും കണ്ടു കൊണ്ട് ഗാന്ധിജി പറഞ്ഞു: "നമുക്ക് എല്ലാവരുടേയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങളുണ്ട്. എന്നാൽ ഒരാളുടെ പോലും അത്യാഗ്രഹത്തെ നിറവേറ്റാനുള്ളതില്ലതാനും."

വിഭവങ്ങളുടെ പരിമിതിയല്ല യഥാർത്ഥ പ്രശ്നം എന്ന് ഗാന്ധിജി പറയുന്നു. ഏതൊരു വ്യക്തിക്കും സമൂഹത്തിനും അവരുടെ അത്യാവശ്യം, ആവശ്യം, അത്യാർത്തി എന്നിവയെക്കുറിച്ച് തിരിച്ചറിവുണ്ടാകണം. വിഭവങ്ങളെ അത്യാവശ്യത്തിനും ആവശ്യത്തിനും വേണ്ടിമാത്രം ഉപയോഗിക്കുക. ഒരിക്കലും ആർഭാടത്തിനോ, അത്യാർത്തിപൂർത്തീകരണത്തിനോ വേണ്ടി ഉപയോഗിക്കാതിരിക്കുക എന്നതാണ് സർവ്വോദയ സമീപനം. സമൂഹത്തിൽ ഏറ്റവും ബുദ്ധിമുട്ടുന്നവർക്ക് അവരുടെ ആവശ്യങ്ങളും അത്യാവശ്യങ്ങളും നിർവഹിക്കാനുള്ള അവസരം ആദ്യം ഒരുക്കണം. സർവ്വോദയ ദർശനത്തിലെ അന്ത്യോദയ പരിപാടിയാണിത്. സമൂഹത്തിലെ ഭൂരിഭാഗം പേർക്കും ക്ഷേമം ഉണ്ടാകുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുക എന്നതുപോലുമല്ല, മറിച്ച്, എല്ലാവർക്കും ഉദയം അഥവാ പുരോഗതി ഉണ്ടാകുന്ന (സർവ്വോദയം) പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത്. ഏതൊരു പ്രവർത്തനം ഏറ്റെടുക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും ദീനനായ വ്യക്തിക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്നാണ് വിലയിരുത്തേണ്ടത്. ധാർമ്മികതയായിരിക്കണം ഉരകല്ല്. പണവും സമ്പത്തും നേടുന്നതിനും ആഗ്രഹനിവൃത്തിക്കും വേണ്ടിയുള്ള ഏതൊരു പ്രവർത്തനവും ധാർമ്മികതയിൽ ഊന്നിയതായിരിക്കണം.

എങ്ങനെ ഉത്പാദിപ്പിക്കണം

കായികമായ അദ്ധ്വാനം മനുഷ്യന്റെ കടമയും സ്വധർമ്മവുമാണ്. രണ്ടു കാലിൽ നിവർന്നുനിൽക്കുന്ന മനുഷ്യന്റെ സ്വതന്ത്രമായ രണ്ടു കൈകളുടേയും വിശേഷബുദ്ധിയുടേയും സഹായത്താൽ, പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ആവശ്യമുള്ള വസ്തുക്കൾ നിർമ്മിക്കുന്നു. ഇത്തരം ഉത്പാദനം നടത്തുക എന്നത് പ്രകൃതിനിയമമാണ്. നാം ഭക്ഷിക്കുന്നുവെങ്കിൽ, ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കാനും തയ്യാറാകണം.

ആഹാരത്തിനുള്ളതു മാത്രമല്ല, വ്യക്തിക്കും സമൂഹത്തിനും ആവശ്യമായ ഏതൊരു വസ്തുവും ശരീരാദ്ധ്വാനം ഉപയോഗിച്ചു തന്നെ നിർമ്മിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. ഇത്തരം ഉത്പാദന രീതി മനുഷ്യന്റെ കായികവും ബുദ്ധിപരവുമായ കഴിവുകളെ വർദ്ധിപ്പിക്കും. വൈവിധ്യമാർന്ന വിഭവങ്ങളുടെ പരസ്പര കൈമാറ്റത്തിലൂടെയും വിപണനത്തിലൂടെയും ഗ്രാമീണ സമ്പദ്വ്യവസ്ഥയും മനുഷ്യബന്ധങ്ങളും സുദൃഢമാകുന്നു.

ഇപ്രകാരം ഉത്പാദകനും ഉപഭോക്താവും തമ്മിലുള്ള അകലം പരമാവധി കുറയ്ക്കുക എന്നതാണ് സർവ്വോദയ സമീപനം. ഒരു ഉദാഹരണം നോക്കാം. മണ്ണിൽ പണിയെടുത്ത് നേന്ത്രവാഴക്കൃഷി നടത്തുന്ന ഒരു കർഷകൻ, തന്റെ ഉത്പന്നമായ നേന്ത്രക്കായ വിൽക്കുമ്പോൾ ലഭിക്കുന്നത് കിലോയ്ക്ക് അഞ്ചുമുതൽ എട്ടുരൂപവരെ മാത്രമാണ്. അതേദിവസംതന്നെ ഒരു ഉപഭോക്താവ് കടയിൽനിന്ന് ഒരു കിലോ നേന്ത്രക്കായ വാങ്ങാൻ ചെന്നാൽ വില പതിനഞ്ചുമുതൽ ഇരുപത് രൂപവരെ ആയിരിക്കും. കാർഷിക മേഖലയിലോ വ്യവസായ മേഖലയിലോ ആയാലും ഏതൊരു ഉത്പന്നത്തിലും ഈ അന്തരം കാണാൻ കഴിയും. യഥാർത്ഥ ഉത്പാദകനിൽനിന്ന് ഉപഭോക്താവിൽ എത്താൻ എത്ര തട്ടുകൾ (കരാറുകാരൻ, ബ്രോക്കർ, തരകുകാരൻ, മൊത്തവ്യാപാരി, ചില്ലറവ്യാപാരി) വർദ്ധിക്കുന്നുവോ അത്രയും അന്തരം വിലയിൽ ഉണ്ടാകും. യഥാർത്ഥ ഉത്പാദകനു ലഭിക്കുന്ന പ്രതിഫലം വളരെ കുറവും ഉത്പാദനപരമല്ലാത്ത തൊഴിൽ ചെയ്യുന്നവർക്ക്-നോക്ക്കൂലി, ചെട്ടിമിടുക്ക്, തടിമിടുക്ക്, വാക്മിടുക്ക് എന്നിവ വഴി - കൂടുതൽ പ്രതിഫലം ലഭിക്കുന്നത് അന്യായമാണ്, അശാസ്ത്രീയമാണ്. ഉത്പന്നങ്ങളുടെ പ്രാദേശികമായ വിപണനം വഴി ഉത്പാദകന് ന്യായമായ വില ലഭിക്കാനും, അയൽപക്കബന്ധങ്ങളെ ശക്തിപ്പെടുത്താനും, ഗ്രാമത്തിന്റെ (പട്ടണത്തിന്റെ) സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും സാധിക്കണം.

മനുഷ്യനും യന്ത്രവും

ശാസ്ത്ര സാങ്കേതിക വിദ്യയുടെ മുന്നേറ്റങ്ങളുടെ ഭാഗമായി പുതിയ പുതിയ ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും കടന്നുവരവ് സ്വാഭാവികമാണ്. ഇവയും മനുഷ്യാദ്ധ്വാനം വഴിയുള്ള ഉത്പന്നങ്ങൾതന്നെ. മനുഷ്യന്റെ അദ്ധ്വാനത്തെ ലഘൂകരിക്കുന്നതിനാണ് ഉപകരണങ്ങളും യന്ത്രങ്ങളും ഉപയോഗിക്കേണ്ടത്. അല്ലാതെ, ഉത്പാദന രംഗത്തുനിന്ന് മനുഷ്യനെ മാറ്റിനിർത്താൻ വേണ്ടിയാവരുത്. കായികാദ്ധ്വാനം എന്നത് മനുഷ്യത്വത്തിന്റെ സൂചകമാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും എത്രമേൽ പുരോഗമിച്ചാലും കൈത്തൊഴിലിന്റെയും കായികാദ്ധ്വാനത്തിന്റെയും സാധ്യതകൾ നിലനിൽക്കുകതന്നെ വേണം.

അദ്ധ്വാനം ആനന്ദത്തിന്

തൊഴിലിനെ ഉത്പാദനക്ഷമമെന്നും ഉത്പാദനക്ഷമമല്ലാത്തത് എന്നും വിഭജിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. കൃഷി, വ്യവസായം എന്നീ മേഖലയിൽ നേരിട്ട് ഉത്പാദനത്തിൽ പങ്കെടുക്കുന്നത് ഉത്പാദനക്ഷമമായ തൊഴിലുകളാണ്. അദ്ധ്യാപകൻ, ഗവേഷകൻ എന്നിങ്ങനെയുള്ളതും ഉത്പാദനക്ഷമമായതുതന്നെ. എന്നാൽ ഉതപാദനക്ഷമമല്ലാത്ത തൊഴിലുകൾ രണ്ട് വിധമുണ്ട്. പലിശ,വാടക, ദല്ലാൾ പണി എന്നിവകൊണ്ട് ഉപജീവിക്കുന്നത്

ഒന്നാമത്തെ ഇനം. കുറ്റകൃത്യങ്ങൾകൊണ്ടും, ദുർവാസനകൾ ഉത്തേജിപ്പിച്ചും, മനസ്സുകൾ വിഭ്രാന്തിപ്പെടുത്തിയും പണം നേടുന്നത് രണ്ടാമത്തെ വിഭാഗത്തിലും പെടുന്നു. കളവ്, കൃട്ടേഷൻ കൊല, ചൂതാട്ടം, ലോട്ടറി മറ്റു വിധ അനാശാസ്യങ്ങൾ ഇവയെല്ലാം ഇതിൽപ്പെടുന്നു. ഈ രണ്ട് വിഭാഗക്കാരും ഉത്പാദനക്ഷമമല്ലാത്ത തൊഴിൽ ചെയ്യുന്നവരും സമൂഹത്തിന് ദോഷമുണ്ടാക്കുന്നവരുമാണ്.

സമൂഹത്തിൽ ആഘോഷങ്ങൾ കൂടിവരുന്നു. എന്നാൽ അദ്ധ്വാനിക്കാനുള്ള മനോഭാവവും, സന്നദ്ധതയും കുറയുകയാണ്. ഓണവും വിഷുവും ക്രിസ്തുമസ്സും റംസാനും പള്ളിപ്പെരുന്നാളുകളും പൂരാഘോഷങ്ങളുമെല്ലാം കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഓണത്തിനും ക്രിസ്തുമസ്സിനും റംസാനുമെല്ലാം വീട്ടുകാർ ഒരുമിച്ച് വീട്ടിൽവച്ച് വിഭവങ്ങൾ ഉണ്ടാക്കുന്ന പതിവ് ഇപ്പോൾ കുറഞ്ഞുവരുന്നു. തൃക്കാക്കര അപ്പനും, ക്രിസ്തുമസ് ക്രിബ്ബുകളും മുതൽ സദ്യയും റംസാൻ വിഭവങ്ങളുമെല്ലാം പാക്കറ്റുകളായി വീട്ടിൽ എത്തുന്നു. റെഡിമെയ്ഡ് ആഘോഷം. പരിമിതമായ സംതൃപ്തി മാത്രമാണ് ഇത് ലഭ്യമാക്കുന്നത്. എന്നാൽ വീട്ടിൽ എല്ലാവരും ഒത്തൊരുമിച്ച് വിഭവങ്ങൾ ഉണ്ടാക്കി ഒരുമിച്ചിരുന്ന് കഴിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം മേൽപറഞ്ഞ റെഡിമെയ്ഡ് ആഘോഷത്തിന് ലഭിക്കില്ല. ഒരേ മനസ്സോടുകൂടി അദ്ധ്വാനിക്കുമ്പോഴുണ്ടാകുന്ന ആനന്ദം വ്യക്തിക്കും കുടുംബത്തിനും ശ്രേയസ്സ് വർദ്ധിപ്പിക്കുന്നു. നാട്ടിലെ പൊതു ആഘോഷങ്ങളും നാട്ടുകാർ ഒത്തൊരുമിച്ച് സംഘടിപ്പിക്കുമ്പോൾ കൂട്ടായ്മയുടെ ആനന്ദം ആ നാടിനെ ഐശ്വര്യപൂർണമാക്കുന്നു.

തൊഴിലും മൂലധനവും

ഭാരതത്തെപ്പോലെ ജനസംഖ്യ കൂടുതലുള്ള രാജ്യത്ത് തൊഴിലില്ലായ്മ വലിയൊരു പ്രശ്നമാണ്. അതേസമയം ഇത്രയും വലിയ മനുഷ്യശക്തിയെ അദ്ധ്വാനത്തിന്റെ മേഖലയിലേക്ക് – കൈത്തൊഴിൽ, കരകൗശലം, കുടിൽ വ്യവസായം, ഗ്രാമ വ്യവസായം എന്നീ മേഖലയിലേക്ക് കേന്ദ്രീകരിപ്പിച്ചാൽ അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാകും. ഓരോ വ്യക്തിയുടെയും വരുമാനം വർദ്ധിക്കുന്നു. ഉത്പാദനം വർദ്ധിക്കുന്നു. സമ്പദ്ഘടന ശക്തിപ്പെടുന്നു. സാമ്പത്തിക വികസനം യഥാർത്ഥത്തിൽ സാധ്യമാകുകയും ചെയ്യുന്നു. കൂടുതൽ ആളുകൾക്ക് ഉത്പാദന പ്രക്രിയയിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുന്ന ആസൂത്രണവും ആവിഷ്കാരവുമാണ് ഉണ്ടാകേണ്ടത്. വൻകികടയന്ത്രങ്ങൾ കൊണ്ട് വൻതോതിൽ ഉത്പാദിപ്പിക്കുകയല്ല വേണ്ടത്, കൂടുതൽ ആളുകളെ പങ്കാളികളാക്കിക്കൊണ്ട് കൂടുതൽ ഉത്പാദനം ഉണ്ടാക്കുകയാണ് വേണ്ടത്. (Not mass production- but production by the masses.)

ഒരു വ്യവസായശാലയിൽ പണമൂലധനത്തിനും, യന്ത്രമൂലധനത്തിനും ഉള്ള പ്രാധാന്യം തന്നെ അവിടുത്തെ തൊഴിലാളിയുടെ അദ്ധ്വാനത്തിനും

ഉണ്ടാകും എന്നതാണ് സർവ്വോദയ കാഴ്ചപ്പാട്. ഒരു മുതലാളി സ്ഥലവും പണവും യന്ത്രങ്ങളും സംഘടിപ്പിക്കുമ്പോൾ, തുല്യപ്രാധാന്യമുള്ള മൂലധനം അഥവാ അദ്ധ്വാനം തൊഴിലാളിയുടെ പക്കലാണ്. അദ്ധ്വാനവും മൂലധന മാണ്. ഭൗതിക മൂലധനം ഒരുക്കുന്ന സംരംഭകനും അദ്ധ്വാന മൂലധനം നൽകുന്ന തൊഴിലാളിയും തുല്യ പ്രാധാന്യമുള്ള സംരംഭകർ തന്നെ. ഇത്തരം ഒരു അന്തരീക്ഷമുണ്ടാകുമ്പോൾ മുതലാളി-തൊഴിലാളി വർഗഭേദം, ഉടമ-അടിമ വർഗഭേദം ഇല്ലാതാകുന്നു. വർഗ സംഘർഷം നിലനിർത്തിക്കൊ ണ്ടുപോകാതെ, വർഗ സമന്വയത്തിലൂടെ സോഷ്യലിസത്തിലെത്താനുള്ള മാർഗം ഇതാണ്. ഭൗതിക മൂലധനത്തിന്റെയും അദ്ധ്വാന മൂലധനത്തിന്റെയും പൊതുവായ ഒരു ട്രസ്റ്റിഷിപ്പ് സംവിധാനം സോഷ്യലിസത്തിലേക്കുള്ള ഒരു പ്രധാന ഘട്ടമാണ്.

ഗാന്ധിജിയും കമ്യൂണിസവും

കമ്യൂണിസത്തിന്റെ പ്രയോഗത്തിൽ കടന്നുകൂടുന്ന ഹിംസാത്മക സമീപനത്തെയും അശാസ്ത്രീയതയെയും വിമർശിക്കുമ്പോഴും കമ്യൂണിസ്റ്റ് അനുഭാവികളുടേയും നേതാക്കളുടേയും ത്യാഗമനോഭാവത്തെ മഹാത്മാ ഗാന്ധി ബഹുമാനിച്ചിരുന്നു. കമ്യൂണിസ്റ്റ് ആദർശത്തിനേയും ത്യാഗമനുഷ്ഠിക്കുന്ന മാർക്സിനേയും ലെനിനെയും ഗാന്ധിജി ആദരിച്ചിരുന്നു. ഗാന്ധിജിയുടെ പ്രഥമ ശിഷ്യനായ വിനോബഭാവെ കാറൽ മാർക്സിനെ കുറിച്ച് പറയുമ്പോൾ മഹാമുനി മാർക്സ് എന്നാണ് വിശേഷിപ്പിക്കാറുള്ളത്.

സമൂഹനന്മയ്ക്ക് വേണ്ടി ജീവിതം സമർപ്പിക്കുന്നതുകൊണ്ടാണ് അവരോടു ആദരവ് ഉണ്ടാകുന്നത്. അതേസമയം അവരുടെ ദർശനങ്ങളുടെ അപ്രായോഗികതയും പ്രത്യാഘാത സാധ്യതയും ചൂണ്ടിക്കാണിക്കുന്നതിൽ യാതൊരുവിധ സങ്കോചവും ഗാന്ധിജിക്കോ വിനോബഭാവേക്കോ ഉണ്ടായിരുന്നില്ല. ഗാന്ധിജി വിഭാവന ചെയ്ത സർവ്വോദയദർശനത്തിന്റെയും മാർക്സും എംഗൽസും വിഭാവന ചെയ്ത കമ്യൂണിസത്തിന്റെയും ആത്യന്തികമായ ലക്ഷ്യത്തിൽ സാജാത്യമുണ്ടെങ്കിലും അവയുടെ പ്രയോഗത്തിൽ വളരെ വലിയ വൈജാത്യങ്ങൾ ഉണ്ട് എന്ന് ഗാന്ധിജി വ്യക്തമാക്കിയിരിക്കുന്നു.

സാജാത്യങ്ങൾ

രണ്ട് ദർശനങ്ങളും ലക്ഷ്യമിടുന്നത് ജനക്ഷേമമാണ്. ഇതിനായി വ്യക്തിപരമായി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ അനുഭാവികൾ തയ്യാറാകുന്നു. സമൂഹത്തിൽ ഏറ്റവും ബുദ്ധിമുട്ടുന്ന തൊഴിലാളികളുടെ ഉന്നമനത്തിനും സാമൂഹ്യസമത്വത്തിനും വേണ്ടി കമ്യൂണിസം നിലകൊള്ളുമ്പോൾ ഏറ്റവും ദരിദ്രനായ വ്യക്തിക്ക് പോലും ഉന്നമനം ഉണ്ടാകുന്ന അന്ത്യോദയ എന്ന പ്രക്രിയയ്ക്ക് വേണ്ടി സർവ്വോദയം നിലകൊള്ളുന്നു. അന്ത്യോദയത്തിലൂടെ സാമൂഹ്യസമത്വം ഉണ്ടാക്കാമെന്ന് സർവ്വോദയം നിർദ്ദേശിക്കുന്നു.

ഭരണകൂടത്തിന്റെ അധികാരത്തെ പരമാവധി ലഘൂകരിക്കുകയും അധികാരം ജനങ്ങളിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്ന സമീപനമാണ് സർവ്വോദയത്തിലുള്ളത്. അധികാരവും സമ്പത്തും വികേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സഹകരണാത്മക സമൂഹമാണ് സർവ്വോദയം വിഭാവന ചെയ്യുന്നത്. കമ്യൂണിസം യാഥാർത്ഥ്യമാകുന്നതോടെ സമൂഹത്തിൽ ഭരണകൂടം എന്നത്

സ്വയം കൊഴിഞ്ഞുപോകുകയോ ദുർബലമാകുകയോ ചെയ്യുമെന്ന് മാർക്സിയൻ ദർശനവും വിഭാവന ചെയ്യുന്നു. ഇത്തരം സാജാത്യങ്ങളെ നിരത്തിക്കൊണ്ട് ഈ രണ്ട് ദർശനവും ഏറെക്കുറെ ഒന്നുതന്നെ എന്ന് സമർത്ഥിക്കാൻ തുനിഞ്ഞാൽ അത് തികഞ്ഞ അനീതിയായി മാറും.

ഗാന്ധിയൻ കമ്യൂണിസ്റ്റും കമ്യൂണിസ്റ്റ് ഗാന്ധിയനും

കമ്യൂണിസത്തിൽ വിശ്വസിക്കുകയും പൊതുവെ ശാന്തനും സാത്വികനുമായ വ്യക്തികളെ കമ്യൂണിസ്റ്റ് ഗാന്ധിയൻ എന്ന് പലപ്പോഴും വിശേഷിപ്പിക്കുന്നത് പതിവായിരിക്കുകയാണ്. പ്രസ്തുത വ്യക്തികളുടെ സവിശേഷ ഭാവത്തെ വിശേഷിപ്പിക്കാനായുള്ള ഒരു പദം എന്ന രീതിയിൽ മാത്രമേ ഈ വാക്കുകളെ കാണാനാകൂ. ഗാന്ധിമാർഗത്തിൽ ചലിക്കുന്ന ഒരു വ്യക്തിക്ക് കമ്യൂണിസ്റ്റ് സിദ്ധാന്തപ്രകാരമുള്ള സമൂഹരചനയ്ക്ക് സാധിക്കുകയില്ല. അതുപോലെ കമ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ മുറുകെപ്പിടിക്കുന്ന ഒരു വ്യക്തിക്ക് ഗാന്ധിജി വിഭാവന ചെയ്ത വിധമുള്ള സമൂഹ പരിവർത്തന പ്രക്രിയയിലൂടെ മുന്നോട്ടുപോകാനാകില്ല. എന്നിട്ടും ഒരു വ്യക്തിക്ക് ഇത് സാധ്യമാകുന്നു എന്നു പറയുന്നതിൽ വിശകലനമർഹിക്കുന്ന എന്തോ അസ്വാഭാവികതയുണ്ട്.

വർത്തമാനകാല യാഥാർത്ഥ്യം

ഗാന്ധിസവും കമ്യൂണിസവും തമ്മിൽ കേവലമായ അഹിംസയുടെ അന്തരം മാത്രമേയുള്ളൂവെന്ന് പലരും പറയുന്നു. ഹിംസാരഹിതമായ കമ്യൂണിസമാണ് ഗാന്ധിസം എന്നും അഭിപ്രായമുണ്ട്. എന്നാൽ ഈ അഭിപ്രായങ്ങളെല്ലാം അവ്യക്തതയിൽനിന്ന് രൂപംകൊള്ളുന്നവയാണ്. അതുകൊണ്ടുള്ള ന്യൂനതകൾ മേൽപറഞ്ഞ അഭിപ്രായങ്ങളിലുമുണ്ട്. യഥാർത്ഥമായ ഗാന്ധിയൻ ദർശനം അഥവാ സർവ്വോദയ ദർശനം എന്താണെന്നോ യഥാർത്ഥ കമ്യൂണിസ്റ്റ്ചിന്താപദ്ധതി എന്താണെന്നോ അറിയാത്തതുകൊണ്ടാണ് മേൽപറഞ്ഞ അഭിപ്രായങ്ങൾ ഉടലെടുക്കുന്നത്. ഇതിന് ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഗാന്ധിയൻ ആദർശങ്ങൾ അടിസ്ഥാന പ്രമാണമായി അംഗീകരിച്ചുവെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടികൾ കമ്യൂണിസ്റ്റ് തത്വങ്ങളിൽ പറയുന്ന വിധത്തിൽ അധികാര കേന്ദ്രീകരണവും കേന്ദ്രീകൃത ആസൂത്രണവും ഹിംസയുടെ വിവിധ രൂപങ്ങളും അഴിമതികളുമെല്ലാമാണ് നടപ്പിൽ വരുത്തുന്നത്. കമ്യൂണിസ്റ്റ് പാർട്ടികളാണെങ്കിൽ അധികാരത്തിൽ വരുമ്പോൾ മുതലാളിത്ത ചായ്വുള്ള നയങ്ങളാണ് നടപ്പിലാക്കുന്നത്. ഇതെല്ലാം കണ്ടു വളരുന്ന ഒരാൾ ഗാന്ധിദർശനവും കമ്യൂണിസവും തമ്മിൽ ഒരു അഹിംസയുടെ വ്യത്യാസമേയുള്ളു എന്നു പറഞ്ഞാൽ അതിൽ അത്ഭുതപ്പെടാനില്ല.

ഇരുമ്പുമറയും തുറന്ന ഭൂമികയും

രാഗദ്വേഷാത്മകമായ ഒരു ആസക്തിയുടെ സിദ്ധാന്തമാണ് കമ്യൂണിസം. ദ്വേഷ്യവും സ്പർദ്ധയും ആധിപത്യവുമെല്ലാം ഇതിന്റെ ഭാഗമാണ്. മനുഷ്യന്റെ

വിമോചനവും നന്മയുമാണ് കമ്യൂണിസം ലക്ഷ്യമിടുന്നതെങ്കിലും ഇതിനായി സ്വീകരിക്കുന്ന മാർഗം ഹിംസയുടേയും അക്രമത്തിന്റേതുമാണ്. ഈ കർമ്മ പദ്ധതി വെളിപ്പെടാതിരിക്കാൻ തത്വജ്ഞാനത്തിന്റേതായ ഇരുമ്പുമറ നാലു പാടും വിന്യസിച്ചിരിക്കുന്നു.

വർഗസമരത്തിലൂടെയും സംഘർഷത്തിലൂടെയുമാണ് വ്യക്തിയും സമൂഹവുമെല്ലാം നേട്ടങ്ങൾ കൈവരിക്കുന്നതെന്നും മുന്നേറുന്നതെന്നും കമ്യൂണിസം ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. അമ്മ വാത്സല്യപൂർവം നൽകുന്ന മുലപ്പാൽ പിഞ്ചുകുഞ്ഞ് രുചിയോടെ നുണഞ്ഞ് ഇറക്കുമ്പോഴും അമ്മയും കുഞ്ഞും തമ്മിലുള്ള സംഘർഷത്തിലൂടെയാണ് മുലപ്പാൽ നേടിയെടുക്കുന്നത് എന്ന് ഒരു കമ്യൂണിസ്റ്റ് പറഞ്ഞുകളയും എന്ന് ഒരു നിരീക്ഷകൻ അതിശയോക്തി കലർത്തി പ്രസ്താവിക്കുകയുണ്ടായി. നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞുവച്ച തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രപഞ്ചത്തിലുള്ള എന്തിനേയും വിലയിരുത്താൻ ശാഠ്യം കാണിക്കുമ്പോൾ മേൽപറഞ്ഞ നിരീക്ഷകൻ പറഞ്ഞതിൽ വലിയ അതിശയോക്തി ഇല്ല എന്ന് വ്യക്തമാകും.

ഗാന്ധിയൻ ദർശനത്തിൽ ഇത്തരം ശാഠ്യങ്ങളില്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക എന്നതാണ് ഗാന്ധിയൻ ദർശനം പറയുന്നത്. അന്നും ഇന്നും ഒരേ വാക്കും ഒരേ ശൈലിയും ഒരേ ഘടനയും വേണമെന്ന് സർവ്വോദയ ദർശനം നിർബന്ധിക്കുന്നില്ല. ഒരേ വിഷയത്തെക്കുറിച്ച് രണ്ട് വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തമായ അഭിപ്രായം ഗാന്ധിജി പറഞ്ഞിട്ടുള്ളതായി പലപ്പോഴും കാണാം. ഇത് സംബന്ധിച്ച് ഗാന്ധിജി തന്നെ തന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഒരേ വിഷയത്തിൽ രണ്ട് അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ അവസാനം പറഞ്ഞതാണ് തന്റെ ഇപ്പോഴത്തെ നിലപാട് എന്ന് അദ്ദേഹം പറയുന്നു. സത്യാന്വേഷിയായ ഒരു ദാർശനികന്റെ തുറന്ന ശൈലിയാണ് ഇത്. പുതിയത് വെളിപ്പെട്ടാൽ അത് സ്വീകരിക്കുന്ന തുറന്ന സമീപനമാണ് ഗാന്ധിദർശനത്തിന്റേത്.

ഗാന്ധിയൻ ദർശനത്തിന്റെ അഥവാ സർവ്വോദയ ദർശനത്തിന്റെ ചാലകശക്തി സ്നേഹമാണ്. അതുകൊണ്ടുതന്നെ വർഗസമരത്തിനോ വർഗസംഘർഷത്തിനോ ഒരു സ്ഥാനവുമില്ല. സമരസപ്പെടലിന്റെയും സമന്വയത്തിന്റെയും പാതയിലൂടെയാണ് സാമൂഹ്യ പരിവർത്തനം സാധ്യമാകുന്നത്.

അദ്ധ്വാന മൂലധനവും ട്രസ്റ്റിഷിപ്പും

അനുകൂലമായ സാമൂഹ്യമാറ്റമുണ്ടാകുമ്പോൾ വ്യക്തികളിലും അനുകൂലമാറ്റം ഉണ്ടാകുമെന്ന് കമ്യൂണിസം സിദ്ധാന്തിക്കുന്നു. ഗാന്ധിയൻ ദർശനപ്രകാരം വ്യക്തിയിൽനിന്നാണ് മാറ്റം ആരംഭിക്കുന്നത്. വ്യക്തികൾക്കുണ്ടാകുന്ന ഗുണകരമായ മാറ്റം സമൂഹ പരിവർത്തനത്തിലേക്ക് നയിക്കും.

തൊഴിലാളികളുടെ മഹത്വം ആദ്യമായി ബോധ്യപ്പെടേണ്ടത് തൊഴിലാളിക്ക് തന്നെയാണ്. തന്റെ അദ്ധ്വാനം പകരംവയ്ക്കാനാവാത്ത മൂലധനമാണെന്ന ഉറച്ച ബോധ്യം തൊഴിലാളിക്ക് ഉണ്ടാകണം. മുതലാളിയുടെ പക്ക

ലുള്ള പണ മൂലധനത്തിന് പകരമായി സ്വത്ത് മൂലധനമോ യന്ത്രമൂലധനമോ ഉപയോഗപ്പെടുത്താം. എന്നാൽ അദ്ധ്വാനമൂലധനത്തിന് പകരമായി മറ്റൊന്നുമില്ല. ഈ തിരിച്ചറിവാണ് തൊഴിലാളിയുടെ ആത്മാഭിമാനം ഉണർത്തുന്നത് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. നിശ്ചിത പരിധിയിൽ കവിഞ്ഞ സ്വത്ത് കൂട്ടിവയ്ക്കാൻ മുതലാളിക്ക് അവകാശമുണ്ടായിരിക്കരുത്. പരിധിയിൽ കവിയുന്ന സ്വത്ത് സമൂഹത്തിന്റെ നന്മയ്ക്കായി സമൂഹ ഉടമയിലേക്ക് മാറ്റുന്ന ഒരു സാമൂഹ്യ-സാമ്പത്തിക അന്തരീക്ഷം ഉണ്ടാക്കാനാകും എന്ന് ഗാന്ധിസം വിശ്വസിക്കുന്നു. തൊഴിലാളിയെ വിശ്വാസത്തിലെടുക്കുന്നതും അദ്ധ്വാനത്തെ മൂലധനമായി അംഗീകരിക്കുന്നതുമായ മുതലാളിയും മുതലാളിയെ വിശ്വാസത്തിലെടുക്കുന്ന തൊഴിലാളിയും ഉണ്ടാകണം. ഇത് അസാധ്യമായ കാര്യമല്ല.

വൻതോതിൽ ഉത്പാദിപ്പിച്ചും അത്യന്താധുനിക യന്ത്രങ്ങൾ ഉപയോഗിച്ചും ലാഭമുണ്ടാക്കാനായി മുതലാളിത്തം ശ്രമിച്ചുകൊണ്ടിരിക്കും. വൻകിട ഉത്പാദനം പൊതുമേഖലയിൽ വേണമെന്ന് കമ്യൂണിസം പറയുന്നു. എന്നാൽ സർവ്വോദയ തത്വശാസ്ത്രം വൻതോതിലുള്ള ഉത്പാദനത്തെ നിരാകരിക്കുന്നു. അനവധി ആളുകളാൽ ഉത്പാദനം വർദ്ധിപ്പിക്കണം (Production by the Mass) എന്നതാണ് ഗാന്ധിയൻ രീതി. കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കാനും അദ്ധ്വാന സംസ്കാരം വളർത്താനും ഇത് സഹായിക്കും. സമൂഹത്തിൽ സമത്വം കൈവരിക്കാനും മാനവികതയുടെ വളർച്ചയ്ക്കും ഇത് സഹായകമാകും.

ഭരണകൂടവും വികേന്ദ്രീകരണവും

സമ്പത്തും അധികാരവും വികേന്ദ്രീകരിക്കപ്പെടണം എന്നതാണ് സർവ്വോദയ കാഴ്ചപ്പാട്. സമ്പത്ത് വികേന്ദ്രീകരിക്കപ്പെടുന്നതിനോ പൊതു ഉടമയിലാക്കുന്നതിനോ കമ്യൂണിസവും ഏറെക്കുറെ സമ്മതമാണ്. എന്നാൽ ശക്തവും കേന്ദ്രീകൃതവുമായ ഭരണകൂടം വേണമെന്നാണ് കമ്യൂണിസ്റ്റ് കാഴ്ചപ്പാട്. ഇത്തരം ഒരു ഭരണകൂടത്തെ ഉപയോഗിച്ചുകൊണ്ട് ഒരു സ്ഥിതി സമത്വ സമൂഹം സൃഷ്ടിക്കാമെന്നും അത്തരം ഒരു സ്ഥിതി സമത്വ സമൂഹത്തിൽ ഭരണകൂടം ക്രമേണ ഇല്ലാതാകും എന്നും കമ്യൂണിസം വിശ്വസിക്കുന്നു. പരിവർത്തനഘട്ടത്തിൽ കേന്ദ്രീകൃത ജനാധിപത്യം വേണം എന്നാണ് കമ്യൂണിസം സിദ്ധാന്തിക്കുന്നത്.

മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടി അതിന് കടകവിരുദ്ധമായ ഒരു ശൈലി സ്വീകരിക്കുന്നത് ശരിയല്ല എന്നാണ് ഗാന്ധിജിയുടെ കാഴ്ചപ്പാട്. തെറ്റായ മാർഗത്തിലൂടെ ശരിയായ ലക്ഷ്യത്തിലെത്താൻ സാധിക്കില്ല. ഗാന്ധിജിയുടെ ഈ അഭിപ്രായം ശരിയാണെന്ന് ചരിത്രം തെളിയിക്കുന്നു. കമ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് സമൂഹക്രമം കെട്ടിപ്പടുക്കാൻ ശ്രമിച്ചിടത്തെല്ലാം ഭരണകൂടം കൊഴിഞ്ഞു പോകുന്നതിനു പകരം രാഷ്ട്രം തന്നെ ഛിന്നഭിന്നമാകുകയാണുണ്ടായത്. മറ്റു ചിലയിടങ്ങളിൽ സോഷ്യലിസത്തിന്റെ ലേബലിൽ മുതലാളിത്ത ആഭിമുഖ്യ ഭരണകൂടങ്ങൾ നിലനില്ക്കുന്നു.

പുനഃപരിശോധന ആവശ്യം

അടുത്തകാലത്ത് ഇന്ത്യയിലെ പ്രധാനപ്പെട്ട കമ്യൂണിസ്റ്റ് പാർട്ടികൾ അവരുടെ അഖിലേന്ത്യ കോൺഗ്രസ് ചേർന്നപ്പോൾ പ്രധാനമായും ചർച്ച ചെയ്തത് ഇന്ത്യയിൽ പാർട്ടിക്കുണ്ടാകുന്ന വളർച്ചാമന്ദതയെക്കുറിച്ചാണ്. തങ്ങൾക്ക് തെറ്റുപറ്റിയത് എവിടെയെന്ന് അവർ എണ്ണിയെണ്ണി പറയുകയും സിദ്ധാന്തരൂപം നൽകുകയും ചെയ്തു.

ഇന്ത്യയിൽ 1928 നവംബർ 15-ാം തീയതി ഗാന്ധിജി ഇപ്രകാരം എഴുതി: "ലെനിനെപ്പോലെയുള്ള ചൈതന്യധന്യരുടെ ത്യാഗങ്ങൾകൊണ്ട് അനുഗൃഹീതമായ ആദർശം നിഷ്ഫലമായിപ്പോകുകയില്ലെന്ന വസ്തുത ചോദ്യം ചെയ്യാനാവില്ല. അവരുടെ ത്യാഗത്തിന്റെ മഹത്തായ മാതൃക സദാ സമുജ്ജ്വലിക്കുകയും കാലക്രമേണ അവരുടെ ആദർശത്തിന്റെ പവിത്രീകരണം ത്വരിതപ്പെടുകയും ചെയ്യും." പ്രയോഗത്തിലെ പാളിച്ചകളെ തിരുത്താനും ആദർശത്തെ പവിത്രീകരിക്കുവാനും കമ്യൂണിസത്തിന് സാധിക്കുമോ എന്നാണ് കാലഘട്ടം ഉയർത്തുന്ന വെല്ലുവിളി. പുനഃപരിശോധനകൾ നടക്കുന്നുണ്ടെങ്കിലും തുടർന്ന് ആവിഷ്കരിക്കുന്ന കർമ്മപരിപാടികളിൽ വലിയ പുതുമയൊന്നും കാണുന്നില്ല. പാർട്ടിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റം വലതുപക്ഷ വ്യതിയാനമാണ് (മുതലാളിത്ത ആഭിമുഖ്യ വ്യതിയാനം) എന്ന് കമ്യൂണിസ്റ്റു പാർട്ടികൾ പരസ്പരവും പാർട്ടിക്കുള്ളിലെ ഗ്രൂപ്പുകൾ പരസ്പരവും പഴിചാരിക്കൊണ്ടിരിക്കുന്നു. ഇതാണ് സത്യമെങ്കിൽ മുതലാളിത്തത്തിന് ബദലാകാൻ കമ്യൂണിസത്തിന് സാധിക്കില്ല എന്നു മാത്രമല്ല മുതലാളിത്ത പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന കേവലമായൊരു രാസത്വരകം എന്ന നിലയിലേക്ക് അതിന് അധഃപതിക്കേണ്ടിവരും. കമ്യൂണിസവും മുതലാളിത്തവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാകുന്നത് ഇത്തരം ഒരു സാഹചര്യത്തിലാണ്.

ഇതല്ല സമൂഹം ഇന്ന് ആഗ്രഹിക്കുന്നത്

ജനാധിപത്യം, വികേന്ദ്രീകരണം, വ്യക്തിസ്വാതന്ത്ര്യം, ആത്മീയത, ട്രസ്റ്റിഷിപ്പ് സംവിധാനങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുതിയ കർമ്മപദ്ധതിയാണ് ഉണ്ടാകേണ്ടത്. ഗാന്ധിജി നേരത്തെ പ്രത്യാശിച്ചതുപോലെയുള്ള ആദർശത്തിന്റെ പവിത്രീകരണം ഉണ്ടായാൽ അത് കമ്യൂണിസത്തിനും ഇന്ത്യക്കും ലോകത്തിനും ഗുണം ചെയ്യും.

സർവ്വോദയ സൗന്ദര്യ വീക്ഷണം

എന്താണ് സൗന്ദര്യം എന്നതിനെക്കുറിച്ച് അനാദികാലം മുതൽക്കു തന്നെ ഭിന്നമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. സൗന്ദര്യം വസ്തുനിഷ്ഠമാണോ ആത്മനിഷ്ഠമാണോ ഇവ രണ്ടും ചേർന്നതാണോ എന്നിങ്ങനെയുള്ള സന്ദേഹ പ്രകടനങ്ങളും ഏറെക്കാലമായി നിലനിൽക്കുന്നു. ഇത്തരം തർക്കങ്ങളിൽ ഇടപെട്ട് വ്യാഖ്യാനങ്ങൾ നടത്താനോ ഏതെങ്കിലും ഒരു അഭിപ്രായഗതിയെ സ്വീകരിക്കാനോ എതിർക്കാനോ മഹാത്മാഗാന്ധി തയ്യാറായില്ല. എന്നാൽ വ്യക്തമായ ഒരു സൗന്ദര്യവീക്ഷണം ഗാന്ധിജിക്കുണ്ടായിരുന്നു. അദ്ദേഹം മുന്നോട്ടുവച്ച സർവ്വോദയദർശനത്തിന് ആധാരമായി ഈ സൗന്ദര്യ വീക്ഷണം എക്കാലവും നിലകൊണ്ടു.

ഹൃദയശുദ്ധി, സദാചാരം, അഹിംസ, വിശക്കുന്നവന്റെ അന്നം, അദ്ധ്വാന സംസ്കാരം, സേവനം എന്നിങ്ങനെ സത്യത്തിന്റെ പ്രയോഗതലങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം സൗന്ദര്യത്തെ നിർണയിച്ചിരിക്കുന്നത്. മേൽപറഞ്ഞവയെല്ലാം എക്കാലത്തും പ്രസക്തവും സുന്ദരവുമാണ്. സുന്ദരമായതിന് സ്ഥായീഭാവമുണ്ടെന്നർത്ഥം. സ്ഥായിയായത് സത്യമായിരിക്കും. മറ്റൊരുതരത്തിൽ സത്യമായതാണ് സുന്ദരം.

സത്യമാണ് ദൈവം എന്നും ദൈവമാണ് സത്യം എന്നും ഗാന്ധിജി തന്റെ ജീവിതത്തിലൂടെ വ്യക്തമാക്കി. സത്യത്തിന്റെ അഥവാ ദൈവീകതയുടെ ആവിഷ്കാരമാണ് സൗന്ദര്യം എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അതുകൊണ്ട് സൗന്ദര്യം സ്ഥായിയായതും നിത്യനൂതനവും നിത്യാനന്ദദായകവുമാണ്.

സംസ്കൃത അലങ്കാരങ്ങളിൽ സൗന്ദര്യത്തെക്കുറിച്ച് പറയുന്നതിപ്രകാരമാണ്:

"ക്ഷണേക്ഷണേ യന്നവതാമുപൈതി
തദേവ രൂപം രമണീയതാ"

ചിരപരിചയം കൊണ്ട് ആകർഷകതയും ആസ്വാദ്യതയും നശിച്ചുപോകാത്ത വസ്തുവാണ് സുന്ദരമായിട്ടുള്ളത്.

ആംഗേലയ കവിയായ ജോൺ കീറ്റ്സ് പറയുന്നു: സൗന്ദര്യം നിത്യാനന്ദദായകമാണ് (A thing of beauty is a joy for ever)

പാശ്ചാത്യവും പൗരസ്ത്യവുമായ ഈ രണ്ട് അഭിപ്രായങ്ങളിലും സൗന്ദര്യത്തിന്റെ നിത്യതയെക്കുറിച്ച് അഭിപ്രായ ഐക്യം പ്രകടമാകുന്നു.

സൗന്ദര്യത്തിന് സദാചാരം, ഹൃദയ വിശുദ്ധി എന്നിവയുമായുള്ള ബന്ധത്തെക്കുറിച്ച് കുമാരസംഭവത്തിൽ കാളിദാസൻ ഇപ്രകാരം പറയുന്നു:

"യദുച്യതേ പാർവതി പാപവൃത്തയേ നരൂപമിത്യ വ്യഭിചാരി തദ്വച"

സുന്ദര വസ്തുവിൽനിന്നും പാപാതരണം ഉണ്ടാകുന്നില്ല എന്നത് മാറ്റമില്ലാത്ത (അവ്യഭിചാരി) വസ്തുതയാണ്. സൗരൂപ്യമല്ല, സാത്വികതയും നൈർമല്യവുമാണ് ഒരു വ്യക്തിയുടെ സൗന്ദര്യം നിർണയിക്കുന്നത് എന്നാണ് ഇവിടെ സമർത്ഥിക്കുന്നത്.

സൗന്ദര്യം

സർവ്വോദയവീക്ഷണപ്രകാരം, ഒരു വസ്തുവിന്റെ ഗുണത്തിലാണ് സൗന്ദര്യം സ്ഥിതി ചെയ്യുന്നത്. പ്രകൃതിയുടെ താളാത്മകതയും മാനവികതയും നിലനിർത്തുന്നതും പോഷിപ്പിക്കുന്നതുമായ വസ്തുക്കളിലാണ് സൗന്ദര്യമുള്ളത്. പ്രകൃതിയുമായി ഒരു ആദാന – പ്രദാന പ്രക്രിയ (സ്വാഭാവികമായ കൊടുത്തുവാങ്ങൽ) നടക്കുമ്പോഴാണ് താളാത്മകത അനുസ്യൂതം തുടരുന്നത്. ഇത്തരം ഒരു താളത്തിനുമുണ്ട് സൗന്ദര്യം.

വിഭവങ്ങളുടെ മേലുള്ള ആക്രമണവും ചൂഷണവും പ്രകൃതിയുടെ താളം നിലയ്ക്കാൻ (ഇല്ലാതാക്കാൻ) കാരണമാകുന്നു. ഇത്തരം ഹിംസാത്മക പ്രവർത്തനത്തിലൂടെ സൃഷ്ടിക്കുന്ന വസ്തു ഒരിക്കലും സുന്ദരമായിരിക്കില്ല. അതുപോലെ മാനവിക ഗുണങ്ങളെ വളർത്തുന്ന വസ്തുക്കളാണ് സുന്ദരമായത്. മനുഷ്യനിൽ മൃഗീയതയും നീചഭാവവും വളർത്തുന്ന ഏതൊരു വസ്തുവും സുന്ദരമല്ല.

വിശക്കുന്നവന് നൽകുന്ന ഭക്ഷണവും പാവപ്പെട്ടവന് ഒരുക്കിക്കൊടുക്കുന്ന അടിസ്ഥാന സൗകര്യങ്ങളുമാണ് സുന്ദരമായിട്ടുള്ളത്. ഇവ നിഷേധിച്ചുകൊണ്ട് ആർഭാടവസ്തുക്കൾ മാത്രം സൃഷ്ടിച്ച് എത്രമാത്രം അലങ്കരിച്ചാലും യഥാർത്ഥ സൗന്ദര്യം ലഭിക്കുകയില്ല. ഇത് തലതിരിഞ്ഞ വികസന തന്ത്രമായിരിക്കും. വിശക്കാതിരിക്കാൻ അന്നം നേരിട്ട് നൽകുകയല്ല വേണ്ടത് എന്ന് ഗാന്ധിജി പ്രത്യേകം പറയുന്നു. കായികശേഷിയുള്ള ഏതൊരാൾക്കും അദ്ധ്വാനിക്കാനുള്ള (തൊഴിൽ ചെയ്യാനുള്ള) അവസരം ഒരുക്കുകയാണ് വേണ്ടത്. തൊഴിൽ ലഭിക്കുമ്പോൾ വരുമാനമുണ്ടാകുന്നു. അന്നവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താനും സാധിക്കുന്നു. ഇതാണ് സർവ്വോദയ വികസന തന്ത്രം. ഇത്തരത്തിലുള്ള ആസൂത്രണത്തിനുമുണ്ട് സൗന്ദര്യം.

സംഗീതം

പ്രകൃതിയുടെ താളത്തിനൊപ്പമുള്ള സംഗീതവും സുന്ദരമാണ്. അദ്ധ്വാനത്തിന്റെ പ്രതീകമായ ചർക്കയുടെ ശബ്ദം മനോഹരമായ സംഗീതമായാണ് ഗാന്ധിജിക്ക് അനുഭവപ്പെടുന്നത്. നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക

എന്ന സർവ്വോദയ ആദർശം സ്വജീവിതത്തിൽ പകർത്തുന്ന ഏതൊരാൾക്കും അദ്ധ്വാനം ആരാധനയാണ്. ഇത്തരം ആരാധന നിത്യാനന്ദം നൽകുന്ന സുന്ദര പ്രക്രിയയാണ്. ആരാധനയും ഭക്തിയും സംഗീതത്തെ പരിപോഷിപ്പിക്കുന്നു. സംഗീതം ഭക്തിയെയും പരിപോഷിപ്പിക്കുന്നു.

പ്രാഥമിക വിദ്യാലയങ്ങളിൽ സംഗീത പഠനം വേണം എന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. സ്കൗട്ട് പ്രസ്ഥാനത്തിൽ ദേശഭക്തി ഗാനങ്ങളുടെ അഭ്യസനം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സംഗീതം ധാർമ്മികതയെ വളർത്തുന്നു.

എന്നാൽ ശൃംഗാരരസപ്രചരണത്തിന്റെ ഉപാധിയാക്കി സംഗീതത്തെ മാറ്റുന്നത് തികച്ചും ദൗർഭാഗ്യകരമാണെന്ന് ഗാന്ധിജി പറഞ്ഞു. അടുത്തകാലത്ത് രംഗത്തു വന്നുകൊണ്ടിരിക്കുന്ന കൊലവെറി പാട്ടുകളിലും സൗന്ദര്യം ദർശിക്കാനാവില്ല. മനസ്സിന് ശാന്തിയും സമാധാനവും നൽകുന്നതാണ് യഥാർത്ഥ സംഗീതം. മേൽപറഞ്ഞ സംഗീതങ്ങൾ മനസ്സിനെ അസ്വസ്ഥമാക്കുകയും മാനവിക ഗുണങ്ങളെ ക്ഷയിപ്പിക്കുകയും ചെയ്യും.

കലയും കലാകാരനും

യഥാർത്ഥ കലയും സാഹിത്യവും വ്യക്തിയുടേയും സമൂഹത്തിന്റേയും ശുദ്ധീകരണത്തെ ത്വരിതപ്പെടുത്തുമെന്ന് ഗാന്ധി വിശ്വസിച്ചു. കല മനുഷ്യനിലെ ഈശ്വരീയ ഗുണങ്ങളെ ആവിഷ്കരിക്കുന്നു. ഇപ്രകാരം സദ്ഗുണങ്ങളെ പരിപോഷിപ്പിക്കുക വഴി ലഭ്യമാകുന്ന ജീവിത പരിശുദ്ധിയാണ് ഏറ്റവും ഉന്നതമായ കല. ആത്മസാക്ഷാത്കാരത്തിലേക്കുള്ള യാത്രയിൽ പാഥേയമായി കല നിലകൊള്ളുന്നു. ഇത്തരം ഒരു യാത്ര സത്യാന്വേഷണത്തിന്റെ യാത്ര കൂടിയാണ്.

ഇപ്രകാരം സത്യത്തിന്റെ സൗന്ദര്യം ദർശിക്കുവാൻ തുടങ്ങുമ്പാഴാണ് യഥാർത്ഥ കല രൂപംകൊള്ളുന്നത്. ഇത്തരം കല വ്യക്തിക്കും സമൂഹത്തിനും ശാന്തി നൽകുന്നു.

ജീവിത വിശുദ്ധിയാണ് യഥാർത്ഥ കല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കലാകാരനും ഈ വിശുദ്ധി ഉണ്ടാകണം. കലാകാരന്റെ ജീവിത വിശുദ്ധിയും കലയും തമ്മിൽ വളരെ ബന്ധമുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നന്നായി ജീവിക്കാൻ പഠിച്ചവനാണ് യഥാർത്ഥ കലാകാരൻ.

സാഹിത്യത്തിന്റെ കാര്യവും ഇതുതന്നെ. മനുഷ്യനിലെ സദ്ഗുണങ്ങളെ വളർത്തുകയാവണം സാഹിത്യത്തിന്റെ ലക്ഷ്യം. കലയിലും സാഹിത്യത്തിലും അനാവശ്യമായ സങ്കീർണതകൾ സൃഷ്ടിക്കുന്നത് നല്ലതല്ല. ഇത്തരം സങ്കീർണതകൾ സത്യത്തിൽ നിന്ന് കലാകാരനേയും സാഹിത്യകാരനേയും അവരുടെ സൃഷ്ടികളേയും അകറ്റും. ഈ അപചയം കലാസൃഷ്ടിയിലും കലാകാരനിലും മാത്രം ഒതുങ്ങി നില്ക്കില്ല. സമൂഹത്തിലേക്കും ഈ അപചയം വ്യാപിക്കുകയും ശാന്തിയും സമാധാനവും തകരുകയും

ചെയ്യുന്നു. കലയ്ക്ക് വേണ്ടി കലാസൃഷ്ടി നടത്തുമ്പോഴും സത്യത്തിൽ നിന്നുള്ള അന്യവത്കരണം നടക്കുന്നു.

രാജ്യതന്ത്രവും ജനതന്ത്രവും

രാഷ്ട്രമീമാംസയുടെ കാര്യത്തിലും സൗന്ദര്യദർശനം പ്രസക്തമാകുന്നു. അധികാരവും ആധിപത്യവും പ്രയോഗിക്കുന്ന രാജ്യതന്ത്രത്തേക്കാൾ സൗന്ദര്യമുള്ളത് ജനതന്ത്രത്തിനാണെന്ന് ഗാന്ധിജി അഭിപ്രായപ്പടുന്നു.

സ്വമേധയാ അച്ചടക്കത്തെ ജീവിതശൈലിയാക്കുന്നത് ഭരണത്തേക്കാൾ സുന്ദരമാണ്. തികച്ചും സ്വതന്ത്രമായ അവസ്ഥയാണ് അധികാര പ്രയോഗത്തേക്കാൾ സുന്ദരമായിട്ടുള്ളത്. മുകളിൽനിന്നുള്ള നിയന്ത്രണത്തേക്കാൾ സൗന്ദര്യമുള്ളത് സ്വയം തീരുമാനിച്ച് പാലിക്കുന്ന സംയമനത്തിനാണ്.

അധികാരത്തെ കൈയടക്കാനും നിലനിർത്താനുമുള്ള മത്സരത്തേക്കാൾ സൗന്ദര്യമുള്ളത് കടമകളും കർത്തവ്യാനുഷ്ഠാനങ്ങളും ശരിയായി നിർവഹിച്ച് മുന്നേറുന്ന ജീവിതത്തിനാണ് എന്നതാണ് സർവ്വോദയവീക്ഷണം.

അധികാരവും സമ്പത്തും കേന്ദ്രീകരിക്കുമ്പോൾ സാമൂഹിക - സാമ്പത്തിക മേഖലയിൽ സംജാതമാകുന്ന അസന്തുലിതാവസ്ഥയും അസമത്വവും സമൂഹത്തെ വികൃതമാക്കുന്നു. എന്നാൽ ഇവ വികേന്ദ്രീകരിക്കപ്പെടുമ്പോൾ സമൂഹത്തിൽ ആത്മവിശ്വാസവും പരസ്പര സഹകരണവും പൊതുജന സേവനവും സജീവമാകുന്നു. ഇതുവഴി സമൂഹ ജീവിതം ദീപ്തവും സുന്ദരവുമാകുന്നു.

ഇപ്രകാരം വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും സൗന്ദര്യത്തെ നിർണയിക്കാനും നിർവചിക്കാനും ഗാന്ധിയൻ - സർവ്വോദയ സൗന്ദര്യദർശനത്തിന് സാധിക്കുന്നു.

കക്ഷി രഹിത ജനാധിപത്യം

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് ഗാന്ധിജി മുന്നോട്ടു വച്ച പ്രധാന നിർദേശങ്ങളിൽ ഒന്ന്: "ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിരിച്ചു വിടണം" എന്നതായിരുന്നു. കോൺഗ്രസ് സ്വാതന്ത്ര്യ സമരത്തിനായുള്ള ദേശീയ പ്രസ്ഥാനം ആയിരുന്നുവെന്നും സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്ന് ഇത്തരം ഒരു പ്രസ്ഥാനം ഇതേ സ്വഭാവത്തിൽ തുടരേണ്ടതില്ല എന്നുമാണ് ഗാന്ധിജി അർത്ഥമാക്കിയത്.

പകരം ഒരു ജനസേവാ പ്രസ്ഥാനത്തിന് രൂപം നൽകണമെന്നും അദ്ദേഹം പറഞ്ഞു. ഇത്തരം ഒരു പ്രസ്ഥാനത്തിനു വേണ്ടിയുള്ള നിയമാവലിയും അദ്ദേഹം തയ്യാറാക്കി. അധികം താമസിയാതെ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു.

ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ അഥവാ ഐതിഹാസികമായ സമരത്തെത്തുടർന്ന് ബ്രിട്ടീഷുകാർ പുറത്തുപോകുമ്പോൾ കോൺഗ്രസ്സിനെ പിരിച്ചുവിട്ടാൽ പിന്നെ ഭരണം നടത്താൻ ആര് ഉണ്ടാകും എന്നാണ് പല മുതിർന്ന നേതാക്കളും ചോദിച്ചത്. ഇത്തരം ഒരു നിർദ്ദേശം അനവസരത്തിലുള്ളതാണെന്ന് പലരും പറഞ്ഞു.

വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഗാന്ധിജി ഈ നിർദ്ദേശം വച്ചത്. ഇക്കാലത്ത് ഇന്ത്യയുടെ ഭരണഘടനയും ഔപചാരികമായി നിലവിൽ വന്നിരുന്നില്ല. കോൺഗ്രസ് പാർട്ടി മാത്രമല്ല, മറ്റ് രാഷ്ട്രീയ പാർട്ടികളും പിരിച്ചു വിടപ്പെടണം എന്നുതന്നെയാണ് ഗാന്ധിജി ഉദ്ദേശിച്ചത്. കാരണം, അദ്ദേഹം വിഭാവന ചെയ്ത സ്വതന്ത്ര ഭാരതത്തിന്റെ ഭരണസംവിധാനത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് വലിയ സ്ഥാനമില്ല. നിലവിലുള്ള രാഷ്ട്രീയ പാർട്ടികൾ ജനസേവനത്തിനും സാമൂഹ്യ നിർമ്മാണ പ്രവർത്തനങ്ങൾക്കും മുൻകൈയെടുക്കുന്ന പ്രസ്ഥാനങ്ങളോ സമിതികളോ ആയി രൂപാന്തരപ്പെടണമെന്നാണ് ഗാന്ധിജി ഉദ്ദേശിച്ചത്.

ഗ്രാമ റിപ്പബ്ലിക്കുകളുടെ ഒരു കൂട്ടായ്മയായി (a union of village Republics) ഭാരതം നിലകൊള്ളണമെന്നാണ് ഗാന്ധിജി വിഭാവന ചെയ്തത്

ഗ്രാമസ്വരാജ് ഭരണസംവിധാനം (ഏകദേശരൂപം)

അൻപതോ നൂറോ വീടുകൾ ഒരു അടിസ്ഥാന യൂണിറ്റ്. ഇവിടത്തെ മുതിർന്ന ആളുകൾ ഒരിടത്ത് ഒത്തുചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

അവരുടെ ഒരു പ്രതിനിധിയെ പൊതുസമ്മതപ്രകാരം തിരഞ്ഞെടുക്കുന്നു. രഹസ്യ ബാലറ്റോ, തെരഞ്ഞെടുപ്പ് പ്രചാരണമോ, പണവും മദ്യവും ഒഴുക്കി വോട്ടുപിടുത്തമോ, ജാതിമത പ്രീണനമോ ഒന്നും തന്നെ ആവശ്യമില്ല.

ഒരു പ്രദേശത്തെ അയൽപക്കക്കാരായ ആളുകൾക്ക്, ഓരോ തവണയും ആരാണ് തങ്ങളുടെ പ്രതിനിധിയാകേണ്ടത് എന്ന് തീരുമാനിക്കാൻ ഒരു പ്രയാസവും ഉണ്ടാകില്ല. ഇപ്രകാരം ഒരു ഗ്രാമത്തിലെ ഓരോ അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞടുക്കപ്പെട്ടു വരുന്ന പ്രതിനിധികൾ ചേരുന്നതാണ് ഗ്രാമപഞ്ചായത്ത് കൗൺസിൽ. ഇവരിൽ നിന്ന് ഒരാളെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും നാലോ, അഞ്ചോ പേരെ ഭരണ സമിതിയംഗമായും തെരഞ്ഞെടുക്കുന്നു. ഗ്രാമപഞ്ചായത്ത് കൗൺസിലിൽ നിന്ന് നോമിനേറ്റ് ചെയ്യപ്പെടുന്ന ഒരാളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും തൊട്ടടുത്ത തലത്തിലെ (ബ്ലോക്ക്/ജില്ല) പ്രതിനിധികളാകുന്നു. ജില്ലയിൽ നിന്ന് സംസ്ഥാനത്തേക്കും സംസ്ഥാനത്തു നിന്ന് അഖിലേന്ത്യാ തലത്തിലേക്കും ഉള്ള പ്രതിനിധികളും നോമിനേറ്റ് ചെയ്യപ്പെടുന്നു. അയൽക്കൂട്ടത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ തന്നെയാണ് അഖിലേന്ത്യാ തലം വരെയുള്ള ഭരണ ഉത്തരവാദിത്തം വഹിക്കുന്നത്. ആരുടെയെങ്കിലും ഭാഗത്തു നിന്ന് തെറ്റായ സമീപനമുണ്ടായാൽ ആ പ്രതിനിധിയെ തിരിച്ചു വിളിക്കാനും അയൽക്കൂട്ട സഭയ്ക്ക് അധികാരമുണ്ടായിരിക്കും.

ഭരണപരവും ധനപരവുമായ പരമാവധി നിർവഹണ സാധ്യതകൾ ഗ്രാമപഞ്ചായത്തിനായിരിക്കും. ഇക്കാര്യത്തിൽ ജനങ്ങൾക്കും, അയൽക്കൂട്ടങ്ങൾക്കും ഗ്രാമപഞ്ചായത്തിനും ദൈനംദിന ബന്ധങ്ങൾ ഉണ്ടായിരിക്കും. ജനങ്ങൾക്കാവശ്യമായ ഉത്പാദനവും വിതരണവും, മറ്റു സേവനപ്രവർത്തനങ്ങളും ഗ്രാമതലത്തിൽ നടക്കുന്നു. ഇപ്രകാരം സ്വാശ്രിത ഗ്രാമങ്ങൾ ഉണ്ടാകുന്നു. അതേസമയം ഗ്രാമങ്ങൾ തമ്മിൽ സഹകരണവും കൊടുത്തു വാങ്ങലുകളും സാംസ്കാരിക വിനിമയങ്ങളും സാധ്യമാവുന്നു. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ വളരെ പരിമിതമായിരിക്കും. എന്നാൽ സുപ്രധാന വിഷയങ്ങളുമായിരിക്കും.

സ്വതന്ത്രമായ അഞ്ച് ഘടകങ്ങൾ രാജ്യത്തിന് പൊതുവായി ഉണ്ടായിരിക്കാവുന്നതാണ്. നിയമനിർമ്മാണസഭ, ഭരണനിർവഹണ വിഭാഗം, നീതിന്യായ വിഭാഗം, സ്വതന്ത്രമായ മാധ്യമങ്ങൾ, തെരഞ്ഞെടുപ്പ് കമ്മീഷൻ, വിജിലൻസ് കമ്മീഷൻ എന്നിവ സ്വാശ്രയ ഗ്രാമങ്ങൾക്ക് സൃഷ്ടിപരമായ സഹായം നൽകുകയും ചെയ്യുന്നു. കേന്ദ്രം സംസ്ഥാനത്തെയോ, സംസ്ഥാനം ജില്ലയെയോ, ജില്ല ഗ്രാമത്തെയോ ഞെരുക്കുന്ന ഏർപ്പാടില്ല. ജനങ്ങൾക്ക് ഭരണ കാര്യങ്ങളിൽ പരമാവധി ഇടപെടാനും പങ്കാളിയാകാനും സാധിക്കുന്നു. ഭരണ സംവിധാനം തെറ്റായ വഴിക്കാണ് നീങ്ങുന്നതെങ്കിൽ അതിനെ തിരുത്താനും ഇത്തരക്കാരെ തിരിച്ചു വിളിക്കാനും സാധിക്കുന്നു.

അതുകൊണ്ടുതന്നെ ജനപ്രതിനിധികൾ കൂടുതൽ ജാഗ്രതയുള്ളവരായിരിക്കും.

ഇത്തരം ഒരു ഭരണസംവിധാനം മുന്നോട്ടുപോകാൻ രാഷ്ട്രീയ പാർട്ടികൾ ആവശ്യമില്ല. പണവും മദ്യവും ഒഴുക്കേണ്ടതില്ല. വോട്ട് ബാങ്ക് രാഷ്ട്രീയത്തിന്റെ പേരിൽ ജാതി-മത പ്രീണനങ്ങളും ആവശ്യമില്ല.

ഇവിടെ സൂചിപ്പിച്ചരീതിയിലുള്ള ഭരണസംവിധാനങ്ങൾ ഓരോ പ്രദേശത്തിന്റേയും സാഹചര്യങ്ങളും പ്രത്യേകതകളും അനുസരിച്ച് വിശദാംശങ്ങളിൽ മാറ്റങ്ങളോടെ യാഥാർത്ഥ്യമാക്കാനാകും. സാരാംശത്തിൽ മാറ്റമുണ്ടാകരുതെന്ന് മാത്രം.

ഇന്നത്തെ അവസ്ഥ

ലോക്നായക് ജയപ്രകാശ് നാരായണന്റെ വാക്കുകളിൽ പറഞ്ഞാൽ: "ജനാധിപത്യത്തിൽ രണ്ട് ഘടകങ്ങൾ ഉണ്ട്. ജനവും ആധിപത്യവും. ഇപ്പോൾ ആധിപത്യം മാത്രമേ ഉള്ളു. ജനത്തിന് യാതൊരു സ്ഥാനവുമില്ല." എല്ലാം രാഷ്ട്രീയ പാർട്ടികൾ തീരുമാനിക്കുന്നു. ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ മുതൽ പാർലമെന്റംഗംവരേയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുതൽ ഇന്ത്യൻ പ്രധാനമന്ത്രിവരേയും ആരായിരിക്കണമെന്ന് രാഷ്ട്രീയ പാർട്ടികളാണ് തീരുമാനിക്കുന്നത്. ഒരു വാർഡിലോ നിയോജക മണ്ഡലത്തിലോ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ഒരാളെ തിരഞ്ഞടുക്കാനുള്ള അധികാരം മാത്രമേ ജനത്തിനുള്ളൂ. സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നത് രാഷ്ട്രീയ പാർട്ടികൾ. പല പ്പോഴും പാർട്ടിയല്ല ഇത് തീരുമാനിക്കുന്നത്. പാർട്ടിയിലെ പ്രബലമായ ഗ്രൂപ്പും ഗ്രൂപ്പിലെ പ്രബലമായ നേതാവുമായിരിക്കും സ്ഥാനാർത്ഥിപ്പട്ടിക ഉണ്ടാക്കുന്നത്. ജനപ്രതിനിധിയിൽ നിന്ന് ആര് ഭരണാധികാരിയാകണമെന്ന് തീരുമാനിക്കുന്നതും ഗ്രൂപ്പ് സമവാക്യങ്ങളും ഗ്രൂപ്പ് മേധാവിയും തന്നെ. ഇവിടെ ജനങ്ങൾക്ക് പങ്കില്ല. ഏകാധിപതിയെപ്പോലെയുള്ള ഒരു ഗ്രൂപ്പ് നേതാവോ, പ്രബലരായ അവരെ നിയന്ത്രിക്കുന്ന ജാതി-മത മേലധ്യക്ഷന്മാരോ, ബിസിനസ്സ് ഗ്രൂപ്പുകളോ ആണ് കാര്യങ്ങൾ തീരുമാനിക്കുന്നത്.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു പഞ്ചായത്ത് വാർഡിൽ നിന്ന് മെമ്പറാകാൻ തെരഞ്ഞെടുപ്പ് പ്രചരണത്തിനും മറ്റ് കാര്യങ്ങൾക്കുമായി ചുരുങ്ങിയത് അമ്പതിനായിരം രൂപയും എം.എൽ.എ ആകാൻ ചുരുങ്ങിയത് അമ്പത് ലക്ഷം രൂപയും, എം.പി ആകാൻ ചുരുങ്ങിയത് ഒരു കോടി രൂപയും ചെലവാകും. കൂടാതെ അഞ്ച് വർഷക്കാലം ജനപ്രതിനിധിയായി നടക്കുന്നതിനുള്ള ചെലവ് വേറെയും. ഇത്രയും സംഖ്യ മുതൽമുടക്കുന്ന ഒരാൾ അല്ലെങ്കിൽ പാർട്ടി അത് തിരിച്ചുകിട്ടാൻ ശ്രമിക്കുക സ്വാഭാവികമാണ്. ഇത്തരം ഒരവസരത്തിലാണ് ജനപ്രതിനിധി ഭൂമാഫിയ മുതൽ ബഹുരാഷ്ട്ര കുത്തക കമ്പനിവരെയുള്ള ജനവിരുദ്ധ ശക്തികളുടെ ഏജന്റുമാരായി തീരുന്നത്.

വളരെ സൗമ്യശീലരും ജനപ്രിയരുമായിരുന്ന ഇവർ അധികാരത്തിന്റെ ഒരു വർഷം പിന്നിടുമ്പോഴേക്കും അഹംഭാവത്തിന്റേയും ആധിപത്യത്തിന്റേയും പ്രതീകങ്ങളായി മാറുന്നു. അവരുടെ ശരീരഭാഷ തന്നെ മാറുന്നു. ഒരു തരം യജമാനഭാവം അവരിൽ വളർന്നുവരുന്നു. ഒരിക്കൽ ലഭിച്ച അധികാരം നിലനിർത്താൻ ഒരു കൂട്ടർ ശ്രമിക്കുമ്പോൾ അധികാരത്തിലെത്താൻ മറ്റൊരു കൂട്ടർ ശ്രമിക്കുന്നു. കൊലപാതകങ്ങൾ നടത്തിയും, വർഗീയ കലാപങ്ങൾ സൃഷ്ടിച്ചും കുത്തക കമ്പനികൾക്ക് നാട്ടിൽ വേരുറപ്പിക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുത്തും രാഷ്ട്രീയ പാർട്ടികൾ അധികാരത്തിനുവേണ്ടി മത്സരിക്കുന്നു.

അധികാരവും സമ്പത്തും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏത് രാഷ്ട്രീയ പാർട്ടിയുമായി കൂട്ടുകൂടാനും ഒരു രാഷ്ട്രീയ പാർട്ടിക്കും മടിയില്ല. അധികാരത്തിനു വേണ്ടി അല്ലെങ്കിൽ സ്വാർത്ഥലാഭത്തിനു വേണ്ടി കൂട്ടുകൂടാത്ത ഒരൊറ്റ രാഷ്ട്രീയപാർട്ടി പോലും ഇന്ത്യയിലില്ല. മുന്നണിയോ മുന്നണിയുടെ ഗവൺമെന്റിനെ പിൻതുണച്ചോ ബാന്ധവം സ്ഥാപിച്ച് അവർ കാര്യം നേടിയിട്ടുണ്ട്. ആദർശം പ്രസംഗത്തിൽ മാത്രം. അവസരവാദവും അധികാര രാഷ്ട്രീയവും മൂലം മത്തുപിടിച്ച ഇത്തരം രാഷ്ട്രീയപാർട്ടികൾ എന്നേ ജനങ്ങളെ മറന്നു കഴിഞ്ഞിരിക്കുന്നു.

പരേതാത്മാക്കൾക്കായി ശ്രാദ്ധവും ബലികർമ്മങ്ങളും ചെയ്യുന്നപോലെ വർഷത്തിലൊരിക്കലോ അഞ്ചുവർഷത്തിലൊരിക്കലോ അവർ ജനങ്ങളുടെ അടുത്തെത്തുന്നു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ഭരണസംവിധാനത്തിന് നേരെ ഉയർത്തുന്ന പ്രധാന വിമർശനം, ബാലറ്റും തെരഞ്ഞെടുപ്പും ഇല്ലാതെ പൊതു സമ്മതനായി ഒരാളെ തെരഞ്ഞെടുക്കാനാവില്ല എന്നതാണ്. എത്രയോ സംഘടനകളും ഉത്സവാഘോഷ കമ്മിറ്റികളുമെല്ലാം പൊതു സമ്മതപ്രകാരമല്ലേ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് തന്നെ ആ വിമർശനം നിലനിൽക്കുന്നതല്ല. അടുത്തകാലത്ത് ഉത്തർപ്രദേശിലെ കനൗജ് പാർലമെന്റ് മണ്ഡലത്തിൽ നിന്ന് ഡിംബിൾ യാദവ് (മുഖ്യമന്ത്രി അഖിലേഷ് യാദവിന്റെ ഭാര്യ) എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. അഞ്ചു ലക്ഷത്തിലേറെ വോട്ടർമാരുള്ള മണ്ഡലത്തിൽ ഇത് സംഭവിച്ചത് എങ്ങനെയാണ്. ഇന്ത്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്കെല്ലാം അവിടെ യൂണിറ്റുണ്ട്. പൊതുസമ്മതനായ ഒരാളെ, തെരഞ്ഞെടുപ്പു കൂടാതെ തന്നെ പ്രതിനിധിയാക്കുക എന്ന ഗാന്ധിയൻ തത്വം ഈ പാർട്ടികളെല്ലാം അംഗീകരിച്ചതുകൊണ്ടല്ല ഇത് സംഭവിച്ചത്.

സംസ്ഥാനത്ത് ഭരണത്തിലിരിക്കുന്ന പാർട്ടിയുടെ സ്ഥാനാർത്ഥി, മുഖ്യമന്ത്രിയുടെ ഭാര്യ എന്നിവ പരിഗണിച്ചപ്പോൾ, മത്സരിക്കുന്നതിനേക്കാൾ ലാഭം മത്സരിക്കാതിരിക്കുന്നതായിരിക്കും എന്ന് മറ്റു പാർട്ടികൾക്ക് എളുപ്പം മന

സ്സിലായി. തങ്ങൾ ഭരണത്തിലിരുന്ന കാലത്തെ പലതും പുറത്താകാതിരിക്കാൻ, പല കേസുകളും ഒതുക്കി തീർക്കാൻ, പരസ്പരധാരണയിൽ മറ്റു പല സൗകര്യങ്ങളും നേടിയെടുക്കാൻ ഇത് ഒരവസരമായി കണ്ടു എന്നു മാത്രം.

ബഹുരാഷ്ട്ര കുത്തകകളോടുള്ള സമീപനത്തിലും, പ്രത്യേക സാമ്പത്തിക മേഖല, ബി.ഒ.ടി. സമ്പ്രദായം എന്നീ കാര്യങ്ങളിലും ഇവരെല്ലാം ഒരേ തൂവൽ പക്ഷികളായി മാറാറുണ്ട്. പുത്തൻ കോളനീകരണം, അഴിമതി, വർഗീയത, കൊലപാതക രാഷ്ട്രീയം എന്നിവയിൽ നിന്ന് വിമുക്തമായ ഒരു നവഭാരതം സൃഷ്ടിക്കണമെങ്കിൽ ഗാന്ധിജിയുടെ സർവ്വോദയ ദർശന പ്രകാരമുള്ള കക്ഷിരഹിത ജനാധിപത്യം യാഥാർത്ഥ്യമാകണം.

സ്ത്രീയും സമൂഹവും

ഗാന്ധിജിയുടെ അഭിപ്രായത്തിൽ അഹിംസയുടെ അവതാരമാണ് സ്ത്രീ. അഹിംസ എന്നാൽ അപാരമായ സ്നേഹം എന്ന് അർത്ഥം. ഇത്തരം സ്നേഹത്തിൽ നിന്നാണ് അപാരമായ സഹനശക്തി ആർജിക്കാൻ സാധിക്കുകയുള്ളു. ശിശുവിനെ ഗർഭത്തിൽ വഹിച്ച് ഒമ്പത് മാസം സ്വന്തം ശരീരത്തിലൂടെ പോറ്റിവളർത്താനും അതിൽ ആനന്ദം കണ്ടെത്താനും സ്ത്രീക്ക് സാധിക്കുന്നത് ഈ സഹനശക്തികൊണ്ടാണ്; സ്നേഹ സാന്നിധ്യം കൊണ്ടാണ്; അഹിംസാ മനോഭാവമുള്ളതുകൊണ്ടാണ്. ഈ ശക്തിയെ സ്വയം തിരിച്ചറിയുന്ന സ്ത്രീക്ക് പുരുഷന്റെ മാതാവും, സ്രഷ്ടാവും, നിശ്ശബ്ദ നേതാവും എന്ന അഭിമാനാർഹമായ സ്ഥാനം ഏൽക്കാൻ സാധിക്കും. മാതാവ് എന്ന നിലയും സഹധർമ്മിണി, സഹോദരി എന്നീ നിലകളിലുമെല്ലാം എല്ലാ കുട്ടികളിലും പുരുഷൻമാരിലും സ്നേഹത്തിന്റേയും സഹനത്തിന്റേയും മൂല്യങ്ങൾ വളർത്തിയെടുക്കാൻ സ്ത്രീകൾക്ക് സാധിക്കും. ഇപ്രകാരം ലോക സമാധാനത്തിന്റെ ദൗത്യം ഏറ്റെടുക്കാനും സ്ത്രീക്ക് സാധിക്കുമെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

സാമൂഹിക പങ്കാളിത്തം

സ്ത്രീയുടെ സാമൂഹിക പദവിയേയും പങ്കാളിത്തത്തേയും പറ്റി ഗാന്ധിജി ഇപ്രകാരം പറയുന്നു:

അടിസ്ഥാനപരമായി സ്ത്രീയും പുരുഷനും ഒന്നുതന്നെയാണ്. തൻമൂലം അവരുടെ പ്രശ്നങ്ങളും അന്തഃസത്തയും ഒന്നുതന്നെയായിരിക്കും. രണ്ട് പേരുടേയും ആത്മാവ്, ജീവിതം, വികാരങ്ങൾ ഇവയെല്ലാം തുല്യമാണെന്നാണ് എന്റെ അഭിപ്രായം. പരസ്പരപൂരകങ്ങളാണ് ഇരുവരും. ഒരാളുടെ സജീവ സഹായമില്ലാതെ മറ്റേയാൾക്ക് നിലനിൽപ്പില്ല. സ്ത്രീക്കും പുരുഷനും തുല്യസ്ഥാനമാണ് ഉള്ളതെന്ന് താത്വികമായി പറയാമെങ്കിലും ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യം അതല്ലല്ലോ എന്ന സംശയം സ്വഭാവികമാണ്. ഇത് സംബന്ധിച്ചും ഗാന്ധിജി വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: നൂറ്റാണ്ടുകളായി പുരുഷൻ സ്ത്രീയെ അടക്കി ഭരിക്കുന്നു. ഇതിന് കാരണങ്ങൾ പലതുണ്ടായിരിക്കാം. അങ്ങനെ സ്ത്രീയിൽ ഒരു അപകർഷതാബോധം വളർന്നിട്ടുണ്ട്. പുരുഷ താത്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള

ഉദ്ബോധനങ്ങൾ സത്യമെന്ന് ധരിച്ച് അവൾ സ്വയം അധഃകൃതയായി കരുതുന്നു. എന്നാൽ ശരിയായ കാഴ്ചപ്പാടുള്ള പുരുഷൻമാർ സ്ത്രീയുടെ തുല്യ സ്ഥാനം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുല്യത ഉണ്ടായിരുന്നാൽ തന്നെയും, ചില കാര്യങ്ങളിൽ സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസങ്ങളുണ്ട് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. അടിസ്ഥാന പരമായ തുല്യത നിലനിൽക്കുമ്പോൾ തന്നെ ഇരുവരുടേയും ബാഹ്യരൂപത്തിൽ കാര്യമായ വ്യത്യാസമുണ്ട് എന്നത് സത്യമാണ്. തൻമൂലം ഇരുവരും നിർവഹിക്കേണ്ടി വരുന്ന കൃത്യങ്ങളും വ്യത്യസ്തമായിരിക്കും (ഹരിജൻ, 24.02.1940)

ഏതൊരു കുടുംബത്തന്റേയും നായികയാണ് സ്ത്രീ. ഇളം തലമുറയെ മൂല്യബോധത്തോടെ സംരക്ഷിക്കുകയെന്ന പ്രത്യേക ചുമതലയും സ്ത്രീക്കുണ്ട്. ഇതിനായുള്ള ധാർമ്മിക അന്തരീക്ഷം കുടുംബത്തിൽ സംജാതമാക്കാനുള്ള ഉത്തരവാദിത്തം പുരുഷനുമുണ്ട്. ഇപ്രകാരം ധാർമ്മിക ശക്തിയുടെ അന്തരീക്ഷത്തിൽ കുട്ടികളേയും മറ്റുള്ളവരേയും മൂല്യബോധമുള്ളവരായി വളർത്താനും നിലനിർത്താനും സ്ത്രീക്ക് സാധിക്കുന്നു. ഇത്തരം വ്യക്തികൾ ഉൾപ്പെടുന്ന സമൂഹവും ധാർമ്മികതയിൽ അടിയുറച്ച സമൂഹമായി തീരും. വ്യക്തിമനസ്സിലെ സമാധാന അന്തരീക്ഷം ഗ്രാമത്തിലും രാഷ്ട്രത്തിലും അന്താരാഷ്ട്ര തലത്തിലും പ്രകടമാകും. ലോക സമാധാനത്തിന്റെ ഈ പ്രവർത്തനങ്ങളുടെ ഊർജസ്രോതസ്സ് സ്ത്രീ-അമ്മ-യാണ് എന്ന് ഗാന്ധിജി പറയുന്നത് ഈ അർത്ഥത്തിലാണ്

ലിംഗപരമായ സമത്വം

സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. നിയമപരമായി പുരുഷന് ലഭിക്കുന്ന യാതൊരു അവകാശങ്ങളും സ്ത്രീക്ക് നിഷേധിക്കരുത്. പെൺമക്കളോടും, ആൺമക്കളോടും പരിപൂർണ സമത്വത്തിലായിരിക്കണം പെരുമാറേണ്ടതെന്ന് ഗാന്ധിജി പറയുന്നു. ഭാരതീയ സമൂഹത്തിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നത് ഒരു യാഥാർത്ഥ്യമാണ്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു എന്നതിനെ സംബന്ധിച്ച് ഗാന്ധിജിയുടെ നിരീക്ഷണം ഇതാണ്:

"നിയമ നിർമ്മാണം പുരുഷൻമാരുടെ കുത്തകയാണ്. സ്വയം ഏറ്റെടുത്ത ഈ കർത്തവ്യം നീതിപൂർവകമായും കാര്യമായും പക്ഷപാതരഹിതമായും നിർവഹിക്കാൻ പുരുഷന് കഴിഞ്ഞിട്ടില്ല" (മഹാത്മാഗാന്ധിയുടെ പ്രസംഗങ്ങളും ലേഖനങ്ങളും, പുറം 424)

"സ്ത്രീയെ അടിച്ചമർത്തുന്ന വിധത്തിലുള്ളവയാണ് ആചാരങ്ങളും നിയമങ്ങളും. ഇവ പുരുഷ സൃഷ്ടികളാണ്. ഇവയുടെ നിർമ്മാണത്തിൽ സ്ത്രീക്ക് യാതൊരു പങ്കുമില്ല. അക്രമരാഹിത്യത്തിൽ അധിഷ്ഠിതമായ ഒരു ജീവിത പദ്ധതിയിൽ പുരുഷനെപ്പോലെ സ്ത്രീക്കും സ്വന്തം ജീവിതം കരു

പ്പിടിപ്പിക്കാനുള്ള അവകാശമുണ്ട്. അത്തരം ഒരു സമൂഹത്തിൽ അവകാശത്തിന് മുന്നോടിയായി അനുഷ്ഠിക്കപ്പെടേണ്ട കടമകളുമുണ്ട്. തൻമൂലം സാമൂഹ്യമായ പെരുമാറ്റച്ചട്ടങ്ങളും ആചാരാനുഷ്ഠാനങ്ങളും നിശ്ചയിക്കേണ്ടത് പരസ്പരം സഹകരിച്ചും അഭിപ്രായം ആരാഞ്ഞും ആയിരിക്കണം. ഇവയൊന്നും പുറമെനിന്ന് അടിച്ചേൽപ്പിക്കേണ്ടതല്ല. ഈ സത്യം പൂർണമായും മനസ്സിലാക്കാതെയാണ് പുരുഷൻ സ്ത്രീകളോട് പെരുമാറുന്നത്. സ്ത്രീകളെ താങ്കളുടെ സുഹൃത്തുക്കളും സഹപ്രവർത്തകരുമായി കരുതുന്നതിനു പകരം അവരുടെ പ്രഭുക്കളും യജമാനൻമാരുമായി പുരുഷൻമാർ സ്വയം കണക്കാക്കുന്നു. സ്വാതന്ത്ര്യം വേണ്ടതാണെന്നോ നേടേണ്ടതാണെന്നോ അറിയാത്ത പഴയകാലത്തെ അടിമയുടെ അവസ്ഥയിലാണ് ഭൂരിഭാഗം സ്ത്രീകളും." (നിർമ്മാണ പരിപാടി, പുറം 17 - 18)

ഈ അവസ്ഥയെ മറികടക്കാൻ സ്ത്രീകൾ രംഗത്ത് വരണം. ഈ സംരംഭത്തിനു വേണ്ടി സീതയേയും ദമയന്തിയേയും ദ്രൗപദിയേയും പോലെ പരിശുദ്ധിയും നിശ്ചയദാർഢ്യവും ആത്മനിയന്ത്രണവുമുള്ള സ്ത്രീകൾ ഉണ്ടാകേണ്ടിവരുമെന്ന് ഗാന്ധിജി പറയുന്നു. ശാസ്ത്രങ്ങൾക്ക് തുല്യമായ ആധികാരികത ഇത്തരം സ്ത്രീകളുടെ വാക്കുകൾക്ക് ഉണ്ടായിരിക്കണം.

"ലിംഗപരമായ തുല്യതയും തൊഴിൽപരമായ തുല്യതയും ഒന്നല്ല. രണ്ടും വ്യത്യസ്തമാണ്. വേട്ടയാടുന്നതിൽ നിന്നോ വാളും കുന്തവും ചുഴറ്റുന്നതിൽ നിന്നോ സ്ത്രീയെ നിയമം വിലക്കുന്നില്ല. പക്ഷേ പുരുഷ പ്രകൃതമായ കൃത്യങ്ങളിൽ നിന്ന് അവൾ സഹജമായി പിൻതിരിയുന്നു. സ്ത്രീ പുരുഷ ഭേദം പ്രകൃതി സൃഷ്ടിച്ചിരിക്കുന്നത് പരസ്പരപൂരക രൂപത്തിലാണ്: രൂപങ്ങൾ കൃത്യങ്ങളെ നിർമ്മിച്ചിരിക്കുന്നു" (ഹരിജൻ, 2 -12-1939).

സ്ത്രീ അബലയല്ല

ഗാന്ധിജിയുടെ അഭിപ്രായത്തിൽ ത്യാഗത്തിന്റെ മൂർത്തരൂപമാണ് സ്ത്രീ. പുരുഷനേക്കാൾ മഹത്വം തനിക്കുണ്ടെന്ന് നിർഭാഗ്യവശാൽ അവൾ മനസ്സിലാക്കുന്നില്ല. ടോൾസ്റ്റോയ് പറഞ്ഞതുപോലെ പുരുഷന്റെ മയക്കുന്ന സ്വാധീനത്തിൽപ്പെട്ട് സ്ത്രീകൾ കഷ്ടത അനുഭവിക്കുകയാണ്. അക്രമരാഹിത്യത്തിന്റെ ശക്തി മനസ്സിലാക്കിയാൽ ദുർബലവിഭാഗമെന്ന് വിളിക്കപ്പെടാൻ അവർ സന്നദ്ധരാകുകയില്ല. ഇത്തരം ഒരു സാഹചര്യം ഒരുക്കിയതിന്റെ പ്രധാന ഉത്തരവാദിത്തം പുരുഷനു തന്നെയാണ്. സ്ത്രീകളെ ദുർബല വിഭാഗം എന്ന് വിളിക്കുന്നതിനേക്കാൾ തരംതാണ പ്രവൃത്തി മറ്റൊന്നുമില്ല. പുരുഷന്റെ തിൻമകളിൽ ഏറ്റവും നീചം ഇതാണെന്ന് ഗാന്ധിജി പറയുന്നു.

"നിയമ സ്രഷ്ടാവായ പുരുഷൻ സ്ത്രീയെ ദുർബല വിഭാഗമെന്ന് വിളിച്ച് അപമാനിച്ചതിന്റെ പ്രായശ്ചിത്തം ചെയ്തേ തീരു. പുരുഷന്റെ കെണികളിൽനിന്ന് സ്വതന്ത്രയാകുമ്പോൾ സ്ത്രീ പരമാവധി ഉയരങ്ങളിൽ എത്തും. പുരുഷന്റെ നിയമങ്ങൾക്കും അവൻ രൂപം നൽകിയ പ്രസ്ഥാനങ്ങൾക്കും

എതിരെ ചെറുത്തു നിൽക്കും. അവളുടെ പോരാട്ടം തീർച്ചയായും അക്രമര ഹിതമായിരിക്കും. അത് വളരെ ഫലപ്രദമാകുകയും ചെയ്യും." (യങ് ഇന്ത്യ, 16-04-1925)

സ്ത്രീകൾ ഒരിക്കലും അബലകളല്ല, മറിച്ച് സർവശക്തകളാണെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. "സ്ത്രീയെ അബലകളെന്ന് വിളിക്കുന്നത് അപമാനകരമായ പ്രസ്താവനയാണ്, സ്ത്രീയോടുള്ള പുരുഷന്റെ അനീതിയാണ്. ശക്തിയെന്നതുകൊണ്ട് മൃഗീയശക്തിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ, തീർച്ചയായും സ്ത്രീ ആ കാര്യത്തിൽ പുരുഷനേക്കാൾ താഴെയാണ്. നേരേ മറിച്ച് ധാർമ്മിക ശക്തിയാണ് അർത്ഥമാക്കുന്നതെങ്കിൽ സ്ത്രീ പുരുഷനേക്കാൾ ഉത്കൃഷ്ടയാണ്. സഹജാവബോധം അവൾക്കല്ലേ കൂടുതൽ? അവൾ കൂടുതൽ ത്യാഗ മനോഭാവം പ്രതീക്ഷിക്കാറില്ലേ? അവൾക്ക് കൂടുതൽ സഹനശക്തിയില്ലേ? അവൾക്ക് കൂടുതൽ ധീരതയില്ലേ? അവിടെ അവളെ കൂടാതെ പുരുഷന് അസ്ഥിത്വമില്ല. നമ്മുടെ അസ്ഥിത്വത്തിന്റെ അടിസ്ഥാന നിയമം അക്രമരാഹിത്യമാണെങ്കിൽ സ്ത്രീകളുടെ കൈകളിലാണ് ഭാവി... ഹൃദയത്തോട് സംവദിക്കുവാൻ സ്ത്രീകളെക്കാളേറെ കഴിവ് ആർക്കാണുള്ളത്."

ശക്തമായ പ്രതിഷേധം വേണം

മൂല്യാധിഷ്ഠിതമായ സമൂഹത്തിന്റെ രൂപീകരണത്തിനും നിലനിൽപ്പിനും പാലിക്കേണ്ടതായ നിലപാടുകളാണ് ഗാന്ധിജിയുടെ വാക്കുകളിൽ വ്യക്തമാകുന്നത്. അതേസമയം തികച്ചും അപ്രതീക്ഷിതമായ ഒരു ആക്രമണം ഉണ്ടാകുമ്പോൾ പ്രതികരണത്തിൽ ഉണ്ടാകുന്ന വ്യത്യാസം സ്വാഭാവികമാണ്. ഇത്തരം ഒരു സാഹചര്യത്തിൽ പേടിച്ച് പിൻമാറുകയല്ല വേണ്ടത്. ശാന്തമായി പ്രതിരോധിക്കണം എന്ന് ഗാന്ധിജി പറയുന്നു.

"ആക്രമിക്കപ്പെടുമ്പോൾ ഹിംസയേയോ അഹിംസയേയോ സംബന്ധിച്ച് ചിന്തിക്കാൻ സ്ത്രീ സമയം പാഴാക്കരുത്. സ്വയം രക്ഷയാണ് അവളുടെ പ്രാഥമിക കടമ. തന്റെ മാനം കാക്കാൻ മനസ്സിലുദിക്കുന്ന ഏത് മാർഗവും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം അവൾക്കുണ്ട്. ദൈവം അവൾക്ക് പല്ലും നഖവും നൽകിയിട്ടില്ലേ. എല്ലാ ശക്തിയും സമാഹരിച്ച് അവയെ ഉപയോഗിക്കണം, വേണ്ടി വന്നാൽ അത്തരം ശ്രമത്തിൽ മരിച്ചുകൊള്ളട്ടെ. മരണ ഭയം ഉപേക്ഷിച്ച പുരുഷനോ സ്ത്രീക്കോ സ്വയം രക്ഷിക്കാൻ കഴിയുമെന്ന് മാത്രമല്ല, സ്വന്തം ജീവിതം ബലികഴിക്കുന്നതിലൂടെ മറ്റുള്ളവരെയും രക്ഷിക്കാൻ സാധിക്കും" (ഹരിജൻ, 01-03-1942).

"ദുഷ്ടരുടെ ആക്രമണങ്ങളിൽ നിന്ന് സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുക എന്ന ആപത്തിനെ അഭിമുഖീകരിക്കുന്നതിലാണ് യഥാർത്ഥമായ അഹിംസ കുടികൊള്ളുന്നത്" എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

ആധുനിക യുവതികൾ

അഹിംസാമന്ത്രംകൊണ്ടൊന്നും പ്രയോജനമില്ല, കാലം മോശമാണ്, എവിടെയും ആക്രമണ സാധ്യത നിറഞ്ഞ് നിൽക്കുന്നുണ്ട് എന്ന് പറയുന്ന വരോടും ഗാന്ധിജിക്ക് മറുപടിയുണ്ട്. അഹിംസ പാലിക്കുന്ന സ്ത്രീയോ, പുരുഷനോ ചില അടിസ്ഥാന പ്രമാണങ്ങളും അംഗീകരിക്കണം. സ്വഭാവത്തിലും ജീവിതശൈലിയിലുമെല്ലാം പ്രത്യേക ശ്രദ്ധയും മിതത്വവും പാലിക്കണം. അദ്ദേഹം പറയുന്നു.

"ആധുനിക യുവതി, വസ്ത്രധാരണം ചെയ്യുന്നത് കാറ്റിൽനിന്നും മഴയിൽ നിന്നും സൂര്യനിൽ നിന്നും രക്ഷനേടാനല്ല, ശ്രദ്ധയാകർഷിക്കാനാണ്. ചായം പൂശി, വിശേഷ വസ്ത്രങ്ങളണിഞ്ഞ് സ്വാഭാവിക സൗന്ദര്യത്തിനു കൃത്രിമത്വം നൽകാൻ ശ്രമിക്കുന്ന ആധുനിക യുവതികൾക്കുള്ളതല്ല അഹിംസ മാർഗം."

സ്ത്രീയുടെ പ്രവർത്തന മണ്ഡലം

തൊഴിലിന്റെ കാര്യത്തിൽ സ്ത്രീയും പുരുഷനും പരസ്പരം അനുബന്ധങ്ങളും പൂരകങ്ങളുമായിരിക്കണമെന്ന് ഗാന്ധിജി വ്യക്തമാക്കുന്നുണ്ട്. വീട്ടുജോലികൾ സ്ത്രീകൾ നിർവഹിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കാനുള്ള ഉത്തരവാദിത്തം പുരുഷനുണ്ട്. പുരുഷൻ പുറമെ പോയി ചെയ്യുന്ന ജോലിക്ക് തുല്യമായ പ്രാധാന്യം തന്നെയാണ് സ്ത്രീ നിർവഹിക്കുന്ന വീട്ടുജോലിക്കും ഉള്ളത്. സ്ത്രീകളെ വീട്ടുജോലികളിൽ തളച്ചിടണമെന്നല്ല ഇതിന്റെ അർത്ഥം. മറ്റ് ജോലികൾക്ക് പോകുന്ന സാഹചര്യം ഉണ്ടാകുന്നു എങ്കിൽ വീട്ടു ജോലികളും അതുപോലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും പങ്കുവയ്ക്കാൻ പുരുഷൻമാരും തയ്യാറാകണമെന്ന് ഗാന്ധിജി പറയുന്നു.

"ഭർത്താവിന്റേതിൽനിന്ന് വ്യത്യസ്തമായി ഭാര്യയുടെ തൊഴിലിനെ നിസ്സാരമായി സങ്കൽപ്പിക്കാൻ എനിക്കാവില്ല. കുട്ടികളുടെ പരിചരണത്തിനും ഗൃഹഭരണത്തിനും അവളുടെ ഊർജ്ജവും സമയവും മുഴുവൻ ചെലവഴിക്കുന്നു. ഒരു ക്രമീകൃത സമൂഹത്തിൽ കുടുംബത്തിന്റെ ദൈനംദിന ചെലവിന് വേണ്ട പണം കണ്ടെത്താനുള്ള ചുമതല അവളുടെ മേൽ വന്നുകൂടാ. കുടുംബ ചെലവ് പുരുഷൻ നിർവഹിക്കണം. ഗൃഹഭരണം സ്ത്രീയും. അങ്ങനെ ഇരുവരുടേയും പ്രവർത്തനങ്ങൾ പരസ്പരം അനുബന്ധങ്ങളും പൂരകങ്ങളും ആയിരിക്കണം" (ഹരിജൻ, 12-10-1934).

"അത്യാവശ്യ ഗൃഹകർമ്മങ്ങൾ നിർവഹിക്കുന്നതിലല്ല, പ്രഭുവും യജമാനനുമായ പുരുഷന് സ്വാർത്ഥപരവും അഹന്താപരവുമായ താത്പര്യങ്ങൾ സാധിച്ച് കൊടുക്കുന്നതിലും സ്വന്തം പൊങ്ങച്ച പ്രകടനത്തിനും വേണ്ടിയാണ് പലപ്പോഴും സ്ത്രീയുടെ സമയം നഷ്ടമാകുന്നത്. എന്റെ അഭിപ്രായത്തിൽ

സ്ത്രീയുടെ ഈ ഗാർഹിക അടിമത്തം നമ്മുടെ കാടത്തത്തിന്റെ പ്രതീകമാണ്. ഈ പേക്കിനാവിൽനിന്ന് നമ്മുടെ സ്ത്രീകൾ സ്വതന്ത്രരാകേണ്ട കാലം വൈകിയിരിക്കുന്നു. ഒരു സ്ത്രീയുടെ മുഴുവൻ സമയവും വിനിയോഗിക്കുന്നത് വീട്ടുജോലികൾക്കാകരുത്"(സ്ത്രീകൾ, പുറം 25)

വർദ്ധിച്ച് വരുന്ന അതിക്രമങ്ങൾ

സ്ത്രീകൾ സമൂഹത്തിൽ ആക്രമിക്കപ്പെടുന്നത് നിത്യസംഭവമായിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. വീടുകളിൽ അമ്മമാരുടെയും മറ്റുള്ളവരുടെയും വാത്സല്യപൂർവമായ പരിചരണം കുട്ടികൾക്ക് ലഭിക്കാത്തതാണ് ഒരു കാരണം. എല്ലാവരും തിരക്ക് പിടിച്ച് ഓടുമ്പോൾ കുട്ടികൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. പണവും സുഖസൗകര്യങ്ങളും നൽകലല്ല പരിഗണന. മറിച്ച് സ്നേഹവും വാത്സല്യവും നൽകാൻ കുടുംബാന്തരീക്ഷത്തിൽ കഴിയണം.

ഹോർമോണുകളും മറ്റ് കൃത്രിമത്വങ്ങളും പ്രയോഗിക്കപ്പെട്ട ഭക്ഷണപദാർത്ഥങ്ങൾ ആളുകളുടെ സദ്സ്വഭാവത്തെ മാറ്റിമറിക്കുന്നു. ആത്മനിയന്ത്രണം നഷ്ടപ്പെട്ട അക്രമകാരികളായി മനുഷ്യൻ മാറുന്നു. ഭക്ഷണരീതികളിലും വിദ്യാഭ്യാസവും പുനർചിന്തയും വേണം. മനുഷ്യനെ മൃഗമാക്കി മാറ്റുന്ന മദ്യവും മയക്കുമരുന്നുമാണ് മറ്റൊരു കാരണം. ഇത് വ്യാപകമാകുന്തോറും അക്രമങ്ങൾ പെരുകുന്നു. ഇക്കാര്യത്തിലും അടിയന്തിര നടപടി വേണം.

മറ്റൊരു സുപ്രധാന ഘടകം യഥാർത്ഥമായ ലൈംഗിക വിദ്യാഭ്യാസമില്ല എന്നതാണ്. ധാർമ്മികതയിൽ അധിഷ്ഠിതമായ ജീവിതരീതിക്ക് ഉതകുന്ന ലൈംഗികജീവിത വിദ്യാഭ്യാസം അനിവാര്യമാണെന്ന് ഗാന്ധിജി പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ:

ലൈംഗിക വിദ്യാഭ്യാസം

"ലൈംഗികശാസ്ത്രം രണ്ടു വിധത്തിലുണ്ട്. ലൈംഗിക വികാരത്തെ നിയന്ത്രിക്കാനോ അതിജീവിക്കാനോ ഉള്ള ഒന്ന്, അതിനെ ഉത്തേജിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള മറ്റൊന്ന്. ഇതിൽ ആദ്യത്തേതിലുള്ള ശിക്ഷണം ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ അവശ്യഘടകമാണ്. നാശോന്മുഖവും അപകടകാരിയും തന്മൂലം ഒഴിവാക്കേണ്ടതുമാണ്."

"ലിംഗപരമായ അറിവ് ശരിയായ രീതിയിൽ ലഭിക്കാത്തതുകൊണ്ട് പലപ്പോഴും കുട്ടികൾ അനാശാസ്യ നടപടികളിലേക്ക് വഴുതി വീഴുന്നു. കണ്ണടച്ച് ഇരുട്ടാക്കുന്നതു പോലെ, എളുപ്പത്തിൽ നിയന്ത്രിക്കാനോ കീഴടക്കാനോ കഴിയുന്ന ഒന്നല്ല ലൈംഗികത. അതുകൊണ്ട് ജനനേന്ദ്രിയങ്ങളുടെ പ്രാധാന്യവും ശരിയായ ഉപയോഗവും ചെറുപ്പക്കാരായ ആൺകുട്ടികളേയും

പെൺകുട്ടികളേയും പഠിപ്പിക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു. എന്റെ കീഴിൽ ശിക്ഷണം ലഭിക്കുന്ന കുട്ടികൾക്ക് ഈ അറിവ് ഞാൻ നൽകാറുണ്ട്"

"ലൈംഗികവികാരത്തെ കീഴടക്കുകയും ഉദാത്തവത്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ലൈംഗിക വിദ്യാഭ്യാസത്തിനു വേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്. മനുഷ്യനും മൃഗവും തമ്മിലുള്ള പ്രാഥമിക വ്യത്യാസം സ്വാഭാവികമായ രീതിയിൽ കുട്ടികളെ മനസ്സിലാക്കുന്ന വിധമായിരിക്കണം വിദ്യാഭ്യാസം. ചിന്തയും വികാരവും മനുഷ്യന്റെ മാത്രം സവിശേഷതയാണെങ്കിലും മനുഷ്യൻ (മനനം ചെയ്യുന്നവൻ) എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ളവനും കൂടിയാണ് മനുഷ്യൻ. അവനൊരു ചിന്തിക്കുന്ന മൃഗമാണെന്നു പറയാം. അതുകൊണ്ട് അന്ധമായ വികാരാവേശത്തിനുമേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള തന്റെ വിവേചനശക്തിയെ ഉപേക്ഷിക്കുന്നത് മനുഷ്യൻ എന്ന പദവിയെ ഉപേക്ഷിക്കുന്നതിന് തുല്യമാണ്. വികാരത്തിന് ത്വരിതഗതിയിൽ മാർഗദർശിത്വം നൽകുന്നത് മനുഷ്യന്റെ ചിന്താശക്തിയാണ്. മൃഗത്തിൽ ആത്മാവ് എപ്പോഴും സുപ്താവസ്ഥയിലായിരിക്കും. ഹൃദയത്തെ ഉണർത്തുകയെന്നാൽ സുപ്താവസ്ഥയിലുള്ള ആത്മാവിനെ ഉണർത്തുക - ചിന്തയെ ഉദ്ദീപിപ്പിക്കുക - നന്മയും തിന്മയും തമ്മിലുള്ള തിരിച്ചറിവ് മനസ്സിൽ ഉറപ്പിക്കുക എന്നാണ് അർത്ഥം." (ഹരിജൻ, 21-11-1936)

സർവ്വോദയ ചിന്തകൾ

ബൈബിളിലെ സർവ്വോദയ ചിന്തകൾ

യേശുക്രിസ്തുവിന്റെ വചനങ്ങളെ വളരെ പ്രാധാന്യത്തോടുകൂടിയാണ് മഹാത്മാഗാന്ധി ഉൾക്കൊണ്ടത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഗാന്ധിജിയുടെ മനസ്സിൽ രൂപംകൊണ്ടിരുന്ന സർവ്വോദയ ദർശനത്തെ പരിപോഷിപ്പിക്കുവാൻ ക്രിസ്തുവിന്റെ വചനങ്ങൾ ഗാന്ധിജിക്ക് സഹായകമായി. മനുഷ്യരാശിക്ക് ലഭിച്ച മഹാനായ ഗുരുവാണ് യേശു ക്രിസ്തു എന്ന് ഗാന്ധിജി വിശ്വസിച്ചു. ബൈബിൾ വായിച്ചപ്പോൾ ഗാന്ധിജിക്ക് ഏറ്റവും ആകർഷകമായി തോന്നിയത് ഗിരിപ്രഭാഷണം (മത്തായി സുവിശേഷം 5,6,7 അദ്ധ്യായങ്ങൾ) എന്ന ഭാഗമാണ്. യേശുവിന്റെ സന്ദേശം പൂർണമായും ഗിരിപ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. യേശുവിന്റെ ജീവിതത്തിൽ ആദ്യന്തം ഗിരിപ്രഭാഷണവുമായി അഭേദ്യബന്ധമുള്ളതായി ഗാന്ധിജി കണ്ടെത്തി.

സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സാമൂഹ്യ വീക്ഷണം, അഹിംസാധിഷ്ഠിതമായ ജീവിതശൈലി, പ്രകൃതിയുടെ സുസ്ഥിരതയിൽ അധിഷ്ഠിതമായ സാമ്പത്തിക പ്രവർത്തനം എന്നിങ്ങനെയുള്ള സർവ്വോദയ കാഴ്ചപ്പാടുകളെ സന്തുഷ്ടമാക്കുന്ന ഉപദേശങ്ങളാണ് ഗിരിപ്രഭാഷണത്തിലുള്ളത്.

ആത്മീയസൗഭാഗ്യത്തെക്കുറിച്ച് ഉപദേശിക്കുമ്പോൾ യേശു പറയുന്നു, "നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ സൗഭാഗ്യവാന്മാർ അവർ സംതൃപ്തിയടയും." നീതിക്കുവേണ്ടി ദാഹിക്കണമെങ്കിൽ ഒരു വ്യക്തി ഹൃദയശുദ്ധിയുള്ളവനായിരിക്കണം. ഇത്തരക്കാർ ദൈവത്തെ കാണും. ഹൃദയവിശുദ്ധിയും നീതിക്കു വേണ്ടിയുള്ള വിശപ്പും ദാഹവും ഉള്ള ഒരാളിൽ ഒരിക്കലും അസൂയ, കോപം, വെറുപ്പ്, കാപട്യം, എന്നീ ഭാവങ്ങൾ ഉണ്ടാവുകയില്ല. ഇത്തരം ഇല്ലായ്മയാണ് ആത്മാവിന്റെ ദാരിദ്ര്യം എന്നു പറയുന്നത്. ഇത്തരക്കാർ കരുണയുള്ളവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഹൃദയശുദ്ധിയുള്ളവരായതുകൊണ്ട് സ്വർഗരാജ്യവും മനസ്സമാധാനവും ഇവർക്ക് സ്വന്തമായിരിക്കും. വ്യക്തിവിശുദ്ധിയാണ് ഈശ്വരദർശനത്തിന്റെ പ്രഥമ യോഗ്യത എന്ന് ഗാന്ധിജി പറയുന്നതും ഈയൊരു കാഴ്ചപ്പാടിലാണ്. അത്യാർത്തിയും അമിതാസക്തിയുമൊന്നും

ഇല്ലാത്ത ഒരാൾക്കു മാത്രമേ ഹൃദയ വിശുദ്ധി നിലനിർത്താനാവുകയുള്ളു. എല്ലാ മതങ്ങളുടെയും അടിസ്ഥാന ദൗത്യം ഈ വിശുദ്ധി നിലനിർത്തലാണ്.

അമിതമായ ആഗ്രഹങ്ങളേയും ദുരാഗ്രഹങ്ങളേയും ഒഴിവാക്കിക്കൊണ്ട് മനുഷ്യമനസ്സിൽ സ്നേഹവും കാരുണ്യവും സേവന മനോഭാവവും നിറയ്ക്കുക. ഈ മാനവിക ഗുണങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നത്. ഇത്തരം മനുഷ്യർ സമൂഹത്തിനും രാജ്യത്തിനും ലോകത്തിനാകമാനം നന്മയും സമാധാനവും പ്രദാനം ചെയ്യുന്നു. ഈയൊരു അർത്ഥത്തിലാണ് മനുഷ്യൻ ഭൂമിയുടെ ഉപ്പ് ആകുന്നു എന്ന് പറയുന്നത്. മാനവിക ഗുണങ്ങളില്ലാത്ത മനുഷ്യൻ ഉവർപ്പില്ലാത്ത ഉപ്പ് പോലെയാണ്. അത്തരം ഒരു ജീവിതംകൊണ്ട് ഭൂമിക്ക് ഒരു ഗുണവുമില്ല. ദോഷമുണ്ട് താനും. ഏകാദശവ്രതങ്ങളിലൂടെ വ്യക്തിയിൽ മാനവിക ഗുണങ്ങൾ നിലനിർത്തണമെന്ന സർവ്വോദയ കാഴ്ചപ്പാട് ഇതിന്റെ അടിസ്ഥാനത്തിലാണ്.

സാമൂഹ്യസേവനത്തിലൂടെ അഹിംസാത്മക സാമൂഹ്യ ജീവിതം നിലനിർത്തണമെന്ന് ക്രിസ്തു ഉപദേശിക്കുന്നു.

"നീ ബലിപീഠത്തിങ്കൽ കാഴ്ച സമർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് പിണക്കമുണ്ട് എന്ന് അവിടെ വച്ച് ഓർമ്മിക്കുകയാണെങ്കിൽ കാഴ്ച വസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് പോകുക. ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക പിന്നീട് വന്ന് കാഴ്ച സമർപ്പിക്കുക" എന്ന് യേശു ഉപദേശിക്കുന്നു. ദൈവം എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നു എന്നതുകൊണ്ട് എല്ലാവരുടേയും ക്ഷേമത്തിനുവേണ്ടി ശ്രമിക്കുക എന്ന സർവ്വോദയതത്വം ഇവിടെ പ്രകടിതമാകുന്നു. മറ്റുള്ളവരുമായി രമ്യപ്പെടാതെ ഈശ്വരകടാക്ഷത്തിനു വേണ്ടി ആഗ്രഹിക്കുന്നതിൽ അർത്ഥമില്ല. മനുഷ്യസേവനത്തിലൂടെ, സദ്കർമ്മങ്ങളിലൂടെ ലോകത്തിന്റെ പ്രകാശമായി മാറാൻ ഏതൊരു വ്യക്തിയും ശ്രമിക്കണം. ഇപ്രകാരം വ്യക്തിത്വം ദീപ്തമാകുമ്പോഴാണ് ദൈവപ്രീതിക്ക് അർഹത നേടുന്നത്.

വേദനയുള്ളതും കയ്പേറിയതുമായ ജീവിതാനുഭവങ്ങൾ നമുക്കുണ്ടാകും. മറ്റുള്ളവർ ക്രൂരമായി പെരുമാറിയെന്നുവരാം. അപ്പോഴെല്ലാം ക്ഷമയോടെ നിലനിൽക്കുന്നതാണ് മാനവികത. പ്രതികാരദാഹം മാനവികതയെ ക്ഷയിപ്പിക്കും. ദ്രോഹിക്കുന്നവർക്ക് വേണ്ടി പോലും പ്രാർത്ഥിക്കാനുള്ള സ്ഥൈര്യം നിലനിർത്തുമ്പോഴാണ് ഒരാൾ ധീരനും ശക്തനുമാകുന്നത്.

അധർമ്മത്തേയും അനീതിയേയും കണ്ടില്ലെന്ന് നടിക്കണമെന്നോ അതിന് അടിമപ്പെടണമെന്നോ അല്ല ഇവിടെ അർത്ഥമാക്കുന്നത്. ഒരു കരണത്ത് അടിക്കുന്നവന് മറുകരണം കാണിച്ചു കൊടുക്കുമ്പോൾ, അങ്കി നേടാൻ ശ്രമിക്കുന്നവന് മേലങ്കി കൂടി സ്വമനസ്സാലെ ഊരിക്കൊടുക്കുമ്പോൾ ദ്രോഹിക്കുന്നവൻ മാനസികവും ധാർമ്മികവുമായി ദുർബലനാവുകയാണ് ചെയ്യുന്നത്. ആക്രമിക്കുന്ന ഒരു വ്യക്തി അത്തരം ഒരു പ്രത്യാക്രമണമാണ് പ്രതീക്ഷി

ക്കുക. അതിൽ നിന്ന് വ്യത്യസ്തമായ അഹിംസാത്മകമായ ഒരു പ്രതികരണം മറുഭാഗത്തുനിന്നുണ്ടാകുമ്പോൾ അക്രമം തുടരാനുള്ള മാനസികാവസ്ഥ തന്നെ രാജ്യിയാകുന്നു.

ആത്മശക്തിയെ ഉണർത്തിക്കൊണ്ടുള്ള അഹിംസാത്മക പ്രതികരണങ്ങളെ അതിജീവിക്കാനുള്ള മാർഗങ്ങൾ അക്രമിക്ക് ഉണ്ടാവുകയില്ല.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ആയുധശക്തികൊണ്ട് പ്രബലമായിരിക്കുന്നു. അവരുടെ മുന്നേറ്റവും അക്രമോത്സുകമായിരുന്നു. ഇതിനെതിരെ ആയുധം കൊണ്ടല്ല ആത്മശക്തി കൊണ്ടാണ് ഗാന്ധിജി പോരാടിയത്. ആത്മശക്തിയാൽ പ്രചോദിതമായ കോടിക്കണക്കിന് ജനങ്ങളുടെ വൈവിധ്യമാർന്ന അഹിംസാത്മകമായ പ്രതികരണങ്ങളെ ചെറുക്കാൻ ബ്രിട്ടീഷുകാരന്റെ ആയുധശക്തിക്ക് സാധിച്ചില്ല.

ആത്മശക്തിയെ ഉണർത്താൻ അനുകൂലമായ പരിസരമാണ് ആദ്യം വേണ്ടത്. ഹൃദയവിശുദ്ധിയാണ് ഈ പരിസരം സൃഷ്ടിക്കുന്നത്. ആത്മപരിശോധനയിലൂടെ അവനവനെ മനസ്സിലാക്കുക. മറ്റുള്ളവരെ കുറ്റപ്പെടുത്താതിരിക്കുക. 'വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്' എന്ന് യേശു പറയുന്നത് അതുകൊണ്ടാണ്. ഉപവാസവും മറ്റു വ്രതങ്ങളുമെല്ലാം ഇത്തരം ആത്മപരിശോധനയും ആത്മശുദ്ധീകരണത്തിനുമുള്ള പ്രക്രിയകളാണ്. ദുഃഖഭാവത്തോടുകൂടിയല്ല ഉപവസിക്കേണ്ടത്. എന്ന് യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രസന്നമായ മനസ്സും മുഖവുമാണ് ഉപവസിക്കുന്നവന് (സത്യാഗ്രഹിക്ക്) ഉണ്ടാകേണ്ടത്.

കാര്യങ്ങളെല്ലാം ഞാൻ ചെയ്യുന്നു എന്ന അഹംഭാവം ആദ്യം ഉപേക്ഷിക്കുക. ദൈവത്തിങ്കൽ സമ്പൂർണ സമർപ്പണം ചെയ്യുക. ഭൂമിയിലെ നിക്ഷേപങ്ങൾ നിനക്കായി സൂക്ഷിച്ചുവയ്ക്കാതിരിക്കുക എന്ന് ഉപദേശിക്കുന്നു. ഇപ്രകാരം സൂക്ഷിച്ചുവയ്ക്കുമ്പോൾ മനസ്സ് എപ്പോഴും ഈ സമ്പാദ്യത്തിന്റെ ഭദ്രതയേയും വർദ്ധനവിനേയും കുറിച്ച് വ്യാകുലപ്പെട്ടിരിക്കും. എല്ലാം പൊതുസ്വത്തായി കണക്കാക്കുമ്പോൾ സ്വാർത്ഥതയെ പരമാവധി ഒഴിവാക്കാനാകും. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തിന്റെ ദർശനം ഇതാണ്. ഭൂമിയിലെ വിഭവങ്ങൾ എല്ലാവർക്കും അർഹതപ്പെട്ടതാണ്. ഇത്തരം പൊതു വിഭവങ്ങളുടെ താത്കാലിക സൂക്ഷിപ്പുകാർ (ട്രസ്റ്റികൾ) മാത്രമാണ് നമ്മൾ എന്ന ചിന്ത വളർത്തുകയാണ് വേണ്ടത്. രണ്ട് യജമാനന്മാരെ സേവിക്കാൻ സാധിക്കില്ല എന്നു പറയുന്നത് ഇതുകൊണ്ടാണ്. ദൈവത്തേയും സ്വാർത്ഥതയേയും ഒരേസമയം യജമാനന്മാരായി സ്ഥാപിക്കാനാവില്ല. ദൈവത്തോട് വിധേയപ്പെടുമ്പോൾ സ്വാർത്ഥതയേയും, അഹംഭാവത്തേയും, പലവിധ ആഗ്രഹങ്ങളേയും ഒഴിവാക്കുക തന്നെ വേണം. ത്യാഗത്തിലും ലാളിത്യത്തിലും സമർപ്പണത്തിലും അധിഷ്ഠിതമായ ജീവിതമാർഗം പ്രയാസകരമാണ്. എന്നാൽ ഇത് മാത്രമാണ് ദൈവത്തിലേക്കുള്ള വഴി. ജീവനിലേക്കുള്ള

വാതിൽ ഇടുങ്ങിയതും നാശത്തിലേക്കുള്ള വാതിൽ വീതിയുള്ളതുമാണെന്ന് ഓർമ്മപ്പെടുത്തുന്നത് ഇതുകൊണ്ടാണ്.

ആത്മശുദ്ധീകരണത്തിന് വേണ്ടി നടത്തുന്ന പ്രാർത്ഥനയും ചെയ്യുന്ന സത്കർമ്മങ്ങളും എങ്ങനെയായിരിക്കണമെന്ന് യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ വ്യക്തമാക്കുന്നു. അനവധി ആഗ്രഹങ്ങളുടെ ഒരു പട്ടിക നിരത്തിവയ്ക്കലല്ല പ്രാർത്ഥന. നിങ്ങൾക്ക് എന്തു വേണമെന്ന് ദൈവത്തിനറിയാം. അതുകൊണ്ട് അങ്ങയുടെ ഇഷ്ടം മാത്രം നിറവേറട്ടെ എന്ന് മാത്രം പ്രാർത്ഥിക്കുക. മിതമായ വാക്കുകളിൽ പ്രാർത്ഥന നിർവഹിക്കുക. നടന്നുകിട്ടേണ്ട കാര്യങ്ങളെക്കുറിച്ച് പറയുകയും നടന്നാൽ ഇന്ന പ്രതിഫലം നൽകാമെന്ന് നേരുകയും ചെയ്യുന്ന നിബന്ധനാപൂർവമായ ഏറ്റുചൊല്ലലുകൾ പ്രാർത്ഥനയേയല്ല. മറ്റുള്ളവർ കാണത്തക്കവിധം സിനഗോഗുകളിലും തെരുവ് മൂലകളിലും പ്രാർത്ഥിക്കുന്നത് കപടഭക്തരാണെന്ന് യേശുക്രിസ്തു പ്രത്യേകം പറയുന്നു. മറ്റുള്ളവർക്ക് ഉപകാരം ചെയ്യുമ്പോഴും ഇക്കാര്യം ഓർക്കണം. വലതുകൈകൊണ്ട് ഭിക്ഷ നൽകുമ്പോൾ ഇടതുകൈപോലും അറിയാതിരിക്കട്ടെ എന്ന് ഓർമ്മിപ്പിക്കുന്നു. ഇത്തരം നിസ്വാർത്ഥ പ്രാർത്ഥനയും സേവനവും സർവ്വോദയ സമൂഹ രചനയ്ക്കും അനിവാര്യമാണെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

ഖുർ–ആനിലെ സർവ്വോദയ ചിന്തകൾ

സർവവിധ ജീവജാലങ്ങളുടെയും ക്ഷേമവും സഹവർത്തിത്വവും സമത്വവും കാംക്ഷിക്കുന്ന സർവ്വോദയ ദർശനത്തിന്റെ പ്രയോഗം ഭൂമിയിൽ സാധ്യമാകണമെന്നാണ് വിശുദ്ധ ഖുർ–ആൻ നിർദ്ദേശിക്കുന്നത്. സ്നേഹത്തിന്റേയും സഹനത്തിന്റേയും സഹകരണത്തിന്റേയും ശൈലി സ്വീകരിച്ചുകൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടണം. ഇസ്ലാം എന്ന വാക്കിന്റെ അർത്ഥം തന്നെ സമാധാനം എന്നാണ്. സുസ്ഥിരതയും സമാധാനവും സ്ഥാപിക്കുക വഴി പ്രപഞ്ചകർത്താവിന്റെ ലക്ഷ്യത്തിലേക്ക് കൂടുതൽ അടുക്കുവാനുള്ള കർമ്മപദ്ധതിയാണ് വിശുദ്ധ ഖുർ–ആനിൽ ഉള്ളടങ്ങിയിരിക്കുന്നത്. പവിത്രമായ ഈ സന്ദേശങ്ങളെ ആദ്യമായി സ്വീകരിച്ചതും സ്വജീവിതത്തിൽ പ്രയോഗിച്ച് മാതൃക കാണിച്ചതും പ്രവാചകനായ മുഹമ്മദ് നബിയാണ്. ലാളിത്യവും, ത്യാഗവും, സേവനവും, സർവ ജീവി സ്നേഹവുമെല്ലാം പ്രവാചകന്റെ ജീവിതത്തിലുടനീളം കാണാൻ സാധിക്കുന്നത് ഇതുകൊണ്ടാണ്. തികച്ചും പ്രായോഗികമായ ഒരു കർമ്മപദ്ധതിയാണ് ഖുർ–ആനിലൂടെ ലഭിക്കുന്ന ഉപദേശങ്ങൾ എന്ന് സുവ്യക്തമാണ്.

സമത്വവും ലാളിത്യവും

മനുഷ്യരെല്ലാം പദവിയിൽ തുല്യരാണെന്ന് വിശുദ്ധ ഖുർ–ആൻ നിർദ്ദേശിക്കുന്നു. ഭാഷ, ദേശം, വർഗം, വംശം, വർണം ഇവയെ അടിസ്ഥാനമാക്കി അവർക്കിടയിൽ യാതൊരു വിധ ഉച്ചനീചത്വവും കല്പിക്കാൻ പാടില്ല. ഒരേ ജീവിതനിർദ്ദേശമാണ് പ്രപഞ്ചകർത്താവ് എല്ലാവർക്കും നൽകിയിട്ടുള്ളത്. ഇതിൽ ഭിന്നിപ്പുണ്ടാക്കിയത് മനുഷ്യരാണ്.

ലളിതജീവിതം നമ്മെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് നയിക്കും. നബിതിരുമേനിയുടെ ജീവിതം തന്നെ ഇതിന് പ്രത്യക്ഷ ഉദാഹരണമാണ്. പരിമിതമായ വിഭവങ്ങൾ മാത്രമേ അദ്ദേഹം ഉപയോഗിക്കുകയുള്ളൂ. പട്ടിണി പലപ്പോഴും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. എന്നിട്ടും അതിഥികളെ ദൈവതുല്യരായി അദ്ദേഹം സ്വീകരിച്ചിരുന്നു. കൈവശമുള്ളത് ഒരു ഈത്തപ്പഴമാണെങ്കിൽപോലും അത് പകുത്ത് അതിഥിക്ക് സമർപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. അതും ഇല്ലെങ്കിൽ ഒരു പുഞ്ചിരിയെങ്കിലും നൽകി അതിഥികളെ തൃപ്തിപ്പെടുത്തണമെന്ന് അദ്ദേഹം ഉപദേശിച്ചു.

ഒരിക്കൽ മുഹമ്മദ് നബിയുടെ മകൾ ഫാത്തിമ അദ്ദേഹത്തെ സമീപിച്ച് തന്റെ രണ്ട് ഉള്ളം കൈകളും കാണിച്ചുകൊണ്ട് പറഞ്ഞു, ധാന്യം പൊടിക്കാനുള്ള തിരിക്കല്ല് നിരന്തരമായി പിടിച്ച് രണ്ടുകൈകളും തഴമ്പിച്ചിരിക്കുന്നു. ദയവ് ചെയ്ത് ഒരു ഭൃത്യയെ ഏർപ്പാട് ചെയ്ത് തരാമോ? മറുപടി ഇപ്രകാരമായിരുന്നു: പ്രിയപ്പെട്ട ഫാത്തിമ, നിനക്കറിയാമോ എത്രയോ സാധുക്കൾ ഒരു നേരത്തെ ആഹാരത്തിന് പോലും മാർഗമില്ലാതെ നിത്യവും കിടന്ന് വലഞ്ഞ് പൊരിയുന്നു. അപ്പോൾ നമുക്ക് എങ്ങനെയാണ് ഒരു ഭൃത്യയെ ഏർപ്പെടുത്തുക. ആ ആഡംബരം ആസ്വദിക്കാൻ നമുക്ക് (പ്രവാചകന്റെ കുടുംബത്തിന്) എന്താണ് അവകാശം? പുത്രി പിന്നീടൊരിക്കലും ആ അഭ്യർത്ഥന ആവർത്തിച്ചില്ല.

എല്ലാവർക്കും അർഹതപ്പെട്ട ഭൂമി

പ്രപഞ്ചകർത്താവാണ് ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥൻ. ഭൂമിയിലെ സമ്പത്ത് പിടിച്ചുവയ്ക്കുവാൻ ആർക്കും അധികാരമില്ല. ആവശ്യംകഴിച്ച് ബാക്കിയുള്ളത് മറ്റുള്ളവർക്ക് വിട്ടുകൊടുക്കേണ്ടതാണ് എന്ന് ഖുർ-ആൻ നിർദ്ദേശിക്കുന്നു.

സമ്പാദിച്ചുകൂട്ടാനുള്ള അമിതമായ ആസക്തി അപകടമാണ്. ആസക്തിയോടെ കുന്നുകൂട്ടിവയ്ക്കുന്ന ഭൗതിക വസ്തുക്കൾ മലിനീകൃതമാണ്. പ്രാർത്ഥനകൊണ്ട് മനസ്സിനേയും ശരീരത്തേയും ശുദ്ധീകരിക്കുന്നതുപോലെ ഭൗതിക വസ്തുക്കളെ ശുദ്ധീകരിക്കാനുള്ള പ്രക്രിയയാണ് സക്കാത്ത്. സക്കാത്ത് ഭൗതിക വസ്തുക്കളെ മാലിന്യങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നു. ഒരാളുടെ സമ്പാദ്യം അയാൾക്ക് അർഹതപ്പെട്ടതുപോലെ മറ്റുള്ളവർക്കും അർഹതപ്പെട്ടതാണ്. ഭാഗ്യവാൻമാരല്ലാത്ത സാധുക്കൾക്ക് കൂടി സമ്പാദ്യത്തിന്റെ ഒരു വിഹിതം സക്കാത്തായി നൽകണം.

ഇത് കൂടാതെ അവനവന്റെ കഴിവും സൗകര്യവും അനുസരിച്ച് ഐച്ഛിക ദാനങ്ങളും (സദക്ക) നൽകണം. എല്ലാതരം സത്കർമ്മങ്ങളും സദക്കയാണ്. ദുഃഖിതരെ ആശ്വസിപ്പിക്കുക, അതിഥികളെ സത്കരിക്കുക, രോഗികളെ സന്ദർശിക്കുക, കുടുംബാംഗങ്ങളോടും ബന്ധുക്കളോടും അയൽക്കാരോടും സൗഹാർദ്ദപൂർവം പെരുമാറുക, അഗതികളെ സഹായിക്കുക, അന്യന്റെ ചുമട്ഭാരം ലഘൂകരിക്കുക, സന്തോഷപൂർവം അന്യരെ അഭിവാദ്യം ചെയ്യുക, പ്രസന്നവദനനായി മറ്റുള്ളവരെ നോക്കുക എന്നിവയെല്ലാം സദക്കയുടെ ബഹുമുഖ രൂപങ്ങളാകുന്നു. സർവ്വോദയമനോഭാവത്തിൽ നിന്നാണ് സദക്ക ആചരിക്കാനുള്ള പ്രേരണ ലഭിക്കുന്നത്.

തന്റെ അന്തിമനാളുകളിൽ കേവലം പഴയ വസ്തുക്കളല്ലാതെ വിലപിടിപ്പുള്ളതൊന്നും നബിതിരുമേനിയുടെ പക്കൽ ഉണ്ടായിരുന്നില്ല. കുടുംബാംഗങ്ങളുടെ കഷ്ടിച്ചുള്ള ജീവിതത്തിനായി മാറ്റിവച്ച അല്പം സമ്പത്ത്പോലും അദ്ദേഹം പൊതു ഭണ്ഡാരത്തിലേക്ക് സംഭാവനചെയ്തു. സമ്പത്ത് ദൈവ

ത്തിന്റേതാണ്. മനുഷ്യൻ കേവലം സൂക്ഷിപ്പുകാരൻ മാത്രമാണ്. വിശുദ്ധ നിർദ്ദേശവും അന്തിമ നിമിഷത്തിൽപോലും അദ്ദേഹം പ്രാവർത്തികമാക്കി.

അഭിപ്രായ സ്വാതന്ത്ര്യവും മറ്റു മതസ്ഥരും

മനുഷ്യന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെ ഖുർ-ആൻ അംഗീകരിക്കുന്നു. മറ്റു മതസ്ഥരുടെ ആരാധ്യവസ്തുക്കളെ അവഹേളിക്കരുത് എന്നും ഖുർ-ആൻ നിർദ്ദേശിക്കുന്നു. ദൈവം ഏകമാണെങ്കിലും ദൈവത്തിലേക്കുള്ള മാർഗം പലതാകാം. മാർഗത്തെച്ചൊല്ലി കലഹിക്കരുത്. ഇക്കാര്യത്തിലും നബി മാതൃക കാണിച്ചു.

അറേബ്യയിലെ ഐശ്വര്യസമ്പന്നമായ നജ്റാൻ പ്രദേശത്തെ മുസ്ലീം ദേവാലയത്തിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ക്രിസ്ത്യാനികളടക്കം ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ കാണാനെത്തി. ചർച്ചാവേളയിൽ ദേവാലയത്തിന്റെ ഇതരഭാഗങ്ങളിൽ മുസ്ലീങ്ങൾ പതിവനുസരിച്ചുള്ള നമസ്കാരങ്ങൾ തുടരുന്നുണ്ടായിരുന്നു. കൂടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കും പ്രാർത്ഥിക്കേണ്ട സമയമായി. അതിനുവേണ്ടി അവർ ദേവാലയത്തിൽ നിന്നും പുറത്തിറങ്ങാൻ ശ്രമിച്ചു. പ്രവാചകൻ അവരോട് പറഞ്ഞു: നിങ്ങൾ പുറത്ത് പോകേണ്ട ആവശ്യമില്ല. നാം ഇരുകൂട്ടരും സഹോദര സമുദായക്കാരാണ്. ഒരേ ദൈവത്തെ തന്നെ നാം ആരാധിക്കുന്നു. ഇത് ദൈവഗേഹമാണ്. ഇവിടെ വച്ചുതന്നെ നിങ്ങൾക്കും നിങ്ങളുടെ വിശ്വാസപ്രകാരമുള്ള പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും നടത്താം. നിങ്ങൾക്ക് സമ്മതമാണെങ്കിൽ.

സർവ്വോദയ ദർശനത്തിന്റെ ഭാഗമായ സർവധർമ്മ സമഭാവമാണ് ഇവിടെ പ്രകടമാകുന്നത്.

സ്ത്രീ സ്വാതന്ത്ര്യം

സ്ത്രീക്കും പുരുഷനും തുല്യസ്വാതന്ത്ര്യം നൽകണമെന്ന സർവ്വോദയ വീക്ഷണം ഖുർ-ആനിലും ദർശിക്കാം. സ്വാതന്ത്ര്യമില്ലാത്ത ജീവികളായി കരുതപ്പെട്ട സ്ത്രീകൾക്ക് പുരുഷനോളം സ്ഥാനം നൽകിയത് അറബി ലോകത്തെ ഞെട്ടിച്ചു. സ്ത്രീകൾക്ക് മാതാപിതാക്കളുടേയും അടുത്ത കുടുംബാംഗങ്ങളുടേയും സ്വത്തിൽ അവകാശം അനുവദിച്ചു. പ്രായപൂർത്തിക്ക് മുൻപ് സ്ത്രീയെ വിവാഹം ചെയ്ത് കൊടുക്കുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചു. പ്രായപൂർത്തിക്ക് ശേഷം വിവാഹം നടത്തുമ്പോഴും സ്ത്രീയുടെ സമ്മതം വേണം. സ്ത്രീക്ക് ഗൃഹഭരണത്തിൽ പങ്കും ഉത്തരവാദിത്തവുമുണ്ടെന്നും പ്രഖ്യാപിക്കുന്നു.

അദ്ധ്വാന സംസ്കാരം

അദ്ധ്വാനിക്കാൻ ആരോഗ്യമുള്ള എല്ലാവരും അദ്ധ്വാനിച്ച് തന്നെ ഉപജീവനം കഴിക്കണമെന്നും പ്രവാചകൻ വ്യക്തമാക്കുന്നു. ആരോഗ്യവാൻമാർ യാചന ഒരു തൊഴിലാക്കരുത്. ഇത്തരക്കാരുടെ യാചനയേക്കാൾ ഭേദം മരണ

മാണ് എന്നും ഓർമ്മിപ്പിക്കുന്നു. ഒരിക്കൽ ഒരു ദീർഘയാത്രയിൽ, പ്രവാചകനും തന്റെ സംഘത്തിലുണ്ടായിരുന്നവരും ജോലികൾ പങ്കിട്ടെടുത്തു. വിറക് സംഭരിക്കുക എന്ന ദൗത്യമാണ് പ്രവാചകൻ ഏറ്റെടുത്തത്. കാട്ടിൽ പോയി വിറക് സംഭരിക്കാൻ തുടങ്ങിയപ്പോൾ കൂടെയുണ്ടായിരുന്നവർ പറഞ്ഞു: അങ്ങ് എന്തിന് ഇത്രയും ബുദ്ധിമുട്ടുന്നു? ഞങ്ങൾ ഇതൊക്കെ ചെയ്തു കൊള്ളാം. പ്രവാചകൻ ഇപ്രകാരം മറുപടി പറഞ്ഞു: നിങ്ങളുടെ സന്മനോഭാവത്തിന് നന്ദി. എന്നാൽ ഈ പ്രവൃത്തി ഞാൻ തന്നെ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് നിങ്ങളേക്കാൾ എന്തെങ്കിലും മേന്മയുള്ളതായി ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ഭാവിക്കാനും ഞാൻ ഉദ്ദേശിക്കുന്നില്ല. അന്യരുടെ മേൽ മേന്മ ഭാവിക്കുന്നവരെ അള്ളാഹു സ്നേഹിക്കുന്നില്ല. ഖുർ-ആനിന്റെ മഹത്തായ സമത്വഭാവവും, അനിവാര്യമായ അദ്ധ്വാന സംസ്കാരവുമാണ് ഇവിടെ പ്രകടമാകുന്നത്. സർവ്വോദയ ദർശനത്തിന്റെ ആചാര്യനായ മഹാത്മാഗാന്ധിയും ഇതുതന്നെയാണ് സ്വജീവിതത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ദീനാനുകമ്പ സകലജീവികളോടും

ദയയും അനുകമ്പയും സകല ജീവികളോടും കാണിക്കണമെന്ന് ഖുർ-ആൻ നിർദ്ദേശിക്കുന്നു. പ്രപഞ്ചകർത്താവിന്റെ സൃഷ്ടികളായ എല്ലാ ജീവജാലങ്ങൾക്കും തുല്യപ്രാധാന്യമാണുള്ളത്. ഒരിക്കൽ നായയുടെ മൃത ശരീരം ഏതാനും പേർ പ്രവാചകന്റെ മുന്നിലൂടെ കൊണ്ടുപോയി. അദ്ദേഹം ഉടൻ എഴുന്നേറ്റ് നിന്നു. കൂടെയുള്ളവർ കാര്യം തിരക്കി. പ്രവാചകൻ മറുപടി നൽകിയത് ഇപ്രകാരമാണ്: നിങ്ങൾ പറഞ്ഞത് ശരിയാണ്. അത് ഒരു നായയുടെ ജഡം തന്നെ. പക്ഷേ, ഒരു നിമിഷം മുൻപ് വരെയും ആ മൃതദേഹവും ഒരു ജീവൻ വഹിച്ചിരുന്നു. സ്നേഹം നിറഞ്ഞ ഒരു ഹൃദയം ആ ശരീരത്തിനുള്ളിലും ത്രസിച്ചിരുന്നു. മാത്രമല്ല ശുനക സ്വഭാവം എന്തെന്ന് ഞാൻ മനസ്സിലാക്കിയത് അതിന്റെ വർഗജരിൽ നിന്നാണ്. അക്കാര്യത്തിൽ പ്രത്യേകിച്ച് എനിക്ക് അതിനോട് കടപ്പാടും ആദരവും ഉണ്ട്. മൂകജീവികളെപോലും ആദരിക്കുന്ന സർവ്വോദയ മനസ്സ് നമുക്ക് മാതൃകയാക്കാവുന്നതാണ്.

ചൂതുകളിയും ലഹരിപദാർത്ഥങ്ങളും.

ചൂതുകളിയുടെ എല്ലാ ഇനങ്ങളും അതായത് ഭാഗ്യപരീക്ഷയുടെ സ്വഭാവത്തിലുള്ള എല്ലാ കളികളും നിഷിദ്ധമാണ്. നറുക്കെടുപ്പും ഭാഗ്യക്കുറിയും അനാവശ്യമായ ആഗ്രഹങ്ങളെ വളർത്തുകയും അദ്ധ്വാന സംസ്കാരത്തെ ഇല്ലാതാക്കുകയും ചെയ്യും.

ചൂതുകളി, ചീട്ടുകളി, പലിശ, ദല്ലാൾപണി, കമ്മീഷൻ എന്നിവകൊണ്ടുള്ള ഉപജീവനം അധമമാണെന്ന് ഗാന്ധിജി പറയുന്നതും ഈയൊരു അർത്ഥത്തിലാണ്.

എല്ലാ ലഹരിവസ്തുക്കളും നിഷിദ്ധമാണ് എന്നും ഖുർ-ആൻ നമ്മെ ഉപ ദേശിക്കുന്നു. മദ്യവർജ്ജനവും മദ്യ നിരോധനവും ഖുർ-ആനിന്റെ സന്ദേശ ങ്ങളാണ്. മദ്യം വിറ്റുകിട്ടുന്ന പണം മലിനീകരിക്കപ്പെട്ട സമ്പത്തായി കാണണം

നല്ല കാര്യങ്ങൾക്കായി ഒന്നിക്കുക

കക്ഷിനോക്കാതെ നല്ലകാര്യങ്ങൾക്കായി എല്ലാവരും ഒന്നിക്കണമെന്നതും കാലികപ്രാധാന്യമുള്ള മറ്റൊരു ഉപദേശമാണ്. ആര് നല്ലത് ചെയ്താലും അതിനെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം. തന്റെ കക്ഷിക്കാരനാണോ മറ്റേതെങ്കിലും കക്ഷിക്കാരനാണോ എന്ന് നോക്കിയല്ല നന്മതിന്മകളെ നിർണ യിക്കേണ്ടത്. സമൂഹത്തിന് നന്മ ഉണ്ടാകുന്ന ഒരു കാര്യത്തിന്റെ വിജയത്തി നായി കക്ഷിഭേദങ്ങൾ മറന്ന് പരസ്പരം സഹകരിച്ച് മുന്നേറാൻ നമുക്ക് സാധിക്കണമെന്ന് വിശുദ്ധ ഖുർ-ആൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഭഗവദ്ഗീതയിലെ സർവ്വോദയ ചിന്തകൾ

ഗാന്ധിജിയുടെ ജീവിതത്തെയും ദർശനത്തെയും ഏറെ സ്വാധീനിച്ച കൃതിയാണ് ശ്രീമദ് ഭഗവദ്ഗീത. ഗീത തനിക്ക് മാതാവാണ് എന്ന് അദ്ദേഹം തുറന്നുപറയുന്നു. ആശകൾ അലട്ടുമ്പോൾ, നൈരാശ്യങ്ങൾ തുറിച്ചു നോക്കുമ്പോൾ, ചക്രവാളത്തിലെങ്ങും പ്രകാശത്തിന്റെ ഒരൊറ്റ രശ്മി പോലും കാണാൻ നിവൃത്തിയില്ലാതെ വരുമ്പോൾ അദ്ദേഹം ഭഗവദ്ഗീതയെ സമീപിച്ചിരുന്നു. അപ്പോഴൊക്കെ ഭഗവദ്ഗീത ആശ്വാസവും വെളിച്ചവും നൽകുന്നു. അങ്ങനെ, തീക്ഷ്ണമായ ദുഃഖത്തിന് നടുവിലും പുഞ്ചിരിക്കാൻ സാധിക്കുന്നത് ഭഗവദ്ഗീതയുടെ ഉപദേശമാണെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

ഗീതാമാതാവിനെ അനുസരിക്കുന്നവന്റെ മനസ്സിനെ ഒരിക്കലും വാർദ്ധക്യം ബാധിക്കുകയില്ല എന്ന് ഗാന്ധിജി സ്വജീവൻ കൊണ്ട് തെളിയിച്ചു.

വർഗീയതയും വിഭാഗീയതയുമില്ലാത്ത ഒരു ആദ്ധ്യാത്മിക നിഘണ്ടുവാണ് ഗീത. ഇതേക്കുറിച്ച് ഗാന്ധിജി പറയുന്നു: എനിക്ക് അറിഞ്ഞുകൂടാത്ത ഇംഗ്ലീഷ് പദങ്ങളുടെ അർത്ഥം കണ്ടുപിടിക്കുന്നതിനുവേണ്ടി ഞാൻ ഇംഗ്ലീഷ് നിഘണ്ടു നോക്കാറുള്ളതുപോലെ എന്റെ ക്ലേശങ്ങളുടെയും പരീക്ഷണങ്ങളുടെയും ഉടനെയുള്ള പരിഹാരത്തിനുവേണ്ടി ഞാൻ ഭഗവദ്ഗീത എന്ന സദാചാര നിഘണ്ടുവിനെയാണ് ആശ്രയിക്കാറുള്ളത്.

ഗീതയുടെ രീതിശാസ്ത്രമാണ് ഗാന്ധിജിയെ ഏറെ ആകർഷിച്ചത്. ആധിപത്യത്തിന്റെയോ ശാസനത്തിന്റെയോ സമീപനം ഗീതയിലില്ല. യുക്തിസഹമായി കാര്യങ്ങളെ അവതരിപ്പിക്കുന്നു. പൂർണമായും യുക്തിവാദത്തോടുകൂടിയ ഒരു ധർമ്മശാസ്ത്രം അതിലുണ്ട്. അതേസമയം, ഇത് കേവലം ഒരു വിജ്ഞാനഗ്രന്ഥം മാത്രമല്ല. ഹൃദയത്തിനും ബുദ്ധിക്കും അത് സംതൃപ്തി നൽകുന്നു. ഭൗതികലോകത്തേയും അതിന്റെ സൂക്ഷ്മതലമായ ആത്മീയ തത്വത്തേയും ഗീത പ്രകാശിപ്പിക്കുന്നു. തത്വജ്ഞാനവും ഭക്തിയും ഒരേ സമയം വിളങ്ങുന്ന മഹദ്ഗ്രന്ഥമാണ് ഗീത. ഇത്തരം ഒരു സമന്വയം ഗാന്ധിജിയുടെ സർവ്വോദയ ദർശനത്തിന്റെ ശക്തമായ ഒരു അടിത്തറയാണ്.

ആത്മസാക്ഷാത്കാരം നേടുക എന്നതാണ് മനുഷ്യന്റെ ആത്യന്തികമായ

ജീവിത ലക്ഷ്യം എന്ന് ഭഗവദ്ഗീത ഓർമ്മപ്പെടുത്തുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏറ്റവും നല്ല മാർഗം ഏതെന്ന് ഗീത കാണിച്ചുതരുന്നു. ലൗകിക ജീവിതത്തെ ഉപേക്ഷിച്ചുകൊണ്ടല്ല ആത്മസാക്ഷാത്കാരം നേടേണ്ടത് എന്ന സന്ദേശം കൂടി ഗീത നൽകുന്നുണ്ട്. സന്യാസിക്കും ഗൃഹസ്ഥനും യുക്തിവാദിക്കും എല്ലാം പരമമായ ലക്ഷ്യം നേടാൻ സാധിക്കും. കർമ്മം ചെയ്യുന്ന ആളുടെ മനോഭാവത്തിൽ പ്രത്യേകമായ ഒരു ക്രമം ഉണ്ടാക്കുകയാണ് വേണ്ടത്. ആസക്തിയെ ലഘൂകരിക്കുകയും ക്രമേണ ഇല്ലാതാക്കുകയും വേണം. അതേസമയം ഇത് ഒരു നിഷേധ പ്രക്രിയ ആകാനും പാടില്ല. അതിനുള്ള മാർഗം മനസ്സിൽ സേവന മനോഭാവം വളർത്തുക എന്നതാണ്. തന്റെ ഓരോ പ്രവൃത്തിയും ഈശ്വരാംശം കുടികൊള്ളുന്ന സഹജീവികൾക്ക് വേണ്ടി ചെയ്യുന്ന സേവനമാണെന്ന ബോധ്യം മനസ്സിൽ ഉറപ്പിക്കുക. ഇത്തരം സേവനം മറ്റൊരു തരത്തിൽ ഈശ്വരാരാധന തന്നെയാണ് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ പ്രതിഫലത്തിനുവേണ്ടിയുള്ള ആസക്തിയും താനേ ഇല്ലാതാകുന്നു. ഇപ്രകാരം ഒരു അനാസക്തഭാവം വളർത്തിയെടുക്കാനുള്ള വ്യക്തമായ കർമ്മപദ്ധതിയും ദർശനവും ഭഗവദ്ഗീത പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് ഗാന്ധിജി ഭഗവദ്ഗീതയ്ക്ക് വ്യാഖ്യാനം എഴുതിയപ്പോൾ അതിന് അനാസക്തിയോഗം എന്ന പേർ നൽകിയത്.

മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ ഭഗവദ്ഗീതയുടെ സുവ്യക്തമായ തത്വോപദേശം ഇപ്രകാരമാണ്: നിനക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കർമ്മം നീ ചെയ്യുക. അതിന്റെ ഫലം ത്യജിക്കുക. നിസ്സംഗമായി കർമ്മം അനുഷ്ഠിക്കുക.

കർമ്മത്തെ ത്യജിക്കുന്നവൻ നശിക്കുന്നു.
കർമ്മഫലം ത്യജിക്കുന്നവനാകട്ടെ ഉയരുന്നു.

മേൽപറഞ്ഞ ഗീതോപദേശത്തെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഗാന്ധിജിയുടെ അഭിപ്രായം ഏറെ ശ്രദ്ധേയമാണ്. സത്യവും അഹിംസയും പൂർണമായും പാലിക്കപ്പെട്ടാലല്ലാതെ പൂർണമായ കർമ്മഫലത്യാഗം സാധ്യമല്ല എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

അനാസക്തമായ കർമ്മം മനുഷ്യനെ ലക്ഷ്യപ്രാപ്തിക്ക് അർഹനാക്കുന്നു.

അനാസക്തി എന്തെന്നും അത് എങ്ങനെ പ്രയോഗിക്കാമെന്നും ഭഗവദ്ഗീതയിലെ മൂന്നും നാലും അഞ്ചും അദ്ധ്യായങ്ങൾ ഒരുമിച്ച് വായിക്കുമ്പോൾ ബോധ്യമാകും. ഈ അദ്ധ്യായങ്ങളിലെ സന്ദേശമാണ് ഗീതാദർശനത്തെ അനാസക്തിയോഗം എന്നു നാമകരണം ചെയ്യാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

ഭഗവദ്ഗീതയുടെ രണ്ടാം അദ്ധ്യായത്തിൽ സ്ഥിതപ്രജ്ഞ ലക്ഷണത്തെ കുറിച്ച് ഭഗവാൻ വിവരിച്ചപ്പോൾ അർജുനന് ആശയക്കുഴപ്പമുണ്ടാകുന്നു.

മൂന്നാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ ഈ അവ്യക്തതയാണ് സംശയ മായി അർജുനൻ ഉന്നയിക്കുന്നത്. ഒന്നും ചെയ്യാതെ ശാന്തനായി ഇരുന്നാൽ സ്ഥിതപ്രജ്ഞനായിക്കൂടേ എന്നാണ് ഒരു സംശയം.

കർമ്മത്തേക്കാൾ ശ്രേഷ്ഠം ജ്ഞാനമാണെങ്കിൽ എന്തിന് ഈ ഭാരിച്ച ജോലിയെല്ലാം ഏറ്റെടുക്കണം. നേരിട്ട് ജ്ഞാനം നേടിയാൽ പോരേ. ഇതാ യിരുന്നു രണ്ടാമത്തെ സംശയം. കർമ്മം അനുഷ്ഠിക്കാതെ കർമ്മവിമുക്തി ഉണ്ടാകില്ല എന്നും കർമ്മനിരാസത്തിലൂടെ ജ്ഞാനലബ്ധിയും ഉണ്ടാകു ന്നില്ല എന്നും ഭഗവാൻ ശ്രീകൃഷ്ണൻ വ്യക്തമാക്കുന്നു. എല്ലാ കർമ്മങ്ങ ളെയും തൃജിച്ചതുകൊണ്ട് മാത്രം ഒരുവനും പൂർണനാകുകയില്ല. നാമെല്ലാ വരും എപ്പോഴും കർമ്മം ചെയ്തുകൊണ്ടേയിരിക്കണം. സമസ്ത സൃഷ്ടി ജാലങ്ങളേയും ഈശ്വരന്മാരായി കണ്ടുകൊണ്ട് അവർക്കുവേണ്ടി ചെയ്യുന്ന സേവനമായി കർമ്മത്തെ മനസ്സിലാക്കുക. സ്വാർത്ഥലക്ഷ്യങ്ങളില്ലാതെ ചെയ്യുന്ന ഇത്തരം ലോകസേവനം തന്നെയാണ് യജ്ഞം. ജ്ഞാനത്തിന്റെ പ്രസന്നത കൈവരിക്കാനും ഇത്തരം സേവനംകൊണ്ട് സാധിക്കും.

കാമക്രോധങ്ങളാണ് ആസക്തിയുടെ പ്രകടിത രൂപങ്ങൾ. ഇവ രണ്ടും ഒരുവനെ അടിമയെപ്പോലെ പാപകർമ്മത്തിലേക്ക് തള്ളിവിടുന്നു. ഇത്തരം ഒരു ദുർഗതി വരാതിരിക്കാൻ ഒരേ ഒരു മാർഗമാണ് ഉള്ളത്. ഫലേച്ഛകൂടാതെ അനാസക്തമായി കർമ്മംചെയ്യുക. ഇപ്രകാരം ചെയ്യുന്നവർ തങ്ങളുടെ കർമ്മ ങ്ങളെ ജ്ഞാനാഗ്നിയിൽ ഹോമിക്കുന്നു എന്ന് പറയാം. കർമ്മഫല ത്യാഗ ത്തോടെ കർമ്മം ചെയ്യുന്നവൻ എപ്പോഴും സംതൃപ്തനും സ്വതന്ത്രനും ആയി രിക്കും. അവന്റെ ചിത്തവൃത്തികൾ അവന്റെ നിയന്ത്രണത്തിലാകുന്നു. ഇത്ത രത്തിൽ ആത്മനിയന്ത്രണം സാധ്യമായ ഒരു വ്യക്തിക്ക് ആത്മജ്ഞാനത്തി ലേക്ക് എത്തുക പ്രയാസമുള്ള കാര്യമായിരിക്കില്ല. തന്നിലും സഹജീവിക ളിലും സർവ്വസൃഷ്ടിജാലങ്ങളിലും ഒരേ ചൈതന്യത്തെ ദർശിക്കാനാകുന്ന തുതന്നെയാണ് യഥാർത്ഥ ജ്ഞാനം.

ജ്ഞാനിയായ ഒരാൾ സദാകർമ്മനിരതനായിരിക്കുമെങ്കിലും ഒട്ടുംതന്നെ ഫലേച്ഛ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടുതന്നെ കർമ്മപാശം അയാളെ ബന്ധിക്കുകയില്ല. കർമ്മം ചെയ്യുമ്പോഴും കർമ്മത്തിൽനിന്ന് വിമുക്തനാകുന്ന ഒരു അവസ്ഥ സംജാതമാകുന്നു.

ജ്ഞാനവും കർമ്മവും പരസ്പരപൂരകമാകുന്നു. ജ്ഞാനിയായ ഒരാൾക്ക് നിഷ്കാമകർമ്മം സാധ്യമാകുന്നു. നിഷ്കാമകർമ്മത്തിലൂടെ ജ്ഞാനം കൈവ രിക്കാനും സാധിക്കണം.

ഈ രണ്ട് പ്രക്രിയകൾക്കും ആധാരമായി വർത്തിക്കുന്നത് സർവസൃഷ്ടി സമദർശനമാണ്. എല്ലാത്തിലും തന്നിലും ഒരേ ശക്തിയെ ദർശിക്കാൻ കഴി യുന്നതാണ് സർവസൃഷ്ടി സുദർശനം. സർവജീവജാലങ്ങളുടേയും ക്ഷേമ

ത്തിനുവേണ്ടി സേവനം അനുഷ്ഠിക്കാനുള്ള സർവ്വോദയമനോഭാവം വളർത്തുന്നതോടെ നിഷ്കാമകർമ്മം സാധ്യമാകുന്നു.

നിഷ്കാമകർമ്മത്തിലൂടെ ലഭ്യമാകുന്ന ജ്ഞാനം മനുഷ്യനിൽ തിരിച്ചറിവുണ്ടാക്കുന്നു. പരമാത്മാവിന്റെ ശക്തിതന്നെയാണ് ജീവാത്മാവായി ഓരോ ജീവിയിലും പ്രവർത്തിക്കുന്നത്. പരമമായ ശക്തിയാണ് കാര്യങ്ങളെ നിർണയിക്കുന്നത്. ഇതിന്റെ ഒരു ഉപകരണം മാത്രമാണ് മനുഷ്യനും മറ്റു ജീവജാലങ്ങളും. ഇത് മനസ്സിലാക്കുന്നതിലൂടെ വ്യക്തിയിലെ അഹംഭാവം അസ്തമിക്കുന്നു. സർവ്വോദയമെന്ന ചിന്തയോടെ ലോകസേവനം ചെയ്യാൻ തയ്യാറാകുന്ന സത്യാഗ്രഹികളാകാൻ ഭഗവദ്ഗീതയിലെ അനാസക്തി യോഗം നമ്മെ പ്രാപ്തരാക്കുന്നു.

മഹാബലി നൽകുന്ന പാഠങ്ങൾ

ശ്രീമദ് ഭാഗവതത്തിൽ മഹാബലിയെക്കുറിച്ച് വളരെ പ്രാധാന്യത്തോടു കൂടിയാണ് അവതരിപ്പിക്കുന്നത്. സദ്ക്രിയനും ജനഹിതനുമായ രാജാവ്, ഭക്തിയും ജ്ഞാനവും കൈവരിക്കാനായ രാജാവ്, ഇന്ദ്രലോകമായ അമരാവതിയടക്കം സർവ ലോകങ്ങളുടെയും അധിപനായി വാണ രാജാവ്, വാമനന് നൽകിയ വാഗ്ദാനം പാലിക്കുന്നതിനുവേണ്ടി അഥവാ സത്യത്തിനുവേണ്ടി തന്റെ അധികാരവും സമ്പത്തുമെല്ലാം സന്തോഷത്തോടെ ത്യജിച്ച, മഹത്തായ ത്യാഗത്തിന്റെ മഹത്തായ ബലിയുടെ മാതൃകയാണ് മഹാബലി.

ഇതിൽനിന്നും തികച്ചും വ്യത്യസ്തമായ സന്ദേശം നൽകുന്ന മഹാബലിയെയാണ് ഇന്ന് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഓലക്കുടയും കുടവയറും കിരീടവുമുള്ള കേവലം കോമാളിവേഷക്കാരനായാണ് മഹാബലിയെ പലപ്പോഴും അവതരിപ്പിക്കുന്നത്. ഇത്തരം ഹാസ്യാത്മകമായ അവതരണത്തിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. എന്നാൽ മഹാബലിയെ നിമിത്തമാക്കിക്കൊണ്ട് ശ്രീമദ്ഭാഗവതം ലോകത്തിന് നൽകുന്ന മഹത്തായ മൂല്യബോധത്തെ ഒരിക്കലും വിസ്മരിക്കാൻ പാടില്ല.

പാലാഴിമഥനത്തെ തുടർന്ന് അമൃതകുംഭം കരസ്ഥമാക്കുന്നതിനായി ദേവന്മാരും അസുരന്മാരും തമ്മിലുണ്ടായ മത്സരത്തിന്റെ ഭാഗമായി, ഒരു ഘട്ടത്തിൽ, ഇന്ദ്രന് വിജയം വരിക്കാൻ സാധിക്കുന്നു. തുടർന്ന് മഹാബലി തന്റെ ഗുരുനാഥനായ ശുക്രാചാര്യരുടെ പക്കൽ ആശ്രയം തേടുന്നു. ഗുരുഭക്തിയിൽ സംപ്രീതനായ ശുക്രാചാര്യർ ബലിയെ അഭിഷേകം ചെയ്ത് വിശ്വജിത്ത് എന്ന യജ്ഞത്തിന് വേദിയൊരുക്കുന്നു. ഇന്ദ്രലോകത്തെയും കീഴടക്കി സർവാധിപതിയാകാൻ ബലിക്ക് കരുത്തു നൽകിയത് പ്രസ്തുത യജ്ഞമാണ്. അഹങ്കാരലേശമില്ലാതെ, ഗുരുചരണങ്ങളിൽ പ്രണമിക്കുന്ന ബലി ഉത്തമമാതൃകയാണ്. യാഗാഗ്നിയിൽ നിന്ന് ഉയർന്നുവന്ന സ്വർണാഭയോടുകൂടിയ രഥത്തിൽ, ബ്രഹ്മാവ് ചാർത്തിക്കൊടുത്ത ഒരിക്കലും വാടാത്ത പൂമാലയും, ശുക്രാചാര്യർ അനുഗ്രഹിച്ച് നൽകിയ ശംഖും ധരിച്ചുകൊണ്ടാണ് ബലി ഇന്ദ്രലോകം കീഴടക്കാൻ പോകുന്നത്. തുടർന്ന് ഇന്ദ്രനും കൂട്ടർക്കും അധികാരമൊഴിഞ്ഞ് അമരാവതിയിൽ നിന്ന് വിട്ടുനില്ക്കേണ്ടതായി വന്നു.

ഇന്ദ്രന്റേയും ദേവന്മാരുടേയും മാതാവായ അദിതി ദുഃഖിതയായി. ദൈവ നിശ്ചയപ്രകാരം മാത്രമാണ് എല്ലാം നടക്കുന്നതെന്ന് അറിയാമായിരുന്നിട്ടും തന്റെ പുത്രന്മാരോടുള്ള മമത ഒരു മായയായി അവരെ സ്വാധീനിക്കുകയാ യിരുന്നു. ആശ്രമത്തിലെത്തിയ കശ്യപൻ തന്റെ പത്നിയുടെ ദുഃഖകാരണം മനസ്സിലാക്കി.

ദൈവനിശ്ചയമാകയാൽ ദൈവത്തിന്റെ പ്രീതിയുണ്ടെങ്കിൽ മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാനാകുകയുള്ളൂ എന്ന് കശ്യപൻ അദിതിയെ അറി യിച്ചു. പയോവ്രതം അനുഷ്ഠിക്കലാണ് ദൈവപ്രീതിക്കായുള്ള മാർഗമായി ഉപദേശിച്ചത്. ഫാൽഗുനമാസത്തിലെ വെളുത്ത പക്ഷത്തിൽ ആദ്യത്തെ പന്ത്രണ്ടുദിവസം പാൽ മാത്രം ഭക്ഷിച്ച് ദ്വാദശാക്ഷരി മന്ത്രം - പന്ത്രണ്ട് അക്ഷരമന്ത്രം (ഓം നമോ ഭഗവതേ വാസുദേവായഃ) ജപിക്കലാണ് പയോവ്രതം. ആത്മാർത്ഥമായി വ്രതം അനുഷ്ഠിച്ച അദിതിക്ക് മുമ്പാകെ ഭഗവാൻ നാരായണൻ പ്രത്യക്ഷമാകുകയും, അദിതിക്ക് അടുത്തതായി ഉണ്ടാ കുന്ന കുഞ്ഞ് ദുഃഖനിവൃത്തി വരുത്തുമെന്നും അറിയിച്ചു. ഇപ്രകാരമുള്ള വരദാനത്തിനു ശേഷം അദിതിമാതാവിന് പിറക്കുന്ന കുഞ്ഞാണ് വാമനൻ. ഭഗവാന്റെ അവതാരം തന്നെ.

ബലിയുടെ കുടുംബമഹിമ

മഹാബലി അശ്വമേധയാഗം കഴിച്ചുകൊണ്ടിരുന്നപ്പോഴാണ് യാഗശാല യിലേക്ക് കൊച്ചുബ്രാഹ്മണനായ വാമനൻ പ്രവേശിക്കുന്നത്. ആ കൊച്ചു കുട്ടിയുടെ തേജസ്സുമൂലം യജ്ഞശാലയിൽ ഉജ്ജ്വലമായ ശോഭ പരന്നു. ബ്രാഹ്മണകുട്ടിയുടെ ദിവ്യത്വം മനസ്സിലാക്കിയ ബലി ആ കുട്ടിയെ വിധിപ്ര കാരം കാൽകഴുകി ആസനത്തിൽ സ്വീകരിച്ച് ഇരുത്തി. തുടർന്ന് ബലി പറഞ്ഞു: അങ്ങയുടെ കാൽ കഴുകിയ ഈ ജലം തന്റെ ശിരസ്സിൽ തളി ച്ചാൽ സർവവിധ പാപങ്ങളിൽ നിന്നും വിമുക്തനാകുമെന്ന് ഞാൻ മനസ്സി ലാക്കുന്നു. എന്റെ അശ്വമേധം ഫലവത്തായി എന്ന് ഞാൻ കരുതുന്നു. ഞാൻ അങ്ങേയ്ക്ക് എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞാലും. മഹാത്മാക്കൾ അവ രുടെ ഭക്തരോട് എന്തെങ്കിലും സഹായമഭ്യർത്ഥിക്കുന്നതുകൊണ്ട് അവരെ അനുഗ്രഹിക്കുന്നു. ഞാൻ എന്താണ് തരേണ്ടത് എന്ന് പറയൂ. അങ്ങേയ്ക്ക് ഭൂമി വേണോ? സുന്ദരിമാരായ കന്യകമാരെ തരട്ടെ? കുതിരകളെയോ ആന കളെയോ പശുക്കളെയോ തരട്ടെ? ദയവായി എന്നോടു കല്പിക്കുക.

എത്ര വലിയ അധികാരസ്ഥാനത്ത് ഇരിക്കുന്നവനായാലും എളിയവരോടു പോലും ഭക്തിയും ബഹുമാനവും പ്രകടിപ്പിക്കണമെന്ന മഹത്തായ പാഠം- എളിമയുടെ പാഠം ബലി നമ്മെ പഠിപ്പിക്കുന്നു.

ബ്രാഹ്മണകുമാരൻ ബലിയെ നോക്കി വളരെ മധുരമായി പുഞ്ചിരി തൂകി പറഞ്ഞു. വിനയം, ശ്രേഷ്ഠത, ധർമ്മനിഷ്ഠ ഇവ നിറഞ്ഞ വാക്കുകളാണ്

അങ്ങ് സംസാരിക്കുന്നത്. അതിൽ അത്ഭുതപ്പെടാനില്ല. മഹാനായ ശുക്രനും ഭൃഗുക്കളും അങ്ങയുടെ ആചാര്യന്മാരാണ്. പിന്നെ അങ്ങയുടെ മുത്തച്ഛൻ മഹാനായ പ്രഹ്ലാദനാണ്. അങ്ങയുടെ അച്ഛൻ വിമോചനൻ ദാനത്തിൽ പ്രസിദ്ധനായിരുന്നു. ഒരിക്കൽ ദേവന്മാർ ബ്രാഹ്മണവേഷത്തിൽ വന്ന് അദ്ദേഹത്തോട് ഭിക്ഷ ചോദിച്ചു. ദേവന്മാരാണെന്നറിഞ്ഞിട്ടും അങ്ങയുടെ അച്ഛൻ അവർ ചോദിച്ചപ്പോൾ തന്റെ ജീവനെ നൽകി. ചോദിക്കുന്ന ഭിക്ഷ ആർക്കും ഒരിക്കലും നിഷേധിക്കുകയില്ല എന്നത് അദ്ദേഹത്തിന്റെ ജീവിത ധർമ്മാചരണമായിരുന്നു. ഇത്രയും ഉത്കൃഷ്ടമായ കുടുംബത്തിൽ ജനിച്ച അങ്ങ് ഇത്രയേറെ നന്മയുള്ളവനായതിൽ അത്ഭുതമുണ്ടോ? ഞാനൊരു വരം ചോദിക്കുന്നുണ്ട്. എന്റെ കാൽകൊണ്ട് അളന്ന് മൂന്നടി ഭൂമി അങ്ങയിൽ നിന്നും ഞാൻ ആവശ്യപ്പെടുന്നു.

വാമനന്റെ ആവശ്യം കേട്ടപ്പോൾ ബലി അത്ഭുതപ്പെട്ടു. ബാലനായ ഇവന്റെ ആവശ്യം ബാലിശമാണല്ലോ എന്ന് അദ്ദേഹം ചിന്തിച്ചു. അദ്ദേഹം പറഞ്ഞു: വീണ്ടും ആലോചിക്കൂ, ജീവിതകാലം മുഴുവൻ സുഖമായി ജീവിക്കത്തക്കവിധം വേണ്ടത്ര ഭൂമി എന്നോട് സ്വീകരിക്കൂ.

അപരിഗ്രഹത്തിന്റെ പാഠം

ഇത് കേട്ടുകൊണ്ടു വാമനൻ പറഞ്ഞ വാക്കുകൾ എല്ലാ മനുഷ്യരും എക്കാലവും ഓർത്തിരിക്കേണ്ട കാര്യമാണ്. വാമനൻ പറഞ്ഞു: ഹേ രാജാവേ, അങ്ങയുടെ ഉദാരമായ പെരുമാറ്റവും അങ്ങയുടെ വാക്കും ഞാൻ ആസ്വദിക്കുന്നു. തൃഷ്ണയെ ജയിക്കാത്തിടത്തോളം കാലം ലോകത്തിൽ മോഹമുള്ളതെല്ലാം കിട്ടിയാലും ഒരുവൻ തൃപ്തനാകുകയില്ല. കിട്ടുന്നതുകൊണ്ട് തൃപ്തിയടയുന്ന മനുഷ്യന് എപ്പോഴും സുഖമാണ്. എന്നാൽ തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്ന മനസ്സിന്റെ അങ്ങും ഇങ്ങും ഉള്ള പരക്കം പാച്ചിലിന്റെ പിറകെ പോകുന്ന മനുഷ്യൻ ഒരിക്കലും സുഖം നേടുകയില്ല. ഈ അതൃപ്തിയാണ് മനുഷ്യന് ദുഃഖകാരണം. സംതൃപ്തനായ മനുഷ്യൻ മോക്ഷത്തിന് അർഹനാണ്. അദ്ദേഹത്തിന്റെ പ്രശസ്തി നാൾ തോറും വർദ്ധിക്കുന്നു.

അത്യാർത്തിയോടുകൂടിയ ജീവിതം മനുഷ്യന് നിരാശ മാത്രമാണ് നൽകുക എന്ന മഹത്തായ തത്വം ഇവിടെ മഹാബലിയെ നിമിത്തമാക്കിക്കൊണ്ട് അവതരിപ്പിക്കുന്നു. ധാരാളമുണ്ടെങ്കിലും പരിമിതമായി മാത്രം ആഗ്രഹിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഒരു വ്യക്തി എക്കാലവും സംതൃപ്തനായിരിക്കും. ഇപ്രകാരം സംതൃപ്തനായ മനുഷ്യൻ മോക്ഷത്തിന് അർഹനാണ്. അദ്ദേഹത്തിന്റെ കീർത്തി നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്യും എന്ന അപരിഗ്രഹത്വമാണ് ഇവിടെ വ്യക്തമാക്കുന്നത്. തുടർന്ന് വാമനൻ മൂന്നടി മണ്ണു തന്നെ ആവശ്യപ്പെടുന്നു.

ശുക്രാചാര്യരുടെ വിലക്ക്

"അങ്ങ് ചോദിക്കുന്നത് ഞാൻ അങ്ങേയ്ക്ക് തന്നിരിക്കുന്നു" എന്ന് ബലി വാമനനോടു സന്തോഷപൂർവം പറഞ്ഞുകൊണ്ട് ഉദകപൂർവം ദാനം ചെയ്യാനായി ജലപാത്രമെടുത്തു

ആചാര്യനായ ശുക്രൻ അദ്ദേഹത്തെ തടുത്തു. അദ്ദേഹം പറഞ്ഞു: അങ്ങയുടെ മുമ്പിൽ നിൽക്കുന്ന ഈ നാരായണൻ അങ്ങയുടെ പക്കൽ നിന്ന് സർവ സമ്പത്തും എടുത്തുകളയാൻ പോകുകയാണ്. അങ്ങേയ്ക്ക് ഉള്ള തെല്ലാം നഷ്ടപ്പെടാൻ പോകുന്നു. ശുക്രാചാര്യൻ തുടർന്നു: ഞാൻ കൊടുക്കും എന്നു പറയുന്നത് സത്യം പറയലാണ്. ആ വാക്കിൽ നിന്നും പിൻ വാങ്ങുന്നത്– വാഗ്ദാനം പാലിക്കാതിരിക്കുന്നത് – അസത്യം പ്രവർത്തിക്കലാണ്. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ നിർദോഷമായ അസത്യം പറയുന്നതിന് ഋഗ്വേദം അനുവദിക്കുന്നുണ്ട്. സ്വന്തം നാശത്തിന് കാരണമാകുന്ന ഒരു വാക്ക് പിൻവലിക്കുന്നത് തെറ്റല്ല എന്ന് വേദം അനുശാസിക്കുന്നു.

ഗുരു പറഞ്ഞതെല്ലാം ബലി സശ്രദ്ധം കേട്ടു. വളരെ വിനയപൂർവം അദ്ദേഹം ഗുരുവിനോടു പറഞ്ഞു: സത്യത്തിനുവേണ്ടി ക്രൂരമായ മർദ്ദനങ്ങളും യാതനകളും അനുഭവിച്ച മഹാനായ പ്രഹ്ലാദനാണ് എന്റെ മുത്തച്ഛൻ, ഭിക്ഷനൽകാമെന്ന വാക്കുപാലിക്കുന്നതിനായി സ്വജീവിതം തന്നെ നൽകിയ വിമോചകനാണ് എന്റെ പിതാവ്. അവരുടെ മഹത്തായ പാരമ്പര്യം കാത്തു സൂക്ഷിച്ചേ മതിയാകൂ. ധനവും പാരമ്പര്യവുമെല്ലാം ജീവിച്ചിരിക്കുമ്പോൾ മാത്രമേ ഒരാളോടൊത്ത് ഉണ്ടാകൂ. അയാൾ മരിച്ചാൽ അവ അർത്ഥശൂന്യമാകുന്നു. അപ്പോൾ ജീവിച്ചിരിക്കുമ്പോൾതന്നെ അവയ്ക്കെന്തിന് പ്രാധാന്യം നൽകുന്നു? ശുക്രാചാര്യൻ കുപിതനായി ബലിയെ ശപിക്കാനൊരുങ്ങി.

ജ്ഞാനിയായ മഹാബലി

തന്റെ പ്രിയപ്പെട്ട ശിഷ്യനോടുള്ള വാത്സല്യവും മമതയുമാണ് മായയുടെ രൂപം പൂണ്ട ഗുരുവിനെ കുപിതനാക്കുന്നതെന്ന് ബലി മനസ്സിലാക്കി. ഗുരുഭക്തിയും ദൈവഭക്തിയും ബലിയുടെ അന്തർദൃഷ്ടിയെ – ജ്ഞാനദൃഷ്ടിയെ ഉന്മീലനം ചെയ്യുകയായിരുന്നു. ജ്ഞാനിയായ അദ്ദേഹത്തിന് തന്റെ അപൂർവഭാഗ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.

ഭഗവാനാണ് തന്നിൽ നിന്ന് എല്ലാം എടുക്കുന്നത്. തന്നെ സ്വതന്ത്രനാക്കുന്നതും ഭഗവാൻ.

തന്റെ വിശ്വരൂപം (വിരാട് രൂപം) ബലിക്ക് ദർശനം നൽകി. ഭഗവാൻ നേരിട്ട് വന്ന് തനിക്ക് മോക്ഷം നൽകുന്നതിൽ ബലി വളരെയേറെ സന്തോഷിച്ചു. മഹാബലി പറയുന്നു: ലോകദൃഷ്ടിയിൽ, എന്റെ അഭിമാനത്തിനും, അഹങ്കാരത്തിനും അവിടന്ന് എന്നെ ശിക്ഷിച്ചുവെന്ന് തോന്നാം. എന്നാൽ യഥാർത്ഥത്തിൽ എന്നെ അനുഗ്രഹിക്കുകയാണ്. അവിടന്ന് എനിക്ക് ഉൾക്കാഴ്ച നൽകി. എന്റെ ജ്ഞാന ചക്ഷുസ്സ് തുറന്നു.

ഇതു കേട്ട ഭഗവാൻ നാരായണൻ ഒരു കാര്യം കൂടി വ്യക്തമാക്കി. ഒരു മനുഷ്യൻ നശിക്കണമെന്ന് ഞാൻ വിചാരിക്കുമ്പോൾ ലോകത്തിലെ സകല സമ്പത്തും ശക്തിയും ഞാൻ അദ്ദേഹത്തിന് നൽകുന്നു. അപ്പോൾ അവൻ അവയിൽ വ്യാമോഹിച്ച് സ്വന്തം സ്വരൂപം മറക്കുന്നു. എന്നാൽ എപ്പോഴെങ്കിലും ഒരാളെ ഈ മായയിൽ നിന്ന് രക്ഷിക്കണമെന്ന് ഞാൻ ആഗ്രഹിച്ചാൽ അയാളുടെ എല്ലാ സമ്പത്തും മറ്റെല്ലാം തന്നെയും എടുത്തുമാറ്റുന്നു. എല്ലാ ദോഷങ്ങളും നീങ്ങി അയാൾ എന്റേതായി തീരുന്നു. എന്റെ ഭക്തൻ ഒരിക്കൽ രക്ഷപ്പെട്ടാൽ പിന്നെ ഒരിക്കലും നശിക്കുകയില്ല.

അവിടെയെത്തിയ പ്രഹ്ലാദനോടും നാരായണൻ ഇക്കാര്യം വ്യക്തമാക്കുന്നു. സുതലത്തിൽ പ്രവേശിച്ച് പൗത്രനായ ബലിയോടൊപ്പം വസിക്കാൻ പ്രഹ്ലാദനേയും അനുവദിക്കുന്നു. തുടർന്ന് സാവർണി മന്വന്തരത്തിൽ മഹാനായ ഒരു ഇന്ദ്രനായി മഹാബലി മാറുമെന്നും ഭഗവാൻ നാരായണൻ വ്യക്തമാക്കുന്നു.

അധികാരം നിലനിർത്താനും സമ്പത്ത് വർദ്ധിപ്പിക്കാനും അസത്യത്തിന്റെ, അഴിമതിയുടെ, അക്രമത്തിന്റെ മാർഗം സ്വീകരിച്ച വർത്തമാനകാല ജനാധിപത്യ ഭാരതത്തിലും പല ഭരണാധികാരികളും ഇന്ന് കാരാഗൃഹത്തിലാണ്. മറ്റെന്തെല്ലാം നഷ്ടപ്പെട്ടാലും സത്യത്തിന്റെ പാത കൈവെടിയില്ല എന്ന് ദൃഢപ്രതിജ്ഞ നിറവേറ്റുന്ന മഹാബലിയുടെ നിശ്ചയദാർഢ്യമാണ് നമ്മുടെ ഭരണാധികാരികൾക്ക് ഉണ്ടാകേണ്ടത്.

സാമ്രാജ്യത്വം അപകടം തന്നെ

ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ രാഷ്ട്രീയവും സാമ്പത്തികവുമായ ആധിപത്യം ചെലുത്തുന്ന സാമ്രാജ്യത്വം ഒരു ഹിംസാത്മകപ്രവർത്തനമാണ്. ചൂഷണവും അക്രമവും ഇതിന്റെ പ്രകടഭാവങ്ങളാണ്.

ആധുനിക കാലഘട്ടത്തിൽ അമേരിക്ക ഇറാക്കിൽ അധിനിവേശം നടത്തി. ഇറാക്കിലെ ജനാധിപത്യത്തെ ശക്തിപ്പെടുത്താനാണ് അപ്രകാരം ചെയ്തത് എന്ന ന്യായീകരണമാണ് അവർ പറഞ്ഞത്.

ഒരു രാജ്യം എത്ര കഴിവുള്ള രാജ്യമായാലും, മറ്റൊരു രാജ്യം എത്ര ന്യൂനതകളുള്ള രാജ്യമായാലും ഒരു രാജ്യത്തിന് മറ്റൊരു രാജ്യത്തിനു മേൽ അവകാശം സ്ഥാപിക്കാനുള്ള അധികാരമില്ല. സാമ്രാജ്യത്വം അന്നും ഇന്നും തിന്മ തന്നെയാണ്.

മഹാബലിക്ക് തന്റെ സ്വന്തം രാജ്യത്ത് എത്രമാത്രം പുരോഗതിയും ഉണ്ടാക്കാം. മറ്റു രാജ്യങ്ങളുടെ ആക്രമണമുണ്ടായാൽ ശക്തമായി പ്രതിരോധിക്കാം. എന്നാൽ മറ്റൊരു രാജ്യത്തിന്റെ അധിപനാകാൻ ശ്രമിക്കുന്നത് സാമ്രാജ്യത്വ സ്വഭാവമുള്ള കാര്യമാണ്. ഇന്ദ്രന് ഇന്ദ്രന്റെ ലോകവും ബലിക്ക് ബലിയുടെ രാജ്യവും നിലനിർത്തിക്കൊണ്ടു പോകാം. അതിക്രമവും ആധിപത്യവും ഉണ്ടാകുമ്പോൾ ധർമ്മ സംസ്ഥാപനാർത്ഥം ഭഗവാന്റെ ഇടപെടൽ

ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. മായയുടെ ലോകത്തുള്ളവർക്ക് ഇത് എളുപ്പം മനസ്സിലാകില്ല. ജ്ഞാനദൃഷ്ടി തുറക്കപ്പെട്ടപ്പോൾ മഹാബലിക്ക് ഇക്കാര്യം ബോധ്യപ്പെടുകയും നിയമത്തിന് വിധേയനാകാൻ സ്വയം തയ്യാറാകുകയും ചെയ്തു എന്നതും മഹാബലിയുടെ മഹത്വമാണ്.

അധികാരം ആധിപത്യത്തിനുവേണ്ടിയുള്ളതല്ല. ഇത് സ്വമണ്ഡലത്തിൽ സേവനം ചെയ്യാനുള്ളതാണ്. സ്വന്തം മണ്ഡലത്തിന്റെ (രാജ്യത്തിന്റെ) ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിലായിരിക്കണം ഇത്തരം പ്രവർത്തനങ്ങൾ. ഓരോ രാജ്യവും അവരവരുടെ രാജ്യത്തെ ഭരണവും പ്രശ്ന പരിഹാരവും സ്വയം ഏറ്റെടുക്കണം. സ്വാർത്ഥതയും ആർത്തിയും ഉപേക്ഷിക്കുമ്പോൾ ഭരണാധികാരികൾക്ക് സ്വധർമ്മം ആചരിക്കാൻ എളുപ്പമായിരിക്കും.

ശ്രീനാരായണ ദർശനത്തിലെ സർവ്വോദയ ചിന്തകൾ

സമാനതകൾ ഏറെയുള്ള രണ്ട് മഹദ് വ്യക്തിത്വങ്ങളാണ് ശ്രീനാരായണഗുരുവും ഗാന്ധിജിയും. ഈ പ്രപഞ്ചത്തിന്റെ ഓരോ ചലനങ്ങൾക്കും കാരണമാകുന്ന പരമാത്മചൈതന്യത്തെക്കുറിച്ച് ഇവർ ഒരുപോലെ ചിന്തിച്ചു. ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തെക്കുറിച്ചും അവിടേക്കുള്ള മാർഗത്തെക്കുറിച്ചും മാർഗത്തിലൂടെയുള്ള യാത്രയിൽ സ്വീകരിക്കേണ്ടതായ രീതിശാസ്ത്രത്തെക്കുറിച്ചും സമാന അഭിപ്രായമാണ് ഇരുവർക്കും ഉണ്ടായിരുന്നത്.

സന്യാസിമാരെ അന്ധമായി വിശ്വസിക്കുകയോ പിന്നാലെ പോകുകയോ ചെയ്യുന്ന പ്രകൃതമായിരുന്നില്ല ഗാന്ധിജിയുടേത്. സന്യാസിമാർ എങ്ങനെയായിരിക്കണമെന്ന് ഗാന്ധിജി തുറന്നുപറഞ്ഞിട്ടുണ്ട്. ഗൃഹസ്ഥന്മാരെപ്പോലെതന്നെ സന്യാസിമാരും രാജ്യസേവനത്തിന് തയ്യാറാകണം. സന്യാസിമാർ തങ്ങളുടെ രാജ്യത്തിലെ മതത്തിന്റെയും സംസ്കാരത്തിന്റെയും കാവൽഭടന്മാരായിത്തീരണം. മേൽപറഞ്ഞപ്രകാരം ഗാന്ധിജിയുടെ മനസ്സിൽ ഉണ്ടായിരുന്ന ഒരു മാതൃകാസന്യാസിയുടെ എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ സന്യാസിവര്യനായിരുന്നു ശ്രീനാരായണഗുരുദേവൻ. അതുകൊണ്ടുതന്നെ ശ്രീനാരായണഗുരുദേവനോട് വളരെയേറെ ആദരവ് ഗാന്ധിജിക്കുണ്ടായിരുന്നു. സൂക്ഷ്മതല പ്രവർത്തനത്തെക്കുറിച്ച് വിലപ്പെട്ട പല ഉപദേശങ്ങളും ഗാന്ധിജിക്ക് ശ്രീനാരായണഗുരുവുമായുള്ള അഭിമുഖവേളയിൽ ലഭിച്ചിരുന്നു. ദേശീയതലത്തിൽ ഗാന്ധിജി നടത്തിയിരുന്ന പ്രവർത്തനങ്ങളെ വളരെ മതിപ്പോടുകൂടിയാണ് ഗുരുദേവൻ വിലയിരുത്തിയത്.

സാമൂഹ്യപരിവർത്തനം - രീതിശാസ്ത്രം

പരിവർത്തനത്തിന് തുടക്കം കുറിക്കേണ്ടത് വ്യക്തിയുടെ മനസ്സിലാണ്. വ്യക്തിയിലെ ആത്മീയ വികാസപ്രക്രിയ സാമൂഹ്യമാറ്റത്തിന്റെ രാസത്വരകമായി വർത്തിക്കുന്നു. എന്നാൽ എല്ലാകാലത്തും, വ്യക്തിയിലെ ആത്മീയ വികാസത്തെ തടസ്സപ്പെടുത്തുന്ന, അവനിൽ മാനസിക അടിമത്തം അടിച്ചേൽപ്പിക്കുന്ന ചില സമ്മർദ്ദഗ്രൂപ്പുകൾ സമൂഹത്തിലുണ്ടാകും. സങ്കുചിത ജാതി-മത നേതൃത്വങ്ങളോ, പണാധിപത്യശക്തികളോ, കോളനിവത്കരണ-സാമ്രാജ്യത്വ മൂലധന ശക്തികളോ ആയിരിക്കാം അവ. ബ്രിട്ടീഷ് സാമ്രാജ്യത്വം അടിച്ചേൽപ്പിച്ച മാനസിക അടിമത്തത്തിൽനിന്ന് ഇന്ത്യക്കാരെ മോചി

പ്പിക്കാനാണ് ഗാന്ധിജി പ്രധാനമായും പ്രവർത്തിച്ചത്. ഇന്ത്യക്കാരനെ അടിമയാക്കി നിലനിർത്താൻ ബ്രിട്ടീഷ് സാമ്രാജ്യത്വം മുകളിൽ സൂചിപ്പിച്ച സമ്മർദ്ദ ഗ്രൂപ്പുകളെ അവസരത്തിനനുസരിച്ച് പ്രോത്സാഹിപ്പിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. ഇതു മനസ്സിലാക്കിക്കൊണ്ടാണ് സർവ്വധർമ്മ സമഭാവം, സ്വദേശി, ഖാദി, ഹരിജനോദ്ധാരണം, അയിത്തോച്ചാടനം തുടങ്ങിയ സൃഷ്ടൃുന്മുഖ പ്രവർത്തന പരിപാടികൾ രാഷ്ട്രീയ സമരത്തോടൊപ്പം ഗാന്ധിജി ആവിഷ്കരിച്ചത്. ബ്രിട്ടിഷുകാരെ ഗാന്ധിജി വെറുത്തില്ല. പക്ഷേ അവരുടെ സാമ്രാജ്യത്വചൂഷണ നടപടികളെ ചെറുത്തു. അഹിംസാത്മക മാർഗത്തിൽ. ഒപ്പം തന്നെ ഭാരതീയരുടെ ആത്മാഭിമാനവും ആത്മവിശ്വാസവും ഉണർത്തിക്കൊണ്ട് അടിമത്തത്തിൽനിന്ന് സടകുടഞ്ഞെഴുന്നേറ്റ് സ്വാതന്ത്ര്യത്തിലേക്ക് നടക്കാനാണ് ഗാന്ധിജി വഴികാണിച്ചത്.

സങ്കുചിത മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾക്കുള്ളിൽ പെട്ട്, അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും തടവറയിൽ കിടന്നിരുന്നവർക്ക് മോചനം ലഭിക്കുന്നതിനുള്ള അഹിംസാത്മക കർമ്മപരിപാടികളാണ് ശ്രീനാരായണഗുരുദേവൻ ആവിഷ്കരിച്ചത്. ആത്മീയതയുടെ അനന്തവിഹായസ്സിലെത്തിയ ശ്രീനാരായണഗുരുവിന്റ ആത്മചൈതന്യം കേരളത്തിൽ ഒരു മാനസികസാമൂഹികവിപ്ലവത്തിന് തിരികൊളുത്തുകയായിരുന്നു. സാമൂഹ്യമാറ്റത്തിന് തടസ്സം നിൽക്കുന്നവരോട് വെറുപ്പോ, വൈരാഗ്യമോ കാണിക്കാതെ, ആരെയും അപലപിക്കാതെ, ആരെയും വിമർശിക്കാതെ പുതിയ പരിപാടിയുമായി മുന്നോട്ടുപോകുക എന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. വ്യക്തികളിൽ ആത്മീയവികാസത്തിനുള്ള അവസരമൊരുക്കിക്കൊണ്ട് പരസ്പരസ്നേഹവും സൗഹാർദ്ദവും നിലനില്ക്കുന്ന ഒരു നവ സമൂഹരചനയാണ് നടന്നത്. വർഗീയസംഘർഷങ്ങളോ വർഗസംഘട്ടനങ്ങളോ ഇല്ലാതെതന്നെ സാമൂഹ്യനവോത്ഥാനം സാധ്യമാണ് എന്ന് ശ്രീനാരായണഗുരു തെളിയിച്ചു.

അരുവിപ്പുറം പ്രതിഷ്ഠ

ശാന്തമായൊരു സാമൂഹ്യവിപ്ലവത്തിന്റ നാന്ദിയാണ് അരുവിപ്പുറം ശിവപ്രതിഷ്ഠ. ബ്രാഹ്മണനല്ലാത്ത ഒരാൾക്ക് വിഗ്രഹം പ്രതിഷ്ഠിക്കാൻ അധികാരമില്ല എന്ന് വിശ്വസിച്ചിരുന്ന കാലത്ത് (1888) പ്രസ്തുത ആചാരത്തെയും പാരമ്പര്യത്തെയും ലംഘിക്കുന്ന കർമ്മമാണ് ശ്രീനാരായണഗുരു നിർവഹിച്ചത്. ഹൃദയവിശുദ്ധിയും ആത്മീയാനുഭൂതിയുമാണ് ബ്രാഹ്മണത്വത്തിന്റ മികവുകൾ എങ്കിൽ, ഇവ മറ്റേത് ബ്രാഹ്മണനേക്കാൾ കൂടുതൽ ശ്രീനാരായണഗുരുവിൽ സന്നിഹിതമായിരുന്നു. എന്നിട്ടും അത്തരത്തിലൊരു വെല്ലുവിളിക്കോ വിവാദത്തിനോ അദ്ദേഹം തയ്യാറായില്ല. വിപ്ലവകരമായ ആ കർമ്മം നടത്തുന്നത് തികച്ചും നിശ്ശബ്ദമായിട്ടാണ്.

പ്രതിഷ്ഠ നടത്താൻ സ്വാമിക്ക് എന്ത് അധികാരം എന്ന് ചോദ്യം ഉയർന്നപ്പോൾ അദ്ദേഹം പറഞ്ഞു, നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്. നാം എന്നും നിങ്ങൾ എന്നുമുള്ള ഭേദഭാവം വളർത്താനല്ല ഈ പ്രഖ്യാപനം നട

ത്തിയത്. എല്ലാവരിലും ഈശ്വരചൈതന്യം കുടികൊള്ളുന്നു എന്ന അദ്വൈത ചിന്തയുടെ, ആദ്ധ്യാത്മിക യാഥാർത്ഥ്യത്തിന്റെ, വേദാന്ത പൊരുളിന്റെ പ്രഖ്യാപനമാണ് അവിടെ നടന്നത്. ഈ നിലപാടിനെ ഖണ്ഡിക്കാൻ പ്രാപ്തമായ ഒരു ബൗദ്ധികവാദഗതിയോ വൈദികപ്രമാണമോ ഉയർത്തിക്കാണിക്കാൻ അക്കാലത്ത് ബ്രാഹ്മണ നേതൃത്വത്തിനും സാധിച്ചില്ല.

അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് ആധാരമായ തത്വം ഒരു ശ്ലോകത്തിന്റെ രൂപത്തിൽ സ്വാമി വിളംബരം ചെയ്തു.

ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാപനമാണിത്

ഈ മഹനീയ ആദർശം സാക്ഷാത്കരിക്കുന്നതിന് രണ്ട് കർമ്മമാർഗങ്ങളും സ്വാമി നിർദ്ദേശിച്ചു.

സംഘടനകൊണ്ട് ശക്തരാകുവിൻ
വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ

അനാചാരങ്ങളുടെ തടവറയിൽ നിന്ന് ഉയർത്തെഴുന്നേല്ക്കാൻ ഒരു ജനതയ്ക്ക് കെല്പ് നൽകിയ മഹത്തായ മന്ത്രദീക്ഷയായിരുന്നു ഇതെന്ന് കാലം തെളിയിച്ചു.

അന്ധവിശ്വാസങ്ങളെ അതിജീവിച്ച് സ്വാതന്ത്ര്യത്തിലേക്ക്

കെട്ടുകല്യാണം, തിരണ്ടു കല്യാണം, പുലകുളി, മരണാനന്തര ചടങ്ങുകൾ, ആർഭാടമായ വിവാഹച്ചടങ്ങുകൾ എന്നിങ്ങനെ നിരവധി അനാചാരങ്ങൾ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇവയുടെ അനൗചിത്യത്തെക്കുറിച്ച് സ്വാമി സമൂഹത്തെ ബോധവാന്മാരാക്കി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സന്ധിയില്ലാത്ത നിലപാടാണ് അദ്ദേഹം സ്വീകരിച്ചതെന്ന് പല സംഭവങ്ങളും വ്യക്തമാക്കുന്നു.

വിവാഹത്തിന് 10 പേരിൽ കൂടുതൽ സമ്മേളിക്കേണ്ടതില്ല എന്ന് അദ്ദേഹം വ്യക്തമാക്കി. വരൻ, വധു, അവരുടെ മാതാപിതാക്കൾ, വരന്റെയും വധുവിന്റെയും ഓരോ കൂട്ടുകാർ, സ്ഥലത്തെ ഒരു പ്രധാന വ്യക്തി, കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തി എന്നിങ്ങനെയാണ് പത്ത് പേർ. ആർഭാട കല്യാണങ്ങൾ ഏറിവരുന്ന ഇന്നത്തെ സമൂഹത്തിൽ ഗുരുവചനങ്ങളെ തിരികെ കൊണ്ടുവരേണ്ടത് ഒരു അനിവാര്യതയാണ്.

വാക്കും വിചാരവും പ്രവൃത്തിയും ശുദ്ധമാകണമെന്ന് (ത്രികരണ ശുദ്ധി) അദ്ദേഹം നിർദ്ദേശിച്ചു. ആന്തരികമായ ശുദ്ധിയും ബാഹ്യമായ ശുദ്ധിയും ആചരിക്കലാണ് യഥാർത്ഥ ധർമ്മമെന്ന് സ്വാമി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച ദേവീദേവന്മാരെപ്പറ്റി അനേകം സ്തോത്രങ്ങൾ ശ്രീനാരായണഗുരുസ്വാമികൾ രചിച്ചിട്ടുണ്ട്. ദൈവവിശ്വാസവും നാമജപവും മനുഷ്യനിൽ നന്മ വളർത്തുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതേ

സമയം വിശ്വാസത്തെ കച്ചവടവത്കരിക്കുന്നതിനെതിരെ ജാഗ്രത പാലിക്കാനും അദ്ദേഹം ഉപദേശിച്ചു. ഒരേ പറമ്പിൽ തന്നെ അനവധി വിഗ്രഹങ്ങൾ സ്ഥാപിച്ച് കുട്ടിയമ്പലങ്ങൾ നിർമ്മിച്ച് വൈവിധ്യമാർന്ന പൂജകൾ നടത്തുന്നതിനോട് അദ്ദേഹം യോജിച്ചില്ല. ഒരിക്കൽ ഗൃഹനാഥന്റെ അനുമതിയോടു കൂടിത്തന്നെ ഇത്തരം കുട്ടിപ്രതിഷ്ഠകളെയെല്ലാം ഇളക്കിയെടുത്ത് ചാക്കിൽ കെട്ടി കടലിൽ കൊണ്ടിടാൻ സ്വാമി തന്നെ നേതൃത്വം നൽകി.

സ്വാമിയുടെ പ്രവർത്തനങ്ങളോട് താത്പര്യമില്ലാത്ത യാഥാസ്ഥിതികരും അക്കാലത്ത് ഉണ്ടായിരുന്നു. ഒരിക്കൽ പ്രായമായ ഒരു വെളിച്ചപ്പാട് ഉറഞ്ഞുതുള്ളി സ്വാമിയുടെ അടുത്തേക്ക് വന്നു. പരീക്ഷ കാണിക്കണോ എന്നു ചോദിച്ചു. വേണമെന്ന് സ്വാമിയുടെ മറുപടി. എന്തു പരീക്ഷയാണ് കാണേണ്ടത് എന്ന് വെളിച്ചപ്പാട് ചോദിച്ചു. അങ്ങയുടെ വായിലെ പല്ലുകൾ കാണണമെന്നുണ്ട് എന്നായി സ്വാമി. പല്ലുകൾ കൊഴിഞ്ഞു പോയ വെളിച്ചപ്പാടിന് കാര്യം മനസ്സിലായി. കലിയിറങ്ങുകയും ചെയ്തു.

ഒരു യാത്രയ്ക്കിടയിൽ ഒരു വിശിഷ്ടവ്യക്തി സ്വാമിയെ സമീപിച്ച് "എന്താണ് പേര്" എന്ന് ചോദിച്ചു. സ്വാമി മറുപടി പറഞ്ഞു: "നാരായണൻ". അടുത്ത ചോദ്യം ഉടനെ വന്നു: "ഏതാണ് ജാതി?" ഇതുകേട്ടപ്പോൾ സ്വാമി ഒരു മറുചോദ്യം ഉയർത്തി: "കണ്ടിട്ട് മനസ്സിലായില്ലേ?" "ഇല്ല" എന്ന് മറുപടി. പിന്നെ ഒട്ടും മടിക്കാതെ സ്വാമി ചോദിച്ചു: "കണ്ടിട്ട് മനസ്സിലാവാത്തവരോടു പറഞ്ഞിട്ട് എന്ത് കാര്യം?"

ലളിതജീവിതവും ഉയർന്ന ചിന്തയും

പരിമിതമായ സൗകര്യങ്ങളെ മാത്രം ഉപയോഗപ്പെടുത്തിയാണ് സ്വാമി ജീവിച്ചത്. സ്വാതന്ത്ര്യത്തിലേക്കുള്ള പാത ലാളിത്യത്തിന്റേതായിരിക്കണമെന്ന് അദ്ദേഹം നമ്മെ ബോധ്യപ്പെടുത്തി. പരമാവധി പ്രകൃതിയോട് ഇണങ്ങി ജീവിക്കാനും എല്ലാ ജീവജാലങ്ങളെയും നമ്മുടെ ബന്ധുക്കളായി കാണാനും അവരുടെ ക്ഷേമത്തിനു വേണ്ടി നിലകൊള്ളാനും സ്വാമി മാതൃക കാണിച്ചു. മരുത്വാമലയിൽ പുലിയും മൂർഖൻപാമ്പുമെല്ലാം അദ്ദേഹത്തിന്റെ ചങ്ങാതിമാരായി വാണതും പച്ചിലമരുന്നുകളും ഒറ്റമൂലികളും കൊണ്ട് മറ്റുള്ളവരുടെ രോഗം ശമിപ്പിച്ചതും കുഷ്ഠരോഗിയായ ചാത്തനെപ്പോലുള്ളവരെ ശുശ്രൂഷിച്ച് സമാധാനിപ്പിക്കാൻ സാധിക്കുന്നതുമെല്ലാം ആദ്ധ്യാത്മിക വെളിച്ചത്തിൽ നിന്ന് ലഭ്യമാകുന്ന സമദർശനഭാവം കൈവന്നതുകൊണ്ടാണ്.

പരസ്പരം വാളോങ്ങിനില്ക്കുന്ന നവഖാലിയിലെ ഭീകരാന്തരീക്ഷത്തിനടയിലും നിർഭയനും നിർമ്മലനുമായി ശാന്തിയുടെ സന്ദേശം പ്രചരിപ്പിച്ച് ഒറ്റയ്ക്ക് നടക്കാൻ മഹാത്മാഗാന്ധിക്ക് ശക്തി നൽകിയത് ഇത്തരം സമദർശനഭാവം തന്നെയാണ്.

ഉയർന്നചിന്തയ്ക്ക് വിഘാതമായി ഭവിക്കുന്ന മദ്യം ഉപേക്ഷിക്കുകതന്നെ വേണമെന്ന് സ്വാമിജി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. കള്ള് ചെത്തരുത്, കുടിക്കരുത്, കൊടുക്കരുത് എന്ന് സ്വാമിജി പറഞ്ഞു. മദ്യം ഉണ്ടാക്കരുത്, കുടിക്കരുത്, വില്ക്കരുത് എന്ന് തന്നെയാണ് ഇതിന്നർത്ഥം. മദ്യനിർമ്മാണം

കുലത്തൊഴിലായി സ്വീകരിക്കരുത് എന്നും അദ്ദേഹം നിർദ്ദേശിച്ചു. ഉപജീവനത്തിനായി മറ്റേതെങ്കിലും സൃഷ്ട്യുന്മുഖ ജോലി സ്വീകരിക്കണം.

കള്ളും, കള്ള് ചെത്തുന്നവനും അവനെ തൊട്ടവനും നാറും എന്നത് ഇപ്പോഴും പ്രസക്തമാണ്. മദ്യത്തിന്റെ നിർമ്മാണവും വിതരണവും സമൂഹത്തിനാകമാനം ദോഷം വരുത്തിവയ്ക്കുമെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കൊലപാതകങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നു. ഇത്തരം തിന്മകളുടെയെല്ലാം ഉറവിടം മദ്യവും ലഹരിപദാർത്ഥങ്ങളുമാണ് എന്ന് ശാസ്ത്രീയപഠനങ്ങൾ പലതവണ വ്യക്തമാക്കിയിട്ടുള്ളതാണ്.

കുടുംബത്തെയും കുലത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന മദ്യവും ലഹരിവസ്തുക്കളും വിറ്റുകിട്ടുന്ന പണം ഖജനാവിലേക്ക് വേണ്ട എന്ന് തീരുമാനിക്കാനും നടപ്പാക്കാനുമുള്ള ആർജവവും ഇച്ഛാശക്തിയും ഭരണാധികാരികൾക്ക് ഉണ്ടായേ തീരൂ. ശ്രീനാരായണഗുരുദേവനോടും രാഷ്ട്രപിതാവായ മഹാത്മജിയോടും നീതിപുലർത്താനുള്ള ഏറ്റവും നല്ല മാർഗം ഇതുതന്നെയാണ്.

ജാതി – മത ചിന്തകൾ പെരുകിവരികയാണ്. അതോടൊപ്പം സങ്കുചിതത്വങ്ങളും വർദ്ധിക്കുന്നു. ഇത് ശ്രീനാരായണ ധർമ്മത്തിന് വിരുദ്ധമാണ്. ജാതിഭേദവും മതദ്വേഷവും ഇല്ലാത്ത, സമൂഹത്തിൽ സഹോദരഭാവം വർദ്ധിപ്പിക്കുന്നതിനുള്ള മന്ത്രദീക്ഷയാണ് ശ്രീനാരായണഗുരുദേവൻ നമുക്ക് നൽകിയിട്ടുള്ളത്. വിദ്യാഭ്യാസം കൊണ്ട് നേടുന്ന പ്രബുദ്ധതയും, സംഘടനകൊണ്ട് നേടുന്ന ശക്തിയും ഇത്തരം ഒരു മാതൃകാസമൂഹത്തെ സൃഷ്ടിക്കാനാണ് ഉപയോഗപ്പെടുത്തേണ്ടത്.

ജാതി – മതങ്ങളുടേയും ന്യൂനപക്ഷ- ഭൂരിപക്ഷ വിഭാഗങ്ങളുടേയും കളങ്ങൾ സൃഷ്ടിച്ച് മനുഷ്യരെ ഭിന്നിപ്പിച്ച് നിർത്തിക്കൊണ്ട് ഏതാനും ചിലർക്ക് രാഷ്ട്രീയവും ധനപരവുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നത് അദ്ധ്യാത്മീയ വിരുദ്ധനിലപാടാണ്. ഇത് ശ്രീനാരായണ ദർശനത്തിനും സർവ്വോദയ ദർശനത്തിനും വിരുദ്ധമാണ്.

മേൽപറഞ്ഞ ദർശനങ്ങളുടെ ശരിയായ ആചരണമാണ് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.

○

സർവ്വോദയവും പ്രായോഗികവേദാന്തവും

ഗാന്ധിജി പറയുന്നു: "ഗിരിനിരകളോളം പഴക്കമുള്ള സത്യം, അഹിംസ എന്നിവയെക്കുറിച്ച് മാത്രമാണ് ഞാൻ പറഞ്ഞിട്ടുള്ളത്." മറ്റൊരവസരത്തൽ അദ്ദേഹം വ്യക്തമാക്കി: 'എന്റെ ജീവിതമാണ് എന്റെ സന്ദേശം'.

സത്യത്തേയും അഹിംസയേയും കുറിച്ച് ഗാന്ധിജി പറഞ്ഞിട്ടുണ്ടെങ്കിൽ അതിനു മുമ്പ് ഈ മൂല്യങ്ങളെ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട് എന്ന് സാരം. വ്യക്തിജീവിതത്തിൽ മാത്രമല്ല സാമൂഹിക ജീവിതത്തിലും ഈ മൂല്യങ്ങളുടെ പ്രയോഗം അദ്ദേഹം നമുക്ക് കാണിച്ചുതന്നു. ബ്രീട്ടീഷ് സാമ്രാജ്യത്തിന്റെ ചൂഷണങ്ങൾക്കെതിരെ സടകുടഞ്ഞെഴുന്നേറ്റ് ശക്തമായി, അഹിംസാത്മകമായി, സത്യാഗ്രഹത്തിന്റെ പാതയിലൂടെ പ്രതികരിക്കാനുള്ള ആത്മവിശ്വാസം ഇന്ത്യൻ ജനകോടികളിൽ വളർന്നുവരാൻ ഗാന്ധിജിയുടെ വാക്കും പ്രവൃത്തിയും ചിന്തയും സഹായകരമായി.

പ്രതിഷേധങ്ങൾക്കും പ്രതികരണങ്ങൾക്കും ഒപ്പം ഇന്ത്യൻ ജനതയിൽ സ്വാശ്രയശീലം തിരികെ കൊണ്ടുവരാനും അദ്ദേഹം നേതൃത്വം നൽകി. സമഗ്രമായ ഇത്തരം പ്രവർത്തനങ്ങൾക്ക് പിന്നിൽ ഒരു ദർശനം ഉണ്ടായിരുന്നു. ഗാന്ധിജി തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

"എന്റെ എല്ലാ സാമൂഹ്യാദർശങ്ങളും ഒറ്റവാക്കിൽ ഒതുക്കിപ്പറയാം – സർവ്വോദയം."

"സർവ്വോദയാദർശം മനുഷ്യവംശത്തിന്റെ സമ്പൂർണവികാസമന്ത്രമാണ്."

"സർവജീവജാലങ്ങളുടേയും നന്മ അഥവാ ഉദയം – അതാണ് സർവ്വോദയം."

എല്ലാത്തിനേയും ചലനാത്മകമാക്കുന്ന ഊർജം ഒരേ ഒരു ശക്തി തന്നെയാണ്. ഇതിനെ ഈശ്വരസാന്നിധ്യം, ആത്മാവ്, അരൂപി എന്നീ പല പേരുകളിൽ വിശേഷിപ്പിക്കുന്നു. ആന്തരികവും ആത്യന്തികവുമായി എല്ലാ ജീവജാലങ്ങൾക്കും തമ്മിൽ ഇത്തരം ഒരു സമാനതയുണ്ട്. അതുകൊണ്ട് മനുഷ്യർക്കിടയിലോ മനുഷ്യരും മറ്റു ജീവജാലങ്ങളും തമ്മിലോ അർഹതയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഇല്ല. എല്ലാവർക്കും തുല്യ പരിഗണന തന്നെ. ജാതി – മത– വർഗ – വർണ വ്യത്യാസങ്ങൾക്ക് പ്രസക്തിയില്ല. ഈ ഭൂമുഖത്ത് മനുഷ്യന് പ്രത്യേകമായ ഒരു അപ്രമാദിത്വവുമില്ല. മനുഷ്യനെ

പ്പോലെ മറ്റു ജീവജാലങ്ങൾക്കും ഇവിടെ അർഹതയുണ്ട്. അതുകൊണ്ടാണ് മനുഷ്യൻ മനുഷ്യനേയും മറ്റു ജീവജാലങ്ങളേയും സ്നേഹിക്കുന്നത്. ആത്മ ബന്ധുക്കൾക്ക് ഉണ്ടാകേണ്ടതായ ഭാവം സ്നേഹം തന്നെയാണല്ലോ? ബന്ധുക്കൾ നമ്മൾ ഒന്നാണ്. നമുക്ക് തമ്മിൽ വേറുകൂറില്ല. ബന്ധുക്കൾക്കിടയിൽ അഹിംസയുടെ മാർഗങ്ങൾ അഥവാ അഹിംസാധിഷ്ഠിത ഇടപാടുകൾ മാത്ര മായിരിക്കും നിലനിൽക്കുക.

ഇത്തരം ഒരു സർവ്വോദയ ആദർശം ഉൾക്കൊള്ളുന്ന വ്യക്തികളിൽ ഒരു തരത്തിലുള്ള അസമത്വബോധമോ വിഭാഗീയതകളോ ഉണ്ടാകില്ല. സ്വന്തം കടമകൾ നിർവഹിച്ച് മറ്റുള്ളവർക്കുവേണ്ടിക്കൂടി ജീവിക്കുന്നു. ഇതാണ് മനു ഷ്യത്വം. സ്വതന്ത്രമായ മനസ്സുണ്ടാകുമ്പോൾ സമ്പൂർണവികാസവും സാദ്ധ്യ മാകുന്നു. ഇത്തരം ഒരു സർവ്വോദയ സമൂഹത്തിൽ ചൂഷണത്തിന് അടി സ്ഥാനമില്ല. ചൂഷണം നടക്കുന്നില്ല എന്നു മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടി വിഭവങ്ങൾ സൂക്ഷിച്ചുവയ്ക്കുന്ന, അല്ലെങ്കിൽ വിഭവങ്ങൾ നൽകുന്നതാണ് സർവ്വോദയസംസ്കാരം. എത്രമാത്രം ധാരാളമായിട്ടുണ്ടെങ്കിലും തന്റെ ആവ ശ്യങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ട് സോഷ്യലിസത്തിന് അനുയോജ്യമായ മനോഭാവം വ്യക്തിയിലാണ് ആദ്യം ഉണ്ടാകേണ്ടത്. ഇത്തരം വ്യക്തികളി ലൂടെ സമൂഹത്തിലും സോഷ്യലിസം പ്രായോഗികമാകുന്നു.

ഇപ്രകാരം ഒരു സോഷ്യലിസ്റ്റ് മനസ്സ് രൂപപ്പെടുത്തുന്നതിനാണ് ഓരോ വ്യക്തിയും (ഏകാദശവ്രതങ്ങൾ) പതിനൊന്ന് ഗുണങ്ങൾ ശീലമാക്കണ മെന്ന് ഗാന്ധിജി നിർദ്ദേശിച്ചത്. അദ്ദേഹം നിർദ്ദേശിച്ച സൃഷ്ട്യുന്മുഖ പ്രവർത്ത നങ്ങൾ സോഷ്യലിസ്റ്റ് സമൂഹസൃഷ്ടിക്കുള്ള പരിസരം സൃഷ്ടിക്കും.

ഗാന്ധിജി സോഷ്യലിസത്തെ വളരെ ലളിതമായി ഇപ്രകാരം നിർവചി ക്കുന്നു:

"സോഷ്യലിസം മനോഹരമായ ഒരു വാക്കാണ്. ഞാൻ മനസ്സിലാക്കിയി ടത്തോളം സോഷ്യലിസത്തിൽ സമുദായത്തിലെ എല്ലാ അംഗങ്ങളും തുല്യ രാണ്. ആരും താണവരല്ല. ആരും വലിയവരുമല്ല. തല നമ്മുടെ ശരീരത്തിനു മീതെ ഇരിക്കുന്നതുകൊണ്ട് അത് മറ്റ് അവയവങ്ങളേക്കാൾ ഉത്കൃഷ്ടമല്ല. ശരീരത്തിലെ എല്ലാ അവയവങ്ങളും തുല്യമായിരിക്കുന്നതുപോലെ എല്ലാ അംഗങ്ങളും തുല്യരാണ്. ഇതാണ് സോഷ്യലിസം."

പ്രായോഗിക വേദാന്തം

സ്വാമി വിവേകാനന്ദൻ തന്റെ പരിവ്രാജകദൗത്യം ഏറ്റെടുക്കുന്ന സമ യത്ത് ഇന്ത്യൻ ജനതയിൽ ബഹുഭൂരിപക്ഷവും നിരക്ഷരതയിലും പട്ടിണി യിലും അന്ധവിശ്വാസങ്ങളിലും മാനസിക അടിമത്തത്തിലും പെട്ട് ഉഴലുക യായിരുന്നു. ഇവർക്ക് സ്വന്തം കാലിൽ നിവർന്ന് നിൽക്കാനുള്ള കെല്പും സ്വാശ്രയശീലവും പകരാനുള്ള പ്രവർത്തനങ്ങൾ തന്റെ ജീവിതദൗത്യമായി സ്വാമി വിവേകാനന്ദൻ ഏറ്റെടുത്തു. ഭാരതത്തിന്റെ മഹത്തായ വേദാന്ത

പൈതൃകത്തിൽ അടിയുറച്ചുനിന്നുകൊണ്ട് തന്റെ പ്രവർത്തനങ്ങളെ അദ്ദേഹം ചിട്ടപ്പെടുത്തി. പടിഞ്ഞാറൻ ലോകത്തിന്റെ നന്മകളെ ഉൾക്കൊള്ളാനും അദ്ദേഹം തയ്യാറായി. ഉജ്ജ്വലമായ വേദാന്തപൈതൃകത്തിന്റെ തിളക്കം കുറയ്ക്കാൻ കാരണമാകുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ആലസ്യം എന്നിവയെ അകറ്റുന്നതിനുള്ള കർമ്മപദ്ധതികളാണ് അദ്ദേഹം ഉപദേശിച്ചത്. ഉപഭോഗതൃഷ്ണയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന യൂറോപ്യൻകാർക്കും അമേരിക്കക്കാർക്കും ആത്മീയതയുടെ, ലളിതജീവിതത്തിന്റെ മഹത്വമെന്താണന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പാശ്ചാത്യ- പൗരസ്ത്യ നാടുകളിൽ ഇപ്രകാരം ഒരു ദ്വിതലസമീപനം അഥവാ ഒരു അനുപൂരകസമീപനമാണ് അദ്ദേഹം കൈക്കൊണ്ടത്. ഇതാണ് പ്രായോഗിക വേദാന്തം.

മാറിക്കൊണ്ടിരിക്കുന്ന ഈ ദൃശ്യപ്രപഞ്ചത്തിൽ മാറ്റമില്ലാതെ ദിവ്യമായ ഒരു സത്ത - ആത്മാവ് - ഉണ്ടെന്ന ആത്മീയതത്വമാണ് ഉപനിഷത്തുക്കളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ മഹത്വമായ തത്വമാണ് പ്രായോഗികവേദാന്തദർശനത്തിൽ ആത്യന്തികമായി വർത്തിക്കുന്നത്.

സാമൂഹ്യമാറ്റത്തിനുവേണ്ടി നടത്തുന്ന ഏതൊരു പ്രവർത്തനത്തിന്റേയും ചാലകശക്തിയായി പ്രവർത്തിക്കേണ്ടത് ആത്മീയത (മതം) ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അതേസമയം ഒട്ടിയ വയറിനോട് അഥവാ പട്ടിണി കിടക്കുന്ന മനുഷ്യനോട് മതം (ആത്മീയത) പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല എന്ന് അദ്ദേഹം വ്യക്തമാക്കി.

മേൽപറഞ്ഞ രണ്ടു യാഥാർത്ഥ്യങ്ങളേയും ഉൾക്കൊണ്ടുള്ള പ്രായോഗികപദ്ധതിയാണ് സ്വാമി വിവേകാനന്ദന്റെ പ്രായോഗികവേദാന്തം. യൂറോപ്യന്മാരുടെ കൊളോണിയൽ ചൂഷണത്തെ പ്രതിരോധിക്കുന്നതിനു ദാരിദ്ര്യത്തിൽനിന്നും മാനസിക അടിമത്തത്തിൽ നിന്നും ഭാരതമക്കളെ എഴുന്നേല്പിക്കുന്നതിന് ആദ്യം വേണ്ടത് അവർക്ക് വിദ്യാഭ്യാസം നൽകലാണ് എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മനുഷ്യനെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം ജനകോടികൾക്ക് നൽകണം. യുവാക്കളാണ് ഇതിന് മുന്നിട്ടിറങ്ങേണ്ടത്.

ദാരിദ്ര്യനിർമ്മാർജ്ജനം, നിരക്ഷരതാനിർമ്മാർജ്ജനം, മനുഷ്യമഹത്വത്തെ തിരിച്ചറിയലും വീണ്ടെടുക്കലും, ഭയത്തിൽ നിന്നുള്ള മോചനം, എല്ലാ തരത്തിലുമുള്ള ആധിപത്യത്തിൽനിന്നുള്ള ..... (മതം, സാമ്പത്തികം, ബുദ്ധിപരം, സാമൂഹികം, സാംസ്കാരികം) എന്നിങ്ങനെ വ്യക്തമായ കർമ്മപരിപാടികൾ ഉൾക്കൊള്ളുന്നതാണ് സ്വാമി വിവേകാനന്ദന്റെ പ്രായോഗികവേദാന്തം അഥവാ വേദാന്തിക് സോഷ്യലിസം.

പാശ്ചാത്യശക്തികളുടെ കൊളോണിയൽ ചൂഷണത്തെ പ്രതിരോധിക്കുമ്പോൾ തന്നെ സ്വന്തം രാജ്യത്തെ ശക്തവും സമ്പന്നവും സ്വതന്ത്രവുമാക്കണം. വ്യക്തമായ ദിശാബോധത്തോടുകൂടിയുള്ള ഈ പ്രവർത്തനങ്ങളാണ് ഇന്ത്യൻ നവോത്ഥാനത്തിന് വഴികാട്ടിയത്.

ഗാന്ധിജി ഉൾപ്പടെയുള്ള ദേശീയനേതാക്കൾക്ക് മാർഗദർശകനും പ്രചോദകശക്തിയുമായി സ്വാമിജി മാറിയത് അതുകൊണ്ടാണ്.

സോഷ്യലിസത്തെക്കുറിച്ച് സ്വാമിവിവേകാനന്ദൻ

"ശക്തന്റെ ആധിപത്യവും വിജയവും ദുർബലന്റെ പരാജയവും മരണവുമാണ് യൂറോപ്പിൽ നിലനിൽക്കുന്ന നീതിശാസ്ത്രം." (വിവേകാനന്ദസാഹിത്യം 5:537) അവിടുത്തെ വിദ്യാഭ്യാസവും രാഷ്ട്രീയവുമെല്ലാം ഈയൊരു തത്വത്തിൽ അധിഷ്ഠിതമാണ്.

വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിപ്പിച്ച് സമൂഹത്തിന്റെ ആധിപത്യം നിലനിർത്തലാണ് ഇന്ന് കണ്ടുവരുന്ന സോഷ്യലിസം (വി. സാ. 4:488)

മേൽപറഞ്ഞ ഈ രണ്ടു നിലപാടുകളും സാമാന്യജനതയ്ക്ക് ഗുണം ചെയ്യുന്നതല്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ സ്വാർത്ഥത വർദ്ധിപ്പിക്കുകയും, ആഗ്രഹങ്ങൾ നേടിയെടുക്കാൻ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നത് തെറ്റാണ്. അധികാരത്തിന്റെ ശക്തിയും ഉപകരണങ്ങളും ഉപയോഗിച്ച് വ്യക്തിസ്വാതന്ത്ര്യത്തെ നിർബന്ധമായി ഹനിക്കുന്ന കേന്ദ്രീകൃത സോഷ്യലിസ്റ്റ് സമീപനവും ഗുണം ചെയ്യില്ല.

ആത്മീയതയെക്കുറിച്ചുള്ള ഉൾക്കാഴ്ച വ്യക്തിക്ക് ഉണ്ടാക്കുകയാണ് വേണ്ടത്. തന്നെപ്പോലെതന്നെ മറ്റുള്ളവർക്കും ഇവിടെ അർഹതയുണ്ട് എന്ന തിരിച്ചറിവ് ആത്മീയബോധത്തിൽനിന്നാണ് ഉണ്ടാകേണ്ടത്. ഇത്തരം മാനവികഗുണങ്ങളെ വളർത്തുന്ന വിദ്യാഭ്യാസത്തിലൂടെ വ്യക്തികളിൽ ത്യാഗത്തിന്റേയും സഹകരണത്തിന്റേയും മനോഭാവം വളർത്തിയെടുക്കണം.

മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസത്തിലൂടെ വ്യക്തികളിൽ സാമൂഹ്യ അവബോധവും സാമൂഹ്യ ആഭിമുഖ്യവും വളർത്തിയെടുക്കണം. ഇത്തരം വ്യക്തി, സമൂഹത്തിനുവേണ്ടി ത്യജിക്കാൻ സ്വയം തയ്യാറാകും. ഇത്തരം അഹിംസാത്മകമാർഗത്തിലൂടെയാണ് സോഷ്യലിസത്തിലെത്തേണ്ടതെന്ന് സ്വാമി വിവേകാനന്ദൻ വ്യക്തമാക്കുന്നു.

സർവ്വോദയ പ്രതികരണങ്ങൾ

ഗാന്ധിജിയും ഇന്ത്യൻ ഭരണഘടനയും

ഗാന്ധിജി രണ്ടാം വട്ടമേശ സമ്മേളനത്തിനായി 1931 സെപ്തംബറിൽ ലണ്ടനിലേക്ക് പോകുമ്പോൾ ഒരു പത്രപ്രതിനിധി അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു: "ഈ ദൗത്യം വിജയിക്കുകയാണെങ്കിൽ ഏതുതരത്തിലുള്ള ഭരണഘടനയായിരിക്കും അങ്ങ് ഇന്ത്യക്ക് ശുപാർശചെയ്യുക?"

ഗാന്ധിജി നൽകിയ മറുപടി ഇതായിരുന്നു: "ഇന്ത്യയെ എല്ലാവിധ അടിമത്തത്തിൽനിന്നും മേൽക്കോയ്മയിൽനിന്നും മോചിപ്പിക്കുന്ന ഒരുഭരണഘടനയ്ക്കു വേണ്ടി ഞാൻ കിണഞ്ഞുപരിശ്രമിക്കും. എറ്റവും പാവപ്പെട്ട ഇന്ത്യക്കാരനുപോലും ഇത് എന്റെ നാടാണെന്നും അതിന്റെ നിർമ്മിതിയിൽ തനിക്കും കാര്യമായ പങ്കുണ്ടെന്നും തോന്നണം. അത്തരമൊരു ഇന്ത്യക്കു വേണ്ടിയാണ് ഞാൻ യത്നിക്കുന്നത്. ഞാൻ വിഭാവനം ചെയ്യുന്ന ഇന്ത്യയിൽ വലിയവനെന്നും ചെറിയവനെന്നും ജനങ്ങൾക്കിടയിൽ വർഗവ്യത്യാസം ഉണ്ടായിരിക്കില്ല. എല്ല സമൂഹങ്ങളും വർഗങ്ങളും പരിപൂർണമായ സൗഹാർദ്ദത്തിൽ വർത്തിക്കുന്നൊരിന്ത്യ. അത്തരമൊരിന്ത്യയിൽ അസ്പൃശ്യതയുടെ ശാപമോ ലഹരിപദാർത്ഥങ്ങളുടെയും മയക്കുമരുന്നുകളുടെയും ശാപമോ അനുഭവപ്പെടുകയില്ല. പുരുഷന്മാർക്കുള്ള അതേ അവകാശങ്ങൾ സ്ത്രീക്കും ഉണ്ടായിരിക്കും. ചൂഷകരാവുകയോ ചൂഷിതരാവുകയോ ചെയ്യാതെ ലോകത്തെ ഇതരഭാഗങ്ങളിലുള്ള എല്ലാവരോടും നാം സമന്വയം പുലർത്തും. ഇതാണ് എന്റെ സ്വപ്നത്തിലെ ഇന്ത്യ."

ഇന്ത്യ സ്വതന്ത്രമായതിനുശേഷം ആറു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഗാന്ധിജി സ്വപ്നം കണ്ട ഭാരതം യാഥാർത്ഥ്യമായില്ല. അനതിവിദൂര ഭാവിയിലെങ്കിലും ഇത് സാധ്യമാകുമെന്ന് പ്രതീക്ഷിക്കാനാകാത്ത ഒരു ഘട്ടത്തിലാണ് നാം ഇന്ന് അകപ്പെട്ടിരിക്കുന്നത്.

രാജ്യത്തിന്റെ രാഷ്ട്രീയ അധികാരത്തെപ്പോലും പരോക്ഷമായി കവർന്നെടുത്തുകൊണ്ട് രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ ബഹുരാഷ്ട്രകുത്തകകളും മറ്റു മൂലധനശക്തികളും ശക്തമായ മേൽക്കോയ്മ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. കൊളോണിയൽ ചൂഷണം തുടരുന്നതിനു വേണ്ടി ഒരു കാലത്ത് സാമ്രാജ്യത്വ ശക്തികൾ ജാതി-മത-വർഗ വിഭാഗീയതകളെ സൃഷ്ടിച്ചും പെരുപ്പിച്ചും തദ്ദേശീയരെ ഭിന്നിപ്പിച്ച് നിർത്തിയിരുന്നു. 1947 വരെ

ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയം സാമ്രാജ്യത്വ ശക്തികൾ സമർത്ഥമായി നിർവഹിച്ചു. തദ്ദേശീയരിൽ ഒരു വിഭാഗം അതിന് ഒത്താശകളും ചെയ്തു. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ ചിത്രം മറ്റൊന്നാണ്. കക്ഷിരാഷ്ട്രീയ പാർട്ടികൾ ഈ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. ജാതി-മത-വർഗ വിഭാഗീയതയെ നിലനിർത്തിക്കൊണ്ട് വോട്ടുബാങ്കും ധനസ്രോതസ്സും സുരക്ഷിതമാക്കാൻ അവർ ശ്രമിക്കുന്നു. ആത്മീയ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിനേക്കാൾ മതനേതൃത്വത്തിന് ഇപ്പോൾ താത്പര്യം സ്ഥാപനവത്കരണത്തിലും മൂലധനശാക്തീകരണത്തിലുമാണ്. സംഘടിച്ച് വോട്ടുബാങ്കുകളായി മാറിക്കൊണ്ട് അധികാരസ്ഥാനങ്ങൾക്കുവേണ്ടി വിലപേശാൻ ജാതികളും ശ്രമിക്കുന്നു. സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുമ്പോഴും പാർട്ടിസംഘടനയ്ക്കുള്ളിലും പാർലമെന്റ് - നിയമസഭ തലത്തിലും പുരുഷാധിപത്യം നിലനില്ക്കുന്നു. അഴിമതി, സ്വജനപക്ഷപാതം, അസാന്മാർഗിക പ്രവർത്തനം, അക്രമങ്ങൾ എന്നിവയുടെ സ്രോതസ്സുകളായി മദ്യവും മയക്കുമരുന്നും അരങ്ങ് വാഴുന്നു. സർക്കാരുകൾ തന്നെ മദ്യത്തിന്റെ ഉത്പാദകരും വിതരണക്കാരുമായി അധഃപതിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, വർത്തമാനകാല ഭാരതം ഗാന്ധിജിയിൽനിന്ന് അതിവേഗം ബഹുദൂരം അകന്നുമാറിക്കൊണ്ടിരിക്കുന്നു

നമുക്ക് പിഴച്ചത് എവിടെയാണ്? തുടക്കത്തിലേ പിഴച്ചു. സ്വാതന്ത്ര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾതന്നെ ഗാന്ധിജിയെ അവഗണിക്കാൻ തുടങ്ങി. സ്വാതന്ത്ര്യത്തിന്റെ നാളുകളിൽ തന്നെ ഭിന്നിപ്പും അസ്വസ്ഥതകളും സൃഷ്ടിക്കാൻ ഇത് ബ്രിട്ടിഷുകാരെ സഹായിച്ചു.

സ്വതന്ത്രഭാരതത്തിന് ഒരു ഭരണഘടന രൂപീകരിക്കാൻ ഡോ. രാജേന്ദ്ര പ്രസാദ് ചെയർമാനായി സമിതിയുണ്ടായി. ഇതിനായി ഒരു ഉപസമിതിയും ഡ്രാഫ്റ്റിങ്ങ് കമ്മിറ്റിയും രൂപീകരിച്ചു. ഡോ. ബി.ആർ. അംബേദ്കറായിരുന്നു ഈ സമിതിയുടെ അദ്ധ്യക്ഷൻ. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ ബ്രിട്ടീഷുകാർ ഇന്ത്യയിൽ ചില പരിഷ്കാരങ്ങൾ നടപ്പാക്കാൻ ശ്രമിച്ചിരുന്നു. ഇന്ത്യക്ക് ഒരു പുത്രികാരാജപദവി നൽകിക്കൊണ്ട് ആധിപത്യം നിലനിർത്താനാണ് അവർ ശ്രമിച്ചത്. അതിനുതകുന്ന ഭരണഘടനാപരിഷ്കാരങ്ങളാണ് മൊണ്ടേഗു-ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ, സൈമൺ കമ്മീഷൻ റിപ്പോർട്ട്, സാമുദായിക അവാർഡ് എന്നിവയിലൂടെയെല്ലാം ബ്രിട്ടിഷുകാർ മുന്നോട്ടുവച്ചത്.

നിർഭാഗ്യമെന്നുപറയട്ടെ, മേൽപറഞ്ഞ പല പരിഷ്കാരങ്ങളും പുതിയ പേരിലും രൂപത്തിലും ഭാവത്തിലുമായി ഇന്ത്യൻ ഭരണഘടനയിൽ സ്ഥാനം പിടിച്ചു. ബ്രിട്ടിഷ് പാർലമെന്റിനെ അമിതമായി അനുകരിക്കുക വഴി, തികച്ചും കേന്ദ്രീകൃതവും ചെലവേറിയതുമായ ഭരണസംവിധാനവും ഇന്ത്യൻ ഭരണഘടനയുടെ മുഖമുദ്രയായി.

ഗാന്ധിജിയുടെ പ്രതികരണം

ഭരണഘടനയുടെ കരടുരൂപം തയ്യറാക്കിയ ഘട്ടത്തിൽ, ഇതേക്കുറിച്ച് മഹാത്മാഗാന്ധിയുടെ അഭിപ്രായം ആരായാനുള്ള ശ്രമം നടന്നു. മഹാത്മജി മൗനം പാലിച്ചതേ ഉള്ളു. ഡോ. രാജേന്ദ്രപ്രസാദ് അടക്കമുള്ളവർ മഹാത്മാ ഗാന്ധിയുടെ സമീപത്തെത്തി സ്നേഹപൂർവം നിർബന്ധിച്ചപ്പോൾ ഗാന്ധിജി ഇപ്രകാരം പറഞ്ഞു: "ഇത് ഭാരതത്തിന്റെ ഭരണഘടനയേ അല്ല." ഭരണ ഘടന ഡ്രാഫ്റ്റിങ്ങ് കമ്മിറ്റി തയ്യാറാക്കിവച്ചിരിക്കുന്ന ഭരണഘടനാ കരട് രൂപത്തെ കുറിച്ചുള്ള ഗാന്ധിജിയുടെ വിയോജിപ്പ് ഈ ഒറ്റ വാക്യത്തിൽ നിന്ന് വ്യക്തമായി.

ഗാന്ധിജിയുടെ ഈ അഭിപ്രായം ഇന്ത്യയിലെ സാമാന്യ ജനങ്ങൾ അറി ഞ്ഞാലുണ്ടാകുന്ന പ്രതികരണം എന്തായിരിക്കുമെന്ന് ഭരണഘടനാശില്പി കൾ ഒരു നിമിഷം ചിന്തിച്ചു. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണി ച്ചാണ് ഇന്ത്യൻ ഭരണഘടന നിർമ്മിച്ചത് എന്ന് വരുത്തിത്തീർക്കേണ്ടത് അവ രുടെ അനിവാര്യതയായിമാറി.

അതേസമയം ഭരണഘടനയുടെ മൗലികസ്വഭാവത്തിൽ മാറ്റം വരുത്താൻ ഭരണഘടന ശില്പികൾ തയ്യാറായില്ല. ഗാന്ധിജിക്ക് പ്രിയപ്പെട്ട ചില ആശ യങ്ങൾ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെടുത്തുക മാത്ര മാണ് ചെയ്തത്.

ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുക, കഴിവിനനുസരിച്ചുള്ള ജോലി ചെയ്യുന്നതിനും വിദ്യാഭ്യാസത്തിനുമുള്ള അവകാശം നിശ്ചിതമാക്കുക, പൊതുജനാരോഗ്യം സംരക്ഷിക്കുകയും മദ്യവും മയക്കുമരുന്നും നിരോധി ക്കുകയും ചെയ്യുക, വാർദ്ധക്യം, രോഗം, തൊഴിലില്ലായ്മ മുതലായവയുടെ അടിസ്ഥാനത്തിൽ പൊതുസഹായത്തിന് വ്യവസ്ഥ ചെയ്യുക, തൊഴിൽ രക്ഷയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുക, സിവിൽ നിയമങ്ങളിൽ ഐക രൂപം ഉണ്ടാക്കുക, പട്ടികജാതിക്കാരുടേയും പട്ടികവർഗക്കാരുടേയും വിദ്യാ ഭ്യാസപരവും സാമ്പത്തികവുമായ താത്പര്യങ്ങൾ സംരക്ഷിക്കുക, കുട്ടി കൾക്ക് 14 വയസ്സുവരെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക, തൊഴിലാളികൾക്ക് ജീവിക്കാൻ മതിയായ വേതനം ഉറപ്പുവരുത്തുക, ഭൗതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുജന നന്മയ്ക്ക് ഉതകുമാറ് വ്യവസ്ഥ ചെയ്യുക, സമ്പത്തും ഉത്പാദന ഉപകരണങ്ങളും കേന്ദ്രീ കരിക്കാതിരിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ചൂഷണത്തെ തടയുക, സാന്മാർഗികവും ഭൗതികവുമായ ചൂഷണത്തിൽ നിന്ന് ബാല്യ ത്തേയും യൗവനത്തേയും സംരക്ഷിക്കുക എന്നിങ്ങനെ നിരവധി നിർദ്ദേശ ങ്ങൾ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തി.

എന്നാൽ ഇത്തരം നിർദ്ദേശങ്ങളെ മൗലികാവകാശങ്ങളുടെ പട്ടികയിൽ പെടുത്താതിരിക്കാനും പ്രത്യേക ശ്രമം നടന്നു. നിർദ്ദേശകതത്വങ്ങളിൽ

ഉൾപ്പെട്ടിരിക്കുന്ന ഒരു കാര്യം നടപ്പാക്കാതിരുന്നാൽ അക്കാര്യത്തിൽ കോടതിയെ സമീപിച്ച് പ്രസ്തുത കാര്യം നേടിയെടുക്കാനുള്ള സാഹചര്യവും ഇന്ന് ഇന്ത്യയിലില്ല. അത് നിർബന്ധിത ഭരണഘടനാ വിഷയമല്ല എന്ന് പറഞ്ഞ് കോടതികളും ഒഴിഞ്ഞുമാറും. ഇപ്രകാരം സ്വതന്ത്രഭാരതത്തിന്റെ പൊതുഭരണസംവിധാനത്തിൽനിന്ന് ഗാന്ധിയൻ ആശയങ്ങളെ വളരെ തന്ത്രപൂർവം അകറ്റി നിർത്തി.

ഭരണസംവിധാനം കൂടുതൽ കൂടുതൽ കേന്ദ്രീകൃതമായി അധികാരം പാർലമെന്റിലും പാർലമെന്റിനെ നിയന്ത്രിക്കുന്ന കക്ഷിരാഷ്ട്രീയപാർട്ടികളിലും പാർട്ടികളെ നിയന്ത്രിക്കുന്ന ഗ്രൂപ്പുകളിലും അവരെ നിയന്ത്രിക്കുന്ന – സ്പോൺസർ ചെയ്യുന്ന – ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ കൈയിലേക്കും വഴിമാറി. ജനങ്ങൾ കാഴ്ചക്കാരായി മാത്രം മാറി. കേന്ദ്രീകരണം സൃഷ്ടിക്കുന്ന ഹിംസ ഭരണകൂട ധാർഷ്ട്യമായും ജനവിരുദ്ധനിലപാടുകളായും നിലനില്ക്കുന്നതു മൂലം നിരപരാധികൾ ശിക്ഷിക്കപ്പെടുകയും കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്ന പല സന്ദർഭങ്ങളും ഉണ്ടാകുന്നു. നീതിക്ക് പകരം പണവും സ്വാധീനവും ആധിപത്യം പുലർത്തുന്നു. സാധാരണക്കാരന് അപ്രാപ്യമായ ഒരു മേഖലയായി നീതിന്യായ രംഗം മാറി.

ഗാന്ധിയൻ ദിശയിലുള്ള ഭരണഘടന

ഏതൊരു രാജ്യത്തിന്റേയും ഭരണഘടന നിർമ്മിക്കുമ്പോൾ പ്രസ്തുത രാജ്യത്തിന്റെ പൈതൃകവും പാരമ്പര്യവും വിശകലനം ചെയ്യേണ്ടതുണ്ട്. അവയുടെ നന്മയെ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായി ഉൾപ്പെടുത്തണം. മറ്റു രാജ്യങ്ങളിലെ ഭരണഘടനകളെ വിശകലനം ചെയ്യുക എന്നതും ആവശ്യമാണ്. എന്നാൽ അവയെ അതേപടി അനുകരിക്കാൻ ശ്രമിക്കുന്നത് പലപ്പോഴും ഗുണം ചെയ്യില്ല.

അഹിംസയും വികേന്ദ്രീകരണവും ഭാരതത്തിന്റെ പൈതൃകമൂല്യങ്ങളാണ്. സത്യമേവ ജയതേ എന്ന ആപ്തവാക്യമാണ് ഈ മൂല്യങ്ങളെ സജീവമാക്കുന്നത്. സത്യം-അഹിംസ-വികേന്ദ്രീകരണം എന്നീ പദങ്ങളെ പര്യായപദങ്ങളായാണ് ഗാന്ധിജി വ്യാഖ്യാനിച്ചത്. സത്യാന്വേഷി സഞ്ചരിക്കുന്നത് അഹിംസയുടെ മാർഗങ്ങളിലൂടെയായിരിക്കും. അഹിംസയുടെ പ്രയോഗരൂപമാണ് വികേന്ദ്രീകരണം. ഇവയിൽ അടിസ്ഥാനമിട്ടുകൊണ്ടുവേണം ഭാരതത്തിന്റെ ഭരണഘടനയ്ക്ക് രൂപം കൊടുക്കാൻ എന്ന് ഗാന്ധിജി വിശ്വസിച്ചു. എല്ലാവിധ അടിമത്തത്തിൽനിന്നും മേൽക്കോയ്മയിൽനിന്നും മോചിപ്പിക്കുന്ന ഒരു ഭരണഘടന എന്ന് ഗാന്ധിജി സൂചിപ്പിച്ചത് ഇത്തരം ഒരു ഭരണഘടനയെക്കുറിച്ചാണ്.

സ്വാശ്രിതമായ ഒരു സാമൂഹ്യസംവിധാനം ഭാരതീയഗ്രാമങ്ങളിൽ അനാദികാലം മുതൽക്കേ നിലവിലുണ്ടായിരുന്നു. ഉത്പാദന-വിതരണ സംവി

ധാനങ്ങളുടേയും സാമ്പത്തിക-രാഷ്ട്രീയ അധികാരത്തിന്റേയും വികേന്ദ്രീകരണം ഇത്തരം ഗ്രാമസമൂഹത്തിന് യാഥാർത്ഥ്യമായിരുന്നു.

മഹാഭാരതത്തിലെ ശാന്തിപർവത്തിൽ ഗ്രാമസംഘങ്ങളെക്കുറിച്ച് പറയുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ (ബി.സി. 400) ഗ്രാമക്കൂട്ടങ്ങളെ കുറിച്ചും. ഹുയാങ്സാങ്, മെഗസ്തനിസ് എന്നീ ചൈനീസ് സഞ്ചാരികളുടെ കുറിപ്പുകളിൽ പെന്റാസ് എന്ന ഗ്രാമപഞ്ചായത്തുകളെക്കുറിച്ചും, ഋഗ്വേദത്തിൽ ഗ്രാമിണികളേയും ഗ്രാമസഭകളെ കുറിച്ചും 1830 ൽ ബ്രീട്ടീഷ് ഗവർണർ ജനറലായിരുന്ന സർ ചാൾസ് മെറ്റ് കാഫിന്റെ പഠന റിപ്പോർട്ടിൽ ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനില്ക്കുന്ന വികേന്ദ്രീകൃതവും സ്വാശ്രിതവുമായ വ്യവസ്ഥയെക്കുറിച്ചും പറയുന്നു.

ഗ്രാമങ്ങളിലാണ് ഇന്ത്യ ജീവിക്കുന്നത് എന്ന് ഗാന്ധിജി പറയുന്നത് ഇതു കൊണ്ടാണ്. അധികാരം വികേന്ദ്രീകരിക്കുന്ന ഇത്തരം ഗ്രാമീണ സംവിധാനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും കുറവായിരുന്നു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

അധികാരവും സമ്പത്തും പരമാവധി വികേന്ദ്രീകരിച്ചുകൊണ്ടുള്ളതും പ്രത്യക്ഷ ജനാധിപത്യത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളതുമായ ഭരണ സംവിധാനമാണ് ഇന്ത്യയുടെ ഭരണഘടനയിൽ വിഭാവന ചെയ്യേണ്ടിയിരുന്നത് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. അത്തരം ഒരു സംവിധാനത്തിൽ മാത്രമാണ് തങ്ങളും ഭരണത്തിൽ പങ്കാളികളാണ് എന്ന തോന്നൽ ജനങ്ങൾക്ക് ഉണ്ടാകുന്നത്. ജാതി-മത-വർഗ വ്യത്യാസമില്ലാതെ ഗ്രാമീണർ ഒന്നിച്ചിരുന്ന് തീരുമാനം കൈക്കൊള്ളാനും പങ്കാളിത്തത്തോടെ നടപ്പാക്കാനും സാധിക്കും. ഓരോ ഗ്രാമത്തിലേയും പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനും ചൂഷണ സാധ്യതകൾ ഇല്ലാതാക്കാനും ഇത്തരം സംവിധാനത്തിന് സാധിക്കും.

സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം നിർദ്ദേശക തത്വത്തിലെ പല കാര്യങ്ങളും നിയമങ്ങളാക്കി മാറ്റാൻ ശ്രമങ്ങളുണ്ടായിട്ടുണ്ട്. പഞ്ചായത്തീരാജ്-നഗരപാലക നിയമം (1993), തൊഴിലുറപ്പ് പദ്ധതി (2005), വിദ്യാഭ്യാസ അവകാശ നിയമം (2009), അറിയാനുള്ള അവകാശ നിയമം (2005) എന്നിവ ഇവയിൽ ചിലതാണ്. ഇവയെല്ലാം അത്യാസന്ന നിലയിൽ കിടക്കുന്ന രോഗിക്ക് നൽകുന്ന ഓക്സിജൻ സിലിണ്ടറോ വെന്റിലേറ്റർ സൗകര്യമോ മാത്രമാണ്.

ഇന്ത്യൻ സമൂഹത്തെ പൂർണാരോഗ്യത്തിലേക്കുകൊണ്ടുവരണമെങ്കിൽ ഗാന്ധിയൻ ദിശയിലുള്ള സർവ്വോദയ ദർശനത്തിലധിഷ്ഠിതമായ ഭരണഘടനാ പരിഷ്കരണം ഉണ്ടാകുക തന്നെ വേണം.

○

ഹരിത സമ്പദ്‌വ്യവസ്ഥയും സർവ്വോദയവും

ഹരിത സമ്പദ്‌വ്യവസ്ഥ എന്ന പദം അടുത്ത കാലത്തായി കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഒരു സമൂഹത്തിലെ ഉത്പാദന-വിതരണ സംവിധാന ക്രമത്തെയാണ് സമ്പദ്‌വ്യവസ്ഥ എന്നു പറയുന്നത്. 'ഹരിതം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രകൃതിക്ക് ഇണങ്ങുന്നത്, സുസ്ഥിരമായത്, സ്ഥായിയായത് എന്നൊക്കെയാണ്. പ്രകൃതിക്ക് കോട്ടം തട്ടാതെ തന്നെ പ്രകൃതിയിൽനിന്ന് എടുത്തും അതുപോലെ പ്രകൃതിയിലേക്ക് കൊടുത്തും ഉത്പാദന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് 'ഹരിതം' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. ഭൂമിയിലെ വിഭവങ്ങൾ വരുംതലമുറകൾക്കുംകൂടി അവകാശപ്പെട്ടതാണ്. ഇത്തരം ഒരു തിരിച്ചറിവുണ്ടാകുമ്പോൾ വിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുകയില്ല. അമിത ചൂഷണവും ആർത്തിയോടുകൂടിയ ഉപഭോഗവും ഒരു തരത്തിൽ ഹിംസയാണ്. ചുരുക്കത്തിൽ, ഹരിതം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് അഹിംസാത്മകം എന്നാണ്.

ഗാന്ധിജി മുന്നോട്ടുവച്ച സർവ്വോദയ ദർശനത്തിൽ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഒരു ധാർമ്മികാടിസ്ഥാനം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. മനുഷ്യനെപ്പോലെ മറ്റ് ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ട്. കായികവും ബൗദ്ധിപരവുമായ ശേഷി ഉപയോഗിച്ച് മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുകയോ വരുംതലമുറകൾക്കുകൂടി ലഭ്യമാക്കാൻ അവസരം സൃഷ്ടിക്കാതിരിക്കുകയോ ചെയ്യുന്നത് അധാർമ്മികമാണ്. മനുഷ്യന്റെ ആഗ്രഹങ്ങൾ അളവറ്റതാണ്. ആഗ്രഹങ്ങളെ ലഘൂകരിക്കുകയും പ്രകൃതിവിഭവങ്ങളെ പരിമിതമായി മാത്രം ഉപയോഗിക്കുകയും വരുംതലമുറയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്യുന്നത് സംസ്കാരത്തിന്റെ ലക്ഷണമാണ്. ഇത് സാധ്യമാകണമെങ്കിൽ വ്യക്തിയിൽ ക്ഷമയും അഹിംസാവബോധവും രൂപപ്പെടണം.

പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ പല ജീവികളിലും ഹിംസാത്മകമായ ഉപജീവന പ്രവർത്തനങ്ങൾ നടക്കുന്നതു കാണാം. അതുകൊണ്ട് ഹിംസയെ പൂർണമായും ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമ്പദ്‌വ്യവസ്ഥ രൂപം കൊള്ളണം എന്ന് നിർബന്ധം പിടിക്കുന്നതുതന്നെ പ്രകൃതി വിരുദ്ധമായ സമീപനമല്ലേ എന്ന ചോദ്യം ഉയരാറുണ്ട്. ചൂഷണ സമ്പദ്ഘടനയുടെ വക്താക്ക

ളാണ് ഇത്തരം ചോദ്യം ഉന്നയിക്കാറുള്ളത്. ഇവിടെ ഓർമ്മിക്കേണ്ടതായ ഒരു പ്രധാന കാര്യമുണ്ട്. ചൂഷണാധിഷ്ഠിതമായ ഒരു വ്യവസ്ഥയിൽ നിന്ന് സഹകരണാധിഷ്ഠിതമായ ഒരു വ്യവസ്ഥയിലേക്കോ സേവനാധിഷ്ഠിതമായ ഒരു വ്യവസ്ഥയിലേക്കോ മാറാൻ സാധിക്കുന്നത് മനുഷ്യനു മാത്രമാണ്. അതുകൊണ്ടുതന്നെ കാലാനുസൃതമായ പുരോഗതി അഥവാ സാംസ്കാരിക ഔന്നത്യം സ്വയം കൈവരിക്കുക എന്നത് മനുഷ്യന്റെ കടമയാണ്.

ഉദാഹരണത്തിന്, ഒരു തവള പ്രാണികളെ തിന്നു ജീവിക്കുന്നു. സിംഹം മാനിനെ തിന്നു ജീവിക്കുന്നു. ഇതെല്ലാം ഒരു തരത്തിൽ നോക്കുമ്പോൾ ഹിംസാധിഷ്ഠിതമല്ലേ എന്നു തോന്നാം. ഭൂമുഖത്ത് ജീവൻ ഉണ്ടായതു മുതൽ ഇന്നുവരെ ഈ ജീവികൾ ഇങ്ങനെത്തന്നെയാണ് ഉപജീവിക്കുന്നത്. മറ്റെന്തെങ്കിലും ഭക്ഷണം സ്വയം ഉത്പാദിപ്പിക്കാൻ ഇവയ്ക്ക് സാധിക്കില്ല. എന്നാൽ മനുഷ്യന്റെ കാര്യം അങ്ങനെയല്ല. പ്രകൃതിയിലെ കായ്കനികൾ ശേഖരിച്ച് ഭക്ഷിച്ചിരുന്ന മനുഷ്യനും ക്രമേണ കൃഷി ആരംഭിച്ച് ഉത്പാദിപ്പിച്ച് ഭക്ഷിക്കാൻ ആരംഭിക്കുന്നു. ശിലായുധവും അമ്പും വില്ലും ഉപയോഗിച്ചിരുന്ന മനുഷ്യൻ ഇന്ന് ബഹിരാകാശ പേടകങ്ങൾ വരെ നിർമ്മിച്ചിരിക്കുന്നു.

വിശേഷ ബുദ്ധിയും സ്വതന്ത്രമായ കൈകളും മനുഷ്യനെ പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് മുന്നേറാൻ സഹായിക്കുന്നു. ഹിംസാധിഷ്ഠിതമായ ഒരു അവസ്ഥയിൽ നിന്ന് അഹിംസാധിഷ്ഠിതമായ ഒരു തലത്തിലേക്ക് ഉയരാൻ ധാർമ്മികവും ചരിത്രപരവുമായ ഉത്തരവാദിത്തം മനുഷ്യനുണ്ട്.

ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ജോസഫ് കോർണീലിയസ് കുമരപ്പ (ജെ.സി. കുമരപ്പ) പ്രകൃതിയിലെ സമ്പദ്വ്യവസ്ഥകളെ അഞ്ചു വിധത്തിൽ വർഗീകരിച്ചിട്ടുണ്ട്.

1. പരാദ സമ്പദ്വ്യവസ്ഥ
2. സ്വാർത്ഥ സമ്പദ്വ്യവസ്ഥ
3 ഉദ്യമ സമ്പദ്വ്യവസ്ഥ
4 സംഘ സമ്പദ്വ്യവസ്ഥ
5 സേവന സമ്പദ്വ്യവസ്ഥ

വൃക്ഷങ്ങളിൽ പറ്റിപ്പടർന്ന് വൃക്ഷങ്ങളിൽനിന്ന് ആഹാരം ഊറ്റിയെടുത്ത് വളരുന്ന ഇത്തിൾകണ്ണി ചെടിയും ആടിനെ കൊന്ന് തിന്നുന്ന പുലിയും എല്ലാം പരാദ സമ്പദ്വ്യവസ്ഥയുടെ ഉദാഹരണങ്ങളാണ്. ഹിംസയും നാശവും ഇതിൽ കാണാം.

മറ്റൊരാൾക്ക് പ്രയോജനമൊന്നും ചെയ്യാതെ സ്വാർത്ഥ ലാഭം മാത്രം മനസ്സിൽ വച്ച് അയാളിൽനിന്ന് ഇങ്ങോട്ട് എടുക്കുക മാത്രം ചെയ്യുന്ന സ്വഭാവമാണ് സ്വാർത്ഥ സമ്പദ്വ്യവസ്ഥ. മാവിന്റെ വളർച്ചയ്ക്കും സുരക്ഷയ്ക്കും വേണ്ടി ഒന്നും ചെയ്യാതെ മാവിൽനിന്ന് മാങ്ങ പൊട്ടിച്ചു തിന്നുന്ന കുരങ്ങൻ

ഇതിനൊരു ഉദാഹരണമാണ്. പരാദ വ്യവസ്ഥയെപ്പോലെ ഇതിൽ ഹിംസ കാര്യമായി ഇല്ലെങ്കിലും നാശമുണ്ട്.

മറ്റുള്ളവർക്ക് നാശമുണ്ടാക്കാതെ അവനിൽനിന്ന് എന്തെങ്കിലും സ്വീകരിച്ച് തനിക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായ എന്തെങ്കിലും ഉത്പാദിപ്പിക്കുന്നതിനെയാണ് ഉദ്യമ സമ്പദ്വ്യവസ്ഥ എന്നുപറയുന്നത്. ഉദാഹരണം: പൂക്കളിൽനിന്ന് തേനും പൂമ്പൊടിയും ശേഖരിക്കുന്ന തേനീച്ച സ്വന്തമായി തേനുണ്ടാക്കുന്നു. അത് മറ്റുള്ളവർക്കും ഉപകാരപ്രദമാകുന്നു. ഇവിടെ ഹിംസയില്ല. പുതിയൊരു നിർമ്മിതി സമൂഹത്തിന് കൂടി ഉപകാരപ്പെടുന്നു.

തന്റെ കഴിവുകളെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് കൂട്ടായി പരിശ്രമിക്കുന്ന രീതിയാണ് സംഘ സമ്പദ്വ്യവസ്ഥ. തേനീച്ചകൾ തങ്ങളുടെ കഴിവുകൾ കൂട്ടായ പ്രവർത്തനത്തിലൂടെ ഉപയോഗപ്പെടുത്തി സമൂഹത്തിനു കൂടി ഉപകാരപ്പെട്ട വസ്തുക്കൾ ഉണ്ടാക്കുന്നു. ഇവിടെ വ്യക്തമായ ആസൂത്രിത പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

പ്രകൃതിയിലെ ഏറ്റവും മികച്ച ജീവിത സംവിധാനമാണ് സേവന സമ്പദ്വ്യവസ്ഥ. സ്വന്തമായി ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ, തന്റെ സമൂഹത്തിന്റെയും പ്രകൃതിയുടെയും സുസ്ഥിരതയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന രീതിയാണ് സേവന സമ്പദ്വ്യവസ്ഥ. ഉദാഹരണത്തിന് ഒരു പക്ഷി തന്റെ കുഞ്ഞിന്റെ വിശപ്പകറ്റാൻ കാടുകളിലെല്ലാം അലഞ്ഞ് തീറ്റ കൊണ്ടുവരുന്നു. ഇവിടെ പക്ഷി പ്രതിഫലം കാംക്ഷിക്കുന്നില്ല. വംശത്തിന്റെ തുടർച്ചയായ നിലനിൽപ്പ് ഇതുമൂലം സാധിക്കുന്നു. പ്രകൃതിയുടെ സുസ്ഥിരതയ്ക്കുവേണ്ടി അഹിംസാത്മകവും അക്രമരഹിതവുമായി വർത്തിക്കുന്നതാണ് സേവന സമ്പദ്വ്യവസ്ഥ.

മറ്റു ജീവികളെ സംബന്ധിച്ചിടത്തോളം തലമുറകളായി ഒരേ സമ്പദ്വ്യവസ്ഥ തന്നെയാണ് സ്വീകരിക്കുന്നത്. ഇതിന് മാറ്റം വരുത്താനുള്ള ശേഷി അവയ്ക്കില്ല. പ്രകൃതി നിശ്ചയിച്ച ജീവചക്രത്തിന്റെ ഭാഗമായി ഈ പ്രക്രിയ സ്വാഭാവികമായും നടക്കുന്നു.

എന്നാൽ മനുഷ്യന്റെ സ്ഥിതി അതല്ല. ഉത്പാദന പ്രവർത്തനങ്ങളിൽ പരാദസമ്പദ്വ്യവസ്ഥയും, സ്വാർത്ഥ സമ്പദ്വ്യവസ്ഥയും ഉപേക്ഷിക്കുക തന്നെ വേണം. ഉദ്യമ സമ്പദ് വ്യവസ്ഥയിൽ നിന്ന് സംഘ സമ്പദ്വ്യവസ്ഥയിലേക്കും അവിടെ നിന്ന് സേവന സമ്പദ് വ്യവസ്ഥയിലേക്കും വികസിക്കുകയാണ് വേണ്ടത്. ഇത് സാംസ്കാരികമായ പുരോഗതിയുടെ ലക്ഷണമാണ്. ഹരിത സമ്പദ്വ്യവസ്ഥയിലേക്ക് ഒരു സമൂഹം എത്തിപ്പെടുന്നത് ഇപ്രകാരമാണ്.

ഹരിത സമ്പദ്വ്യവസ്ഥയ്ക്ക് ആദ്യമായി വേണ്ടത് സർവ്വോദയ മനോഭാവമാണ്. എല്ലാ ജീവജാലങ്ങളുടെയും നന്മ ലക്ഷ്യമാക്കുന്ന മനോഭാവമാണ് സർവ്വോദയ മനോഭാവം. സർവ ചരാചരങ്ങളിലും ഈശ്വര ചൈതന്യം കുടി

കൊള്ളുന്നു. അതുകൊണ്ടുതന്നെ അവയുടെ ഉന്നതിക്കും നിലനിൽപ്പിനും വേണ്ടി ചെയ്യുന്ന ഓരോ പ്രവർത്തനവും ഈശ്വരാരാധന തന്നെയാണ്. ചൂഷണമല്ല, സർവ്വോദയത്തിന്റെ മാർഗം. ഒരു സൂക്ഷിപ്പുകാരന്റെ ധർമ്മമാണ് വ്യക്തിക്കുള്ളത്. തന്റെ കർമ്മമണ്ഡലത്തിൽ വരുന്ന എല്ലാ വിഭവങ്ങളേയും ഫലപ്രദമായി വിനിയോഗിക്കുകയും ഗുണമേന്മ വർദ്ധിപ്പിക്കുകയുമാണ് ഈ സൂക്ഷിപ്പുകാരൻ ചെയ്യുന്നത്. അടുത്ത തലമുറയ്ക്ക് ഈ വിഭവങ്ങളെ സുരക്ഷിതമായി കൈമാറാനും സാധിക്കണം. തികച്ചും സേവന സന്നദ്ധവും അഹിംസാത്മകവുമായ അന്തരീക്ഷം ഹരിത സമ്പദ്‌വ്യവസ്ഥയ്ക്ക് അനിവാര്യമാണ്.

കേന്ദ്രീകൃതമായ ഭരണസംവിധാനവും കേന്ദ്രീകൃതമായ ഉത്പാദന - വിതരണ സംവിധാനവും പലപ്പോഴും ഹിംസാമുക്തമായിരിക്കില്ല. ചൂഷണത്തിന്റെയും ആധിപത്യത്തിന്റേതുമായ ചെയ്തികൾ കേന്ദ്രീകൃതമായ സംവിധാനത്തിൽ ഉണ്ടായിരിക്കും. അതിനാൽ ഹരിത സമ്പദ്‌വ്യവസ്ഥയുടെ പൂർണമായ പ്രയോഗം സാധ്യമാകണമെങ്കിൽ വികേന്ദ്രീകൃതമായ ഭരണസംവിധാനവും വികേന്ദ്രീകൃതമായ ഉത്പാദന-വിതരണ സംവിധാനവും അനിവാര്യമാണ്.

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, മുതലാളിത്ത സമ്പദ്‌വ്യവസ്ഥ, മിശ്ര സമ്പദ്‌വ്യവസ്ഥ എന്നിവ വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്നു എങ്കിലും ഇവിടെയെല്ലാം കേന്ദ്രീകൃത ഭരണ-ഉത്പാദന-വിതരണ സംവിധാനമാണ് നിലനിൽക്കുന്നത്. കൂടാതെ ഭരണകൂടത്തിനും അതീതമായ ബഹുരാഷ്ട്ര കുത്തകകളുടെ ആധിപത്യവും നിലനിൽക്കുന്നു. അതുകൊണ്ടാണ് ഹരിത സമ്പദ്‌വ്യവസ്ഥ സാധ്യമാകാത്തത്.

പഞ്ചായത്തീരാജ് സങ്കല്പവും യാഥാർത്ഥ്യവും

ജനാധിപത്യത്തിന്റെ ജീവവായുവാണ് വികേന്ദ്രീകരണം. ഓരോ ഗ്രാമത്തിലും ഓരോ ചെറിയ പ്രദേശത്തും ജനങ്ങൾ കൂടിയിരുന്ന് അതത് പ്രദേശത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കുകയും നടപ്പാക്കുകയും വേണം. താനും ഭരണത്തിൽ പങ്കാളിയാണ് എന്ന് ഓരോ പൗരനും ബോധ്യമുണ്ടാകുന്നത് അപ്പോഴാണ്. അധികാരം ജനങ്ങളിൽ നിലനിൽക്കുന്നതും ജനകീയ അധികാരം സമൂഹനന്മയ്ക്കുവേണ്ടി പ്രയോഗിക്കാൻ സാധിക്കുന്നതും ഇത്തരം വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യസമൂഹത്തിലാണ്.

ഇത്തരം പ്രാദേശിക ഭരണസംവിധാനങ്ങളായിരുന്നു സഹസ്രാബ്ദങ്ങളായി ഭാരതത്തിന്റെ ശക്തി. സ്വരാജ് സംപ്രാപ്തമാകണമെങ്കിൽ പഞ്ചായത്തീരാജ് സംവിധാനം നടപ്പിലാകണമെന്ന് മഹാത്മാഗാന്ധി നിർദ്ദേശിച്ചത് അതുകൊണ്ടാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഉറങ്ങിക്കിടന്നു. കേന്ദ്രീകൃത ആസൂത്രണവും, വൻകിട പദ്ധതികളും, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളിലൂടെയുള്ള ഭരണവും വഴി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാകുമെന്ന് സ്വാതന്ത്ര്യാനന്തര ഭരണാധികാരികൾ പ്രതീക്ഷിച്ചു. എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടു, പതിനായിരക്കണക്കിന് ലക്ഷം കോടി രൂപ ചെലവഴിച്ചു. 1990 ന്റെ ആദ്യത്തിൽ ഇതു സംബന്ധിച്ച ഒരു പഠനം നടത്തി. ഇതുവരെ ചെലവഴിച്ച ഭീമമായ തുകയുടെ പതിനഞ്ച് ശതമാനം മാത്രമാണ് യഥാർത്ഥത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ചത് എന്ന് പഠനം വെളിപ്പെടുത്തി. ബാക്കി എൺപത്തിയഞ്ച് ശതമാനം പണവും വിവിധ തലങ്ങളിൽ തട്ടിയെടുക്കപ്പെട്ടു. അതിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കോൺട്രാക്ടർമാരും, മറ്റു ഏജന്റുമാരും എല്ലാം ഉൾപ്പെടും.

ഈ യാഥാർത്ഥ്യം ഇന്ത്യൻ പാർലമെന്റിൽ വെളിപ്പെടുത്തിയതിനുശേഷമാണ് പഞ്ചായത്തീരാജ് ഒന്ന് പരീക്ഷിച്ചു നോക്കിയാലോ എന്ന ചിന്ത ഉണ്ടായത്. 1993 ഏപ്രിൽ 24 ന് ഭരണഘടനയുടെ 73, 74 ഭേദഗതികളോടെ പഞ്ചായത്തീരാജ് -നഗരപാലിക നിയമം പ്രാബല്യത്തിൽ വന്നു. വളരെ പ്രതീക്ഷയോടെയാണ് പഞ്ചായത്തീരാജ്-നഗരപാലിക നിയമങ്ങളെ രാജ്യം വര

വേറ്റത്. ഗാന്ധിജി വിഭാവന ചെയ്ത പഞ്ചായത്തീരാജ് നിയമത്തിൽനിന്നും വളരെയേറെ വ്യത്യസ്തമായ പഞ്ചായത്തീരാജ് നിയമമാണ് പാർലമെന്റിൽ പാസാക്കിയത്.

എങ്കിലും നിലവിലുണ്ടായിരുന്ന ജനാധിപത്യരീതിയേയും വികസന പ്രക്രിയയേയും ശുദ്ധീകരിക്കാവുന്നതും കാര്യക്ഷമമാക്കാവുന്നതുമായ ഒട്ടേറെ സാധ്യതകൾ 1993 ലെ പഞ്ചായത്തീരാജ്-നഗരപാലിക നിയമത്തിലുണ്ടായിരുന്നു.

പഞ്ചായത്തീരാജ് നിയമത്തിന്റെ സവിശേഷതകൾ:

- അഞ്ച് വർഷത്തിലൊരിക്കൽ നിർബന്ധമായും തെരഞ്ഞെടുപ്പ് (ഇത് ഭരണഘടനാ ബാധ്യതയാണ്.)
- ത്രിതല പഞ്ചായത്ത് ഭരണം. ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഭരണ സംവിധാനം.
- അധികാരവും സമ്പത്തും ജനങ്ങൾക്ക് നൽകൽ. ഏത് പദ്ധതി ഏറ്റെടുക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരവും പഞ്ചായത്തുകൾക്ക്.
- ഗ്രാമസഭകളും ഡിവിഷൻ സഭകളും: ഓരോ പൗരനും തന്റെ അഭിപ്രായം പറയാനും ചർച്ചചെയ്യാനുമുള്ള ഗ്രാമസഭകൾ വർഷത്തിൽ 4 തവണ ചേരുന്നു.
- ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതി നിർവഹണം.
- ഇടത്തട്ടിൽ ചോർച്ചയില്ലാതെ പദ്ധതി വിഹിതം പൂർണമായും നിർവഹണത്തിനായി ലഭ്യമാക്കൽ.

ത്രിതലപഞ്ചായത്ത് സംവിധാനവും നഗരപാലിക സംവിധാനവും നിലവിൽ വന്നിട്ട് ഒന്നര ദശാബ്ദം പിന്നിടുന്ന വേളയിൽ മേൽപറഞ്ഞ സങ്കല്പങ്ങളിൽ എന്തെല്ലാം യാഥാർത്ഥ്യമായി എന്ന് വിലയിരുത്തേണ്ടത് അനിവാര്യമാണ്.

നിർജീവമായ ഗ്രാമസഭകളും ബിനാമി കൺവീനർമാരും

പഞ്ചായത്തീരാജ് – നഗരപാലിക സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആദ്യമായി അധികാരമേറ്റത് 1995 ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിലാണ്. 1997 ൽ ജനകീയാസൂത്രണവും ആരംഭിച്ചു. തുടക്കത്തിലെല്ലാം ഗ്രാമസഭകൾ സജീവമായിരുന്നു. ഗ്രാമസഭയിലും പദ്ധതി നിർവഹണത്തിലും മികച്ച ജനപങ്കാളിത്തം ഉണ്ടായി. നാട്ടുകാരുടെ സ്വയംസന്നദ്ധമായ ശ്രമദാനം കൂടി ചേർന്നപ്പോൾ പല പ്രോജക്ടുകൾക്കും അനുവദിക്കപ്പെട്ടതിനേക്കാൾ കൂടുതൽ അടങ്കൽ തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു.

എന്നാലിപ്പോൾ ഗ്രാമസഭകൾ കടലാസിൽ മാത്രമാണ്. വാർഡിലെ പത്തു ശതമാനം വോട്ടർമാർ വർഷത്തിൽ നാലുതവണ ഗ്രാമസഭയിൽ

എത്തി എന്ന് കൃത്രിമ രേഖകൾ ഉണ്ടാക്കുകയാണ്. വമ്പിച്ച ജനപങ്കാളിത്തം ഉണ്ടായാൽ പല കാര്യങ്ങളും ചോദ്യം ചെയ്യപ്പെടും എന്ന് വ്യവസ്ഥാപിത പാർട്ടികളെല്ലാം ഭയപ്പെടുന്നു.

ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അതിനെ അട്ടിമറിക്കാൻ പ്രത്യേകമായ നിയമങ്ങളും ഉത്തരവും ഇറക്കാൻ മടിയുണ്ടായില്ല. ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി നിർവഹണം ഒരു മരീചിക മാത്രമാണെന്ന് വരുത്തിത്തീർക്കാൻ ബ്യൂറോക്രസിയും കോൺട്രാക്ടർ ലോബിയും സ്വാർത്ഥമതികളായ നേതാക്കളും കൈകോർത്തു.

പങ്കാളിത്ത ജനാധിപത്യവും സജീവമായ ഗ്രാമസഭകളും ജനകീയ നിർവഹണ സമിതികളും ഇല്ലാതായി. കോൺട്രാക്ടർമാരുടെ ബിനാമി കൺവീനർമാരും ബിനാമി കമ്മറ്റികളുമാണ് ഇപ്പോൾ പലയിടത്തും പദ്ധതി നിർവഹണം നടത്തുന്നത്.

പഞ്ചായത്തീരാജിനു പകരം ബിനാമി രാജും കമ്മീഷൻ രാജും നിലവിൽ വന്നിട്ടും അതിനെതിരെ ശക്തിയായി പ്രതികരിക്കാൻ രാഷ്ടീയ കക്ഷികളും യുവജന സംഘടനകളും തയ്യാറാകാത്തത് എന്തുകൊണ്ടാണ് എന്ന് ജനങ്ങൾ തിരിച്ചറിയുന്നു.

ഒരു പ്രദേശത്ത് മദ്യഷാപ്പ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് ആ പ്രദേശത്തെ ജനങ്ങൾക്ക് അധികാരം നൽകുന്ന വകുപ്പുകൾ പഞ്ചായത്തീരാജ് (232-ാം വകുപ്പ്) നിയമത്തിലും നഗരപാലിക നിയമത്തിലും (447-ാം വകുപ്പ്) ഉണ്ടായിരുന്നു. തങ്ങൾക്ക് ലഭിച്ച ഈ അധികാരം ഉപയോഗിച്ച് പലയിടത്തും ജനങ്ങൾ മദ്യഷാപ്പുകൾ വേണ്ടെന്നുവച്ചു. ഇതുകണ്ട് അബ്കാരി ലോബി കുപിതരായപ്പോൾ പ്രസ്തുത വകുപ്പുകൾ എടുത്തുമാറ്റാൻ ഭരണ-പ്രതിപക്ഷ കക്ഷികൾ ഒറ്റക്കെട്ടായി ശ്രമിച്ചു.

അധികാരം കേന്ദ്രീകരിക്കുന്ന നിയമങ്ങൾ

വികേന്ദ്രീകരണത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുമ്പോഴും ജനങ്ങൾക്ക് അവരുടെ പ്രദേശത്തെ മണ്ണിലും ജലത്തിലും കടൽ തീരത്തുമെല്ലാം നിലവിലുള്ള അവകാശത്തെപ്പോലും ഇല്ലാതാക്കുന്ന കേന്ദ്ര നിയമങ്ങൾ ഒന്നൊന്നായി വന്നുകൊണ്ടിരിക്കുന്നു.

അധികാരം ജനങ്ങളിലല്ല, കേന്ദ്ര-സംസ്ഥാന തലസ്ഥാനങ്ങളിലും അവരെ നിയന്ത്രിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

യഥാർത്ഥ പഞ്ചായത്തീരാജിലേക്കുള്ള സാധ്യതകൾ

സ്വാശ്രയത്വത്തിലും സ്വാവലംബനത്തിലും അധിഷ്ഠിതമായ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകണമെങ്കിൽ പഞ്ചായത്ത്രാജ് നിയമത്തിൽ താഴെ പറയുന്ന ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകണം.

1. ഗ്രാമസഭകൾക്കും ഡിവിഷൻസഭകൾക്കും മാൻഡേറ്ററി അധികാരം നൽകണം. യഥാർത്ഥ ജനാഭിലാഷമാണ് ഗ്രാമസഭാ തീരുമാനങ്ങളായി വരിക. ഈ തീരുമാനങ്ങൾ നടപ്പാക്കാൻ നിർബന്ധിതമാകുന്ന വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണം.
2. കക്ഷി രാഷ്ട്രീയ ഭിന്നതകളും ജാതി-മതഭേദങ്ങളും ഇല്ലാതെ മുഴുവൻ ജനങ്ങളേയും സജീവമാക്കി ഗ്രാമസഭയിൽ എത്തിക്കാനുള്ള സാമൂഹ്യാന്തരീക്ഷം നിലനിർത്തണം.
3. കക്ഷി രാഷ്ട്രീയ-ജാതി-മത പരിഗണനയേക്കാൾ ഉപരിയായി ഗ്രാമത്തിനും ജനങ്ങൾക്കും മുൻഗണന നൽകുന്ന നിഷ്പക്ഷമതികളും നിസ്വാർത്ഥരുമായവർ ജനപ്രതിനിധികളാകണം.
4. ബാലറ്റും രഹസ്യ വോട്ടും തിരഞ്ഞെടുപ്പ് പ്രചാരണവുമൊന്നുമില്ലാതെ ഓരോ അയൽക്കൂട്ടത്തിൽനിന്നും പൊതുസമ്മതനായ ഒരാളെ പഞ്ചായത്ത് കൗൺസിലിലേക്ക് തിരഞ്ഞെടുക്കണം. ഇത്തരം കൗൺസിൽ അംഗങ്ങൾ കൂടിയിരുന്ന് പഞ്ചായത്ത് ഭരണസമിതിയെ നോമിനേറ്റ് ചെയ്യണം. ഗ്രാമപഞ്ചായത്ത് കൗൺസിലിൽനിന്ന് ജില്ലാപഞ്ചായത്തിലേക്കും പ്രതിനിധികളെ പൊതുസമ്മതപ്രകാരം നോമിനേറ്റ് ചെയ്യുന്ന സംവിധാനം ഉണ്ടാകണം. അന്ധമായ കക്ഷി രാഷ്ട്രീയവും ജാതി-മത ഇടപെടലുകളും ഒരു പരിധിവരെ ഒഴിവാക്കാൻ ഇതുവഴി സാധിക്കും.
5. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ജനകീയ പ്രശ്നങ്ങൾക്കു നേരെ പ്രവർത്തിക്കുകയോ നിയമവിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ ജനപ്രതിനിധിയെ തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് ഉണ്ടാകണം.
6. മണ്ണും ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കാനുള്ള നിയമപരമായ അധികാരം ഗ്രാമസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഉണ്ടാകണം.
7. ഓരോ പ്രദേശത്തേയും തനത് കൃഷി, ഗ്രാമവ്യവസായം നാട്ടറിവുകൾ എന്നിവ നിലനിർത്താനും ഇവയ്ക്ക് ദോഷകരമായി ഭവിക്കുന്ന ഏതൊരു നീക്കത്തേയും ശക്തിയായി പ്രതിരോധിക്കാനുള്ള നിയമപരമായ അധികാരം ഗ്രാമസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഉണ്ടാകണം.
8. അതത് പ്രദേശത്തെ നികുതി പിരിവിന്റെ ചുമതലയും പ്രാദേശികഭരണകൂടത്തിനുണ്ടാകണം. ഇപ്രകാരം പിരിച്ചെടുക്കുന്ന നികുതിയുടെ ഒരു വിഹിതം മുകൾതട്ടിലുള്ള സംവിധാനങ്ങൾക്ക് നൽകണം. ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാം ഓരോ വർഷവും പദ്ധതി വിഹിതം മുകളിൽ നിന്നും വരുന്നതും കാത്ത് കൈനീട്ടിയിരിക്കുന്നത് ഒഴിവാക്കാം.

ഇത്തരത്തിലുള്ള ഗുണകരമായ വ്യതിയാനങ്ങൾക്ക് വേണ്ടിയുള്ള ജനശക്തി വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

രാഷ്ട്രീയ പാർട്ടികൾ ഭീരുത്വം ഉപേക്ഷിക്കണം

രാഷ്ട്രീയ പാർട്ടികളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് ഏറെക്കുറെ പൊതു സ്വഭാവവും ഐകരൂപവും ഉള്ളതായി കാണാം. സാമൂഹ്യക്ഷേമം, രാജ്യപുരോഗതി, ലോക സമാധാനം എന്നീ ലക്ഷ്യങ്ങളാണ് ഒട്ടുമിക്കവാറും രാഷ്ട്രീയ കക്ഷികൾക്കും ഉള്ളത്. ഇന്ത്യയിലെ പ്രധാന രാഷ്ട്രീയ പാർട്ടികളെല്ലാം സോഷ്യലിസത്തെ അംഗീകരിക്കുന്നു. എന്നാൽ സമഗ്ര സോഷ്യലിസം അഥവാ സർവ്വോദയം എന്ന പവിത്രമായ ലക്ഷ്യത്തെ സ്വീകരിക്കാനും ലക്ഷ്യത്തിലെത്താൻ പവിത്രമായ മാർഗം സ്വീകരിക്കാനുമുള്ള ധീരത രാഷ്ട്രീയ പാർട്ടികൾ പ്രകടിപ്പിക്കുന്നില്ല. മഹത്തായ ലക്ഷ്യത്തെക്കുറിച്ച് പറച്ചിൽ മാത്രമേ ഉള്ളൂ. ഫലത്തിൽ, പാർട്ടിക്കും നേതാക്കൾക്കും അധികാരവും സമ്പത്തും നേടുന്നതിനും അത് നിലനിർത്തുന്നതിനും വേണ്ടിയാണ് രാഷ്ട്രീയ പാർട്ടികൾ പ്രധാനമായും ശ്രമിക്കുന്നത്. രാജ്യപുരോഗതിക്കും ലോക സമാധാനത്തിനും സാമൂഹ്യക്ഷേമത്തിനുമൊക്കെ വേണ്ടി എന്തെങ്കിലും ചെയ്തു എന്ന് വരുത്തുന്നു. "അധികാരവും സമ്പത്തും ലഭിക്കാതെ വരുമോ? ലഭിച്ചത് നിലനിർത്താൻ പറ്റാതെ വരുമോ?" എന്നിങ്ങനെയുള്ള ഭയമാണ് രാഷ്ട്രീയ പാർട്ടികളെ മഥിക്കുന്നത്. ഈ രണ്ട് കാര്യങ്ങൾക്കുവേണ്ടി എന്തു കുറുക്കുവഴിയും മ്ലേച്ഛമാർഗങ്ങളും സ്വീകരിക്കാൻ അവർ തയ്യാറാകുന്നു. കൊലപാതകം, അക്രമങ്ങൾ ജാതി-മത പ്രീണനങ്ങൾ, കാലുമാറ്റം, വോട്ട് കച്ചവടം എന്നിവയെല്ലാം ഇവരുടെ ഭയത്തിന്റെ ഉത്പന്നങ്ങളാണ്.

ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട്, കക്ഷിരാഷ്ട്രീയത്തിനതീതമായി അവരെ ഒന്നായികണ്ടുകൊണ്ട്, സാധാരണക്കാരന്റെ ക്ഷേമത്തിനുവേണ്ടി പ്രാദേശികമായ ഉത്പാദനത്തേയും വിതരണത്തേയും പ്രോത്സാഹിപ്പിച്ചുകൊണ്ട്, ദേശത്തിന്റെയും രാജ്യത്തിന്റെയും സാംസ്കാരിക മൂല്യങ്ങളേയും വിഭവങ്ങളേയും സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനവും രാജ്യവും ഇന്നു കാണുന്നതിനേക്കാൾ എത്രയേറെ പുരോഗമിക്കുമായിരുന്നു. ഇക്കാര്യത്തിൽ ജനങ്ങൾ എക്കാലവും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയപാർട്ടികളുടെ ആർജവമില്ലായ്മയും ഭീരുത്വവുമാണ് ഇതിന് തടസ്സമാകുന്നത്.

ജനകീയ സന്നദ്ധത

1990 ൽ കേരളത്തിൽ നടന്ന സമ്പൂർണ സാക്ഷരതാ പ്രവർത്തനം തന്നെ ജനകീയ സന്നദ്ധതയ്ക്ക് ഉദാഹരണമാണ്. ഒരു വർഷം കൊണ്ട് കേരള സംസ്ഥാനത്തെ 13 ലക്ഷം നിരക്ഷരർക്ക് അക്ഷരജ്ഞാനവും അക്ക ജ്ഞാനവും പകർന്ന് സാക്ഷരരാക്കാൻ സാധിച്ചു. നിരക്ഷരർക്ക് അക്ഷര ജ്ഞാനം പകരുന്നതിന് ഒരു പ്രതിഫലവും ഇല്ലാതെ തന്നെ ഇൻസ്ട്ര ക്ടർമാർ, മാസ്റ്റർ ട്രയ്നർമാർ, റിസോഴ്സ് പേഴ്സൺ എന്നീ നിലകളിൽ മൂന്ന് ലക്ഷം ആളുകളാണ് അത്യദ്ധ്വാനം ചെയ്തത്. ആത്മാർത്ഥമായ ആഹ്വാനമുണ്ടായപ്പോൾ പൊതു നന്മയ്ക്കു വേണ്ടി രംഗത്തുവരാൻ മൂന്ന് ലക്ഷം പേർ തയ്യാറായി. ഇതിൽ രണ്ട് ലക്ഷത്തോളം പേർ അഭ്യസ്തവിദ്യ രായ വനിതകളായിരുന്നു എന്നതും ശ്രദ്ധേയമാണ്. പൊതുരംഗത്ത് ഇത്രയേറെ വനിതകൾ നിസ്വാർത്ഥ സേവനത്തിനിറങ്ങുന്നത് അത്ഭുതപ്പെടു ത്തുന്ന സംഭവമാണ്. സാക്ഷരതാ പഠിതാക്കളും ഇൻസ്ട്രക്ടർമാരും നാട്ടുകാരുമെല്ലാം ഒത്തുചേർന്ന് ഒരുക്കിയിരുന്ന കലാമേളകളും അക്ഷര കൂട്ടായ്മകളുമെല്ലാം കക്ഷിരാഷ്ട്രീയത്തിനും ജാതി-മത വിഭാഗീയത കൾക്കും അതീതമായ കേരളീയ സമൂഹത്തെ സൃഷ്ടിക്കുകയായിരുന്നു. എന്നാൽ ഒരു വർഷത്തിനുള്ളിൽ വന്ന പൊതു തെരഞ്ഞെടുപ്പ് ഈ കൂട്ടായ്മയെ തകർത്തു. ഇൻസ്ട്രക്ടർമാരേയും പഠിതാക്കളേയും വോട്ടു നേടാനുള്ള കുറുക്കുവഴിയായി കണ്ടതോടെ എല്ലാം തകർന്നു. പുതുതായി വന്ന ഭരണകൂടം രാഷ്ട്രീയ വൈരാഗ്യം വച്ചുകൊണ്ടു തന്നെ സാക്ഷരതാ പ്രവർത്തനത്തെ അവഗണിച്ചു. പിന്നീട് ബോധോദയം ഉണ്ടായി തുടർ പദ്ധതി ആവിഷ്കരിക്കുമ്പോഴേക്കും പലരും വീണ്ടും നിരക്ഷരരായി.

തൊണ്ണൂറുകളുടെ മദ്ധ്യത്തോടെയാണ് കേരളത്തിൽ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ (S.H.G) രൂപീകൃതമാകാൻ തുടങ്ങിയത്. പത്തോ ഇരുപതോ കുടുംബങ്ങളിലെ വനിതകൾ അംഗത്വമെടുത്തു കൊണ്ടാണ് സ്വയംസഹായ സംഘങ്ങൾ രൂപീകൃതമായത്. അവരുടെ ചെറിയ നിക്ഷേപ ങ്ങൾ ബാങ്കുകളിൽ നിക്ഷേപിക്കൽ, ആഴ്ചതോറുമുള്ള യോഗങ്ങൾ, ഏതെങ്കിലും ഉത്പാദന സംരംഭം ആരംഭിക്കൽ, സംഘത്തിൽപ്പെട്ട ഏതെങ്കിലും കുടുംബത്തിന് അത്യാവശ്യം വന്നാൽ വായ്പയും മറ്റു സഹ കരണങ്ങളും നൽകൽ എന്നിങ്ങനെ മാതൃകാപരമായ സാമൂഹ്യപ്രവർത്ത നമാണ് സ്വയം സഹായ സംഘങ്ങളിലൂടെ നടന്നത്. സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനും, അയൽപക്ക ബന്ധങ്ങൾ ശക്തിപ്പെടാനും ആത്മവിശ്വാസം വർദ്ധിക്കാനും ഇത് കാരണമായി. തരിശായി കിടന്നിരുന്ന ഭൂമികൾ ഏറ്റെടുത്ത് കൃഷിയിറക്കൽ, ഉത്പാദന-വിപണന പ്രവർത്തനങ്ങൾ എന്നിവയും സജീവമായി. സ്ത്രീകളെ പിൻതുടർന്ന് പലയിടത്തും പുരുഷ സ്വയം സഹായ സംഘങ്ങളും രൂപീകൃതമായി. തികച്ചും സ്വതന്ത്രമായി

പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ കേരളത്തിൽ പുതിയൊരു വികസന സംസ്കാരത്തിന് വഴി തുറക്കുകയായിരുന്നു. ഇത് രാഷ്ട്രീയവത്കരിക്കപ്പെട്ടു. മറ്റു രാഷ്ട്രീയപാർട്ടികൾ ജനശ്രീ, സേവനശ്രീ എന്നീ പേരുകളിലും സ്വയം സഹായസംഘങ്ങളെ അവരുടെ കുടക്കീഴിലാക്കാൻ ശ്രമിച്ചു. വിഭാഗീയതകളില്ലാത്ത, തികച്ചും സ്വതന്ത്രമായ സാമൂഹ്യ സാമ്പത്തിക-സാംസ്കാരിക മുന്നേറ്റത്തെയാണ് രാഷ്ട്രീയ കക്ഷികളും ജാതി-മത ശക്തികളും ചേർന്ന് ഇല്ലാതാക്കിയത്. മറ്റുള്ളവർ തങ്ങളേക്കാൾ കൂടുതൽ നേടുമോ, ശക്തിയാകുമോ എന്ന ഭയമാണ് അവരെക്കൊണ്ട് ഇത് ചെയ്യിപ്പിച്ചത്.

ഒമ്പതാം പഞ്ചവത്സര പദ്ധതികാലത്ത് 1997 ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണ പരിപാടിയോടും ആദ്യഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾ അനുകൂലമായി പ്രതികരിച്ചതാണ്. ഗ്രാമസഭകൾ സജീവമായി. ജനപങ്കാളിത്തത്തോടെയുള്ള നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. പദ്ധതികൾ നടപ്പാക്കുന്നതിനും ജനങ്ങൾ മുന്നോട്ട് വന്നു. വികസന പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾ പഠിച്ചു. ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി. കോൺട്രാക്ടർമാരെ മാറ്റി നിർത്തി. അവരിൽ നിന്ന് പ്രാദേശിക നേതാക്കൾക്ക് കിട്ടിയിരുന്ന വിഹിതവും ഇല്ലാതായി. ഇതോടെ പ്രശ്നങ്ങൾ ആരംഭിച്ചു. കക്ഷി രാഷ്ട്രീയ തിമിരം കൂടി വർദ്ധിച്ചപ്പോൾ ജനകീയാസൂത്രണം അട്ടിമറിക്കപ്പെട്ടു. അധികാരവും സമ്പത്തും നഷ്ടപ്പെടുമെന്ന ഭീതിതന്നെയാണ് ഇതിന്റെ അടിസ്ഥാന കാരണം.

നിയമ നിർമ്മാണത്തിലെ അവഗണനകൾ

രാജ്യത്താകമാനം പഞ്ചായത്തീരാജ്-നഗരപാലിക നിയമം നടപ്പാക്കാൻ ആരംഭിച്ചപ്പോഴാണ് ഒരു സാങ്കേതിക പ്രശ്നം ഉയർന്നുവന്നത്. രാജ്യത്തെ ആദിവാസിമേഖലകൾ ഭരണഘടനയുടെ പ്രത്യേക ഷെഡ്യൂളുകളിൽ ഉൾപ്പെട്ടവയായതിനാൽ ഇവിടേക്ക് പ്രത്യേക നിയമനിർമ്മാണം വേണം. പഞ്ചായത്തീരാജ് നിയമങ്ങളെ ആദിവാസി മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി പ്രത്യേക നിയമം Panchayath raj Extension to Scheduled Areas - PESA പുനർനിയമം 1996 ൽ നിലവിൽ വന്നു. ആദിവാസികൾക്ക് അവരുടെ പ്രദേശത്തെ വിഭവങ്ങളുടെ മേലുള്ള സംരക്ഷണാധികാരം, മദ്യ നിരോധന അധികാരം, ഉത്പാദനത്തിനും വിപണനത്തിനുമുള്ള അധികാരം എന്നിങ്ങനെ തികച്ചും സ്വതന്ത്രമായ ഊരു സമൂഹ സംവിധാനം നിലനിർത്തുന്നതിനുള്ള നിയമമാണ് PESA. ഈ നിയമത്തിന്റെ പിൻബലത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ആയിരത്തിഅഞ്ഞൂറോളം ആദിവാസി ഗ്രാമങ്ങളിൽ സ്വയംഭരണത്തിനുള്ള സാധ്യത തെളിഞ്ഞു.

പല സംസ്ഥാനങ്ങളിലും നിയമസഭ-പാർലമെന്റ് നിയോജക മണ്ഡലങ്ങളിൽ ആദിവാസികളുടെ എണ്ണം ജയപരാജയങ്ങളെ നിർണയിക്കുന്നതിന്

ഉതകുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഇത്തരം ഒരു നിയമം കൊണ്ടു വരാൻ രാഷ്ട്രീയ പാർട്ടികൾ രംഗത്തു വന്നത്. എന്നാൽ കേരളത്തിലെ ആദിവാസി മേഖലകളിൽ PESA ബാധകമാക്കാൻ ഇതുവരേയും ശ്രമം നടന്നില്ല. വിസ്തൃതമായ ആദിവാസി മേഖലകൾ കേരളത്തിലില്ല എന്ന ന്യായീകരണമാണ് കേരളത്തിലെ രാഷ്ട്രീയക്കാർ പറയുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ വലിയൊരു ഭാഗവും പശ്ചിമഘട്ട നിരകളുമായി ബന്ധപ്പെട്ട ആദിവാസിമേഖലയാണ് എന്നതാണ് യാഥാർത്ഥ്യം. (പലയിടത്തും കുടിയേറ്റക്കാർ ഇവരെ ആട്ടിയോടിക്കുന്നു.) തങ്ങളുടെ അധീശാധികാരങ്ങൾ നഷ്ടപ്പെടുമെന്ന ഭയമാണ് രാഷ്ട്രീയ പാർട്ടികൾക്കുള്ളത്. കുടിയേറ്റക്കാരെപ്പോലെ സമ്മർദ്ദ ഗ്രൂപ്പാകാൻ ആദിവാസികൾക്ക് സാധിക്കുന്നില്ല. മുത്തങ്ങ, ചെങ്ങറ എന്നിങ്ങനെ വല്ലപ്പോഴും ചില സമരങ്ങൾ അവർക്കിടയിൽ നിന്ന് ഉയർന്നുവരും. ഇതിനെ നിർവീര്യമാക്കുന്ന നാടകത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിൽ രാഷ്ട്രീയകക്ഷികൾ ഒറ്റക്കെട്ടാണ്.

വനിതാ ബില്ലിന്റെ കാര്യവും ഇതുപോലെതന്നെ. രണ്ടു ദശാബ്ദക്കാലം പലപ്പോഴായി വനിതാബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടെങ്കിലും ഇതുവരേയും പാസ്സാക്കാനായില്ല. ത്രിതലപഞ്ചായത്തുകളിൽ വനിതകൾക്ക് 33% മുതൽ 50% വരെ സംവരണം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ട്. പക്ഷേ നിയമസഭയിലും പാർലമെന്റിലും ഇത്തരം വനിതാ സംവരണത്തിന് ഇന്ത്യയിലെ ഒരു പാർട്ടി നേതൃത്വവും തയ്യാറല്ല. ബില്ല് അവതരണത്തിന് പാർട്ടികൾ അനുമതി നൽകുമ്പോഴും അത് പാസാകാതിരിക്കാനുള്ള അണിയറ പ്രവർത്തനങ്ങൾ അവർ നടത്തിയിരിക്കും. നിയമസഭാ-പാർലമെന്റ് തെരഞ്ഞെടുപ്പുകൾക്കും മറ്റു പാർട്ടി പ്രവർത്തനങ്ങൾക്കും കോടിക്കണക്കിന് രൂപ സ്പോൺസർ ചെയ്യുന്ന വൻകിടക്കാർക്ക് സ്ത്രീകൾ ഈ വേദികളിൽ കൂടുതലായി വരുന്നതിനോട് താത്പര്യമില്ല. തങ്ങളുടെ അഴിമതികൾക്ക് കൂട്ടുനിൽക്കാൻ വനിതാ പ്രതിനിധികൾ തയ്യാറായില്ലെങ്കിലോ എന്ന ഭയമാണ് അവർക്ക്. സംവരണം നടപ്പായാൽ തങ്ങളുടെ അവസരം നഷ്ടപ്പെടുമോ എന്ന ഭയമാണ് പുരുഷൻമാരായ നേതാക്കൾക്കുള്ളത്.

ഇന്ത്യയിൽ ആദ്യമായി മെച്ചപ്പെട്ട രീതിയിൽ ഭൂപരിഷ്കരണം നടപ്പാക്കിയ സംസ്ഥാനമാണ് കേരളം എന്ന് നാം അഭിമാനിക്കുന്നു. കൃഷി ഭൂമി യഥാർത്ഥ കർഷകന് ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കാൻ ഇപ്പോഴും സാധിച്ചില്ല. കേരളത്തിന്റെ വിസ്തൃതിയുടെ വലിയൊരു ഭാഗം ഉൾപ്പെടുന്ന തോട്ടം മേഖലയെ ഭൂപരിഷ്കരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നാളിതുവരേയും സാധിച്ചിട്ടില്ല. കണ്ണൻ ദേവൻ, ഹാരിസൺ മലയാളം പ്ലാന്റേഷൻ തുടങ്ങി വലുതും ചെറുതുമായ തോട്ടമുടമകൾക്കെതിരെ ചെറുവിരലനക്കാൻ പോലും കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിന്

സാധിക്കുന്നില്ല. കിട്ടിക്കൊണ്ടിരിക്കുന്നതും കിട്ടാനുള്ളതുമായ പലതും നഷ്ടപ്പെടുമോ എന്ന ഭയമാണ് ഈ മൗനത്തിന് പിന്നിൽ.

ജനകീയ സമരങ്ങളോടുള്ള സമീപനം

ഭീരുത്വത്തിന് അടിമകളായ രാഷ്ട്രീയ പാർട്ടികളും നേതൃത്വവും അവരുടെ നിലപാടുകളെ സുരക്ഷിതമാക്കുന്നതിനു വേണ്ടി ജനങ്ങളെ നിരന്തരമായി തെറ്റിദ്ധരിപ്പിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നു. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടി, സാധാരണ ജനങ്ങൾ സംഘടിച്ച് സമരരംഗത്തു വരുമ്പോൾ അത്തരം സമരങ്ങളെ പ്രത്യക്ഷമായി തകർക്കാനോ, കൂട്ടത്തിൽ ചേർന്ന് പരോക്ഷമായി തകർക്കാനോ ഉള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. തങ്ങളുടെ പാർട്ടി ഭരിക്കുന്ന സ്ഥലങ്ങളിൽ സമരങ്ങളിൽനിന്ന് വിട്ടു നിൽക്കുകയും ഭരണമില്ലാത്തിടത്ത് സമരത്തോട് ചേരാൻ ശ്രമിക്കുകയും ചെയ്യുന്നു.

മണ്ണും ജലവും മണലും എല്ലാം വിറ്റ് കാശാക്കുന്ന മാഫിയകൾക്ക് എതിരെ ആത്മാർത്ഥമായ സമരം നയിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കോ യുവജന സംഘടനകൾക്കോ സാധിക്കുന്നില്ല.

യാത്രാ സ്വാതന്ത്ര്യത്തെ നിലനിർത്തുന്നതിനുവേണ്ടി നടക്കുന്ന ടോൾ പിരിവ് വിരുദ്ധ സമരത്തോടുപോലും അനുഭാവപൂർണമായ നിലപാട് സ്വീകരിക്കാൻ സാധിക്കുന്നില്ല. വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള മുറവിളികൾ കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഉണ്ടാവുമ്പോഴും പാർട്ടികളുടെ നിസ്സംഗത അത്ഭുതകരം തന്നെ. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ വക്താക്കളായ കോൺട്രാക്ടർമാരും കുത്തക കമ്പനികളും നൽകുന്ന വിഹിതം തിരസ്കരിക്കാനുള്ള ധീരത കാണിക്കാൻ സാധിക്കുന്നില്ല.

ഇത്തരം ഭീരുത്വത്തിന്റെ അടിമത്വത്തിൽനിന്ന് സ്വയം വിമോചിക്കാനുള്ള പുതിയൊരു നവോത്ഥാന പ്രസ്ഥാനം രാഷ്ട്രീയ പാർട്ടിക്കുള്ളിൽ ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സത്യത്തിന്റേയും അഹിംസയുടെയും മാനവസേവയുടെയും പാതയിലൂടെ സഞ്ചരിക്കാൻ ധീരതയുള്ള രാഷ്ട്രീയ പാർട്ടികളാണ് നമുക്ക് വേണ്ടത്.

"അസഹിഷ്ണുത തന്നെ ഒരു തരം അക്രമമാണ്. ശരിയായ ജനാധിപത്യ മനോഭാവം വളരുന്നതിന് അത് തടസ്സമാണ്"- ഗാന്ധിജി.

അന്ന് ഉപ്പ് ; ഇന്ന് റോഡ്

ഭാരതത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും ധാർമ്മികവും ആത്മീയവുമായ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം മുന്നേറിയത്.

വഴിനടക്കാനുള്ള അവകാശം, ജാതി-മത-വർഗഭേദങ്ങളുടെ മതിൽകെട്ടുകളില്ലാത്ത സാമൂഹ്യാന്തരീക്ഷം, എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവസരം, കായികാദ്ധ്വാനത്തേയും മൂലധനമായി കാണുന്ന സാമ്പത്തിക രംഗം എന്നിങ്ങനെ സർവ മേഖലയിലും യാഥാർത്ഥ്യമാകുന്ന സമഗ്രസ്വാതന്ത്ര്യത്തെയാണ് മഹാത്മാഗാന്ധി 'സ്വരാജ്' എന്ന് വിശേഷിപ്പിച്ചത്.

"ദരിദ്രരുടെ സ്വരാജാണ് എന്റെ ഭാവനയിലുള്ള സ്വരാജ്"- ഗാന്ധിജി.

ഏറ്റവും പാവപ്പെട്ടവനുപോലും സ്വാതന്ത്ര്യം അനുഭവിക്കാനും മുഖ്യധാരയിലേക്ക് വികസിക്കാനുമുള്ള അവസരമുണ്ടാകുമ്പോഴാണ് സ്വരാജ് യാഥാർത്ഥ്യമാകുക എന്ന് ഗാന്ധിജി വ്യക്തമാക്കി.

ജനശാക്തീകരണം

ഭാരതത്തിന്റെ ഭരണരംഗത്തുനിന്ന് ബ്രിട്ടീഷുകാരെ മാറ്റുന്നതോടെ രാജ്യം സ്വതന്ത്രമാകുമെന്ന് ആരും വിശ്വസിച്ചില്ല. ലഭ്യമാകുന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തെ നിലനിർത്താനുള്ള സാമൂഹ്യബോധവും ജനാധിപത്യ താത്പര്യവും ജനങ്ങൾക്കുണ്ടാകണം.

സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തും ധാർമ്മികരംഗത്തും ഈ സ്വതന്ത്രാവസ്ഥ അനുഭവപ്പെടുമ്പോൾ മാത്രമേ ഇന്ത്യയിലെ സാധാരണക്കാർ സ്വതന്ത്രരാകുകയുള്ളൂ എന്ന് ഗാന്ധിജി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

സമസ്ത സ്വാതന്ത്ര്യം അഥവാ സ്വരാജിലേക്ക് ഭാരതത്തെ നയിക്കുന്നതിനും സ്വാതന്ത്ര്യ സംരക്ഷണത്തിനുള്ള ശേഷി ഇന്ത്യൻ ജനതയിൽ വളർത്തിയെടുക്കുന്നതിനുമാണ് ഗാന്ധിജി സൃഷ്ട്യുന്മുഖ പ്രവർത്തനങ്ങൾ നടപ്പാക്കിയത്.

ഖാദി, ഗ്രാമവ്യവസായം, രാഷ്ട്രഭാഷാ പ്രചാരണം, അടിസ്ഥാന വിദ്യാഭ്യാസം, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം, മദ്യനിരോധനം എന്നിങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങളിലൂടെയാണ് ഗാന്ധിജി

ജനശാക്തീകരണം നടത്തിയിരുന്നത്. ഭൂരിപക്ഷവും നിരക്ഷരരായുള്ള അന്നത്തെ ഇന്ത്യൻ ജനതയ്ക്ക് അസ്വാതന്ത്ര്യത്തിന്റെ ആഴങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനാണ് ഉപ്പ് സത്യാഗ്രഹം പോലുള്ള സമര പരിപാടികൾ ആവിഷ്കരിച്ചത്. ഇന്ത്യക്കാർ ഉപ്പ് നിർമ്മിക്കുന്നതിനെ നിരോധിക്കുകയും ഉപ്പിന്റെ നികുതി വർദ്ധിപ്പിക്കുകയും ചെയ്തതിനാലാണ് ഉപ്പ് സത്യാഗ്രഹം പ്രഖ്യാപിച്ചത്. ജനവിരുദ്ധ നിയമങ്ങളെ ലംഘിക്കാനാണ് ആഹ്വാനമുണ്ടായത്.

ജനങ്ങൾ സ്വന്തം കടൽത്തീരത്തേക്ക് മാർച്ച് ചെയ്തു. അനന്തമായ സാഗരത്തിൽ നിന്ന് അല്പം വെള്ളമെടുത്ത് കുറുക്കിയപ്പോഴെക്കും ബ്രിട്ടീഷ് പട്ടാളത്തിന്റെ ക്രൂര മർദ്ദനം.

നിത്യജീവിതത്തിൽ അനിവാര്യമായ ഉപ്പ് സ്വന്തമായി കുറുക്കിയെടുക്കുന്നതിനുള്ള അവകാശത്തെ ബ്രിട്ടീഷുകാർ നിഷേധിക്കുകയാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു. ബ്രിട്ടീഷുകാരുടെ ചൂഷണത്തിനും നീതി നിഷേധത്തിനും എതിരായ ജനമുന്നേറ്റമാണ് തുടർന്നുണ്ടായത്.

സാമ്രാജ്യത്വം പുതിയ രൂപത്തിൽ

സ്വതന്ത്രഭാരതം അരനൂറ്റാണ്ട് പിന്നിടുമ്പോഴേക്കും സാമ്രാജ്യത്വവും കോളനിവത്കരണവും പുതിയ രൂപത്തിൽ അവതരിപ്പിച്ചു. ഉപ്പ് നിർമ്മാണവും വിതരണവും വിദേശ-സ്വദേശ കുത്തക കമ്പനികൾ ഏറ്റെടുത്തു. സാധാരണക്കാർ ഉത്പാദിപ്പിച്ച്, വിറ്റഴിച്ച് ഉപജീവനം നടത്തിയിരുന്ന കല്ലുപ്പ് നിരോധിച്ചു. ഉപ്പ് മാത്രമല്ല, പല നിത്യോപയോഗ വസ്തുക്കളുടെയും നിർമ്മാണത്തിനും വിതരണത്തിനും കുത്തകകൾ രംഗത്തെത്തി. ഗ്രാമീണ - കുടിൽ വ്യവസായികൾ വഴിയാധാരമായി. നിത്യജീവിതത്തിൽ അനിവാര്യമായ സഞ്ചാരപാതകളെ കൊട്ടിയടച്ചും, സഞ്ചാര സൗകര്യത്തിന് ചുങ്കം ഏർപ്പെടുത്തിയും സാമ്രാജ്യത്വവും ചൂഷണവും പുതിയ രീതിയിൽ അവതരിപ്പിക്കുകയാണ്.

ടോൾപിരിവ് - ഗാന്ധിവിരുദ്ധം

ജനങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള പാതകൾ നിർമ്മിക്കുന്നതിനുള്ള ഉത്തരവാദിത്തം നികുതി പിരിച്ചെടുക്കുന്ന സർക്കാരിനാണ്.

ഈ ഉത്തരവാദിത്തത്തിൽനിന്ന് സർക്കാരുകൾ പിൻമാറുന്നു. പകരം റോഡുനിർമ്മാണത്തിന് കുത്തകകമ്പനികളെ ഏല്പിക്കുന്നു.

ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കാൻ ആവശ്യമായ തുകയുടെ മൂന്നും, നാലും ഇരട്ടി സംഖ്യക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ഉറപ്പിക്കുന്നതും. 15-20 ശതമാനത്തോളം ഗ്രാന്റും സബ്സിഡിയും.

ഫലത്തിൽ, സർക്കാർ ഗ്രാന്റായി നൽകുന്ന പണംകൊണ്ട് റോഡ്പണി പൂർത്തിയാക്കാം. ബാക്കി പണം കമ്പനിക്കും, ഒത്താശ ചെയ്യുന്ന രാഷ്ട്രീയ ദല്ലാളന്മാർക്കും.

ബി.ഒ.ടി (Build, Operate and Transfer) എന്ന ഓമനപ്പേരിട്ട് ദശാബ്ദങ്ങളോളം, വാഹനങ്ങളിൽനിന്നും ചുങ്കം പിരിക്കാൻ അവസരം ലഭിക്കും– നിർമ്മാണ ചെലവിന്റെ 15–20 ഇരട്ടിയോളം കമ്പനിക്ക് ലാഭം.

കേരളത്തിന്റെ ജനസാന്ദ്രത, ഭൂമിശാസ്ത്രപ്രത്യേകതകൾ, ജലഗതാഗത മടക്കമുള്ള മറ്റു സാദ്ധ്യതകൾ എന്നിവയൊന്നും പരിഗണിക്കാൻ സർക്കാരുകൾ തയ്യാറല്ല.

കേരള ജനത തലമുറകളായി സഞ്ചരിച്ചുകൊണ്ടിരുന്ന പാതകൾ കൊട്ടിയടയ്ക്കുന്നു. ബി.ഒ.ടി. പാതകളിലൂടെ തന്നെ സഞ്ചരിക്കണമെന്ന് നിർബന്ധിക്കുന്നു. സാധാരണക്കാരന് പോലും വൻതുക കൊടുത്ത് യാത്രചെയ്യേണ്ടിവരുന്നു.

പാതയോരങ്ങളിൽ വിവിധ കച്ചവടങ്ങൾ നടത്തി ഉപജീവനം കഴിച്ചിരുന്നവരും വഴിയാധാരമാകുന്നു. റോഡ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കുത്തക കമ്പനികൾക്ക് ലക്ഷങ്ങൾ മുൻകൂറായി കൊടുത്താൽ മാത്രമേ കച്ചവടം സാദ്ധ്യമാകൂ. കമ്പനി നിർദ്ദേശിക്കുന്ന അത്യന്താധുനിക സൗകര്യവും ഒരുക്കണം.

പുതിയ പാതയ്ക്കുവേണ്ടി നിരവധി കുടുംബങ്ങൾ ഒഴിപ്പിക്കപ്പെടുന്നു. ലക്ഷക്കണക്കിന് വൃക്ഷങ്ങൾ വെട്ടിമാറ്റപ്പെടുന്നു. പുതിയ നിർമ്മാണത്തിന് വേണ്ടി കിഴക്കൻ മലയോരങ്ങളിലെ കുന്നുകൾ ഇടിച്ചു നിരത്തുന്നു. റോഡ് ചുങ്കത്തിന്റെ പേരിൽ നിത്യോപയോഗ വസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടാകുന്നു.

സാധാരണക്കാരന്റെ സ്വരാജിനുവേണ്ടി പോരാടിയ ഗാന്ധിജിയുടെ നാട്ടിലെ ഭരണകൂടം സാധാരണക്കാരനെ ജീവിതത്തിൽ നിന്നു തന്നെ പിഴുതെറിയുന്നു. ഇത് ഗാന്ധിവിരുദ്ധമാണ്. ഗാന്ധിജി വിഭാവന ചെയ്ത സർവ്വോദയ ദർശനത്തിന് വിരുദ്ധമാണ്.

ടോൾപിരിവ് – ഭരണഘടനാവിരുദ്ധം

സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിൽ നിന്നുള്ള മോചനം നേടുന്നതിനുള്ള അവകാശം എന്നിങ്ങനെ ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ നിഷേധമാണ് ടോൾ പിരിവിന്റെ പേരിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

പൊതു സമൂഹത്തിലെ മൂല്യശോഷണവും പരിഹാരമാർഗവും

പൊതു സമൂഹത്തിൽ മൂല്യങ്ങൾ ശോഷിച്ചുകൊണ്ടിരിക്കുകയാണ് എന്ന് എല്ലാവരും അഭിപ്രായപ്പെടുന്നു. ഇത്തരം മൂല്യശോഷണത്തെ പ്രതിരോധിക്കാൻ ഏകാദശ വ്രതങ്ങൾ തീവ്രമാക്കുകയാണ് വേണ്ടത്. സത്യം, അഹിംസ, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം, ശരീരാദ്ധ്വാനം, അസ്വാദവ്രതം, സ്വദേശി, അഭയം, അയിത്തമില്ലായ്മ, സർവധർമ്മ സമഭാവം എന്നീ വ്രതങ്ങളെ വ്യക്തിജീവിതത്തിൽ ആചരിക്കുകയാണെങ്കിൽ പൊതു സമൂഹം സ്വാഭാവികമായും മൂല്യാധിഷ്ഠിതമാകും.

അഴിമതി, അക്രമം, സ്വജനപക്ഷപാതം, പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണംചെയ്യൽ എന്നിങ്ങനെ പോകുന്നു പൊതുസമൂഹത്തിന്റെ മൂല്യത്തകർച്ച. ഇന്ത്യയെന്ന ജനാധിപത്യ രാഷ്ട്രത്തെ നിലനിർത്തുന്നത് സ്വതന്ത്രമായ നാല് തൂണുകളാണ് എന്ന് ഭരണഘടനാ നിർമ്മാതാക്കൾ അഭിപ്രായപ്പെടാറുണ്ട്. പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി, മാധ്യമങ്ങൾ എന്നിവയാണിത്.

പാർലമെന്റ് അംഗങ്ങൾ കോഴ വാങ്ങുന്ന ചിത്രങ്ങളും, വാങ്ങിയ നോട്ടുകെട്ടുകളുമെല്ലാം അടുത്തകാലത്ത് പാർലമെന്റിൽ പ്രദർശിപ്പിക്കുകയുണ്ടായി. കോടികൾ ചെലവഴിച്ചാൽ മാത്രമാണ് ഒരു എം.പി ആകാൻ സാധിക്കുക. ഇത്രമാത്രം പണം സ്ഥാനാർത്ഥിക്കോ പാർട്ടിക്കോ സ്വന്തമായി ഉണ്ടാകില്ല. വൻകിട ബിസിനസ് ഗ്രൂപ്പുകളാണ് ഇതിനായി സൗകര്യമൊരുക്കുന്നത്. സ്വാഭാവികമായും പാർലമെന്റ് അംഗങ്ങളുടെ വിധേയത്വം ഇത്തരം ബിസിനസ് ഗ്രൂപ്പുകളോടായിരിക്കും. കോടിക്കണക്കിന് രൂപയുടെ തട്ടിപ്പു നടത്തിയും തട്ടിപ്പിന് കൂട്ടുനിന്നും നിരവധി മന്ത്രിമാർ നേരെ പോയത് തീഹാർ ജയിലിലേക്കാണ്. കാര്യനിർവഹണ വിഭാഗവും സ്വാർത്ഥ താത്പര്യക്കാരുടെ പിടിയിൽ അമർന്നു. രാജ്യത്തിന്റെ എറ്റവും പരമോന്നത നീതിപീഠമായ സുപ്രീം കോടതിയുടെ തലവനും അഴിമതിക്കേസിൽ കോടതി കയറി ഇറങ്ങുകയാണ്. മാധ്യമങ്ങളും സ്വാർത്ഥ താത്പര്യം മുൻനിർത്തി ചില യാഥാർത്ഥ്യങ്ങൾ തമസ്കരിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നു.

നാല് എസ്റ്റേറ്റുകളും അവയുടെ സ്വതന്ത്രമായ ധർമ്മത്തിൽ നിന്ന് പിൻവാങ്ങുമ്പോൾ രാഷ്ട്രജീവിതം ദുരിതപൂർണമാകുന്നു.

ഇത്തരം ഒരു കാലഘട്ടത്തിൽ വ്യക്തികളുടെ നിലപാടിന് വലിയ പ്രാധാന്യമുണ്ട്. അഴിമതിയും അക്രമവുമെല്ലാം ആഗോള പ്രതിഭാസങ്ങളാണെന്നും ഇക്കാര്യത്തിൽ ഒരു വ്യക്തി എന്ന നിലയിൽ തനിക്ക് ഒന്നും ചെയ്യാനാകുന്നില്ലെന്നും ഒരാൾ മാത്രം വിചാരിച്ചതു കൊണ്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല എന്നു പറഞ്ഞും ഉത്തരവാദിത്തം ഒഴിയാം. തികച്ചും ഉദാസീനമായ ഈ സമീപനം അലസതയുടെയോ ഭീരുത്വത്തിന്റെയോ ലക്ഷണമാണ്.

ധീരമായ നിലപാട് സ്വീകരിക്കലാണ് മറ്റൊരു സാധ്യത. സ്വന്തം ജീവിതത്തിൽ താൻ ഏകാദശ വ്രതങ്ങൾ കർശനമായി ആചരിക്കുമെന്നും തൊട്ടടുത്ത സമൂഹത്തിലേക്കെങ്കിലും ഈ മൂല്യങ്ങളെ വിനിമയം ചെയ്യാൻ ശ്രമിക്കും എന്നതുമാണ് ധീരത. സർവ്വോദയ പ്രവർത്തകനായ ഒരാൾ ഇത്തരം നിലപാടാണ് കൈക്കൊള്ളുന്നത്. എത്രയേറെ പ്രലോഭനങ്ങൾ ഉണ്ടായാലും സത്യത്തിൽ നിന്ന് വ്യതിചലിക്കില്ലെന്ന് ഉറച്ച് തീരുമാനിക്കുക. സത്യത്തെ മുറുകെ പിടിക്കൽ അഥവാ സത്യഗ്രഹം ഒരു ജീവിതചര്യയാക്കുക. സത്യസന്ധമായ ജീവിതം തന്നെയാണ് ദൈവത്തെ ആവിഷ്കരിക്കാനുള്ള മാർഗം എന്ന് തിരിച്ചറിയുക. ഇത്തരം ഒരു കാലഘട്ടത്തിൽ സത്യത്തെ ദൈവമായി കാണാനാകും. മറ്റു മനുഷ്യരും ജീവജാലങ്ങളും തന്റെ തന്നെ (സത്യത്തിന്റെ അഥവാ ദൈവത്തിന്റ) ഭാഗമാണെന്ന് ബോധ്യപ്പെടലാണ് അടുത്തഘട്ടം. പൊതുജനസേവനം ഈശ്വരാരാധനയാണെന്ന് തിരിച്ചറിയുന്നു.

ഇത്തരം ഒരു പ്രവർത്തകന്റെ വാക്കിലോ, ചിന്തയിലോ പ്രവൃത്തിയിലോ ഹിംസയുടെ ഒരംശംപോലുമുണ്ടാകില്ല. മറ്റുള്ളവനെ ചൂഷണം ചെയ്യില്ല. സ്വാർത്ഥലാഭത്തിനു വേണ്ടി സത്യത്തെ വളച്ചൊടിക്കുകയില്ല. മറ്റുള്ളവർക്ക് അർഹതപ്പെട്ടത് താൻ സൂക്ഷിച്ചുവയ്ക്കില്ല എന്ന ദൃഢനിശ്ചയം (അസ്തേയം) പാലിക്കപ്പെടുന്നു. സുഹൃത്തുക്കൾ തരുന്നതായാൽ പോലും തനിക്ക് ആവശ്യമില്ലാത്തവ സ്വീകരിക്കില്ലെന്നതും അസ്തേയം തന്നെ.

കൂടുതൽ കൂടുതൽ പണമോ, സമ്പത്തോ, പ്രശസ്തിയോ വേണമെന്ന ആഗ്രഹം ഒഴിവാക്കുന്നു - ഇതാണ് അപരിഗ്രഹം. അമിതമായ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ അപരിഗ്രഹിക്ക് സാധിക്കുന്നു. ഇവ കിട്ടാതാകുമ്പോൾ സംഭവിക്കുന്ന നിരാശയോ ദ്വേഷ്യമോ ഒഴിവാക്കാൻ സാധിക്കുന്നു. നിരാശയിൽ നിന്നും ഉടലെടുക്കുന്ന ബുദ്ധിനാശവും അക്രമങ്ങളും ഒഴിവാക്കാൻ സാധിക്കുന്നു.

സത്യത്തെ അഥവാ ദൈവത്തെ തന്റെ ജീവിതത്തിൽ തുടർച്ചയായി നിലനിർത്താൻ ശ്രമിക്കുന്ന ഒരു വ്യക്തി പൂർണമായും അഹിംസ പാലിക്കു

ന്നവനായിരിക്കും. സത്യം അഥവാ ദൈവം എന്നതിന്റെ മറ്റൊരു പര്യായപദമാണ് ബ്രഹ്മം. മേൽപറഞ്ഞ മൂല്യങ്ങളെ ജീവിതത്തിൽ പരിപാലിക്കുന്നവനാണ് ബ്രഹ്മചാരി. ഇതിനായി നിലനിർത്തുന്ന ധൈര്യമാണ് ബ്രഹ്മചര്യം.

മനുഷ്യ സംസ്കാരത്തിന്റെ ശ്രേഷ്ഠമായ തലമാണ് കായികാദ്ധ്വാനം. ഭക്ഷിക്കുന്ന മനുഷ്യൻ അദ്ധ്വാനിക്കുക തന്നെ വേണം. ഇത്തരം ഉപജീവനമാണ് മനുഷ്യന് ജീവിക്കാനുള്ള അർഹത നേടിക്കൊടുക്കുന്നത്. ഏറ്റെടുക്കുന്ന ഏതൊരു ജോലിയും ധാർമ്മിക അടിത്തറ ഉള്ളതായിരിക്കണം. അധാർമ്മികമായ മാർഗത്തിലൂടെയുള്ള അദ്ധ്വാനം ദൈവനിഷേധമായിരിക്കും. പലിശ, കമ്മീഷൻ, ലോട്ടറി എന്നിങ്ങനെയുള്ള സമ്മാനങ്ങൾ പലപ്പോഴും അധാർമ്മികമായിരിക്കും.

എല്ലാ മനുഷ്യരും ആത്മബന്ധുക്കളായതുകൊണ്ട് ജാതി, മതം, വംശം, വർഗ്ഗം, വർണം എന്നീ വ്യത്യാസങ്ങൾക്ക് പ്രസക്തിയില്ല എന്ന് നാം മനസ്സിലാക്കുന്നു. ലോകത്തിന്റെ പലഭാഗങ്ങളിലും വംശീയ സ്പർദ്ധയും വർഗീയതയും നിർമ്മാർജ്ജനം ചെയ്യാൻ സർവ്വോദയ ദർശനത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിന് സാധിക്കും.

ഭൂമി പ്രശ്നപരിഹാരത്തിന് ഗാന്ധിമാർഗ മുന്നേറ്റങ്ങൾ

മണ്ണ് ഈ ഭൂമിയുടേതാണ്. ഈ ഭൂമി അഥവാ പ്രകൃതി എല്ലാ ജനങ്ങളുടേയും ക്ഷേമത്തിന് അഥവാ സർവ്വോദയത്തിനു വേണ്ടിയുള്ളതാണ്. ഒരു കൂട്ടർക്ക് ഭൂമി നിഷേധിച്ചുകൊണ്ട് മറ്റൊരു കൂട്ടർ അമിതമായി ഭൂമി കൈവശം വയ്ക്കുന്നത് പ്രകൃതിവിരുദ്ധമാണ്, നീതിനിഷേധമാണ്, ദൈവനിഷേധമാണ്.

ഇത്തരം പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ, നീതി-ദൈവനിഷേധ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും ഇന്ത്യയിൽ തുടർന്നു കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷ് ഗവൺമെന്റിന്റേയും ചില നാട്ടുരാജാക്കന്മാരുടേയും ഒത്താശയോടെയാണ് ചില കമ്പനികളും ഭൂപ്രഭുക്കൻമാരും ജന്മികളും ഭൂമി കൈവശം വച്ച് അമിത ലാഭം കൊയ്തിരുന്നത്. ആദിവാസികളുടേയും സാധാരണ കർഷകരുടേയും ഗ്രാമീണരുടേയും പാർശ്വവത്കരണം ദ്രുതഗതിയിൽ സംഭവിച്ചു.

ഇന്ത്യ സ്വതന്ത്രമായ ശേഷവും ഈ പാർശ്വവത്കരണം വിവിധ രൂപത്തിൽ അരങ്ങേറി. വൻകിട ഡാമുകളുടേയും വ്യവസായകേന്ദ്രങ്ങളുടേയും പേരിൽ ആദിവാസികളും ഗ്രാമീണരും അവരുടെ പരമ്പരാഗത ആവാസ സ്ഥാനത്തുനിന്ന് മാറ്റപ്പെട്ടു. ഭൂമിക്കുവേണ്ടിയുള്ള ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടായപ്പോൾ ഭൂപരിഷ്കരണത്തിനായുള്ള ചില പ്രവർത്തനങ്ങളും നിയമങ്ങളും ഉണ്ടായി. വളച്ചൊടിക്കാനും ലംഘിക്കാനും ഏറെ പഴുതുകളുള്ള നിയമങ്ങളായിരുന്നു ഏറെയും. ഭൂപ്രഭുക്കൻമാർ നിയമലംഘനം നടത്തുമ്പോൾ അധികാരികൾ പലപ്പോഴും കണ്ടില്ലെന്ന് നടിച്ചു. ഭൂപരിഷ്കരണനിയമങ്ങളെ ഭൂവുടമകൾ കോടതിയിൽ ചോദ്യം ചെയ്ത് പല നിയമങ്ങളും ഫലത്തിൽ അസാധുവാക്കി. സ്വതന്ത്ര്യത്തിനു ശേഷമുള്ള ആദ്യത്തെ നാല് ദശാബ്ദങ്ങളിൽ ഗ്രാമ-കുടിൽ വ്യവസായ മേഖലയിൽ തൊഴിൽ സംരക്ഷണത്തിന് സഹായിക്കുന്ന ചില വ്യവസായ നിയമങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 1991 ന് ശേഷം ആഗോളവത്കരണത്തിന്റെയും തുറന്ന സാമ്പത്തിക നയത്തിന്റെയും ഫലമായി ബഹുരാഷ്ട്രകുത്തകകമ്പനികൾക്ക് യഥേഷ്ടം ഉത്പാദനവിതരണരംഗത്ത് വിലസാൻ അവസരം ഒരുങ്ങി. ഗവൺമെന്റുകളെപ്പോലും നിയന്ത്രിക്കുന്നതിനുള്ള കരുത്ത് ഇത്തരം കുത്തകകൾ നേടി

യെടുത്തു. സ്വദേശിയും, സ്വാശ്രയത്വവും, സ്വയംഭരണവുമെല്ലാം നഷ്ട സ്വപ്നങ്ങളായി മാറുന്നു. ആഗോള മുതലാളിത്തം പുതിയ രൂപം പൂണ്ട് ജനാധിപത്യ റിപ്പബ്ലിക്കുകളെ തകർത്തെറിയുന്നു. ഭരണകസേരകളിൽ തദ്ദേശീയർ ഇരിക്കുന്നുണ്ടെങ്കിലും, എങ്ങനെ ഭരിക്കണമെന്ന നിർദ്ദേശം കുത്തക കളുടേതായി മാറിയിരിക്കുകയാണ് ഇപ്പോൾ.

എന്തൊക്കെ നിയമങ്ങളുണ്ടായാലും തോട്ടം മേഖല ഇപ്പോഴും വൻകിട ക്കാർ കൈയടക്കിവച്ചിരിക്കുകയാണ്. പാട്ടം അടയ്ക്കാത്തവരെയോ പാട്ട ക്കാലാവധി കഴിഞ്ഞവരെയോ തൊടാൻ സർക്കാറുകൾക്ക് സാധിക്കുന്നില്ല. പ്രത്യേക സാമ്പത്തിക മേഖല (Special Economic Zone) യുടെ പേരിൽ രാജ്യ ത്തിന് പതിനായിരക്കണക്കിന് ഏക്കർ ഭൂമി വൻകിട കമ്പനിക്കാരുടെ കൈക ളിലായി. ഇവിടെയുണ്ടായിരുന്ന സാധാരണക്കാരെ പുനഃരധിവസിപ്പിക്കാൻ പോലും വേണ്ടത്ര ശ്രദ്ധ കൊടുക്കാൻ സർക്കാരുകൾ തയ്യാറാകുന്നുമില്ല.

റോഡ് വികസനം ബി.ഒ.ടി വ്യവസ്ഥയിലാവുക വഴി ആയിരക്കണക്കിന് ഹെക്ടർ ഭൂമി സാധാരണക്കാരനിൽ നിന്ന് പിടിച്ചെടുത്ത് കുത്തക കമ്പനി കൾക്ക് നൽകുന്നതിനും, സർക്കാരിന്റെ ചെലവിൽ റോഡ് നിർമ്മിച്ച്, കുത്ത കകൾക്ക് ദശാബ്ദങ്ങളോളം ചുങ്കമായി കോടിക്കണക്കിന് രൂപ പിരിക്കാ നുമുള്ള സൗകര്യം ഉണ്ടാകുവാനും കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ സർക്കാരുകളും തയ്യാറാകുന്നു.

ധാതുവിഭവങ്ങളിലുടെ ഖനികൾ നടത്തുന്നതിനായി പതിനായിരക്ക ണക്കിന് ഏക്കർ ഭൂമി കുത്തകകമ്പനികൾക്കായി നൽകിക്കൊണ്ടിരിക്കുക യാണ്. ഇതിൽ റവന്യൂ ഭൂമിയും ഉൾപ്പെടും. ഇവിടങ്ങളിലുണ്ടായിരുന്ന വനവാസികളും ഗ്രാമീണരും വഴിയാധാരമാകുന്നു. തോട്ടം മേഖലയിൽ അഞ്ച് ശതമാനം ഭൂമി വിനോദസഞ്ചാരത്തിനായി ഉപയോഗിക്കാമെന്ന നിയമം കൊണ്ടുവന്ന് ആ മേഖലയിലും പുതിയ കച്ചവടസാദ്ധ്യതകൾ തുറക്കുക യാണ്. തെറ്റായ കാർഷിക-സാമ്പത്തികനയങ്ങൾ മൂലം മനംമടുത്ത കർഷ കരുടെ പക്കൽ നിന്ന് തുച്ഛമായ വിലയ്ക്ക് ഭൂമി കൈക്കലാക്കിക്കൊണ്ട് വമ്പന്മാരുടെ വൻകിട കൃഷി രീതി (Corporate Agriculture) വ്യാപകമാകുകയും കൂടുതൽ കൂടുതൽ കർഷകർ ആത്മഹത്യാ മുനമ്പിലേക്ക് തള്ളിമാറ്റപ്പെടു കയും ചെയ്യുന്നു.

സോഷ്യലിസ്റ്റ്-ജനാധിപത്യ-പരമാധികാര രാഷ്ട്രം പടുത്തുയർത്താ നുള്ള ഭരണഘടന മുൻനിർത്തി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തി ലെത്തുന്ന ഭരണകൂടങ്ങൾ (കക്ഷിരാഷ്ട്രീയഭേദമില്ലാതെ)മുതലാളിത്ത വത്കരണത്തിനുള്ള എല്ലാ ഒത്താശകളും ചെയ്തുകൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. നിലവിലുള്ള രാഷ്ട്രീയപാർട്ടികൾ എല്ലാം മാറി മാറി ഭരി ച്ചിട്ടും ഇതിൽ നിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ ആർക്കും

സാധിക്കുന്നില്ല. ഭൂപരിഷ്കരണം നടപ്പാക്കി എന്ന് അവകാശപ്പെടുന്ന സ്ഥല ങ്ങളിലും മേൽപറഞ്ഞ യാഥാർത്ഥ്യങ്ങൾ നിലനിൽക്കുന്നു.

ഭൂപ്രശ്നം - ഗാന്ധിമാർഗ പരിഹാരം

ഏതാനും പേരുടെ കൈകളിൽ ഭൂമി കേന്ദ്രീകരിക്കപ്പെടുന്ന സാമൂഹ്യ - സാമ്പത്തിക വ്യവസ്ഥിതിയെ മറികടക്കാൻ പ്രയോഗിക പദ്ധതികളുണ്ട് എന്ന് ഗാന്ധിയൻ - സർവ്വോദയ പ്രസ്ഥാനങ്ങൾ ഇതിനകം തന്നെ തെളിയി ച്ചിട്ടുണ്ട്.

1951 ൽ ആരംഭിച്ച ഭൂദാനപ്രസ്ഥാനം ഇതിൽ ഒന്നാണ്. ആചാര്യ വിനോ ബഭാവെയുടെ നേതൃത്വത്തിലാണ് ഇത് നടന്നത്. ഹൈദരാബാദിനടുത്ത് തെലുങ്കാന മേഖലയിൽ ഭൂമിക്കുവേണ്ടി രക്തച്ചൊരിച്ചിലുകൾ നടക്കുന്ന സമയമായിരുന്നു അത്. അഖിലേന്ത്യ സർവ്വോദയ സമ്മേളനത്തിൽ പങ്കെ ടുക്കാനാണ് വിനോബാജി അവിടെയെത്തിയത്. കലാപം നടക്കുന്ന പോച്ച മ്പിള്ളി ഗ്രാമത്തിൽ അദ്ദേഹം എത്തി. ഭൂരഹിതരായ 40 ഗ്രാമീണർ പ്രാർത്ഥനാ സമ്മേളന വേളയിൽ വിനോബാജിയെ സമീപിച്ച് തങ്ങളുടെ പ്രശ്നം അവതരിപ്പിച്ചു,. കൃഷി ചെയ്ത് ജീവിക്കാൻ ഭൂമി വേണമെന്നായി രുന്നു ആവശ്യം. പ്രാർത്ഥനാ സമ്മേളനത്തിനുശേഷം വിനോബാജി ഇക്കാര്യം പൊതുസഭയിൽ പറഞ്ഞു. രാമചന്ദ്രറെഡ്ഡി എന്ന ഭൂവുടമ തനി ക്കുള്ള ഇരുന്നൂറു ഏക്കർ ഭൂമിയിൽ നിന്ന് 100 ഏക്കർ ഭൂമി വിട്ടുതരാൻ തയ്യാറാണെന്ന് പരസ്യമായി പ്രഖ്യാപിച്ചു. ഇത് ഒരു സാമൂഹ്യവിപ്ലവത്തിന്റെ തുടക്കമായി. അടുത്ത ദിവസങ്ങളിലും വിനോബാജി പദയാത്ര തുടർന്നു. ഓരോ പ്രദേശങ്ങളിലും ഭൂവുടമകളെ കണ്ട് അഭ്യർത്ഥന നടത്തി. എല്ലാ വരും തന്നെ തങ്ങളുടെ ഭൂമിയുടെ ഒരുഭാഗം ഭൂമിയില്ലാത്തവർക്ക് നൽകാൻ തയ്യാറായി. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന കലാപ ത്തിൽ ഭയപ്പെട്ടവരാണ് ഭൂമി നൽകിയത് എന്നായിരുന്നു കമ്യൂണിസ്റ്റ് പാർട്ടി യുടെ അഭിപ്രായം. അത് ശരിയല്ല എന്ന് പിന്നീടുള്ള സംഭവവികാസങ്ങൾ തെളിയിച്ചു. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കാര്യമായ വേരുകളില്ലാതിരുന്ന ഉത്തരേന്ത്യൻ ഗ്രാമങ്ങളിലൂടേയും വിനോബാജി ഭൂദാനയജ്ഞത്തിന്റെ ഭാഗ മായി സഞ്ചരിച്ചു. ഏകദേശം പതിനായിരം കിലോമീറ്റർ പദയാത്ര നടത്തി ക്കൊണ്ട് ഡൽഹിയിലെത്തിയപ്പോഴേക്കും 48 ലക്ഷം ഏക്കർ ഭൂമി ദാനമായി കിട്ടി. ഇവ ഭൂമിയില്ലാത്തവർക്കായി പൊതു ഉടമസ്ഥതയിൽ പങ്കുവച്ചു. ഇപ്ര കാരം ഭൂമിദാനം നടന്ന പ്രദേശങ്ങളിലെല്ലാം പൊതുസമിതി രൂപീകരിച്ച് സഹ കരണാത്മക സമൂഹം രൂപീകരിക്കപ്പെട്ടു. ഭൂമിദാനം പിന്നീട് ഗ്രാമഭാഗമായി വികസിച്ചു. വർഗസംഘട്ടനവും രക്തച്ചൊരിച്ചിലുമില്ലാതെയും ഭൂപ്രശ്നം പരി ഹരിക്കാമെന്ന് സർവ്വോദയ പ്രവർത്തന പദ്ധതി തെളിയിച്ചു. ഇതിൽ നിന്ന്

ആവേശം ഉൾക്കൊണ്ട് രാജസ്ഥാൻ സംസ്ഥാന സർക്കാർ നിർമ്മിച്ച ഭൂദാൻ ആക്ട് കൃഷിഭൂമിയിൽ കർഷകന് ഉടമസ്ഥാവകാശം ലഭിക്കുന്നതായിരുന്നു.

അധികാരത്തിന്റെ പിൻബലമില്ലാതെ അഹിംസാത്മകമായി നടന്ന ഈ സാമൂഹ്യ വിപ്ലവപ്രസ്ഥാനം ലോകത്തിന് മുഴുവൻ മാതൃകയാണ്. കേന്ദ്രത്തിലും സംസ്ഥാനത്തിലും ഭരണം നടത്തിയവർ ഇതിനനുസരിച്ചുള്ള നിയമനിർമ്മാണങ്ങളും തുടർപ്രവർത്തനങ്ങളും നടത്തിയിരുന്നുവെങ്കിൽ ഇന്ത്യയിലെ ഭൂപ്രശ്നം പരിഹരിക്കാമായിരുന്നു.

ജനാദേശ്; ജനസത്യാഗ്രഹയാത്ര

ആഗോളവത്കരണത്തിന്റെ ഭാഗമായി ആദിവാസി മേഖലയിൽ പാർശ്വവത്കരണം ശക്തമായപ്പോഴാണ് ഗാന്ധി പീസ് ഫൗണ്ടേഷൻ ദേശീയ ഉപാദ്ധ്യക്ഷനും ഏകതാ പരിഷത്ത് ഡയറക്ടറുമായ പി.വി. രാജഗോപാലിന്റെ നേതൃത്വത്തിൽ ജനകീയ മുന്നേറ്റം സംഘടിപ്പിച്ചത്. 2007 ൽ ഗ്വാളിയോറിൽനിന്ന് ഡൽഹിയിലേക്ക് ഇരുപത്തി അയ്യായിരം ആദിവാസികൾ മാർച്ച് ചെയ്തു. ആദിവാസികളുടെ പ്രശ്നത്തിന് പരിഹാരം കാണാതെ ഡൽഹിയിൽ നിന്ന് മടങ്ങില്ലെന്ന് അവർ പ്രഖ്യാപിച്ചു. സത്യാഗ്രഹികളുടെ നിശ്ചയദാർഢ്യം മനസ്സിലാക്കിയ പ്രധാനമന്ത്രി ഉടൻ തന്നെ തന്റെ പ്രതിനിധിയായി മറ്റൊരു കേന്ദ്രമന്ത്രിയെ സത്യാഗ്രഹികളുമായി ചർച്ചയ്ക്ക് അയച്ചു. പി.വി. രാജഗോപാലുമായുള്ള ചർച്ചയ്ക്കൊടുവിൽ ദേശീയ ഭൂപരിഷ്കരണ കൗൺസിൽ രൂപീകരിക്കാമെന്നും ആദിവാസികളുടെ ഭൂപ്രശ്നത്തിന് സത്വരപരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കാമെന്നും സർക്കാർ ഉറപ്പു നൽകി. സർക്കാരിന്റെ രേഖാമൂലമുള്ള ഉറപ്പ് ലഭിച്ച ശേഷമാണ് പദയാത്രാ ഗാന്ധി എന്നറിയപ്പെടുന്ന പി.വി. രാജഗോപാലും സത്യാഗ്രഹികളും പിരിഞ്ഞുപോയത്.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മടിച്ചു നിൽക്കുമ്പോഴും ഗാന്ധിയൻ പ്രസ്ഥാനങ്ങൾ ജനകീയ മുന്നേറ്റങ്ങൾക്ക് ശ്രമം തുടരുകയാണ്. ഇതേ തുടർന്ന് ദേശീയ ഭൂപരിഷ്കരണ നയം പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായി.

കേരളത്തിലെ പ്രശ്നം

കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ തോട്ടം മേഖലയെ ഉൾപ്പെടുത്താതിരുന്നതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് പ്രധാന കാരണം. തോട്ട ഭൂമിക്കും പരിധി നിശ്ചയിക്കുക തന്നെ വേണം. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടക്കരാർ ലംഘിക്കുന്ന തോട്ട ഭൂമിയും സർക്കാർ ഏറ്റെടുക്കണം. ടൂറിസത്തിന്റെ പേരുപറഞ്ഞ് തോട്ടത്തിന്റെ വിസ്തൃതിയുടെ അഞ്ച് ശതമാനം വിസ്തൃതിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള നീക്കം ദോഷകരമായി ബാധിക്കും. ലോക പൈതൃക സ്വത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പശ്ചിമഘട്ട നിരകളുടെ

സംരക്ഷണത്തിന് ദോഷം ചെയ്യുന്നതായിരിക്കും ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ. അതേസമയം, നാമമാത്ര കർഷകർക്കും ഭൂമിയില്ലാത്ത ആദിവാസികൾക്കും ഭൂമി ലഭ്യമാക്കാനുള്ള പ്രത്യേക പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ഇത്തരം നിർദ്ദേശമാണ് ഗാന്ധിയൻ സംഘടനകൾ മുന്നോട്ട് വച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണം ഗാന്ധിമാർഗ സമീപനം

'സാക്ഷര കേരളം സുന്ദര കേരളം' എന്ന വാക്യം കേരളത്തിലങ്ങോളമിങ്ങോളം വായിച്ചു പരിചയിച്ചതാണ്. തൊണ്ണൂറുകളിൽ സമ്പൂർണ സാക്ഷരതയിലേക്ക് പ്രവേശിച്ച കേരളത്തിൽ ഗുണകരമായ നിരവധി വർത്തനവ്യതിയാനങ്ങൾ ഉണ്ടാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ശാസ്ത്രീയവും യുക്തിഭദ്രവുമായ ചിന്തയും ശുചിത്വപൂർണവും സംസ്കാരസമ്പന്നവുമായ ജീവിതശൈലിയുമാണ് സാക്ഷരകേരളത്തിൽനിന്ന് പ്രതീക്ഷിച്ചത്. എന്നാൽ സംഭവിച്ചത് മറിച്ചാണ്. അന്ധവിശ്വാസങ്ങളുടെയും ആഭരണഭ്രമത്തിന്റെയും അമിതോപയോഗത്തിന്റെയും ആത്മഹത്യയുടെയും നാടായി കേരളം മാറുന്നു. മദ്യവും ലഹരിവസ്തുക്കളും ചൂതാട്ട ലോട്ടറികളും അരങ്ങ് തകർക്കുന്നു. സാക്ഷരകേരളത്തിൽനിന്ന് രാക്ഷസകേരളത്തിലേക്കുള്ള തിരിച്ചോട്ടമാണോ ഇവിടെ നടക്കുന്നത്?

ഇനി സുന്ദരകേരളത്തിന്റെ കഥ! എവിടെ തിരിഞ്ഞു നോക്കിയാലും മാലിന്യങ്ങൾ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. പഴകിയ ആഹാര പദാർത്ഥങ്ങൾ, വീടുകളിലെ മറ്റ് അനാവശ്യ വസ്തുക്കൾ, ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽനിന്നുമുള്ള വസ്തുക്കൾ, ആശുപത്രികളിൽനിന്നും അറവുശാലകളിൽനിന്നും കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും വ്യവസായശാലകളിൽ നിന്നുമുള്ള മാലിന്യങ്ങൾ എന്നിവയെല്ലാം കേരളത്തിലെ പ്രധാന നഗരങ്ങളിലെല്ലാം നിക്ഷേപിക്കപ്പെട്ടു ജനജീവിതം ദുഃസഹമാകുകയാണ്. നഗരമാലിന്യങ്ങൾ നഗരത്തിലെതന്നെ പാവപ്പെട്ടവർ താമസിക്കുന്ന ഇടങ്ങളിലും നിക്ഷേപിക്കുന്നു. പ്രക്ഷോഭങ്ങൾ ശക്തമാകുമ്പോഴെല്ലാം പുതിയ പദ്ധതി നിർദ്ദേശവുമായി അധികൃതർ രംഗത്തു വരും. കേന്ദ്രീകൃതമായ മാലിന്യസംസ്കരണമായിരിക്കും പദ്ധതിയുടെ കാതൽ. നഗരവികസനത്തിനുവേണ്ടി രൂപം കൊണ്ടിട്ടുള്ള കേരള സംസ്ഥാന സുസ്ഥിര നഗരവികസന പ്രോജക്ടും (KSUDP) കേരള ശുചിത്വ മിഷനും ഇത്തരം വൻകിട കേന്ദ്രീകൃത പദ്ധതിയെയാണ് പിൻതുണയ്ക്കുന്നത്. ലക്ഷക്കണക്കിന് രൂപ വിലയുള്ള വൻയന്ത്രങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുകയും വൻതുക കമ്മീഷൻ പറ്റുകയുമാണ് ഇവരുടെ മുഖ്യലക്ഷ്യം. ഏതാനും പേർക്ക് ഉയർന്ന ശമ്പളവും ഡപ്യൂട്ടേഷനും ലഭിക്കും. മൂന്നോ നാലോ മാസം കഴി

യുമ്പോഴേക്കും യന്ത്രം തകരാറിലാകും. പുതിയതിന് ക്വട്ടേഷൻ നൽകും. വീണ്ടും കമ്മീഷൻ. ഇതൊരു തുടർക്കഥയാണ്.

കേരളത്തിലെ പ്രധാന നഗരങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണത്തിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപ ഓരോ ഉദ്യോഗസ്ഥന്റേയും പോക്കറ്റിലെത്തുന്നു. സെക്രട്ടേറിയറ്റ് മുതൽ മുനിസിപ്പാലിറ്റി വരെ ഇതിന് പങ്കുപറ്റുകാരുണ്ട്.

രണ്ടാമത്തെ കൂട്ടരാണ് ലോറിക്കാരും കരാറുകാരും. നഗരത്തിൽ വിവിധ സ്ഥലങ്ങളിലെ മാലിന്യം ലോറികളിൽ കയറ്റിക്കൊണ്ടുവന്ന് കേന്ദ്രീകൃത സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്ന കരാറുകാരും അവർ ഉപയോഗിക്കുന്ന ലോറികളുടെ ഉടമസ്ഥരും ചേർന്നുള്ള കൂട്ടുകെട്ട് വൻതുക തട്ടിയെടുക്കുന്നു. ടിപ്പറുകളുടേയും ലോറികളുടേയും എണ്ണം കൂട്ടിയെഴുതി ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കുന്നു.

കേരളത്തിലെ പ്രധാന കോർപ്പറേഷനുകളിൽ വർഷം തോറും ചുരുങ്ങിയത് അഞ്ച് കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്നു. യന്ത്രങ്ങളുടെയും മറ്റു സാമഗ്രികളുടേയും കോടികൾ വേറെ.

എന്നിട്ടും, മാലിന്യ സംസ്കരണം ശാസ്ത്രീയമായി നിർവഹിച്ച് ശുചിത്വം ഉറപ്പുവരുത്താൻ ഒരു നഗരസഭയ്ക്കും പൂർണമായും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെയാണ് പ്രക്ഷോഭങ്ങൾ തുടരുന്നത്.

പരിഹാരം – ഗാന്ധിയൻ ദർശനത്തിൽ അധിഷ്ഠിതം

അധികാരവും സമ്പത്തും കേന്ദ്രീകരിക്കുന്നത് സാമൂഹ്യ ദുഷിപ്പിന് കാരണമാകും. മാലിന്യത്തിന്റെ കാര്യവും ഇതുതന്നെ. മാലിന്യം കേന്ദ്രീകരിക്കുന്നതും ദുരവസ്ഥയെ വർദ്ധിപ്പിക്കുകതന്നെ ചെയ്യും.

മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും വികേന്ദ്രീകൃത സമീപനമാണ് വേണ്ടത്. അവകാശബോധത്തേക്കാൾ, കടമകൾക്ക് മുൻതൂക്കം നൽകുന്ന ജനമനസ്സ് രൂപംകൊള്ളണം. ഓരോരുത്തരും സൃഷ്ടിക്കുന്ന മാലിന്യത്തെ സംസ്കരിക്കാനുള്ള ബാധ്യത അവരവർക്ക് തന്നെയാണെന്ന തിരിച്ചറിവാണ് ആദ്യമായി ഉണ്ടാകേണ്ടത്.

വ്യക്തിയിൽനിന്ന് ആരംഭം

മാലിന്യം നിർമ്മിക്കുന്നവർ തന്നെ അത് സംസ്കരിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കണം. അമിതമായി വാങ്ങിക്കൂട്ടി ഏറെ മാലിന്യങ്ങൾ ഉണ്ടാക്കുന്ന ശീലം മാറ്റണം. ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന (use and throw) ആഗോള കമ്പോള പ്രലോഭനങ്ങൾക്ക് വഴങ്ങാതെ ആവർത്തിച്ച് ഉപയോഗിക്കാവുന്ന ഉപകരണങ്ങളും വസ്തുക്കളും ശീലമാ

ക്കണം. പരിമിതമായി ഉപയോഗിക്കുകയും ഉച്ഛിഷ്ടങ്ങൾ ഉണ്ടാകുന്നത് പര മാവധി ഒഴിവാക്കുകയും ചെയ്താൽ മാലിന്യത്തേയും വിഭവങ്ങളുടെ ദേശീയ നഷ്ടത്തേയും ഒരേസമയം ഒഴിവാക്കാം.

മാലിന്യത്തെ പൊതുവഴിയിലേക്കോ അയൽപക്കത്തെ തൊടിയിലേക്കോ, സമീപത്തെ ജലാശയത്തിലേക്കോ വലിച്ചെറിയുന്നത് വലിയൊരു സാമൂ ഹ്യതിന്മയാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിക്കും ഉണ്ടാകണം. ഇതിനായി സാമൂഹ്യ ബോധവത്കരണം വേണം. എന്നിട്ട് ഈ തിന്മകൾക്ക് കാരണ ക്കാരാകുന്നവരെ കണ്ടെത്താനും (ക്ലോസ്ഡ് സർക്യൂട്ട്, ക്യാമറകൾ എന്നി ങ്ങനെ.....) മാതൃകാപരമായി ശിക്ഷിക്കാനും സംവിധാനം ഉണ്ടാകണം.

കുടുംബത്തിന്

ഓരോ കുടുംബത്തിലും രൂപപ്പെടുന്ന മാലിന്യത്തെ ജൈവമാലിന്യം എന്നും ഖരമാലിന്യം എന്നും വേർതിരിക്കാനുള്ള ഉത്തരവാദിത്തം കുടും ബക്കാർ ഏറ്റെടുക്കണം. ആഹാരത്തിന്റെ ഉച്ഛിഷ്ടവും പച്ചക്കറിയുടെ അവ ശിഷ്ടങ്ങളുമായിരിക്കും കുടുംബത്തിലുണ്ടാകുന്ന ജൈവമാലിന്യങ്ങൾ. ഇത്തരം മാലിന്യത്തിലെ ജലാംശം മാറ്റിക്കളഞ്ഞ് ചണ്ടി അഥവാ കൊറ്റൻ മാത്രം സംസ്കരിക്കുകയാണ് വേണ്ടത്. ചെറിയ പിറ്റിൽ (കുഴിയിൽ) നിക്ഷേ പിച്ചോ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ചോ ഈ ജൈവമാലിന്യത്തെ നമുക്ക് ഉപയോഗപ്രദമാക്കാം. കമ്പോസ്റ്റിനെ വളമായും ബയോഗ്യാസ് പാച കവാതകമായും (ഊർജസ്രോതസ്സായും) ഉപയോഗപ്പെടുത്താം.

ഇപ്രകാരം മാലിന്യത്തെ സമ്പത്താക്കി മാറ്റുന്ന പ്രക്രിയ കുടുംബത്തിൽ നിന്ന് ആരംഭിക്കണം. ഖരമാലിന്യങ്ങളെ ശേഖരിച്ച് വച്ച് പ്രാഥമിക സംഭര ണകേന്ദ്രത്തിലെത്തിക്കുകയോ, ഇവ വാങ്ങാൻ വരുന്ന ആക്രിക്കച്ചവട ക്കാർക്ക് കൊടുക്കുകയോ ചെയ്യാം.

അയൽക്കൂട്ട സംസ്കരണ കേന്ദ്രങ്ങൾ

ഓരോ നൂറ്റമ്പത് വീടിനും ഒരു പ്രാഥമിക ശേഖരണ കേന്ദ്രം ഉണ്ടാകണം. ജൈവമാലിന്യം സംസ്കരിക്കാൻ ഇടമില്ലാത്തവരും ഖരമാലിന്യങ്ങൾ വിറ്റ ഴിക്കാൻ സാധിക്കാത്തവരും ഇവ വേർതിരിച്ച് പ്രാഥമിക സംഭരണ കേന്ദ്ര ത്തിൽ എത്തിക്കണം. ഓരോ വാർഡിലും ഇത്തരം അഞ്ചോ ആറോ സംഭ രണ കേന്ദ്രങ്ങൾ ഉണ്ടാകും. അതാതു ദിവസം തന്നെ ഇവ ശേഖരിച്ച് ഓരോ വാർഡിലുമുള്ള സംസ്കരണകേന്ദ്രങ്ങളിൽ എത്തിക്കണം. ഒരു വാർഡിൽ ഒരു സംസ്കരണകേന്ദ്രവും വാർഡിലെ അഞ്ചോ ആറോ സംഭരണകേന്ദ്ര ത്തിൽ നിന്നുള്ള മാലിന്യത്തെ സംസ്കരിക്കാൻ ഇവിടെ സംവിധാനവുമു ണ്ടാകണം. പ്ലാസ്റ്റിക്, ഇലക്ട്രോണിക് വെയ്സ്റ്റ് എന്നിവ ശേഖരിച്ച് അവ വീണ്ടും ഉപയോഗപ്പെടുത്തുന്ന കേന്ദ്രത്തിലേക്ക് കൈമാറാനും സാധിക്കും.

മേഖല സംസ്കരണ കേന്ദ്രങ്ങൾ

വലിയ നഗരങ്ങളെ സംബന്ധിച്ച് ആറോ ഏഴോ ഡിവിഷനുകൾക്ക് ഒരു മേഖല സംസ്കരണ കേന്ദ്രം ഉണ്ടാകുന്നത് നന്നായിരിക്കും. ഇത്തരം കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ബയോഗ്യാസ്, കമ്പോസ്റ്റ് എന്നിവ സാമൂഹ്യമായി ഉപയോഗപ്പെടുത്താം. ഇത്തരം കേന്ദ്രങ്ങൾ ജൈവകൃഷിയുടെയും ഹരിത വ്യവസായത്തിന്റേയും മാതൃകാ കേന്ദ്രങ്ങളായും മാറ്റിയാൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാം. വലിയ നഗരങ്ങളിൽ ആശുപത്രികൾ, അറവുശാലകൾ, ഫ്ളാറ്റുകൾ എന്നിവയ്ക്ക് പ്രത്യേക സംസ്കരണ സംവിധാനം നിർബന്ധമാക്കണം.

എമർജിങ് കേരള

'എമർജിങ് കേരള'യിലൂടെ കേരളത്തിന് വമ്പിച്ച വികസന സാധ്യതകളുണ്ടാകും എന്നാണ് സംസ്ഥാന ഭരണകൂടം പ്രതീക്ഷിക്കുന്നത്. ആഗോള-സാമൂഹ്യ-സാമ്പത്തിക പ്രക്രിയകളുടെ ചാക്രിക കേന്ദ്രമായി കേരളം മാറുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. ഹബ് (hub) എന്ന വാക്കാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. എമർജിങ് കേരളയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഈ വാക്കാണ് പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നത്. ഷോ കെയ്സ് (Show case) എന്നതാണ് മറ്റൊരു പ്രയോഗം. കേരളത്തിലെ സാധ്യതകളുടെ ഒരു പ്രദർശനമേളയായാണ് എമർജിങ് കേരളയെ അവതരിപ്പിക്കുന്നത്. ചൈനയും അമേരിക്കയും അടക്കം അമ്പത്തിയഞ്ച് രാജ്യങ്ങളിൽ നിന്നുള്ള സംരംഭകർ എമർജിങ് കേരളയിൽ പങ്കെടുക്കുമെന്ന് സംഘാടകർ അവകാശപ്പെടുന്നു. അവരുടെ നിക്ഷേപങ്ങളും ഇവിടെ ആരംഭിക്കുന്ന സംരംഭങ്ങളും കേരളത്തിന്റെ സാമൂഹിക സാമ്പത്തികമേഖലകളെ ചലനാത്മകമാക്കുമെന്നും വികസനത്തിലേക്ക് നയിക്കുമെന്നുമാണ് ഭരണകൂടം പ്രതീക്ഷിക്കുന്നത്.

എമർജിങ് കേരളയെക്കുറിച്ച് അനുകൂലവും പ്രതികൂലവുമായ ചർച്ചകൾ നടന്നുവരുന്നു. വാദപ്രതിവാദങ്ങളിലൂടെ പുറത്തുവന്ന കാര്യങ്ങളും വെബ്സൈറ്റിലെ വിവരങ്ങളും വച്ച് നോക്കുമ്പോൾ മുൻ ഐക്യജനാധിപത്യ മുന്നണി സർക്കാർ 2005 ൽ നടത്തിയ ജിം അഥവാ ആഗോളനിക്ഷേപസംഗമ (global investers meet)ത്തിൽനിന്ന് കാര്യമായ മാറ്റങ്ങളൊന്നും ഇല്ല. അന്ന് 'ജിം'-നെ എതിർത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി പിന്നീട് അധികാരത്തിൽ വന്നപ്പോൾ പേര് മാറ്റിക്കൊണ്ട് ഇതേ പ്രക്രിയ തുടർന്നുപോന്നു. രണ്ടു മുന്നണി ഗവൺമെന്റുകളും മാറി മാറി നിക്ഷേപ-സംരംഭകരെ ക്ഷണിച്ചുവരുത്തിയിട്ടും കേരളത്തിലെ സാധാരണക്കാരുടേയും ദാരിദ്ര്യമനുഭവിക്കുന്നവരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചില്ല.

'റിവേഴ്സിങ് കേരള' ആകാതിരിക്കണം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, സാമൂഹ്യ-സാംസ്കാരിക-സാമ്പത്തികമേഖലകളിൽ മാതൃകാപരമായ സ്ഥാനം കൈവരിക്കുവാൻ ഒരു ഘട്ടത്തിൽ കേരളത്തിന് സാധിച്ചിരുന്നു.

നവോത്ഥാന-സാമൂഹ്യ പരിഷ്കരണ ശ്രമങ്ങൾ, ഭൂദാന-ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ, പൊതുഗതാഗതസംവിധാനം, പൊതുജനാരോഗ്യസംവിധാനം, പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ, വനസംരക്ഷണനിയമങ്ങൾ, പൊതുവിതരണ സമ്പ്രദായം എന്നിവയാണ് മേൽസൂചിപ്പിച്ച രീതിയിൽ ഒരു മാതൃകാസംസ്ഥാനമാക്കി കേരളത്തെ മാറ്റിയത്.

എന്നാൽ, ഇവയിൽ നിന്നെല്ലാം പുറകോട്ട് പോകുന്ന നയങ്ങളും സമീപനങ്ങളും പ്രവർത്തനപരിപാടികളുമാണ് ഇരുമുന്നണികളും അടുത്തകാലത്തായി കൈക്കൊള്ളുന്നത്. ഭൂപരിഷ്കരണത്തിന്റെ തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ ഭരണകൂടം ശ്രദ്ധിക്കുന്നില്ല. ഭൂമിയില്ലാത്തവർക്കും കിടപ്പാടമില്ലാത്തവർക്കും അത് ലഭ്യമാക്കാനും യഥാർത്ഥ കർഷകർക്ക് കൃഷിഭൂമി ലഭ്യമാക്കാനും തോട്ടംമേഖലയെക്കൂടി ഭൂപരിധി നിയമത്തിൽ കൊണ്ടുവരാനും ആത്മാർത്ഥമായ ഒരു ശ്രമവും നടക്കുന്നില്ല. അതേസമയം, വിതരണം ചെയ്യപ്പെട്ട ഭൂമി-സാധാരണക്കാരന്റെ കൈവശമുള്ള ഭൂമി-പോലും വൻമുതലാളിമാർക്കും കുത്തകകമ്പനികൾക്കും ഭൂമാഫിയകൾക്കും കൈക്കലാക്കാൻ സഹായകരമായ നിയമങ്ങളും പരിപാടികളുമാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പ്രത്യേക സാമ്പത്തികമേഖല (SEZ), തോട്ടം മേഖലയിലെ 5% സ്ഥലത്ത് ടൂറിസം പദ്ധതി, വയലുകളും തണ്ണീർത്തടങ്ങളും നികത്തിയതിന് അംഗീകാരം നൽകുന്ന നിയമങ്ങൾ; വിമാനത്താവളങ്ങൾ, അതിവേഗകോറിഡോർ, ബി.ഒ.ടി അധിഷ്ഠിത ദേശീയപാതാവികസനം, കരിമണലും മറ്റു പ്രകൃതിവിഭവങ്ങളും ചൂഷണം ചെയ്യാനുള്ള അനുമതി എന്നിവയെല്ലാം ഭൂമിയും സമ്പത്തും കേന്ദ്രീകരിപ്പിക്കുന്നതിനുള്ള പദ്ധതികളാണ്. സാധാരണക്കാരനാണ് ഭൂമിയും സമ്പത്തും നഷ്ടപ്പെടുന്നതെന്ന് കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. ഇതെല്ലാം 'റിവേഴ്സിങ് കേരള'യുടെ ലക്ഷണങ്ങളാണ്.

'ജിം'-ൽ നിന്ന് വ്യത്യസ്തമാണ് എമർജിങ് കേരള എന്ന് സംഘാടകർ അവകാശപ്പെടുന്നു. രണ്ട് കാര്യങ്ങളാണ് ഇതിനായി ചൂണ്ടിക്കാണിക്കുന്നത്. (1) ധാരണാപത്രങ്ങൾ (MOU) ഒപ്പുവയ്ക്കുന്നില്ല; (2) ഭൂമി വിൽക്കുന്നില്ല, പാട്ടത്തിന് കൊടുക്കുക മാത്രമാണ് ചെയ്യുന്നത്.

MOU ഒപ്പുവയ്ക്കുന്നില്ല എന്നതുകൊണ്ട് എന്തു സുരക്ഷിതത്വമാണ് സാധാരണക്കാരന് ഉണ്ടാകുന്നത്. BOT വ്യവസ്ഥയിലൂടെ സഞ്ചാരസ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഭരണകൂടങ്ങൾ ആരുടെ പക്ഷത്ത് നിൽക്കും എന്ന് ഇതിനകം തെളിയിച്ച് കഴിഞ്ഞിട്ടുണ്ട്. മുല്ലപ്പെരിയാറും ഹാരിസൺ-കണ്ണൻദേവൻ എസ്റ്റേറ്റുകളും നെല്ലിയാമ്പതിയുമെല്ലാം പാട്ടവ്യവസ്ഥയുടെ കെണികൾ എന്തെല്ലാമെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നില്ലേ?

വിദേശീയരുടെ മൂലധനനിക്ഷേപവും അതോടനുബന്ധിച്ച് സ്വാഭാവികമായും ഉണ്ടാകുന്ന നിയന്ത്രണങ്ങളുമാണ് ഇന്ത്യയെ കോളനിയാക്കിമാറ്റിയത്. ദേശീയസ്വാതന്ത്ര്യസമരത്തിലൂടെ ഇത്തരക്കാരെ അകറ്റി

നിർത്തിക്കൊണ്ട് സ്വന്തം കാലിൽ നിൽക്കാനാണ് നമ്മൾ ശ്രമിച്ചത്. ഇപ്പോൾ നാം നമ്മെ തന്നെ 'ഷോ കേയ്സി'ൽ വച്ച് 55 വിദേശരാജ്യങ്ങളെ ഇങ്ങോട്ട് ക്ഷണിച്ചുവരുത്തുകയാണ്. ഇത് എമർജിങ്ങാണോ? റിവേഴ്സിങ് ആണോ? എന്നറിയാൻ വലിയ പാണ്ഡിത്യമൊന്നും വേണ്ട.

എമർജിങ് കേരളയുടെ ലോഗോയിൽ കാണിച്ചിരിക്കുന്നത് ചിറകുകൾ ചിതറിക്കൊഴിയുന്ന ഒരുപക്ഷിയുടെ ചിത്രമാണ്. ഭരണകൂടങ്ങൾ കൊഴിഞ്ഞു വീഴുന്നില്ലെങ്കിലും കേരളത്തിന്റെ ചിറകുകൾ ചിതറിക്കൊഴിഞ്ഞു വീഴുന്നതിന്റെ പ്രതീകമാണോ ഈ ലോഗോ.

സർവ്വോദയ വീക്ഷണം

ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന ഒരു കേരളീയന് ഈ എമർജിങ് കേരള എങ്ങനെ ഗുണം ചെയ്യും എന്ന ചിന്തയും ചർച്ചയുമാണ് നടക്കേണ്ടത്. ഇക്കാര്യത്തിൽ നിഷ്പക്ഷവും ആരോഗ്യകരവുമായ തുറന്ന ചർച്ച ആവശ്യമാണ്.

കേരള ജനതയുടെ അദ്ധ്വാനശക്തിയെ മഹത്തായ മൂലധനമായി കണ്ടുകൊണ്ടുള്ള ഒരു വികസനസമീപനമാണ് നമുക്കുണ്ടാകേണ്ടത്. ഉത്പാദന പ്രക്രിയയിലും അതിന്റെ നടത്തിപ്പിലും ജനങ്ങൾക്ക് സമ്പൂർണ പങ്കാളിത്തമുള്ള സംരംഭങ്ങളാണ് ഈ കാലഘട്ടത്തിന് അനുയോജ്യമായിട്ടുള്ളത്. പങ്കാളിത്തം വഴി പണമൂലധനവും അദ്ധ്വാനവും ഉറപ്പുവരുത്തുന്നതിന് സാധിക്കും. ജനക്ഷേമത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള പൊതുട്രസ്റ്റുകളും കക്ഷിരാഷ്ട്രീയത്തിനതീതമായ സഹകരണപ്രസ്ഥാനവും വളർത്തുകവഴി വിദേശമൂലധനത്തെ അകറ്റിനിർത്താനും സ്വദേശീയ സാമ്പത്തിക പ്രവർത്തനങ്ങളെ സജീവമാക്കാൻ സാധിക്കും. സാംസ്കാരിക ഔന്നത്യവും ആത്മവിശ്വാസവുമുള്ള കേരളീയ ജനതയെ രൂപപ്പെടുത്താൻ ഇത് അവസരമൊരുക്കും. പ്രകൃതിവിഭവങ്ങളെ പരമാവധി പൊതുഉടമയിൽ നിലനിർത്തുന്ന പ്രവർത്തനങ്ങളാണ് ഉണ്ടാകേണ്ടത്. വനവും വയലും തണ്ണീർത്തടങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള, നിലവിലുള്ള റയിൽവെ സംവിധാനത്തെ കാര്യക്ഷമമാക്കിക്കൊണ്ടുള്ള, ജലഗതാഗതത്തെ പുനഃജീവിപ്പിച്ചുകൊണ്ടുള്ള; ഭക്ഷ്യവിളകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള, കാർഷികവിളകളുടെ മൂല്യവർദ്ധനവിന് തദ്ദേശിയ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വികസനനയമാണ് കേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന്(എമർജിങ്) ഗുണം ചെയ്യുക.

കുത്തകകൾക്ക് മുമ്പിൽ കുനിഞ്ഞ് കൊടുക്കാത്ത, ഇച്ഛാശക്തിയുള്ള ഒരു നേതൃത്വം ഉണ്ടാകണം. ചെലവുകൂടിയ തെരഞ്ഞെടുപ്പ് പ്രക്രിയയും കേന്ദ്രീകൃതഭരണസംവിധാനങ്ങളും നിലനിൽക്കുന്നിടത്തോളം കാലം നേതൃത്വത്തെ വിലയ്ക്കെടുക്കാനും സ്വാധീനിക്കാനും കുത്തകകൾക്ക് സാധിക്കും. അതുകൊണ്ട് ഗാന്ധിജി വിഭാവനം ചെയ്തതുപോലുള്ള ഒരു വികേന്ദ്രീകൃത പങ്കാളിത്ത ജനാധിപത്യസംവിധാനവും ഇന്ത്യയുടേയും കേരളത്തിന്റേയും ഉയിർത്തെഴുന്നേൽപ്പിന് അനിവാര്യമാണ്.

അഴിമതിക്കെതിരെ ജനശക്തി ഉണരണം

അഴിമതി അരങ്ങുവാഴുന്ന കാഴ്ചയാണ് എവിടെയും. വില്ലേജ് ഓഫീസ് മുതൽ പാർലമെന്റ് ഹൗസ് വരേയും കോർപറേഷൻ മുതൽ കൽക്കരിപ്പാടം വരേയും അഴിമതിയുടെ ആസ്ഥാനമായിരുന്നു.

തട്ടിയെടുക്കപ്പെടുന്ന പണത്തിന്റെ അളവിൽ മാത്രമാണ് വ്യത്യാസ മുള്ളത്. ശൈലിയിൽ യാതൊരു മാറ്റവും ഇല്ല. തൃശൂർ കോർപ്പറേഷനിലെ കുടിവെള്ള വിതരണത്തിൽ വൻ അഴിമതി നടന്നതായി അക്കൗണ്ട് ജനറൽ വ്യക്തമാക്കുന്നു. ഇല്ലാത്ത വാഹനങ്ങളുടെയും വിതരണം ചെയ്യാത്ത വെള്ളത്തിന്റെയും പേരിൽ ലക്ഷക്കണക്കിന് രൂപ അഴിമതി നടത്തിയിരി ക്കുന്നു എന്ന റിപ്പോർട്ട് പുറത്ത് വന്നു. ഇപ്പോൾ വിജിലൻസ് അന്വേഷണവും പ്രഖ്യപി ച്ചിരിക്കുകയാണ്. കോർപറേഷൻ ഭരണസമിതിയിൽ ഇക്കാര്യം ചർച്ചയ്ക്കു വന്നപ്പോൾ, അദ്ധ്യക്ഷൻ ഒരുകാര്യം തുറന്നടിച്ചു: ആരും ഹരിശ്ചന്ദ്രൻമാരാകണ്ട, നിങ്ങളുടെ ഭരണകാലത്തും ഇതൊക്കെ നടന്നിട്ടുണ്ട്.

അടുത്തകാലത്ത് ഇന്ത്യൻ പാർലമെന്റിനെ സ്തംഭിപ്പിച്ച കൽക്കരിപ്പാടം അഴിമതിയെക്കുറിച്ച് നടന്ന ചർച്ചയിലും അധികാരികൾ അതുതന്നെയാണ് പറഞ്ഞത്. പ്രതിപക്ഷത്തെ നോക്കി അവർ പറഞ്ഞു: നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ കോടികളുടെ അഴിമതി ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. എല്ലാവരും കൂടി ബഹളംവച്ച് ഈ ഘട്ടത്തിലെ പാർലമെന്റ് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞതായി പ്രഖ്യാപനം വന്നു.

ഈ ബഹളത്തിനിടയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന പുതിയൊരു തീരുമാനം രാജ്യത്ത് നടപ്പാക്കി. ചില്ലറ വിൽപന മേഖലയിൽ പ്രത്യക്ഷ വിദേശനിക്ഷേപം 51 മുതൽ 100 ശതമാനം വരെയാക്കി ഉയർത്താനുള്ള തീരുമാനം രാജ്യത്ത് നിലവിൽ വന്നു. ലക്ഷക്കണക്കിന് ചെറുകിടവ്യാപാരികൾക്ക് തൊഴിൽ നഷ്ടപ്പെടുത്തുന്ന, ഗ്രാമീണ മേഖലയിൽ പോലും വിദേശകുത്തക കമ്പനികളുടെ ഷോപ്പിങ് മാളുകൾ ഉയർന്ന് വരുന്ന, ഗ്രാമത്തിന്റേയും പട്ടണത്തിന്റേയും സമ്പദ്ഘടനയെ തകിടം മറിക്കുന്ന, ഇന്ത്യയെ വീണ്ടും കോളനിയാക്കി മാറ്റുന്ന ഈ നടപടിക്കെതിരെ അതിശക്ത മായ പ്രതിഷേധം രാജ്യത്ത് ഉയർന്നുവരേണ്ടതായിരുന്നു.

കള്ളനെ പിടികൂടാൻ നാട്ടുകാർ ഓടിക്കുടുന്ന കഥ ഏവർക്കും അറിവുള്ളതാണ് . കള്ളൻ അല്പം നേരം മാറിനില്ക്കുന്നു. പിന്നീട് കള്ളനെ പിടിക്കാൻ ഓടുന്ന നാട്ടുകാരുടെ കൂടെ കള്ളനും കൂടുന്നു. നാട്ടുകാരോടൊപ്പം ചേർന്ന കള്ളനും ഉറക്കെ വിളിച്ചു പറഞ്ഞു കള്ളനെ പിടിക്കു എന്ന്. ഇത് തന്നെയാണ് ഇവിടെ നടക്കുന്നത്. കള്ളനാര്, പോലീസ് ആര് എന്ന് തിരിച്ചറിയാനാവാത്ത സ്ഥിതിവിശേഷമുണ്ടാക്കാൻ ചിലർ തന്ത്രപൂർവം പ്രവർത്തിക്കുന്നു. യഥാർത്ഥ പ്രതി രക്ഷപ്പെടുകയും ചെയ്യുന്നു. കുടിവെള്ളത്തിന്റെ കാര്യത്തിലും, കൽക്കരി പാടത്തിന്റെ കാര്യത്തിലും, ഡീസൽ വില വർദ്ധിച്ച കാര്യത്തിലും യഥാർത്ഥത്തിൽ ചർച്ചചെയ്യപ്പെടേണ്ട കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നില്ല.

പ്രകൃതിവിഭവങ്ങളുടെ മേൽ പ്രാദേശികസമൂഹത്തിന് കൂടി അവകാശമുണ്ട് എന്നും ഗ്രാമസഭകളും ഗ്രാമപഞ്ചായത്തുകളും അംഗീകരിക്കാതെ ഈ പ്രകൃതിവിഭവങ്ങളുടെ ഖനനം പാടില്ല എന്നും പഞ്ചായത്ത്രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും അത് ഭരണഘടനാ ബാധ്യതയാക്കി, ഷെഡ്യൂളിൽ ഉൾപ്പെടുത്തി, നിർബന്ധമായും നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയും ആർജവവുമാണ് രാഷ്ട്രീയപാർട്ടികൾ കാണിക്കേണ്ടിയിരുന്നത്. എന്നാൽ ഇക്കാര്യം ബോധപൂർവം മറച്ചുവയ്ക്കുന്ന കാര്യത്തിൽ എല്ലാവരും ഒന്നിച്ചു. അധികാരരംഗത്തെ വികേന്ദ്രീകരണം യാഥാർത്ഥ്യമാകുന്നതിൽ ഇവർക്കാർക്കും വലിയ താത്പര്യമില്ല.

1993 ൽ പാർലമെന്റ് പാസാക്കിയ പഞ്ചായത്തിരാജ്- നഗരപാലികാനിയമവും, ആദിവാസിമേഖലയിലേക്ക് ഈ നിയമം ബാധകമാക്കാൻ 1996 ൽ ആവിഷ്കരിച്ച 'പെസ'യും (പഞ്ചായത്തിരാജ് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ്), 2006 ലെ വനാവകാശനിയമവും എല്ലാം അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

കുടിവെള്ളം കച്ചവടവസ്തുവല്ല

കുടിവെള്ളവിതരണത്തിലെ അഴിമതികളെക്കുറിച്ചും അതിന്റെ പേരിൽ രൂപംകൊള്ളുന്ന മാഫിയവത്കരണത്തെക്കുറിച്ചും തൃശ്ശൂർ, കൊച്ചി, തിരുവനന്തപുരം എന്നീ പട്ടണങ്ങളിൽ നിന്നെല്ലാം റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. അധികം താമസിയാതെ, ഗ്രാമപഞ്ചായത്തുകളിലും ഇത്തരം അഴിമതി വ്യാപകമാകാനുള്ള സാധ്യതയാണുള്ളത്.

വെള്ളവും വായുവും ഏതെങ്കിലും ഒരു വ്യക്തിയുടെ സ്വന്തമായ സ്വത്തല്ല എന്ന അടിസ്ഥാനപരമായ സമീപനമാണ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടത്. ഒരാൾ അയാളുടെ പുരയിടത്തിൽ നിന്ന് വായു ഉപയോഗപ്പെടുത്തുമ്പോൾ, ആവശ്യമെങ്കിൽ അടുത്ത പറമ്പിലെ വായുവും അങ്ങോട്ടു വന്നെത്തും. ഇതിനൊന്നും ആരും അളവ് പറഞ്ഞ് പണം ചോദിക്കാറില്ല. ഒരാൾ തന്റെ പുര

യിടത്തിലുള്ള കിണറ്റിൽ നിന്ന് വെള്ളം പമ്പുചെയ്ത് വിൽപ്പന നടത്തുമ്പോൾ സമീപത്തെ പറമ്പുകളിൽ ഭൂഗർഭജലം ഈ കിണറ്റിലേക്ക് ഒഴുകിയെത്തുന്നു. അതായത്, മറ്റുള്ളവർക്കു കൂടി അർഹതപ്പെട്ട കുടിവെള്ളമാണ് മേൽപ്പറഞ്ഞ വ്യക്തി വിറ്റ് പണം നേടുന്നത്. തനിക്ക് അർഹതപ്പെടാത്തത് വിറ്റ് പണം ഉണ്ടാക്കുന്നത് ഒരു തരത്തിൽ അക്രമമാണ്, മോഷണമാണ്. ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ല.

അത്യാവശ്യഘട്ടങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടി വന്നാൽ വെള്ളത്തിന് പണം വാങ്ങുന്നില്ല എന്ന് ഉറപ്പു വരുത്തണം. പൊതുവായ കിണറുകളും ജലസ്രോതസ്സുകളുമാണ് ഇതിനായി ഉപയോഗപ്പെടുത്തേണ്ടത്.

കോർപ്പറേഷൻ പരിധിയിൽ തന്നെ ധാരാളം പൊതു ചിറകളും, കിണറുകളും, കുളങ്ങളും, മറ്റു ജലാശയങ്ങളും ഉണ്ട്. ഇവ സംരക്ഷിച്ച് ഉപയോഗപ്പെടുത്തിയും മഴവെള്ള കൊയ്ത്തിനുള്ള നടപടികൾ നിർബന്ധമാക്കിയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോർപ്പറേഷന് സാധിക്കണം. എല്ലാ കാലത്തും സമീപ ഗ്രാമപഞ്ചായത്തുകളിലെ ജലം ഉപയോഗപ്പെടുത്താമെന്ന് കരുതരുത്. വരൾച്ച ബാധിത പ്രദേശങ്ങളിലേക്കുള്ള കോർപ്പറേഷൻ കുടിവെള്ളം എന്ന ബോർഡുവച്ചു കൊണ്ടുപോകുന്നത് പലപ്പോഴും കച്ചവടവെള്ളമാണ്. വൻകിടഹോട്ടലുകളും ഫ്ളാറ്റുകളും കെട്ടിടനിർമ്മാണകേന്ദ്രങ്ങളുമാണ് ഇത് ഉപയോഗപ്പെടുത്തുന്നത്. ഇവരിൽ നിന്ന് വൻസംഖ്യ വിതരണക്കാർക്ക് ലഭിക്കും. കുടിവെള്ളം വിതരണം ചെയ്ത ട്രിപ്പ് ഷീറ്റ് കാണിച്ച് കോർപ്പറേഷനിൽ നിന്നും പതിവുപടി പണവും ലഭിക്കും.

ഇത്തരം അഴിമതികളെ ചോദ്യം ചെയ്യുന്നതിന് ആരെങ്കിലും തയ്യാറായാൽ ഉടനെ രഹസ്യമായി ഭീഷണിയും എത്തും. ഇനി നിങ്ങളുടെ പ്രദേശത്ത് വെള്ളം വിതരണം ചെയ്യില്ല. ഇതോടെ കൗൺസിലറായാലും, വോട്ടറായാലും കാര്യങ്ങൾ തുറന്നു പറയുന്നത് നിർത്തും. പൊതുജനത്തിന്റെ ഈ ദൗർബല്യം മുതലാക്കാൻ കച്ചവടവെള്ള കോൺട്രാക്ടറും അഴിമതിപണം തട്ടുന്ന ദിവ്യന്മാരും ശ്രമിക്കുന്നു. വിതരണപൈപ്പുകൾ പൊട്ടുന്നതും കുടിവെള്ള വിതരണം നിൽക്കുന്നതും കച്ചവടവെള്ളം വിതരണം ചെയ്യേണ്ടി വരുന്നതുമെല്ലാം ചില പൊടിക്കൈകൾ മൂലമെന്നും സംസാരമുണ്ട്.

ജനശക്തി ഉണരണം

സമസ്തമേഖലയിലും ആളിപ്പടരുന്ന അഴിമതിയെ പ്രതിരോധിക്കാൻ ജനശക്തി ഉണരുകതന്നെ വേണം. അധികാരത്തിൽ പങ്കുപറ്റുന്നവരും ഭാവിയിൽ പങ്കുപറ്റാൻ സാധ്യതയുള്ളവരുമായ രാഷ്ട്രീയ പാർട്ടികൾ ഒന്നും തന്നെ സത്യസന്ധവും സ്ഥായിയുമായ ഒരു നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ ശക്തിയായി ചിലപ്പോൾ പ്രതികരിച്ചെന്നും വരാം. ഭരണത്തിലെത്തിയാൽ കണ്ണടക്കും. ഇന്നു ഞാൻ നാളെ നീ എന്ന ആപ്തവാക്യം മനസ്സിൽ സൂക്ഷിക്കുന്ന ഇത്ത

രക്കാർ ചില പ്രതിഷേധ നാടകങ്ങൾ നടത്തി കാര്യങ്ങൽ ചെയ്തുവെന്ന് വരുത്തിത്തീർക്കുന്നു.

ഗ്രാമതലം മുതൽ അഖിലേന്ത്യാതലംവരെ ജനങ്ങളുടെ പ്രതികരണം ഉണ്ടായേ തീരൂ. ഇനിയും നിശ്ശബ്ദമായി ഇരിക്കുന്നത് വരുംതലമുറയോട് ചെയ്യുന്ന വലിയ അനീതിയായിരിക്കും. കക്ഷി- രാഷ്ട്രീയത്തിന്റെയോ ജാതി-മതത്തിന്റെയോ വിഭാഗീയതകൾ ഒന്നുംതന്നെ പ്രതികരണത്തിന് തടസ്സമാകരുത്. ഇത്തരം നിഷ്പക്ഷമായ ജനപ്രവാഹം- ജനമുന്നേറ്റമുണ്ടായാൽ അത് നിർണായകമായ സാമൂഹ്യമാറ്റങ്ങൾക്ക് ഇടയാകുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

അണ്ണാഹസ്സാരെയുടെ ആദ്യത്തെ സമരത്തിന് ലഭിച്ച ജനപിന്തുണ ഇതിനു തെളിവാണ്. എന്നാൽ ഇത്തരം ജനശക്തിയെ കക്ഷി-രാഷ്ട്രീയ ലാഭത്തിനോ, അധികാരലഭ്യതയ്ക്കോ വേണ്ടി ഉപയോഗിക്കാൻ ശ്രമിച്ചാൽ സംഗതികൾ തകിടം മറിയും. ജനം പിൻവലിയും. മേൽപറഞ്ഞ വിധമുള്ള മുൻവിധിയോടുകൂടിയ ചില ചിന്തകൾ അണ്ണാ ഹസ്സാരെ സംഘത്തിലുള്ള ചിലർക്കുണ്ട് എന്ന് മനസ്സിലായപ്പോഴാണ് ജനപ്രവാഹത്തിന്റെ സ്രോതസ്സ് വറ്റിയത്.

○

ഗാന്ധിജയന്തി വാരവും പരിഗണനകളും

ഇത്തവണത്തെ ഗാന്ധിജയന്തിയും ഗാന്ധിജയന്തിവാരാഘോഷങ്ങളും പതിവ് പരിപാടികളുമായി കടന്നുപോയി. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ പ്രാവർത്തികമായിരുന്നു എങ്കിൽ..... എന്ന് ആഗ്രഹിച്ചിരുന്നവർ വളരെ ആത്മാർത്ഥമായി പരിപാടികളിൽ പങ്കെടുത്തു. എല്ലാ രാജ്യങ്ങളിലും ഗാന്ധി ജയന്തി ദിനത്തിൽ അഹിംസയുടെ അനന്ത സാധ്യതകളെക്കുറിച്ച് ചർച്ച കളും നടന്നു.

നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഗാന്ധി ജയന്തി വാരത്തിൽ നടന്ന മുഖ്യ ചർച്ചകൾ ഏറെ പരിതാപകരമായിരുന്നു. ഭരണം കൈയാളുന്നവരും ഭരണകൂടത്തിന് പിൻതുണ നൽകുന്നവരും ഗാന്ധിജിയിൽ നിന്ന് എത്രമാത്രം അകന്നു പോകുന്നതിന്റെ സൂചകങ്ങളായിരുന്ന പ്രസ്തുത ചർച്ചകൾ.

രാജ്യത്തെ മുഴുവൻ മദ്യശാലകളും ഒരു പൈസ പോലും പ്രതിഫലം കൊടുക്കാതെ അടച്ചു പുട്ടേണ്ടതാണെന്ന് പ്രഖ്യാപിച്ച മഹാത്മാഗാന്ധിയുടെ ജയന്തി വാരത്തിൽ കേരളത്തിൽ നടന്ന പ്രധാന ചർച്ച മദ്യത്തെക്കുറിച്ച് ആയിരുന്നു. പ്രതിദിനം ചെത്തിയിറക്കുന്ന കള്ളിന്റെ അനവധി മടങ്ങ് കള്ള് വിറ്റഴിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ഹൈക്കോടതി ചൂണ്ടിക്കാട്ടുന്നു. ഇവിടെ വിറ്റഴിക്കുന്ന കള്ളിൽ ഏകദേശം തൊണ്ണൂറ് ശതമാനവും രാസവസ്തുക്കൾ ചേർത്തുണ്ടാക്കുന്ന കൃത്രിമ കള്ളാണ് എന്ന് ഹൈക്കോടതി മനസ്സിലാക്കി. ഇത്തരം വിഷപാനീയം നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും തടയാൻ മാറിമാറി അധികാരത്തിൽ വരുന്ന ആർക്കും സാധിക്കുന്നില്ല. കള്ള് ചെത്തുന്നവരുടെ എണ്ണവും വളരെ പരിമിതമാണ്. ഇത്തരം ഒരു സാഹചര്യത്തിൽ കള്ള് ചെത്തും വിൽപനയും ഉപേക്ഷിക്കണമെന്നും ഇപ്പോൾ ഈ തൊഴിൽ രംഗത്തുള്ളവരെ പുനഃരധിവസിപ്പിക്കാൻ സർക്കാർ മുൻ കൈയെടുക്കണമെന്നുമാണ് കോടതി നിർദ്ദേശിച്ചത്.

കോടതിയുടെ പരാമർശത്തെ എതിർക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളും സാമുദായിക സംഘടനകളും രംഗത്തു വന്നു. മുസ്ലീംലീഗ് മാത്രമാണ് മദ്യം നിരോധിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടത്. കള്ള് മാത്രമല്ല, മറ്റ് മദ്യങ്ങളും നിരോധിക്കണമെന്ന് അവർ പറഞ്ഞു. ഗാന്ധിജിയുടെ പിൻമുറക്കാരാണെന്ന് അവകാശപ്പെടുന്ന കോൺഗ്രസ്സും ഗാന്ധിയൻ സാമ്പത്തിക

ശാസ്ത്രം പിൻതുടരുമെന്ന് പാർട്ടി ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്ന ബി.ജെ.പി യും, മയക്കുമരുന്നും മദ്യവുമെല്ലാം തൊഴിലാളിവർഗത്തിന് എതിരാണെന്ന് പറഞ്ഞ കാറൽമാർക്സിന്റെ പിൻമുറക്കാരായ കമ്യൂണിസ്റ്റുകാരും കള്ളിന് വേണ്ടി ശക്തിയായി വാദിച്ചു. കള്ളു ചെത്ത് പരമ്പരാഗതവ്യവസായമാണെന്നും ഇത് നിരോധിക്കുന്നത് ഒരു സമുദായത്തോടുള്ള ഉപദ്രവമാണെന്നു പോലും പലരും പ്രഖ്യാപിച്ചു.

ഗാന്ധിജയന്തി വാരത്തിൽ ഇത്തരം വാചകക്കസർത്തുകൾ നടത്തുമ്പോൾ ഇവർ ഗാന്ധിജി പറഞ്ഞ കാര്യം മറന്നു. ലഹരി പാനീയമായ കള്ള് ചെത്തരുത് എന്നാണ് ഗാന്ധിജി പറഞ്ഞത്. ചെത്തു തൊഴിൽ ഉപേക്ഷിച്ച് ചേറ്റു കത്തിയിൽ നിന്ന് നാല് ബാർബർ കത്തികൾ ഉണ്ടാക്കി ക്ഷൗരം ചെയ്യുന്ന ജോലിചെയ്യുന്നതാണ് കൂടുതൽ നല്ലതെന്ന് ശ്രീനാരായണ ഗുരുദേവൻ പറഞ്ഞതും സമുദായനേതാക്കൾ മറന്നു.

തെങ്ങിൽ നിന്ന് ലഹരിയില്ലാത്ത പാനീയം അഥവാ നീര ഉത്പാദിപ്പിക്കാമെന്ന് ഗാന്ധിജി പറഞ്ഞ കാര്യം ഇവരെല്ലാം സൗകര്യപൂർവം മറന്നു. നീര എന്ന പോഷകസമൃദ്ധമായ പാനീയം നിർമ്മിക്കുകയാണെങ്കിൽ ഇപ്പോൾ കള്ള് ചെത്തി ജീവിക്കുന്നവരുടെ നാല് ഇരട്ടി ആളുകൾക്ക് ജോലി നൽകാനും സാധിക്കും. ലഹരി മൂലമുള്ള ദുരന്തങ്ങൾ ഉണ്ടാകുകയും ഇല്ല. ഇക്കാര്യങ്ങളെല്ലാം അറിയാത്തവരല്ല, നമ്മുടെ രാഷ്ട്രീയ നേതാക്കളും സാമുദായിക നേതാക്കളും. അവർ ലക്ഷ്യമിടുന്നത് മറ്റൊന്നാണ്. ചാരായം നിരോധിച്ചു! ഇനി കള്ളും നിരോധിച്ചാൽ ക്രമേണ മറ്റു തരം മദ്യങ്ങളും നിരോധിക്കേണ്ടി വരും. അതു കൊണ്ട് പാരമ്പര്യവും സാമുദായിക സ്നേഹവുമെല്ലാം പറഞ്ഞ് കള്ള് ചെത്ത് ഇവിടെ നിലനിൽക്കണം. എങ്കിൽ മാത്രമേ മറ്റു മദ്യങ്ങളും ഇവിടെ നിലനിർത്തിക്കൊണ്ട് അബ്കാരി കോൺട്രാക്ടർമാർക്കും വ്യവസായികൾക്കും വിലസാൻ സാധിക്കൂ. അബ്കാരി മുതലാളിമാരുടെ ലാഭത്തിന്റെ പങ്കുപറ്റി അധികാരത്തിൽ എത്തുകയും എത്താൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയ നേതാക്കൾക്കും ഇത്തരം സമീപനം ഒരു തരത്തിലുള്ള പ്രത്യുപകാരമാണ്.

ഇത് പുറത്തുവരാതിരിക്കാനാണ് മുസ്ലീം-ഹിന്ദു വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടത്തുന്നത്. ഇത് ഗാന്ധിജിയുടെ സർവ ധർമ്മ സമഭാവ ദർശനത്തിന് എതിരാണ്.

യുവജന പ്രസ്ഥാനങ്ങളുടെ മൗനം

ഗാന്ധിജയന്തിവാരത്തിൽ അധികാരികൾ നടത്തിയ ഒരു പ്രഖ്യാപനം സാമാന്യ ജനങ്ങളെ ഞെട്ടിച്ചു. മദ്യത്തിന്റെയും പുകയില ഉത്പന്നങ്ങളുടെയും വില്പനയിൽ സെസ്സ് ചുമത്തണം എന്നും ഈ സെസ്സിന് യുവജന സെസ്സ് (youth cess) എന്ന് പേർ നൽകണമെന്നുമാണ് നിർദ്ദേശം. മനുഷ്യന്റെ സ്വബോധത്തെ ക്രൂശിക്കുന്ന മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും

ലഭിക്കുന്ന ചില്ലിക്കാശിന് യുവജനസെസ്സ് എന്ന് പേര് നൽകുന്നത് കേരളത്തിലെ മുഴുവൻ ജനങ്ങളേയും അപമാനിക്കലാണ്. എന്നാൽ ഇതുവരേയും ഒരു യുവജനസംഘടനയും ഇതിനെതിരായി പ്രതികരിക്കാൻ തയ്യാറായിട്ടില്ല. ബാറുകൾ വൈകുന്നേരങ്ങളിൽ മാത്രം തുറന്നാൽ പോരേ? എന്ന ചോദ്യവും ഹൈക്കോടതി ഉന്നയിച്ചു.

മദ്യാസക്തിക്കെതിരെ കേരളം മുഴുവൻ പ്രചാരണയാത്ര നടത്തിയ യുവജനസംഘടനകളോ ഘട്ടം ഘട്ടമായി മദ്യ നിരോധനം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന യുവജന സംഘടനകളോ ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ തയ്യാറാകുന്നില്ല.

സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ വിദേശമദ്യ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ കൺസ്യൂമർ ഫെഡ് നീക്കം ആരംഭിച്ചതായും വാർത്തകൾ വന്നു. വിവിധ ബ്രാൻഡുകളിലുള്ള ഗുണമേന്മയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വില്പന നടത്താനാണ് ഇത്തരം സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നത് എന്നാണ് വ്യാഖ്യാനം.

ഗുണമേന്മയുള്ള അരിയും കുടിവെള്ളവും പോലും വിതരണം ചെയ്യാൻ സാധിക്കാത്ത ഭരണകൂടമാണ് മദ്യം എല്ലാവർക്കും എത്തിക്കാൻ ധൃതി കൂട്ടുന്നത്.

മദ്യത്തിനെതിരെ ശക്തമായ നിലപാട് എടുത്ത മുസ്ലീംലീഗ് മന്ത്രിമാരിൽ ഒരാളുടെ പ്രസ്താവനയെ ചൊല്ലി വിവാദങ്ങൾ ഉണ്ടാക്കാൻ മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളും യുവജന പ്രസ്ഥാനങ്ങളും രംഗത്തുവന്നു. സംസ്ഥാനം ഭരിക്കുന്നത് നമ്മളാണ്. നമ്മുടെ ഇഷ്ടപ്രകാരമാണ് ഇവിടെ കാര്യങ്ങൾ നടക്കുക എന്നും ഈ മന്ത്രി അവരുടെ പ്രവർത്തകരുടെ യോഗത്തിൽ അണികൾക്ക് ആവേശം പകരുന്നതിന് തട്ടിവിട്ടുവത്രെ. ഇതുതന്നെയല്ലേ മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളും ചെയ്യാറുള്ളത്. ഇക്കാര്യത്തിൽ മുന്നണി വ്യത്യാസമില്ല. ഓരോ പാർട്ടിക്കും കിട്ടുന്ന വകുപ്പുകൾ ഭരിക്കുന്നത് പാർട്ടിയുടെ സംസ്ഥാന നേതൃത്വവും മുഖ്യ നേതാക്കളും തന്നെയല്ലേ. ഇവർ പറയുന്നതനുസരിച്ചാണല്ലോ കാര്യങ്ങൾ നടക്കാറുള്ളത്.

ജനാധിപത്യത്തിൽ ജനങ്ങളുടെ ഇച്ഛയാണ് നടപ്പാകേണ്ടത്. അവരുടെ ആഗ്രഹം അറിഞ്ഞ് അവർക്ക് വേണ്ടി പ്രവർത്തിക്കുന്നവരാകണം മന്ത്രിമാർ. അധികാരം എവിടേയും കേന്ദ്രീകരിക്കരുത് എന്നും , അധികാര പ്രയോഗവും നിയന്ത്രണവും നടത്തേണ്ടത് സാധാരണ ജനങ്ങളാണ് എന്ന സങ്കല്പവും ഇവർ സൗകര്യപൂർവം മറന്നു.

ഗ്രാമസഭയും പൊതു ടാപ്പുകളും

ജനങ്ങളിൽ അധികാരം നിലനിൽക്കുന്നതിനായാണ് പഞ്ചായത്തീരാജ് സംവിധാനം വിഭാവനം ചെയ്തത്. ജനങ്ങൾക്ക് അഭിപ്രായം പറയാനും തീരുമാനം എടുക്കാനും നടപ്പാക്കാനുമുള്ള അടിസ്ഥാന തല വേദികളാണ് ഗ്രാമ

സഭകൾ. വർഷത്തിൽ നാല് തവണ ചേരണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇത് പാലിക്കാത്തതുകൊണ്ടാണ് സംസ്ഥാനത്തെ 39 ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് ഹൈക്കോടതി അയോഗ്യത കൽപിച്ചത്. ഇതിനെ മറികടക്കാൻ മുൻകാല പ്രാബല്യത്തോടെ പ്രതിവർഷം ചേരേണ്ട ഗ്രാമസഭകളുടെ എണ്ണം കുറയ്ക്കാനുള്ള ഓർഡിനൻസ് തയ്യാറായതും ഗാന്ധിജയന്തി വാരത്തിൽ തന്നെ.

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയ മറ്റൊരു അടിയന്തിര സന്ദേശവും അക്കാലത്ത് ലഭിച്ചു. പന്ത്രണ്ടാം പദ്ധതി തയ്യാറാക്കുമ്പോൾ കുടിവെള്ളം വിതരണം ചെയ്യുന്ന പൊതു ടാപ്പുകൾക്ക് പണം നീക്കിവയ്ക്കരുത് എന്നാണ് നിർദ്ദേശം. നിലവിലുള്ള പൊതു ടാപ്പുകളും ക്രമേണ നിർത്തൽ ചെയ്യണം. സൗജന്യമായി കുടിവെള്ളം വിതരണം ചെയ്യുന്നതിന് തണ്ണീർപന്തലുകൾ സ്ഥാപിച്ചിരുന്ന നമ്മുടെ നാട്ടിൽ ദാഹജലവും വില്പനച്ചരക്കാകുകയാണ്. മദ്യം വിതരണം ചെയ്യാൻ ആവേശപൂർവം രംഗത്തുവന്നവരാരുംതന്നെ ദാഹജലം സൗജന്യമായി നൽകുന്ന പൊതു ടാപ്പുകൾ ഇവിടെ നിലനിൽക്കണം എന്ന് ശക്തിയുക്തം വാദിക്കാൻ രംഗത്തുവരികയുണ്ടായില്ല. ഇക്കാര്യത്തിൽ ഇനിയെങ്കിലും പ്രതികരണം ഉണ്ടാകണം.

കുടുംബശ്രീ വിവാദം

വനിതകളുടെ ശാക്തീകരണവും അതുവഴി പൊതു സമൂഹത്തിന്റെ ഭദ്രതയും ലക്ഷ്യമിട്ടുകൊണ്ട് 1990 വനിത സ്വയംസഹായസംഘങ്ങൾ (SHG) നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കാനാരംഭിച്ചത്. നബാർഡ് പോലുള്ള ബാങ്കുകളുടെയും സന്നദ്ധ പ്രവർത്തകരുടേയും മുൻകൈയിലാണ് SHG കൾ രൂപീകൃതമായത്. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തൽ വനിതകളിൽ നേതൃത്വ ഗുണം വർദ്ധിപ്പിക്കൽ, ജാതി – മത കക്ഷി രാഷ്ട്രീയത്തിന് അതീതമായി അയൽപക്ക കൂട്ടായ്മകൾ സൃഷ്ടിക്കൽ എന്നിങ്ങനെ നിരവധി ഗുണപരമായ നേട്ടങ്ങൾ ഉണ്ടാക്കാൻ ഇത്തരം സ്വയം സഹായ സംഘങ്ങൾക്ക് കഴിഞ്ഞു. ഇതു മാതൃകയാക്കിക്കൊണ്ട് പുരുഷസംഘങ്ങളും രൂപീകൃതമായി. വിവിധ തൊഴിൽ സംരംഭങ്ങളും കാർഷിക വികസന പദ്ധതികളുമെല്ലാം നടപ്പായി. ഇപ്രകാരം നല്ല രീതിയിൽ മുന്നോട്ടുപോയിരുന്ന സ്വാശ്രയ സമൂഹങ്ങളുടെ വളർച്ചയെ വ്യതിചലിപ്പിച്ചുകൊണ്ട് ഭരണകക്ഷിക്ക് അനുകൂലമാക്കാൻ കുടുംബശ്രീ എന്ന ലേബലുള്ള കുടക്കീഴിൽ ഇവയെ കൊണ്ടുവരാൻ നിർബന്ധിക്കുകയായിരുന്നു. കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വാഭാവികമായ സാമൂഹ്യ നവോത്ഥാനത്തെയാണ് കുടുംബശ്രീ ലേബൽ തകർക്കുന്നത്. സി.ഡി.എസ്, എ.ഡി.എസ് സംവിധാനങ്ങളിലൂടെ സ്വയം സഹായ സംഘങ്ങളെ പാർട്ടിയുടെ സ്വാധീന വലയത്തിൽ കൊണ്ടുവരാമെന്നും പൊതുപരിപാടികൾക്ക് ആളെ കൂട്ടാനുള്ള

ഏജൻസികളായി ഇവയെ ഉപയോഗിക്കാമെന്നും രാഷ്ട്രീയ പാർട്ടികൾ കരുതി. വിപുലമായ സാമൂഹ്യ പരിഷ്കരണ സാധ്യതയുണ്ടായിരുന്ന സ്വയം സഹായസംഘങ്ങളെ കേവലമായ സർക്കാർ ഏജൻസിയായി അധഃപതിപ്പിച്ചതിൽ എല്ലാവരും ഒരുപോലെ കുറ്റക്കാരാണ്. പിന്നീട് കുടുംബശ്രീ തങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങുന്നില്ലെന്ന് വന്നപ്പോൾ ജനശ്രീ, സേവനശ്രീയുമെല്ലാം രംഗത്തു വന്നു. ഓരോ പാർട്ടിക്കും ഓരോ മതത്തിനും, ജാതിക്കുമെല്ലാം സ്വയം സഹായ സംഘങ്ങൾ ഉണ്ടാകാൻ തുടങ്ങി. വിഭാഗീയതകൾക്ക് അതീതമായി മനുഷ്യരുടെ കൂട്ടായ്മകളായി വളർന്നു വികസിക്കേണ്ടിയിരുന്ന സ്വയം സഹായസംഘങ്ങളെ സങ്കുചിതമാക്കിത്തീർത്തത് കക്ഷിരാഷ്ട്രീയ അതിപ്രസരമാണ്.

ദാരിദ്ര്യവും ഉച്ചനീചത്വങ്ങളും ഇല്ലാതാകണമെങ്കിൽ വനിതകളുടെ നേതൃത്വത്തിലുള്ള സാമൂഹ്യ നവോത്ഥാനം ഉണ്ടാകണമെന്നും വനിതകൾ സജീവമായ ഒരു പൊതു സമൂഹമുണ്ടാകണം എന്നും ഗാന്ധിജി ആഗ്രഹിച്ചു. ദേശീയ സ്വാതന്ത്ര്യസമരം നടന്നതിന്റെ ഭാഗമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ വനിതകളെ രംഗത്തു കൊണ്ടുവരുന്നതിന് ഗാന്ധിജിയും കസ്തുർബയും ശ്രമിച്ചിരുന്നു. ഇത്രയേറെ വനിതാ പങ്കാളിത്തത്തോടെ നടന്ന ദേശീയ സ്വാതന്ത്ര്യ സമരങ്ങൾ ലോകചരിത്രത്തിൽ അതുവരെ ഉണ്ടായിരുന്നില്ല. വനിതകളുടെ നേതൃത്വത്തിലുള്ള സമൂഹ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽ രാഷ്ട്രീയ കക്ഷികളുടെയോ ഭരണകൂടത്തിന്റെയോ കൂച്ചുവിലങ്ങുകൾ വീഴരുത് എന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്.

വികസനത്തിന്റെ മാനദണ്ഡം

"ഏതൊരു സാമൂഹിക പ്രവർത്തനവും ചെയ്യാനൊരുങ്ങുമ്പോൾ സമൂഹത്തിൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരാളുടെ മുഖം നിങ്ങളുടെ മനസ്സിൽ കൊണ്ടുവരിക. നിങ്ങൾ ചെയ്യാൻ പോകുന്ന കാര്യം ആ പാവപ്പെട്ടവന് ഗുണം ചെയ്യുമോ എന്ന് ഒരു നിമിഷം ചിന്തിക്കുക. ഗുണം ചെയ്യുമെങ്കിൽ, എന്തെല്ലാം എതിർപ്പുകളുണ്ടായാലും അവയെ അവഗണിച്ച് പ്രസ്തുത സാമൂഹ്യ ദൗത്യം പൂർത്തീകരിക്കുക."

ഗാന്ധിജി പൊതുപ്രവർത്തനങ്ങൾക്ക് നൽകിയ മന്ത്രദീക്ഷയാണിത്. ഗാന്ധിജയന്തിവാരത്തിൽ നമ്മുടെ ഭരണാധികാരികൾ ഈ മന്ത്രദീക്ഷ മനസ്സിൽ ഓർത്തുവോ. അവർ മനസ്സിൽ ധ്യാനിച്ചത് ഏറ്റവും പാവപ്പെട്ടവനെയായിരുന്നോ അതോ കുത്തകകമ്പനികളുടെ ഉടമകളെ ആയിരുന്നോ എന്നതാണ് സംശയം. പെൻഷൻ, ഇൻഷൂറൻസ് മേഖലയിൽ 49 ശതമാനംവരെ വിദേശ മൂലധനനിക്ഷേപം, ഓഹരികമ്പോളത്തിന് തുറന്നു കൊടുക്കൽ, പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധനവ്, സബ്സിഡികൾ എടുത്തുകളയൽ, ചില്ലറ വിൽപന മേഖലയിൽ കൂടുതൽ വിദേശകമ്പനികളെ

അനുവദിക്കൽ, കൂടംകുളം ആണവ നിലയത്തിനുവേണ്ടിയുള്ള കടും പിടുത്തം, കർഷകരുടെ സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ എന്നീ കാര്യങ്ങളാണ് കേന്ദ്രഗവൺമെന്റ് ഗാന്ധിജയന്തിവാരത്തിൽ പ്രധാനമായി ചെയ്തത്. ഇന്ത്യയിലെ ഒരു കുഗ്രാമത്തിലെ, ഉടുതുണിക്ക് മറുതുണിയില്ലാതെ ഒരു സാധാരണക്കാരന് ഗുണം ചെയ്യുന്ന നടപടികളായിരുന്നോ ഇവയെല്ലാം.

കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ 520,000 കോടിയാണ് വൻകിടക്കാർക്ക് മാത്രം ഇളവ് നൽകിയത്. ഓരോ വൻകിടക്കാരനും കുടിശ്ശിക വരുത്തിവച്ചിരിക്കുന്ന വൈദ്യുതി ചാർജ്ജ്, ആദായ നികുതി എന്നിവയുടെ കണക്കെടുത്താൽ ലക്ഷക്കണക്കിന് കോടികൾ വേറെയുണ്ടാകും. ഈ പണം ഉണ്ടെങ്കിൽ തന്നെ ഇവിടുത്തെ ക്ഷാമം ഇല്ലാതാക്കാം. കൂടാതെ സ്വിസ് ബാങ്കിൽ ഉറങ്ങിക്കിടക്കുന്ന ശത സഹസ്രകോടികൾ വേറെയും ഇവയെ തൊടാനുള്ള ഒരു വിദ്യയും നമ്മുടെ ഭരണകൂടത്തിനറിയില്ലേ. ഭരണാധികാരികൾ ധീരരാണെന്ന് തെളിയിക്കേണ്ടത് ഇത്തരക്കാരെ കടിഞ്ഞാണിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടല്ലേ?

കേരളത്തെ ശാന്താലയമാക്കാൻ...

നൂറ്റിയിരുപത് വർഷം മുമ്പ് മലയാളക്കരയിലെത്തിയ സ്വാമി വിവേകാനന്ദൻ, തന്റെ സന്ദർശനത്തിന്റെ ഒരു ഘട്ടത്തിൽ, ഇപ്രകാരം പ്രതികരിച്ചു: "കേരളം ഒരു ഭ്രാന്താലയമാണോ?" ജാതിഭേദങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ട് വിവേകം നഷ്ടപ്പെട്ട ജനതയെ കണ്ട് അത്ഭുതം കൂറിയാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. അദ്ദേഹത്തിന്റെ ഈ തുറന്നു പറച്ചിൽ പിന്നീട് കേരളത്തിന് ഏറെ ഗുണം ചെയ്തു. തുടർന്നുള്ള ദശാബ്ദങ്ങളിൽ കേരളത്തിൽ നടന്ന സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങൾക്കും പ്രവർത്തകർക്കും പ്രചോദനമായി മാറി ആ വാക്കുകൾ. ഭ്രാന്താലയം എന്ന അപമാനകരമായ അവസ്ഥയിൽ നിന്ന് കേരളത്തെ മാറ്റിയെടുക്കേണ്ടത് തങ്ങളുടെ ജീവിതദൗത്യമായി ഓരോ ദേശസ്നേഹിയും ഏറ്റെടുത്തു. അതിന്റെ ഗുണഫലം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലയിൽ ഉണ്ടാകുകയും ചെയ്തു.

എന്നാലിപ്പോൾ, കേരളം വീണ്ടും ഭ്രാന്താലയമാക്കുകയാണോ? സ്തീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, കുന്നുകൾ ഇടിക്കൽ, പാടങ്ങൾ നികത്തൽ, അതിവേഗ റെയിൽവേയ്ക്കും അതിവേഗ ഇടനാഴിക്കും, വിമാനത്താവളങ്ങൾക്കും മറ്റുമായി ആയിരക്കണക്കിന് ഏക്കർ കൃഷിയിടങ്ങൾ നികത്തൽ, വെള്ളം ഊറ്റിവിൽക്കൽ, കൃത്രിമമായി മണലൂറ്റൽ എന്നിങ്ങനെ ഭ്രാന്തവും നശീകരണാത്മവുമായ പ്രവർത്തനങ്ങളാണ് എങ്ങും കാണുന്നത്.

മേൽപറഞ്ഞവയിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ മാത്രമാണ് വ്യാപകമായി ചർച്ചചെയ്യപ്പെടുന്നത്. നവ സാമൂഹ്യസംവേദിക സിനിമ ശൃംഖലയുടെ സമ്മർദ്ദത്തേയും യുവാക്കളുടെ മുന്നേറ്റത്തേയും തടഞ്ഞു നിർത്താൻ സാധിക്കില്ലെന്ന് ഉറപ്പായപ്പോൾ പല മാധ്യമങ്ങളും ഇത്തരം അതിക്രമങ്ങളെക്കുറിച്ച് വാർത്തകൾ പ്രക്ഷേപണം ചെയ്യാൻ തുടങ്ങി. അതു കൊണ്ടു പല കാര്യങ്ങളും പുറത്തു വന്നു.

വനിതകൾക്കെതിരെ ക്രൂരകൃത്യങ്ങൾ നടത്തുന്നവരെ തൂക്കിക്കൊല്ലണോ, അതോ മരണം വരെ ജയിലിൽ തന്നെ ഒറ്റപ്പെടുത്തി കിടത്തണോ എന്ന ചർച്ചയാണ് ഇപ്പോൾ പ്രധാനമായും നടക്കുന്നത്.

കതിരിന്ഏത് കമ്പനിയുടെ വളം വയ്ക്കണം എന്ന് തർക്കിക്കുന്നതു പോലെ വ്യർത്ഥമാണ് ഇത്തരം ചർച്ചകൾ. അച്ചടി- ദൃശ്യമാധ്യമങ്ങളിലൂടെ

നടക്കുന്ന ചർച്ചാപ്രളയത്തിൽ അടിസ്ഥാനപ്രശ്നങ്ങളും അനിവാര്യമായ പരിഹാരമാർഗങ്ങളും കുത്തിയൊലിച്ചുപോകുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, പ്രകൃതിവിഭവങ്ങളുടെ ചൂഷണം എന്നിങ്ങനെ ഭ്രാന്തവും ആക്രാന്തഭരിതവുമായ പ്രവർത്തനങ്ങളുടെ പ്രചോദകരായി നിൽക്കുന്നവർ- യഥാർത്ഥ പ്രതികൾ പത്ത് 'മ' കളാണ്.

1. മദ്യം, 2. മയക്കുമരുന്ന്, 3. മാഫിയ, 4. മാധ്യമം, 5. മദം, 6. മദിരാക്ഷി, 7. മാംസം, 8. മടിശ്ശീല, 9. മതം, 10. മാസപ്പടി മദ്യവും മയക്കുമരുന്നും.

സകലതിന്മകളുടേയും പെറ്റമ്മയും പോറ്റമ്മയുമാണ് മദ്യം എന്ന് വിശുദ്ധ ഖുർ-ആൻ പറയുന്നത് അക്ഷരം പ്രതി ശരിയാണ്. അടുത്ത കാലത്ത് ഡൽഹിയിൽ നടന്ന അതിക്രമത്തിന്റെ പ്രതികളെ പിടികൂടിയപ്പോഴും അവർ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരാണെന്ന് തെളിഞ്ഞിരുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധകൾ വരെയുള്ളവർക്ക് നേരെ നടക്കുന്ന പേക്കൂത്തുകളുടെ പ്രതികളെല്ലാം മദ്യപാനികളും മയക്കുമരുന്ന് ഉപയോഗിക്കുന്നവരുമാണ്.

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരുടെ ഭാര്യ- ഭർത്തൃ ബന്ധങ്ങൾ പലപ്പോഴും തൃപ്തികരമാകാറില്ല. ശാരീരികമായ തളർച്ചകളും കുറ്റബോധവും അവരുടെ സംതൃപ്തജീവിതത്തിന് വിഘാതമാകുന്നു. ഇത്തരക്കാരാണ് പീഡനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

മദ്യത്തിനും ലഹരിക്കും അടിമകളാകുന്നവർ അവിവാഹിതരാണെങ്കിൽ അവരിൽ ഒരുതരം അനശ്ചിതാവസ്ഥയും അരക്ഷിതബോധവും വളർന്നുവരികയും ഇത് സമൂഹത്തോടുള്ള അമർഷത്തിലേക്കും കുറ്റകൃത്യങ്ങളിലേക്കും വഴിപിരിയുകയും ചെയ്യുന്നു. ഇവരും സ്ത്രീഹിംസകരായി മാറുന്നു.

സ്ത്രീകളുടേയും കുട്ടികളുടേയും അടുത്ത ബന്ധുക്കൾക്ക് മദ്യവും മയക്കുമരുന്നും പണവും മറ്റും നൽകി അവരെ സ്വാധീനിച്ച് പീഡനത്തിന് അവസരമൊരുക്കുന്നതും സാധാരണമായിരിക്കുന്നു.

ഇവിടെയെല്ലാം മദ്യവും മയക്കുമരുന്നുമാണ് യഥാർത്ഥ പ്രതികൾ എന്ന് കാണാനാകും.

മദ്യവും മയക്കുമരുന്നും നിരോധിച്ചാൽ മാത്രമേ ഈ പ്രതികൾക്കെതിരെയുള്ള ശക്തമായ ശിക്ഷയാകുകയുള്ളൂ. എന്നാൽ സർക്കാരുകൾ പോലും മദ്യം നിർമ്മിച്ച് വിറ്റഴിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. ഇത് വഴി നികുതി കിട്ടുന്നുണ്ടത്രേ. മനുഷ്യജീവനും മാനവും സ്ത്രീത്വവും നഷ്ടപ്പെടുത്തുന്നതിന് ഒറ്റുകാരനായി നിന്നു കിട്ടുന്ന മുപ്പത് വെള്ളിക്കാശുകൾ കൊണ്ട് എന്തു ക്ഷേമമാണ് ഉണ്ടാക്കാനാകുക. ബൈബിളിൽ പറയുന്നതുപോലെ കേവലം അക്കൽദാമകൾ മാത്രം സൃഷ്ടിക്കാം. ഇന്ന് നാം കാണുന്ന കേരളം ഒരു അക്കൽദാമ തന്നെ. എങ്ങും വിനാശത്തിന്റെ ദംഷ്ട്രങ്ങളും ചലനങ്ങളും മാത്ര

മാണ് കാണുന്നത്. മദ്യവും മയക്കുമരുന്നും വിറ്റ പണം കൊണ്ട് ഭരണം വേണ്ട എന്ന് പ്രഖ്യാപിക്കാൻ അബ്കാരികളോടും മുഖം മുഷിഞ്ഞു പറയാൻ തന്റേടമുള്ള രാഷ്ട്രീയ പാർട്ടികളും യുവജനപ്രസ്ഥാനങ്ങളും ഇവിടെയുണ്ടാവണം.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വില്പനയിൽ സെസ് ചുമത്തിക്കൊണ്ട് പ്രസ്തുത തുക യുവജനക്ഷേമത്തിന് ഉപയോഗിക്കണമെന്നാണ് സംസ്ഥാനസർക്കാരിന്റെ പുതിയ യുവജനനയത്തിന്റെ മുഖ്യപ്രഖ്യാപനം. ഇത്തരം ഒറ്റുകാശ് ഞങ്ങൾക്ക് വേണ്ട എന്ന് പ്രഖ്യാപിക്കാൻ നട്ടെല്ലുറപ്പുള്ള ഒരു യുവജനപ്രസ്ഥാനം ഇവിടെ ഉണ്ടായില്ല.

മാധ്യമങ്ങളും മദിരാക്ഷിയും

പരസ്യത്തിന്റെയും റിയാലിറ്റി ഷോകളുടേയും പേരിൽ സ്ത്രീകളെ കേവലം ഉപഭോഗവസ്തുക്കളും വില്പനചരക്കുകളും, മദിരാക്ഷിമാരുമായി അവതരിപ്പിക്കുന്നതിൽ പ്രതിസ്ഥാനത്തു നിൽക്കുന്നത് മാധ്യമങ്ങൾ തന്നെ. സഹനത്തിന്റേയും, മാതൃത്വത്തിന്റേയും, വാത്സല്യത്തിന്റേയും, ക്ഷമയുടേയും, ലാളിത്യത്തിന്റേയും, അഹിംസയുടേയും പ്രതീകവും മൂർത്തീമത് ഭാവവുമായി സ്ത്രീത്വത്തെ അവർ മറച്ചുവയ്ക്കുന്നു. പകരം ആഭാസകരമായ അംഗവിക്ഷേപങ്ങളുടേയും, അല്പവസ്ത്രങ്ങളുടേയും ഭോഗതത്പരതയുടേയും പ്രതീകങ്ങളായി സ്ത്രീകളെ അവതരിപ്പിക്കുന്നതിലാണ് മാധ്യമങ്ങൾക്ക് കൂടുതൽ താത്പര്യം.

കൊച്ചുകുട്ടികളെപ്പോലും വേദിയിൽ അണിനിരത്തി ഇത്തരം ആഭാസങ്ങളും അംഗവിക്ഷേപങ്ങളും ചെയ്യിച്ച് റിയാലിറ്റിഷോകളിൽ മത്സരിപ്പിക്കാൻ തിരശ്ശീലക്ക് പിറകിൽ നെട്ടോട്ടം നടത്തുന്ന കുടുംബക്കാരുടെ കൊടുംക്രൂരതകൾ പീഡന കേരളത്തിന് ഒരു കൈസഹായമായി തീരുന്നു. മാധ്യമങ്ങളിലെ അതിരുവിട്ട അക്രമരംഗങ്ങളും വിഭ്രമാത്മകങ്ങളും ഹിംസാത്മകവുമായ മനോഭാവം ജനങ്ങളിൽ രൂപപ്പെടുന്നു.

മാധ്യമങ്ങൾക്ക് ഒരു സാംസ്കാരിക പെരുമാറ്റച്ചട്ടം ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മതം, മദം

സമൂഹത്തിന് സാംസ്കാരിക ഔന്നത്യം സൃഷ്ടിക്കാനുള്ള ചുമതല മതങ്ങൾക്കുണ്ട്. മാനവികതയുടെ വളർച്ചക്ക് മറ്റേത് ഘടകത്തേക്കാളും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് മതത്തിന്റെ ധർമ്മമാണ്. സ്വയം മനസ്സിലാക്കാനും വ്യക്തിയും വ്യക്തിയും തമ്മിലുള്ള അനന്യത്വത്തെ മനസ്സിലാക്കാനും മതങ്ങൾ മനുഷ്യനെ സഹായിക്കണം. എന്നാൽ മതങ്ങൾ ഈ ധർമ്മം അനുഷ്ഠിക്കുന്നതിൽ പരാജയപ്പെടുന്നു. ദേവാലയങ്ങളിൽ എത്തുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും ആഘോഷങ്ങളും അനുഷ്ഠാനങ്ങളും

നാൾക്കുനാൾ വർദ്ധിച്ചു വരികയും ചെയ്യുന്നുവെങ്കിലും ആത്മീയ വികാസം ഉണ്ടാകുന്നില്ല.

ആരാധനാലയങ്ങളുടെ വലുപ്പം വർദ്ധിപ്പിക്കാനും, ഉത്സവ-തിരുന്നാൾ ആഘോഷങ്ങൾ അടിപൊളിയാക്കാനും വരുമാനമുണ്ടാക്കാനുള്ള സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഓരോ മതവും മത്സരിക്കുകയാണ്. ഇത്തരം ഭൗതികനേട്ടങ്ങൾ വാരിക്കൂട്ടുന്നതിനുള്ള മത്സരങ്ങൾ മതത്തെ ഒരു മദമാക്കി മാറ്റിയിരിക്കുന്നു. ലഹരിയാക്കി മാറ്റിയിരിക്കുന്നു.

മദം എന്നതിന് ജാതി എന്ന പര്യായം കണക്കാക്കിയാൽ അതും ഒരു ലഹരിയായി മാറുന്നു.

ജാതിപ്പേരിൽ അഭിമാനം കൊള്ളാനും, പൊതുസ്ഥാപനങ്ങളുടേയും മഹാന്മാരേയും സാഹിത്യകാരന്മാരേയും പൊതുപ്രവർത്തകരേയുമെല്ലാം ജാതി തിരിച്ച് ഓരോ കള്ളികളിലാക്കി അവകാശവാദം ഉന്നയിക്കാനും യാതൊരു ജാള്യതയും ഇല്ലാതായിരിക്കുന്നു. ഇവ എളുപ്പത്തിൽ നേടിയെടുക്കാവുന്ന വോട്ടുബാങ്കുകളായതുകൊണ്ട് ഇത്തരം സ്വാർത്ഥ ധ്രുവീകരണത്തിനെതിരെ പറയാനോ, നിലപാട് സ്വീകരിക്കാനോ ഒരു സാംസ്കാരിക- രാഷ്ട്രീയ പ്രസ്ഥാനവും തയ്യാറാകുന്നുമില്ല. സ്ത്രീപീഡനം പോലുള്ള കാര്യങ്ങളെ പോലും ജാതി തിരിച്ച് വിശകലനം ചെയ്യാൻ പോലും ചില ബുദ്ധിജീവികൾ തയ്യാറാകുന്നതും ഖേദകരം തന്നെ.

മാംസം

ഭക്ഷണം ഒരു മനുഷ്യന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നു. മാംസവും മത്സ്യവും ഒരു കച്ചവടച്ചരക്കാകുമ്പോൾ കൂടുതൽ വേഗത്തിൽ കൂടുതൽ ഭാരവും വളർച്ചയും ഉണ്ടാകാൻ ഹോർമോണുകളും മറ്റു രാസവസ്തുക്കളും വളർത്തുപക്ഷികളിലും മൃഗങ്ങളിലും പ്രയോഗിക്കുന്നു. ഇത്തരം വസ്തുക്കൾ മനുഷ്യന്റെ ശാരീരികവും മാനസികവുമായ വളർച്ചയെ വികലമാക്കുന്നു. അമിത ഉദ്ദീപനങ്ങളും ആക്രമണത്വരയും വർദ്ധിപ്പിക്കുന്നു.

മടിശ്ശീല, മാസപ്പടി

ശമ്പളത്തിനു പുറമെ കിമ്പളവും നേടിയെടുത്ത് മടിശ്ശീലക്കു ഭാരം കൂട്ടാനുള്ള വ്യഗ്രതയിലാണ് പല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും. സ്ത്രീപീഡനകേസുകളിലെ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നത് അതുകൊണ്ടാണ്. വ്യക്തമായ തെളിവുകൾ ഇല്ലാതെ ഏതെങ്കിലും ഒരാളുടെ പേരിൽ കേസ് കെട്ടിവച്ച് ഡമ്മിപ്രതിയായി അയാളെ അവതരിപ്പിച്ച് വമ്പൻമാരായ യഥാർത്ഥ പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമൊരുക്കുന്നത് പതിവായിരിക്കുന്നു. ഇത്തരം ഡമ്മിപ്രതികൾക്കും അവരുടെ വരുംതലമുറകൾക്കും ജീവിക്കാനുള്ള പണവും സ്വത്തും മൊത്തമായും മാസപ്പടിയായും നൽകുന്നു. ഇതിന് കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഇത്തരം മാസ

പ്പടി കിട്ടിക്കൊണ്ടിരിക്കും. യഥാർത്ഥപ്രതികളെ ജനം കണ്ടുപിടിച്ച് പോലീസിനെ ഏൽപിച്ചാലും ഏറ്റവും ദുർബലവും ഏറെ പഴുതുകളുള്ളതുമായ പ്രാഥമിക അന്വേഷണ റിപ്പോർട്ട് നൽകിക്കൊണ്ട് കേസ് അട്ടിമറിക്കുന്നു. വിചാരണവേളയിൽ ഗവൺമെന്റ് വിഭാഗം വക്കീലിന്റെ ബോധപൂർവമായ അവധിയെടുപ്പും തോറ്റുകൊടുക്കലുമെല്ലാം പതിവാണ്.

പെൺവാണിഭകേസുകളിൽ മാത്രമല്ല പ്രകൃതിവിഭവ ചൂഷണത്തിന്റേതായ എല്ലാ കേസുകളിലും ഇത് സംഭവിച്ചുക്കൊണ്ടിരിക്കുന്നു.

മാഫിയ വാഴ്ച

മാഫിയകളാണ് ഇന്ന് കേരളം ഭരിക്കുന്നത്. ജനപ്രതിനിധിസഭകളും ഭരണകൂടവും നിയമ സംവിധാനവുമെല്ലാം വിവിധ മാഫിയകളുടെ പിടിയിലാണ്. വാർഡുതലത്തിലുള്ള പ്രാദേശിക നേതാക്കൾ മുതൽ മന്ത്രിമാർ വരെ ഇത്തരം മാഫിയകൾ നൽകുന്ന പണവും സുഖസൗകര്യങ്ങൾ അനുഭവിച്ച് മുന്നേറുകയാണ്. എല്ലാവരും ഇത്തരക്കാരല്ല. ഇവരിലും നല്ലവർ ഏറെയുണ്ട്. സാധാരണ ജനം കബളിപ്പിക്കപ്പെടുന്നു. ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവർ തത്കാലം ജനങ്ങളുടെ കൂടെ നിന്ന് സാന്നിദ്ധ്യം അറിയിക്കുന്നു. അതിന്റെ പേരിൽ കൂടുതൽ പണം മാഫിയ സംഘടനകളിൽ നിന്ന് വാങ്ങിയെടുത്ത് മടിശ്ശീല വീർപ്പിക്കുന്നു. പല ജനകീയ സമരങ്ങളും ഇത്തരക്കാർക്ക് അനുഗ്രഹമാണ്. കുടിവെള്ള കച്ചവടക്കാർ, മണലൂറ്റുകാർ, മണൽ കച്ചവടക്കാർ, കുന്നുകൾ ഇടിക്കുന്നവർ, പാടങ്ങൾ നികത്തുന്നവർ, പെൺവാണിഭക്കാർ എന്നിങ്ങനെ വിവിധ മേഖലകളിൽ മാഫിയകൾ പിടിമുറുക്കിയിരിക്കുകയാണ്

പരിഹാരം എന്ത്?

കേന്ദ്രീകൃതമായ നിയമവ്യവസ്ഥയും ഭരണസംവിധാനങ്ങളും നിലനിൽക്കുമ്പോൾ അവയെ കൈയിലെടുക്കുവാൻ മാഫിയകൾക്ക് എളുപ്പത്തിൽ സാധിക്കും. അധികാരം എത്രയും കേന്ദ്രീകരിക്കുന്നുവോ അത്രയും അഴിമതിയും വർദ്ധിക്കും. ഇതിനു പരിഹാരം ഭരണത്തേയും നീതി ന്യായസംവിധാനത്തേയും പരമാവധി വികേന്ദ്രികരിക്കലാണ്. പഞ്ചായിത്ത്രാജ് നഗരപാലിക സംവിധാനം ഇക്കാര്യത്തിൽ ഒരു പ്രത്യാശ പകർന്നിരുന്നതാണ്. ആദ്യഘട്ടത്തിൽ ജനകിയ ഇടപെലുകൾ സജീവമായിരുന്നു. അതുകൊണ്ട് തന്നെ ദല്ലാളൻമാരും മാഫിയകളും അകറ്റിനിർത്തപ്പെട്ടു. എന്നാൽ അധികം താമസിയാതെതന്നെ അതും അട്ടിമറിക്കപ്പെട്ടു. ജനകീയ പദ്ധതികളെ താളം തെറ്റിക്കാൻ ഉദ്യോഗസ്ഥ പാർട്ടിമേധാവിത്വ തലങ്ങളിൽ ഗൂഢാലോചനകൾ നടന്നു. അടിസ്ഥാനതല പ്രവർത്തനങ്ങളിൽനിന്നു ജനങ്ങളെ അകറ്റിനിർത്താൻ തുടങ്ങി. ബിനാമികൾക്കും മാഫിയകൾക്കും വീണ്ടും രംഗത്തുവരാൻ ഇത് അവസരം ഒരുക്കി.

ജനശക്തിയെ ഉണർത്തിയെടുത്ത് ശക്തമായ വികേന്ദ്രീകൃത ഭരണസംവിധാനം ഏർപ്പെടുത്തുക തന്നെയാണ് ഇതിനുള്ള പ്രതിവിധി. കക്ഷി-രാഷ്ട്രീയത്തിനും ജാതി- മത വിഭാഗീയതകൾക്കും അതീതമായി ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരു ജനകീയ മുന്നേറ്റം ഉണ്ടാക്കുക തന്നെ വേണം. നവസാമൂഹികമാധ്യമങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ആദർശാത്മക ജീവിതം നയിക്കുന്ന വ്യക്തികൾക്കും ഇക്കാര്യത്തിൽ നേതൃത്വം നൽകാനാകും. ജനങ്ങളുടെ സംഘടിത നേതൃത്വത്തിനും ഇക്കാര്യം ഏറ്റെടുക്കാം.

ഗ്രാമതലം വരെ വികേന്ദ്രീകരിക്കപ്പെടുന്ന ഒരു നീതിന്യായ സംവിധാനവും അനിവാര്യമാണ്. സത്യം തുറന്നുപറയാനും കുറ്റവാളികളെ നേരിട്ട് ചൂണ്ടിക്കാണിക്കാനും ഗ്രാമതലത്തിൽ സംവിധാനം ഉണ്ടാക്കാം. യഥാർത്ഥ പ്രതികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാനും മാതൃകാപരമായ ശിക്ഷ നൽകാനും ഇത് അവസരമൊരുക്കും.

മദ്യനിരോധനം

മദ്യം, ലഹരിപദാർത്ഥങ്ങൾ എന്നിവ പൂർണമായും നിരോധിക്കണം. ഇതുമൂലം ആർക്കെങ്കിലും ജോലി നഷ്ടപ്പെടുന്നുവെങ്കിൽ അവരെ പുനരധിവസിപ്പിക്കണം. 'നീര' പോലുള്ള പോഷകപാനീയങ്ങൾ ഉത്പാദിപ്പിക്കാനുള്ള സംവിധാനം ഒരുക്കിയാൽ ഇപ്പോൾ ഉള്ളതിന്റെ മൂന്നിരട്ടി ആളുകൾക്ക് ജോലി കൊടുക്കാനും കർഷകർക്ക് കൂടുതൽ വരുമാനമുണ്ടാക്കാനും സാധിക്കും.

വിദ്യാലയം

വിദ്യാലയങ്ങൾ ശാന്തിയുടേയും സമാധാനത്തിന്റേയും സൃഷ്ട്യുന്മുഖ പ്രവർത്തനങ്ങളുടേയും വേദികളായി മാറണം. ധാർമ്മികബോധം വളർത്താനുള്ള അഹിംസാത്മകമായ അന്തരീക്ഷം വിദ്യാലയങ്ങളിൽ നിലനില്ക്കണം. ആത്മനിയന്ത്രണത്തിന്റേയും പരസ്പര സ്നേഹത്തിന്റേയും സഹകരണത്തിന്റേയും വിളനിലങ്ങളായി വിദ്യാലയങ്ങൾ മാറണം. മൂല്യാധിഷ്ഠിത ജീവിതത്തിന് സഹായിക്കുന്ന കരിക്കുലവും പാഠ്യപദ്ധതിയും പഠനപ്രവർത്തനങ്ങളും പുനഃരാവിഷ്കരിക്കണം.

മതങ്ങളുടെ ധർമ്മം

മതങ്ങളുടെ സമീപനത്തിലും മാറ്റം വരണം. മനഷ്യത്വത്തെ പോറ്റിവളർത്തുന്ന ധാർമ്മിക സ്ഥാപനങ്ങളായി അത് മാറണം. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രകടനാത്മകതയും അമിതപ്രാധാന്യവും നൽകാതിരിക്കുക. ആത്മീയതയ്ക്കുംആദ്ധ്യാത്മിക ബോധവത്കരണത്തിനും ലളിതജീവിതത്തിനും പ്രചോദനം നൽകുന്ന സ്രോതസ്സുകളായി മതങ്ങൾ മാറണം.

കുടുംബാന്തരീക്ഷം

പരസ്പരസ്നേഹത്തിൽ അധിഷ്ഠിതവും സുതാര്യവുമായ കുടുംബാന്തരീക്ഷം നിലനിൽക്കണം. എല്ലാദിവസവും ചുരുങ്ങിയത് 15 മിനിറ്റെങ്കിലും മാതാപിതാക്കളും മക്കളുമെല്ലാം ഒരുമിച്ചിരുന്ന് ജോലിസ്ഥലത്തേയും സ്കൂളിലേയും നാട്ടിലേയും വിശേഷങ്ങൾ പരസ്പരം പറയാനുള്ള അവസരമുണ്ടാക്കണം. ഒരു നേരമെങ്കിലും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സാധിച്ചാൽ വളരെ നന്നായിരിക്കും. ശാപവാക്കുകൾ ഒഴിവാക്കുക, ഹിംസാത്മക സ്വഭാവമുള്ള ഭക്ഷണം പരമാവധി ഉപേക്ഷിക്കുക.

സാഹിത്യരംഗം

സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിത മതങ്ങളുടേയും കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും വേലിക്കെട്ടുകളിൽ നിന്ന് പുറത്തു വരണം. ഇത്തരം വേലിക്കെട്ടുകളെ ഭേദിച്ച് നീതിയുടേയും ധർമ്മത്തിന്റേയും പക്ഷം ചേർന്ന് സത്യത്തെ ആവിഷ്കരിക്കുന്നവരായി സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ മാറണം.

യുവജനങ്ങൾ

മേൽപറഞ്ഞ വേലിക്കെട്ടുകളിൽ നിന്നും പുറത്തുവരാൻ യുവജനങ്ങൾക്ക് കഴിയണം. മേലാളനേതാക്കളുടെ ഇച്ഛക്കനുസരിച്ച് പ്രസ്താവനകളും പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുന്ന കുട്ടിനേതാക്കളാകാൻ യുവജനങ്ങൾ ശ്രമിക്കരുത്. സ്വാതന്ത്രമായതും (അരാഷ്ട്രിയമല്ല)ലക്ഷ്യബോധത്തിൽ അടിയുറച്ചതുമായ യുവജനങ്ങളും സർഗാത്മകമായ യുവസംഘടനാപ്രവർത്തനങ്ങളുമാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്.

മനുഷ്യത്വം ക്രൂശിക്കപ്പെടാതിരിക്കാൻ

ലോക രാഷ്ട്രങ്ങൾ കേരളത്തെ ആശ്ചര്യപൂർവം നോക്കി നിന്നിരുന്ന നാളുകൾ ഉണ്ടായിരുന്നു. സാക്ഷരത, ആരോഗ്യം, പൊതു വിതരണം എന്നീ മേഖലകളിൽ കേരളം കാഴ്ചവച്ച മാതൃകാപരമായ മുന്നേറ്റങ്ങളാണ് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി കേരളത്തെ മാറ്റിയത്. ഒപ്പംതന്നെ പ്രകൃതിസൗന്ദര്യവും. എന്നാൽ ഇന്ന് ആർഭാടവും, ആലസ്യവും, ആത്മഹത്യയും ആക്രമണവും കേരളത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഈ ശിഥിലീകരണ പ്രക്രിയക്ക് ആക്കംകൂട്ടുന്നത് മദ്യവും മയക്കുമരുന്നുമാണെന്ന് തിരിച്ചറിയുന്നവർ പോലും ശരിയായ വിധത്തിൽ പുറത്തു പറയുകയോ പ്രതികരിക്കുകയോ ചെയ്യുന്നില്ല. 'ക്വട്ടേഷൻ', 'ഭയങ്കരം', 'അടിപൊളി' എന്നീ വാക്കുകൾ കേരളീയർ സർവസാധാരണമായി ഉപയോഗിക്കുമ്പോൾ അത്, മറ്റൊരു വിധത്തിൽ സാംസ്കാരിക അപചയത്തിന്റെ സൂചകങ്ങളായി മാറുന്നു.

ഒരു കുഞ്ഞിന്റെ ജനനം മുതൽ ഒരാളുടെ മരണാനന്തര അടിയന്തിരം വരെ ആർഭാടമാക്കാൻ കേരളീയർ മത്സരിക്കുന്നു. പുതിയൊരു ബാങ്ക് വായ്പ ലഭിച്ചാലും ഒരു ഹർത്താൽ പ്രഖ്യാപിക്കപ്പെട്ടാലും കേരളീയർക്ക് അത് 'അടിപൊളി'യാക്കണം. 'കമ്പനികൂടലും' 'ചെലവ് ചെയ്യലും' ഈ അടിപൊളിയുടെ നാനാർത്ഥങ്ങളായി മാറുന്നു. അടിച്ച് പൊളിച്ച് തകർക്കുന്നത് സ്വന്തം ജീവിതവും കുടുംബത്തിന്റെയും നാടിന്റെയും മനസ്സമാധാനവുമാണെന്ന് മനസ്സിലാക്കാൻ ആർഭാടലഹരിയിൽ അവർക്ക് സാധിക്കുന്നില്ല.

ഒരു വിവാഹ ആഘോഷം എങ്ങനെയായിരിക്കണമെന്ന് ശ്രീനാരായണ ഗുരുവിനോട് ഒരിക്കൽ ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഒരു വിവാഹ ചടങ്ങിന് പരമാവധി പത്തുപേർ മതി. വരൻ, വധു, വരന്റെ ഒരു സുഹൃത്ത്, വധുവിന്റെ ഒരു സുഹൃത്ത്, വരന്റെ മാതാപിതാക്കൾ, വധുവിന്റെ മാതാപിതാക്കൾ, നാട്ടിലെ പൊതുകാര്യ പ്രസക്തനായ നന്മയുള്ള ഒരാൾ പിന്നെ വിവാഹത്തിന് നേതൃത്വം നൽകുന്ന പൂജാരി അഥവാ ശാന്തിക്കാരൻ. ഇവരാണ് പത്തുപേർ. വളരെ ചെലവ് ചുരുക്കിയും ലളിതമായും ആത്മീയതയ്ക്ക് പ്രാധാന്യം നൽകിയുമാണ് വിവാഹം നടക്കേണ്ടത് എന്ന് ഗുരുദേവൻ പറയുന്നു.

ഇന്ന് കേരളത്തിലെ ഒരു ശരാശരി വിവാഹം തന്നെ എങ്ങനെ നടക്കുന്നു എന്ന് ഗുരുവചനം ചേർത്തു വച്ച് വിലയിരുത്തുന്നത് നന്നായിരിക്കും.

പെണ്ണുകാണൽ ചടങ്ങ്, വിവാഹ നിശ്ചയം അല്ലെങ്കിൽ മനസ്സമ്മതചടങ്ങ്, വിവാഹതലേന്നാൾ ചടങ്ങ്, വിവാഹദിവസം ചടങ്ങ്, വിവാഹ പിറ്റേന്ന് ചടങ്ങ്, നാലാം ദിനചടങ്ങ് ഇങ്ങനെ പോകുന്നു ചടങ്ങുകൾ. എല്ലാം അടിപൊളി. പങ്കെടുത്തവർക്കെല്ലാം സന്തോഷം. അവർ പറയുന്നു: "വിവാഹം ഭയങ്കര ആഘോഷമായിരുന്നു, വധുവിന്റെ വളകൾ എനിക്ക് ഭയങ്കര ഇഷ്ടമായി, ആ വീട്ടുകാർക്ക് നമ്മളോടൊക്കെ ഭയങ്കര സ്നേഹമാണ്. കേട്ടോ."

ഭയങ്കരം എന്ന വാക്കിന്റെ അർത്ഥം ഭയപ്പെടുത്തുന്നത്, ഭയം ജനിപ്പിക്കുന്നത്, ആപത്കരമായത് എന്നൊക്കെയാണ്. ഒരർത്ഥത്തിൽ ഈ പറഞ്ഞതൊക്കെ ശരിയാണ്. കവി കുഞ്ഞുണ്ണിമാഷുടെ വാക്കുകളിൽ പറഞ്ഞാൽ ചടങ്ങിൽ കുടുങ്ങിയാൽ ചടയ്ക്കും. ചടയ്ക്കുന്നത് ഗൃഹനാഥൻ. സ്വർണം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് മദ്യത്തിനും അനുബന്ധസത്കാരത്തിനുമാണ്. അവനവന്റെ ശേഷിയറിയാതെ ദുരഭിമാനം കൊണ്ട് വിവാഹം അടിപൊളിയാക്കിയവർ ആത്മഹത്യാ മുനമ്പിലേക്ക് നടന്നടുക്കുകയായിരിക്കും. ഇന്ന്, ആർഭാടങ്ങൾ പാടില്ല എന്ന് ചിലർക്ക് നിർദ്ദേശം കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. എല്ലാ മതങ്ങളും സമുദായങ്ങളും ഇക്കാര്യത്തിൽ ദുരഭിമാനം വെടിഞ്ഞ് കാര്യങ്ങൾ തുറന്നു പറയണം. ആർഭാട കല്യാണം വേണ്ട, മദ്യസത്കാരങ്ങൾ വേണ്ട. ഇവയുള്ളിടത്തേക്ക് ഞങ്ങൾ വരുന്നില്ല എന്ന് മത-സാമുദായിക-രാഷ്ട്രീയ നേതാക്കൾ തുറന്ന് പറയുകയും അതിൽ ഉറച്ച് നിൽക്കുകയും ചെയ്താൽ കാര്യങ്ങൾ ശരിയാകും. കുറെ പാവങ്ങൾ രക്ഷപ്പെടും. മറ്റൊരു നവോത്ഥാന മുന്നേറ്റത്തിന്റെ നാന്ദിയായി അത് മാറും.

മദ്യം മനുഷ്യനെ മൃഗമാക്കുന്നു

മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അവന്റെ സാമൂഹിക ബോധവും, വിവേകവും ആത്യന്തികമായ ലക്ഷ്യത്തെക്കുറിച്ചുള്ള തിരിച്ചറിവുമാണ്. മദ്യവും, മയക്കുമരുന്നും അകത്തു ചെല്ലുന്നതോടെ രണ്ടുകാലിൽ നിവർന്നു നിൽക്കാൻ കെൽപുള്ള മനുഷ്യൻ നാലുകാലിൽ നീങ്ങുന്ന മൃഗമായി മാറുന്നു. അമ്മപെങ്ങമ്മാരേയും മക്കളേയും തിരിച്ചറിയാതാവുന്നു. മനസ്സിനും, ബുദ്ധിക്കും അതീതമായ ആദ്ധ്യാത്മികതയുടെ അനന്തവിഹായസ്സിലേക്ക് ഉയരാൻ സാധിക്കുന്ന മനുഷ്യനെ മദ്യവും മയക്കുമരുന്നും അസ്തപ്രജ്ഞരാക്കിമാറ്റുന്നു.

വ്യക്തി, കുടുംബം, അയൽപക്കം, ദേശം, രാജ്യം എന്നിങ്ങനെ വികസിതമായിക്കൊണ്ടിരിക്കുന്ന വലയങ്ങളാണ് സമൂഹത്തിന്റെ വികസനത്തേയും, കെട്ടുറപ്പിനേയും സാധ്യമാക്കുന്നത്. മദ്യവും മയക്കുമരുന്നും ഇത്തരം ബന്ധങ്ങളെ തകർക്കുകയും വ്യക്തികളെ അന്തർമുഖത്വത്തിലേക്കോ അക്രമണത്തിലേക്കോ നയിക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ മദ്യം കഴിക്കുന്നവരിൽ മാത്രം ഒതുങ്ങുന്നില്ല.

മദ്യപൻ അന്തർമുഖനോ ആക്രമിയോ ആകുമ്പോൾ മാതാ-പിതാക്കളുമായുള്ള ബന്ധം, ഭാര്യ-ഭർത്തൃ ബന്ധം, പിതൃ-പുത്ര ബന്ധം എന്നിവയെല്ലാം ഉലയുന്നു. മദ്യപനോ അവന്റെ കുടുംബാംഗങ്ങളോ വിഷാദ രോഗികളായി മാറുന്നു. ഇത്തരം കുടുംബത്തിൽ നിന്നുള്ള കുട്ടികൾ പഠന വൈകല്യമുള്ളവരോ, അക്രമ സ്വഭാവമുള്ളവരോ സാമൂഹ്യ വിരുദ്ധരോ ആയിത്തീരുന്നു. ഇത്തരം ക്രമവിരുദ്ധമായ സ്വഭാവമുള്ള യുവാക്കളാണ് പിന്നീട് ക്വട്ടേഷൻ സംഘങ്ങളിൽ വന്നുപെടുന്നതിൽ ഭൂരിഭാഗവും. സ്വന്തം കുടുംബത്തോടും, സമൂഹത്തോടും അവജ്ഞയും വിദ്വേഷവും മനസ്സിൽ സൂക്ഷിക്കുന്നവരെ മദ്യവും മയക്കുമരുന്നും അക്രമകാരികളും ഭീകരൻമാരുമാക്കി മാറ്റുന്നു. ഇവരെ പോറ്റി വളർത്താൻ ഫാസിസ്റ്റ് മനസ്സുള്ള ചില കക്ഷിരാഷ്ട്രീയ നേതാക്കളും മണ്ണ്-മണൽ-ജലം കച്ചവടക്കാരും രംഗത്ത് വരുമ്പോൾ ക്വട്ടേഷൻ സംഘങ്ങൾ രൂപമെടുക്കുന്നു. ജനാധിപത്യബോധം നഷ്ടപ്പെട്ട ആർക്കും സ്വാർത്ഥത കൈമുതലാക്കിയവർക്കും അധികാരത്തോടും സമ്പത്തിനോടും ആർത്തി പെരുത്തവർക്കും എന്തിനും ഏതിനും ഈ ക്വട്ടേഷൻ സംഘങ്ങളെ ഉപകരണങ്ങളാക്കുന്നു.

ഓരോ മനുഷ്യനും അവനവനിൽ തന്നെയുള്ള ഈശ്വരാംശത്തെ അഥവാ ആത്മശക്തിയെ തിരിച്ചറിയുകയും ആവിഷ്കരിക്കുകയും ചെയ്യുമ്പോളാണ് ഒരാൾ സത്സ്വഭാവിയും വികസിത വ്യക്തിത്വത്തിന്റെ ഉടമയും ആകുന്നത്. ഇത്തരം ഒരു ഘട്ടത്തിലാണ് പരിശുദ്ധാത്മാവിന്റെ അഥവാ പരമാത്മ-ബ്രഹ്മത്തിന്റെ സാന്നിദ്ധ്യം വ്യക്തിയിൽ അനുഭവഭേദ്യമാകുന്നത്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട ഒരാൾക്ക് ഈ ഒരു അവസ്ഥയിലെത്താൻ സാധിക്കില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യജന്മത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ മദ്യപാനിക്ക് സാധിക്കില്ല.

മദ്യപാനി സ്വർഗരാജ്യത്തിന് അവകാശിയാകുന്നില്ല എന്ന് ക്രിസ്തുദേവൻ പറഞ്ഞതിന്റെ സാരം ഇതാണ്. മദ്യപാനം അരുത് എന്ന് പഞ്ചതത്വങ്ങളിൽ ഒന്നായി ശ്രീബുദ്ധൻ ഉപദേശിച്ചതും ഇതുകൊണ്ടാണ്. ആത്മ ചൈതന്യത്തെ നിഷ്പ്രഭമാക്കുന്ന മദ്യം നിഷിദ്ധമാണെന്ന് ഹിന്ദുമത ശാസ്ത്രങ്ങളും പറയുന്നു. "സർവ വിധ പാപങ്ങളുടേയും സ്രോതസ്സാണ് മദ്യം" എന്ന് വിശുദ്ധ ഖുർ-ആൻ വ്യക്തമാക്കുന്നു. "മദ്യം വിഷമാണ് അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്" എന്ന് ശ്രീനാരായണഗുരു ഉപദേശിച്ചതും ഈ സാമൂഹ്യ വിപത്ത് ഒഴിവാക്കുന്നതിന് വേണ്ടിയാണ്.

"ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ സർവാധിപതിയാകുന്നുവെങ്കിൽ ഞാൻ ഇന്ത്യയിലുള്ള സകല മദ്യശാലകളും നഷ്ടപരിഹാരം കൊടുക്കാതെ തന്നെ അടച്ചുപൂട്ടും" - എന്ന് ഗാന്ധിജി പറഞ്ഞു. രാജ്യത്തിന്റെ സർവതോന്മുഖമായ പുരോഗതിയെ ലക്ഷ്യം വയ്ക്കുന്ന ഏതൊരു ഭരണാധികാരിയും ആദ്യം ചെയ്യേണ്ടത് തന്റെ രാജ്യത്ത് മദ്യപാനം ഇല്ലാ

താക്കലാണ് എന്നാണ് ഗാന്ധിജി നമുക്ക് നൽകുന്ന മുന്നറിയിപ്പ്. "മദ്യപാനം മോഷണത്തേക്കാളും വ്യഭിചാരത്തേക്കാളും വെറുക്കപ്പെടേണ്ടതാണ്." എന്നും ഗാന്ധിജി നമ്മെ ഓർമ്മിപ്പിച്ചു. സംസ്കാരസമ്പന്നമായ ഒരു സാമൂഹ്യ അന്തരീഷം നിലനിർത്താൻ മദ്യവും മയക്കുമരുന്നും ഒഴിവാക്കുക തന്നെ വേണമെന്ന് എല്ലാ മതഗ്രന്ഥങ്ങളും, മഹാത്മരും നമ്മളോട് പറയുന്നു. എന്നിട്ടും വോട്ടിനും നോട്ടിനും അധികാരമുറപ്പിക്കുന്നതിന് വേണ്ടിയും മദ്യം ഒഴുക്കാനും അബ്കാരി ലോബിയെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയും ഭരണാധികാരികളും രാഷ്ട്രീയപാർട്ടികളും മത്സരിച്ചു കൊണ്ടിരിക്കുന്നു. മത നേതൃത്വങ്ങളും ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ തുടരുന്നു.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വലിയൊരു പങ്ക് മദ്യക്കച്ചവടത്തിൽ നിന്നാണ് എന്നതുകൊണ്ട് മദ്യത്തെ ഒഴിവാക്കാനാകില്ല എന്നാണ് രാഷ്ട്രീയ പാർട്ടികളും ഭരണാധികാരികളും പറയുന്നത്. മദ്യപാനത്തിന്റെ പ്രത്യാഘാതങ്ങളായി കൊണ്ട് സമൂഹത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കെടുത്താൽ അത് റവന്യൂ വരുമാനത്തേക്കാൾ എത്രയെത്രയോ ഇരട്ടിയാകും. മനുഷ്യത്വത്തെ ക്രൂശിക്കാൻ കൊടുത്തുകിട്ടുന്ന ഈ വരുമാനം യേശുവിനെ ഒറ്റുകൊടുത്ത യൂദാസിന് ലഭിച്ച മുപ്പത് വെള്ളിക്കാശിന് തുല്യമായ കൊലപാതക-കൃത്യേഷന്റെ പ്രതിഫലമാണ്. ഇത്തരം റവന്യൂ വരുമാനം കൊണ്ട് സൃഷ്ടിക്കുന്നതെല്ലാം അസ്ഥിരവും ഊഷരവുമായ വെറും 'അക്കൽദാമ'കൾ മാത്രമാകും എന്ന് തുറന്ന് പറയാനുള്ള തന്റേടം നമുക്കുണ്ടാകണം.

മദ്യത്തിനെതിരെ പ്രതികരിക്കാൻ രാഷ്ട്രീയ-സാംസ്കാരിക-മത-പൊതുജന പ്രസ്ഥാനങ്ങളിലെ മനുഷ്യസ്നേഹികളുടെ സംയുക്ത മുന്നേറ്റം അത്യാവശ്യമാണ്.

○

ഭക്ഷ്യസുരക്ഷയിൽനിന്ന് ഭക്ഷ്യസ്വരാജിലേക്ക്

സ്വാതന്ത്ര്യം നേടുന്ന സമയത്ത് ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളിൽ മുഖ്യമായത് ദാരിദ്ര്യമായിരുന്നു. ഇരുന്നൂറ് വർഷക്കാലത്തെ കൊളോണിയൽ വാഴ്ച ഇന്ത്യയിലെ ദാരിദ്ര്യം വർദ്ധിപ്പിച്ചു. ഭക്ഷ്യവിളകളെ അവഗണിച്ചുകൊണ്ടും തോട്ടവിളകളെ (നാണ്യവിളകളെ) പ്രോത്സാഹിപ്പിച്ചുകൊണ്ടും ഫ്യൂഡൽ- ജമീന്ദാരി വ്യവസ്ഥകളെ പിന്തുണച്ചുകൊണ്ടും ഉള്ള ബ്രിട്ടീഷുകാരുടെ നയങ്ങളാണ് ഇന്ത്യയെ ഇത്തരം ഒരു ദുരന്തത്തിലേക്ക് എത്തിച്ചത്.

സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ഗാന്ധിജി മുന്നോട്ടുവച്ച സൃഷ്ട്യുന്മുഖ പരിപാടികൾ-നിർമ്മാണ പരിപാടികൾ ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യാൻ കൂടി ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. കൃഷിയേയും കർഷകരേയും രക്ഷിക്കുന്നതിനും ഖാദിയേയും കൈത്തൊഴിലിനേയും സംരക്ഷിക്കുന്നതിനും പ്രകൃതിജീവനത്തേയും നാട്ടുവൈദ്യത്തേയും നിലനിർത്തുന്നതിനും ആദിവാസികളേയും വനവിഭവങ്ങളേയും പരിരക്ഷിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരുന്നു നിർമ്മാണപരിപാടികളിൽ മുഖ്യമായുള്ളവ.

സ്വാതന്ത്ര്യത്തിന്റെ നാളുകളിലും തുടർന്ന് പല കാര്യങ്ങളിലും ഗാന്ധിജിയെ വേണ്ട രീതിയിൽ ശ്രദ്ധിക്കാനോ പ്രാവർത്തികമാക്കാനോ അന്നത്തെ ഭരണനേതൃത്വത്തിന് സാധിച്ചിരുന്നില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും സംഭവിച്ചത് ഇത് തന്നെ.

ഉത്പാദനവർദ്ധനവിലൂടെ ദാരിദ്ര്യത്തെ മറികടക്കാനാകുമെന്നാണ് ഭരണനേതൃത്വം കരുതിയത്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വ്യവസായത്തിനും പ്രാധാന്യം നൽകി. വർഷങ്ങൾ പിന്നിട്ടതോടെ ഉത്പാദനം ഏറെ വർദ്ധിച്ചു. ഇന്ത്യയിലുള്ള ജനങ്ങൾക്ക് ആവശ്യമായതിലേറെ ഭക്ഷ്യധാന്യങ്ങളും പഴങ്ങളും പച്ചക്കറികളും പയറുവർഗങ്ങളും ഉത്പാദിപ്പിച്ചു. ഭക്ഷ്യധാന്യങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കുകയും ചെയ്തു. പക്ഷേ പിന്നീടുള്ള വിശകലനത്തിൽ ഒരു കാര്യം വ്യക്തമായി. ഇന്ത്യയിൽ ദാരിദ്ര്യം കുറയ്ക്കാൻ സാധിച്ചില്ല. ദരിദ്രരുടെ ശതമാനത്തിൽ ഇതുകൊണ്ട് കാര്യമായ കുറവുണ്ടായിട്ടില്ലെന്ന് സർവെ ഫലങ്ങൾ വെളിപ്പെടുത്തി. ആധുനിക ഉത്പാദനരീതികൾ കൊണ്ടും വൻതോതിലുള്ള ഉത്പാദനംകൊണ്ടും മാത്രം ദാരിദ്ര്യം നിർമ്മാർജനം ചെയ്യാനാകില്ല എന്ന് ബോധ്യ

പ്പെട്ടു. ജനങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, ഉത്പന്നങ്ങളുടെ വിതരണം, സാമൂഹിക സമത്വം എന്നീ കാര്യങ്ങളിലേക്ക് ഊന്നൽ നൽകുക കൂടി ചെയ്താലേ ദാരിദ്ര്യം നിർമ്മാർജനം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവ് ഇത്തരം ഘട്ടത്തിലാണ് ഭരണനേതൃത്വത്തിനുണ്ടായത്.

ഭക്ഷ്യസുരക്ഷ

എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനെയാണ് പലപ്പോഴും ഭക്ഷ്യസുരക്ഷ എന്നു പറയുന്നത്. ദാരിദ്ര്യം ഒഴിവാക്കാനുള്ള പ്രധാന ഉപാധിയായി ഇപ്പോഴും കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ മുന്നോട്ടുവയ്ക്കുന്ന ആശയം ഭക്ഷ്യസുരക്ഷ എന്നതാണ്. എന്നാൽ ദാരിദ്ര്യനിർമ്മാർജനത്തിനുള്ള സുസ്ഥിരവും സ്ഥായിയുമായ ഒരു പദ്ധതിയായിട്ടല്ല ഭരണകൂടങ്ങൾ ഭക്ഷ്യസുരക്ഷ പരിപാടികളെ കാണുന്നത്. തെരഞ്ഞെടുപ്പ് വേളകളിൽ ആകർഷകമായ വാഗ്ദാനം നൽകുന്നതിന്റേയും വോട്ടുബാങ്കുകൾ ഉറപ്പിക്കുന്നതിന്റേയും ഭാഗമായാണ് ഭക്ഷ്യസുരക്ഷാപരിപാടികൾ ഇപ്പോൾ സാധാരണയായി പ്രഖ്യാപിക്കുന്നത്. ഒരു മുന്നണിക്കാർ കിലോഗ്രാമിന് രണ്ടുരൂപയ്ക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റേ മുന്നണിക്കാർ കിലോയ്ക്ക് ഒരു രൂപയ്ക്ക് അരി നൽകുമെന്ന് പ്രഖ്യാപിച്ചു. ഒരു കൂട്ടർ എല്ലാ ബി.പി.എൽ ക്കാർക്ക് നൽകുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റൊരു കൂട്ടർ എ. പി. എൽ ക്കാർക്കും ഭാഗികമായി നൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഒരുകൂട്ടർ അരിയും ഗോതമ്പും നൽകുമെന്ന് പ്രഖ്യാപിക്കുമ്പോൾ മറ്റൊരു കൂട്ടർ അരിയും ഗോതമ്പും പലവ്യഞ്ജനങ്ങളും നിസ്സാരവിലയ്ക്ക് നൽകുമെന്ന് പ്രഖ്യാപിക്കുന്നു. ഇതിനായി സംസ്ഥാനത്തിനും രാജ്യത്തിനും എത്രമാത്രം കടബാധ്യത വരുത്തിവയ്ക്കാനും ഇവർ മത്സരിക്കുന്നു. വോട്ടും ഭരണവും ലഭിക്കുമെന്നത് ശരിയായിരിക്കും. പക്ഷേ ഇതുകൊണ്ട് ശാശ്വതപരിഹാരം ആകുമോ?

വിശക്കുന്നവന് മത്സ്യം കൊടുക്കുന്നത് നല്ലതുതന്നെ. അതോടൊപ്പം തന്നെ അയാളെ മീൻ പിടിക്കാൻ പഠിപ്പിക്കുകയും അതിനായി വല നൽകുകയും ചെയ്യുന്നതാണ് കൂടുതൽ അഭികാമ്യം. അപ്പത്തിനുള്ള മാർഗം സ്വയം കണ്ടെത്താൻ ഒരാളെ പ്രാപ്തമാക്കുന്നതാണ് സുരക്ഷിതമാർഗം.

ഭക്ഷ്യസ്വരാജിലേക്ക്

ഏറ്റവും അവശത അനുഭവിക്കുന്നവർക്ക് പരമാവധി കുറഞ്ഞനിരക്കിലോ സൗജന്യമായോ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിന് പൊതുവിതരണസംവിധാനത്തെ കാര്യക്ഷമമാക്കുന്നത് നല്ലതുതന്നെ. എന്നാൽ ഇത് വ്യാപകമാക്കുന്നതും സ്ഥിരം സംവിധാനമാക്കുന്നതും ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും.

അദ്ധ്വാനിക്കാൻ ആരോഗ്യമുള്ള ഒരു വ്യക്തിക്ക് സൗജന്യമായി ഭക്ഷണം നൽകുന്നത് കുറ്റകരമാണെന്ന് ഗാന്ധിജി പറയാറുണ്ട്. അദ്ധ്വാനിച്ച് ഭക്ഷി

ക്കാനുള്ള അന്തരീക്ഷം നിലനില്ക്കണം. നിലനിർത്തണം. ഇക്കാര്യത്തിലേക്കാണ് ഭരണകൂടങ്ങൾ ശ്രദ്ധിക്കേണ്ടത്.

സ്വതന്ത്രമായ കൈകളും സവിശേഷമായ ബുദ്ധിയും ഉപയോഗപ്പെടുത്തിക്കൊണ്ട് മണ്ണിൽ പണിയെടുക്കുമ്പോഴാണ് മനുഷ്യൻ സംസ്കാരസമ്പന്നനും സ്വതന്ത്രനുമാകുന്നത്.

അദ്ധ്വാനിക്കാതെ ഭക്ഷിക്കാൻ ശ്രമിക്കുമ്പോളാണ് സാംസ്കാരിക അധഃപതനം ഉണ്ടാകുന്നത്. അദ്ധ്വാനശേഷിയുള്ളവർക്കും സൗജന്യമായി ഭക്ഷണമോ ഭക്ഷ്യധാന്യങ്ങളോ സൗജന്യമായി നൽകുന്നത് വ്യക്തിയേയും രാജ്യത്തിനേയും തകർക്കുന്നു. ഇതുമൂലം ഉണ്ടാകുന്ന കടക്കെണി രാജ്യത്തെ സാമ്പത്തിക അസമത്വത്തിലേക്ക് നയിക്കും. കാർഷികമേഖലയേയും കർഷകനേയും ഇത് ദോഷകരമായി ബാധിക്കുന്നു. അദ്ധ്വാനത്തോടുള്ള വിമുഖത സൃഷ്ടിക്കുക വഴി നമ്മുടെ സംസ്കാരവും അന്യമാകും. മറ്റു രാജ്യങ്ങളോടുള്ള ആശ്രയത്വം (അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ) ക്രമേണ നമ്മെ രാഷ്ട്രീയ അടിമത്തത്തിലേക്ക് നയിക്കും.

ഭക്ഷിക്കാതെ നമുക്ക് ജീവിക്കാൻ സാധിക്കില്ല. അതുപോലെ, കൃഷിചെയ്യാതെയും നമുക്ക് ജീവിക്കാൻ സാധിക്കില്ല എന്ന മനോഭാവം വളരണം. നമുക്കാവശ്യമായ പരമാവധി ഭക്ഷ്യപദാർത്ഥങ്ങൾ നമ്മുടെ ചുറ്റുപാടിൽ ഉത്പാദിപ്പിക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകണം. ഇതാണ് ഭക്ഷ്യസ്വരാജ്.

ഭക്ഷ്യസ്വരാജിനു വേണ്ടി യുവാക്കളും കർഷകരും വിദ്യാർത്ഥികളും മറ്റു മേഖലയിൽ ജോലി ചെയ്യുന്നവരുമെല്ലാം ആത്മാർത്ഥമായി പരിശ്രമിക്കുന്ന, അത് ഒരു സംസ്കാരമായി തീരുന്ന ഒരു നവോത്ഥാന പരിസരം നമ്മുടെ സംസ്ഥാനത്തുണ്ടാകണം.

വാങ്ങി ഭക്ഷിക്കുന്ന ശീലം, ഫാസ്റ്റ് ഫുഡ് ശീലം ഒഴിവാക്കുക തന്നെ വേണം. കൃത്രിമത്വങ്ങളില്ലാത്ത നാട്ടുഭക്ഷണത്തിലേക്കും നാട്ടുരുചിയിലേക്കും നമുക്ക് മടങ്ങാനാകണം.

മടിയും കുടിയും ഉപേക്ഷിച്ച് ചെടിയും തൊടിയും സംരക്ഷിക്കുന്ന സാഹചര്യം ഉണ്ടാകണം.

സമ്പൂർണ സാക്ഷരതപോലെ ഭക്ഷ്യസ്വരാജിന്റെ കാര്യത്തിലും ഇന്ത്യക്കും ലോകത്തിനും മാതൃകയാകാൻ കേരളത്തിന് സാധിക്കണം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നവോത്ഥാന പ്രസ്ഥാനമായിരിക്കും ഭക്ഷ്യസ്വരാജ് പ്രസ്ഥാനം.